ഗവ. കോളേജ് ചിറ്റൂർ


1947-2022



Déjà vu

# മറുനിനവ്


പ്ലാറ്റിനം ജൂബിലി സ്മരണിക



‘മറുനിനവ്’ അഥവാ ‘ദെയ്ഷാ വ്യൂ’

ഒരു സാഹചര്യമോ സംഭവമോ ആദ്യമായി സംഭവിക്കുമ്പോൾപ്പോലും അത് നേരത്തേ അനുഭവിച്ചു എന്ന  ഒരു തോന്നലാണ് ‘ദെയ്ഷാ വ്യൂ’. ‘മുമ്പെന്നോ അനുഭവിച്ചിട്ടുണ്ട്’ എന്ന അർത്ഥത്തിലുള്ള ഒരു ഫ്രഞ്ച് പദമാണത്. ‘ദെയ്ഷാ വ്യൂ’വിന്റെ കൃത്യമായ കാരണം ഇപ്പോഴും അജ്ഞാതമാണെങ്കിലും,ഭൂരിഭാഗം പേർക്കും ഇത് ജീവിതത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ അനുഭവിക്കേണ്ടി വരാറുണ്ട്.

ഈ സ്മരണികയ്ക്ക് ഇത്തരമൊരു പേരു സംഭവിച്ചത് കേവലം യാദൃശ്ചികമാണ്. ഇതിലെ ഓർമ്മകളിൽ ഏറ്റവും ശക്തവും ദീർഘവുമായത് മേതിൽരാധാകൃഷ്ണന്റേതാണ്. അതിൽ ഒരിടത്ത് അദ്ദേഹം ‘ദെയ്ഷാ വ്യൂ’വിനെക്കുറിച്ച് പരാമർശിക്കുമ്പോൾ മലയാളമായി പ്രയോഗിച്ചത് ‘പ്രതിസ്മൃതി’ എന്ന വാക്കാണ്. അതിന്റെ മൊഴിഭേദമാണ് ‘മറുനിനവ്’. ചിറ്റൂർ കോളേജിന്റെ ഗേറ്റുകടന്ന് ഇരുവശത്തും തണൽവിരിച്ചുനിൽക്കുന്ന മരങ്ങൾക്കിടയിലൂടെ നടക്കുമ്പോൾ, കൂമൻകാവിൽ ബസ്സിറങ്ങിയ രവിക്കു തോന്നിയതുപോലെ, മുമ്പെങ്ങോ ഇവിടെ ഇങ്ങനെ വന്നിറങ്ങിയിട്ടുണ്ടല്ലോ എന്ന തോന്നലുളവാകുന്നു. ഈ സമാഹാരത്തിലെ മുപ്പതിലധികം ഓർമ്മകളും അതിപ്രഗത്ഭരായ ഒട്ടേറെ പൂർവ്വവിദ്യാർത്ഥികൾക്ക് ഈ കലാലയത്തോടു തോന്നുന്ന മറുനിനവുകളുടെ പലതരം രൂപഭേദങ്ങൾ മാത്രം. അങ്ങനെ ഈ തലക്കെട്ട്!




**പത്രാധിപസമിതി**

എഡിറ്റർ: ഡോ. ടി. ശ്രീവത്സൻ
അസോസിയേറ്റ് എഡിറ്റർ: സന്തോഷ് ചോലയിൽ
സമിതിയംഗങ്ങൾ: സുരേഷ് എം. | ഡോ. മനോഹരൻ എം. | ഡോ. മോഹനൻ പി.
ഡോ. റിച്ചാർഡ് സ്കറിയ | ഡോ. മനു ചക്രവർത്തി | ബ്രിജേഷ് എൻ.എസ്. | പ്രതീഷ് കെ.
ഡോ. ശ്രീജ കെ.ടി. | മിനി വടവന്നൂർ | പ്രേംദാസ് എസ്.വി. | പ്രൊഫ. ജയദേവൻ കെ.
വിദ്യാർത്ഥിസമിതി: ഹരിശ്രീറാം എച്ച്. | അജിത എം. | രാഹുൽ കെ. | കൃഷ്ണാഞ്ജലി യു. | നന്ദന സി.
വര, കവർച്ചിത്രം: പ്രമോദ് പള്ളിയിൽ
കവർ ഡിസൈൻ, ലേ ഔട്ട്:  ബിനോയ് ഡൊമിനിക്ക്
പ്രിന്റിംഗ് - ഇംപ്രഷൻസ്, പാലക്കാട്
Printed and Published by Dr. Anuradha V.K, Principal, Govt. College, Chittur, Palakkad-678104


ഗവ. കോളേജ് ചിറ്റൂർ
1947-2022



Déjà vu

# മറുനിനവ്

പ്ലാറ്റിനം ജൂബിലി സ്മരണിക



മലബാർ മേഖലയിലെ പ്രധാന ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ ചിറ്റൂർ ഗവൺമെന്റ് കോളേജ് പ്ലാറ്റിനം ജൂബിലി നിറവിലാണ് എന്നറിഞ്ഞതിൽ സന്തോഷം. കേരളത്തെ ഒരു വൈജ്ഞാനിക നൂതനത്വസമൂഹമാക്കി മാറ്റിത്തീർക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ മേഖലയിൽ ക്രിയാത്മകമായ ഇടപെടലുകളാണ് നടത്തിവരുന്നത്. ഈ കാഴ്ചപ്പാടോടെയുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ ഈ ജൂബിലി വേള നിങ്ങൾക്ക് പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**
മുഖ്യമന്ത്രി



എഴുപത്തിയഞ്ചിന്റെ നിറവിലുള്ള ചിറ്റൂർ ഗവ. കോളേജിന്റെ മികവാർന്ന മുന്നേറ്റങ്ങളിൽ നിറഞ്ഞ അഭിമാനം, ജ്ഞാനസമ്പാദനത്തിൽ തികവുറ്റ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്ന കേരളത്തിലെ രണ്ടാമത്തെ സർക്കാർ കലാലയമായ ഗവൺമെന്റ് കോളേജ് ചിറ്റൂർ മറ്റു കോളേജുകൾക്ക് എന്നും മാതൃകയാണ്. കൂടുതൽ തിളക്കമുള്ള ഭാവിയിലേക്ക് ചരിക്കാൻ ചിറ്റൂർ കോളേജിനും പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി കലാലയം പുറത്തിറക്കുന്ന സ്മരണികയ്ക്കും എല്ലാ ഭാവുകങ്ങളും.


**ഡോ. ആർ. ബിന്ദു**
ഉന്നതവിദ്യാഭ്യാസ-സാമൂഹികനീതി വകുപ്പ് മന്ത്രി



കേരളത്തിലെ പഴക്കം ചെന്ന കലാലയങ്ങളിലൊന്നായ ചിറ്റൂർ ഗവൺമെന്റ് കോളേജ് എഴുപത്തിയഞ്ച് സംവത്സരങ്ങൾ പൂർത്തിയാക്കുകയാണ്. ശോകനാശിനിപ്പുഴയുടെ തീരത്ത് വിജ്ഞാനത്തിന്റെ മഹാഗോപുരമായി ഇത് തലയുയർത്തി നിൽക്കുന്നു. ഏറെ പ്രശസ്തിയാർജ്ജിച്ച ഭൂതകാലത്തിന്റെ വെളിച്ചം ഈ കലാലയത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷങ്ങളെ സമൃദ്ധമാക്കട്ടെ.

സ്നേഹപൂർവ്വം,

**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണ- എക്സൈസ് വകുപ്പ് മന്ത്രി




കേരളത്തിലെ രണ്ടാമത്തെ സർക്കാർ കലാലയമായി കൊച്ചി സർക്കാരിന്റെ കീഴിൽ 1947 ആഗസ്റ്റ് മാസം 11-ാം തീയതി നിലവിൽ വന്ന ചിറ്റൂർ ഗവൺമെന്റ് കോളേജ് കേരളത്തിലെ ഏറ്റവും പഴക്കമേറിയ കലാലയങ്ങളിൽ ഒന്നാണ്. ചിറ്റൂരിന്റെ സാംസ്കാരിക പുരോഗതിയ്ക്ക് നിർണ്ണായക സ്വാധീനം ചെലുത്തിയ കോളേജിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിന്റെ സമാപനത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന സ്മരണികയ്ക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

**കെ. കൃഷ്ണൻകുട്ടി**
വൈദ്യുതി വകുപ്പ് മന്ത്രി



വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും പ്രകാശം തലമുറകളിലേക്കു പ്രസരിപ്പിച്ചു കൊണ്ട്, പ്രകൃതിമനോഹരമായ ശോകനാശിനീതീരത്ത് നിലകൊള്ളുന്ന ചിറ്റൂർ ഗവൺമെന്റ് കോളേജ് ഗൃഹാതുരസ്മരണകളുണർത്തിക്കൊണ്ട് എഴുപത്തഞ്ചുവർഷം പൂർത്തിയാക്കിയിരിക്കുന്നു. പ്രൗഢഗംഭീരമായ ഈ സരസ്വതീക്ഷേത്രത്തിന്റെ ചരിത്രമടങ്ങുന്ന സോവനീറിന് എല്ലാ ആശംസകളും നേർന്നുകൊള്ളുന്നു.

**ഡോ. അനുരാധ വി.കെ.**
പ്രിൻസിപ്പൽ, ഗവ. കോളേജ്, ചിറ്റൂർ



അറിവിന്റെ കേന്ദ്രങ്ങൾ മാത്രമായി കലാലയങ്ങൾ ചുരുങ്ങുമ്പോൾ ചിറ്റൂർ ഗവൺമെന്റ് കോളേജ് വിദ്യാർത്ഥികളെ അവരിലെ കല, കായികം, സർഗാത്മകത, ശാസ്ത്ര ബോധം എന്നിവയെല്ലാം വികസിപ്പിച്ചെടുത്ത് സമൂഹത്തിന് മുതൽക്കൂട്ടാക്കുന്നു. അവരിലൂടെ കലാലയം ചരിത്രത്തിൽ കൊത്തിവെയ്ക്കപ്പെടുന്നു. ജ്ഞാനവെളിച്ചത്തിന്റെ 75 വർഷങ്ങൾ പിന്നിടുന്ന ചിറ്റൂർ ഗവൺമെന്റ് കോളേജിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും ഭാവുകങ്ങൾ നേരുന്നു.

**കൃഷ്ണാഞ്ജലി യു.**
കോളേജ് യൂണിയൻ വൈസ് ചെയർ പേഴ്സൺ





'അരിമാ നോക്ക്' എന്നൊരു പ്രയോഗം തമിഴിലുണ്ട്. കാട്ടിലെ രാജാവായ സിംഹം തികഞ്ഞ ഗാംഭീര്യത്തോടെ ദീർഘദൂരം ഓടിയെത്തിയാൽ ഒന്നുനിന്ന്, കടന്നുവന്ന വഴി അവലോകനം ചെയ്യുന്ന പ്രവൃത്തിയെയാണ് അത് സൂചിപ്പിക്കുന്നത്. സംസ്കൃതത്തിലെ 'സിംഹാവലോകനം'. ഏഴരപ്പതിറ്റാണ്ടുകാലത്തെ ജൈത്രയാത്രയ്ക്കു ശേഷം നമ്മുടെ കലാലയം ഒന്നുനിന്ന്, തിരിഞ്ഞുനോക്കുന്ന അപൂർവ്വസുന്ദരമായ വേളയാണ് ഈ പ്ലാറ്റിനം ജൂബിലി. പതിനായിരങ്ങൾക്ക് അറിവിന്റെ നേർവെളിച്ചം നൽകി, അവരെ ലോകത്തിന്റെ പല കോണുകളിലേക്കും പറഞ്ഞയച്ച് ജീവിതത്തിന്റെ അതിസങ്കീർണ്ണപരീക്ഷകൾക്കു വിധേയരാക്കി, തിരിച്ചുവിളിക്കുന്ന അസുലഭമുഹൂർത്തം. ഒരു സർക്കാർ കലാലയം തീർച്ചയായും ഓരോ ഘട്ടത്തിലും നടത്തേണ്ട അവലോകനം തന്നെയാണ് ഇത്. നമ്മൾ പിന്നിട്ട വഴികൾ, നേടിയ നേട്ടങ്ങൾ, തിരുത്തേണ്ട പാഠങ്ങൾ, പുതുക്കേണ്ട ധാർമ്മികവിവേകങ്ങൾ, മറക്കേണ്ട അബദ്ധങ്ങൾ, ഒക്കെയും വിലയിരുത്തപ്പെടുന്ന സന്ദർഭം. പുഴയോരത്തെ ഈ വള്ളിക്കുടിലിൽ രാജപ്രൗഢിയോടെ ചാഞ്ഞുകിടക്കുന്ന ചിറ്റൂർ കോളേജ് എന്ന സിംഹിയുടെ ഗാംഭീര്യവും ശൗര്യവും ഇപ്പോൾ ഇവിടെ പഠിക്കുകയോ ജോലിചെയ്യുകയോ ചെയ്യുന്നവർക്ക് അറിഞ്ഞുകൊള്ളണമെന്നില്ല. രണ്ടോ അഞ്ചോ ഏഴോ വർഷം ഇവിടെ പഠിക്കുകയും വർഷങ്ങളോളം പഠിപ്പിക്കുകയും ചെയ്ത് അനിവാര്യമായും ഇവിടം വിട്ടുപോകേണ്ടിവന്ന ആയിരക്കണക്കിന് 'ജിസിസിയൻസി'ന് നെഞ്ചിൽ താലോലിക്കാൻ ഒരുപിടി നല്ല ഓർമ്മകളായി, പിൽക്കാല ജീവിതത്തിലേക്കുമുഴവനുമുള്ള ഊർജ്ജമായി ഈ ക്യാമ്പസ് കാലം നിലനിൽക്കുന്നുണ്ട്. അവയെ ഒന്നു തൊട്ടറിയാനുള്ള അവസരമാണ് ഈ ഓർമ്മപ്പുസ്തകം.

ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയോടൊപ്പം ആരംഭിച്ച നമ്മുടെ കോളേജിന് തീർച്ചയായും രാഷ്ട്രം നേരിട്ട വെല്ലുവിളികളെ, അതേ തരത്തിലല്ലെങ്കിലും നേരിടേണ്ടി വന്നിട്ടുണ്ടാവണം. ചിറ്റൂർ പോലുള്ള അന്നത്തെ ഒരു കുഗ്രാമത്തിലേക്ക് പുത്തൻ അറിവുകളുടെ 'പരിഷ്കാരങ്ങൾ' കടന്നുവരുമ്പോഴുണ്ടാവുന്ന ആഘാതങ്ങൾ! വിജ്ഞാനത്തിന്റെ അതിർത്തികൾ വിശാലമാകുന്നതോടെ സാമൂഹികബന്ധങ്ങളിലും കുടുംബബന്ധങ്ങളിലും അത് ഇടപെട്ടുതുടങ്ങും. ഇല്ലായ്മയുടെയും വല്ലായ്മയുടെയും ആ ഭൂതകാലത്ത് പാരമ്പര്യ തൊഴിലുകൾക്കു പകരം സർക്കാരുദ്യോഗവും മറ്റു വൈറ്റ് കോളർ ജോലികളും ആളുകൾ സ്വപ്നം കണ്ടുതുടങ്ങും. കൗമാരപ്രായക്കാരായ വിദ്യാർത്ഥികൾക്ക് സ്ത്രീപുരുഷസൗഹൃദത്തിന്റെയും പ്രണയത്തിന്റെയും കാല്പനികവർണ്ണങ്ങൾ വിരിഞ്ഞുതുടങ്ങും. അതിർത്തി ഗ്രാമമായ ചിറ്റൂരിന്റെ സാമ്പത്തികമേഖലതന്നെ സവിശേഷമായ രീതിയിൽ വളർച്ചയിലേക്കു കുതിക്കും. പുതിയ വിഷയങ്ങൾ, സമ്പ്രദായങ്ങൾ, പെരുമാറ്റങ്ങൾ, ലോകവീക്ഷണം അങ്ങനെയങ്ങനെ ഒരു ജനതയെ അടിമുടി മാറ്റിമറിയ്ക്കുന്ന ഒരു കേന്ദ്രമായി കലാലയം വളരുകയാണ്.

സമീപത്തുള്ള മറ്റു കോളേജുകളെ അപേക്ഷിച്ച് ചിറ്റൂർ കോളേജിലെ തമിഴ്, സംഗീതം, ഭൂമിശാസ്ത്രം തുടങ്ങിയ സവിശേഷ

വിഭാഗങ്ങൾ എന്നും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. അതിൽത്തന്നെ ആൺകുട്ടികൾക്ക് സംഗീതം പഠിക്കാനും അതിൽ ബിരുദമെടുക്കാനും ചിറ്റൂർ മാത്രമേ അവസരമുള്ളൂ. (പാലക്കാട് ചെമ്പൈ സംഗീതകോളേജിൽ അന്ന് സംഗീതത്തിൽ ഡിപ്ലോമാ കോഴ്സ് മാത്രമാണുണ്ടായിരുന്നത്.) പണ്ഡിറ്റ് രമേഷ് നാരായണനെപ്പോലുള്ള പ്രതിഭകളെ ഈ കോളേജിലേക്ക് ആകർഷിച്ചത് ഈയൊരു വസ്തുതയായിരുന്നല്ലോ. വായ്പ്പാട്ട്, ഉപകരണസംഗീതം, സംഗീതസംവിധാനം, സിനിമാപിന്നണിഗാനം, ആകാശവാണി, ദൂരദർശൻ, തുടങ്ങിയ എല്ലാ മണ്ഡലങ്ങളിലുമുള്ള സംഗീതജ്ഞരുടെ പ്രഭവകേന്ദ്രമായി ചിറ്റൂർകോളേജ് മാറുന്ന കാഴ്ചയാണ് നാം പിന്നീട് കാണുന്നത്. അതുപോലെ തമിഴ് വിഭാഗം ധാരാളം എഴുത്തുകാരെയും ഗവേഷകരേയും അധ്യാപകരേയും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഭൂമിശാസ്ത്രവിഷയമാകട്ടെ, ശാസ്ത്രരംഗത്തുള്ള നമ്മുടെ ശക്തമായ സാന്നിധ്യം ഉറപ്പുവരുത്തുന്നതാണ്. കൊമേഴ്സ്, ഇക്കണോമിക്സ്, ഫിലോസഫി, മാത്തമാറ്റിക്സ് തുടങ്ങിയ പി.ജി. - ഗവേഷണവിഭാഗങ്ങൾ അതതു വിജ്ഞാനരംഗത്തെ അതിനൂതനമായ അന്വേഷണങ്ങൾക്ക് വിളനിലമാകുന്നുണ്ട്. എഴുപത്തഞ്ചുവർഷം കൊണ്ട് ഒരു ഗ്രാമീണകലാലയം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തുന്ന വേളയാണിത്. ഏതേതു മേഖലകളിൽ നാം മുന്നേറേണ്ടതുണ്ടെന്നും, അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന വിവര-വിദ്യാഭ്യാസ-വിനിമയമേഖലകളിൽ കാലം ആവശ്യപ്പെടുന്ന നവീകരണങ്ങൾ എങ്ങനെയാണ് നാം സ്വായത്തമാക്കേണ്ടതെന്നും തിരിച്ചറിയാനുള്ള സന്ദർഭം കൂടിയാണിത്. അടരടരായി കിടക്കുന്ന കലാലയഭൂതകാലത്തെ പുരാവസ്തുവിദഗ്ധർ സൂക്ഷ്മസംവിധാനങ്ങളുപയോഗിച്ച് കൈകാര്യം ചെയ്യുന്നതുപോലെ പൊട്ടാതെ പോറാതെ പുറത്തെടുക്കാനുള്ള ശ്രമവും കൂടി നാം നടത്തുന്നു.

ചിറ്റൂർ കോളേജിൽ ഞാനൊരു പൂർവ്വവിദ്യാർത്ഥിയോ അധ്യാപകനോ ആയിരുന്നില്ല. പക്ഷേ ആരംഭഘട്ടംതൊട്ടേ എനിക്കു കിട്ടിയ പ്രതികരണങ്ങൾ ഞെട്ടിക്കുന്നതായിരുന്നു. അതിപ്രഗത്ഭരും സെലിബ്രിറ്റികളുമായ ഒട്ടേറെ പേരുമായി അടുത്ത പരിചയം നേടാനും ഈ കലാലയത്തോടുള്ള അവരുടെ സ്നേഹബഹുമാനങ്ങൾ തൊട്ടറിയാനും ഉള്ള അപൂർവ്വഭാഗ്യം എനിക്കു ലഭിച്ചു. സ്വന്തം യൗവനത്തിലേക്ക് ഒരു 'ടൈംട്രാവൽ' നടത്താൻ ഇതൊരു നിമിത്തമായി അവർകാണുകയായിരുന്നു. ഓർമ്മകളുടെ ഈ മലയിടിച്ചിലിൽപ്പെട്ട് ഞാൻ കൈകാലിട്ടടിക്കാൻ തുടങ്ങി. ഇന്നത്തെ അധ്യാപകരും വിദ്യാർത്ഥികളും ചവുട്ടിനടക്കുന്ന മണ്ണും ഇരിക്കുന്ന ബഞ്ചുകളും കടന്നുപോകുന്ന വരാന്തകളുമൊക്കെ ഒട്ടേറെ അടരുകളുള്ള കാലത്തിന്റെ ഏറ്റവും മുകളിലത്തെ അതിലോലമായ ഒരു പ്രതലമാണെന്ന തിരിച്ചറിവുണ്ടായി. ആ തിരിച്ചറിവോടെ വീണ്ടും കലാലയത്തിലെത്തുക, വിസ്മയകരമായ ഒരനുഭവമാണ്. ഇത് കേവലം ഒരിടത്താവളമല്ലെന്നും ജീവിതായോധനത്തിന്റെ സ്പ്രിംഗ് ബോർഡാണെന്നും തിരിച്ചറിയുന്ന മിന്നൽനിമിഷം! കലാലയം എന്നും ഒരു ദേയ്ഷാ വൂ അഥവാ മറുനിനവാണ്. ആദ്യം അനുഭവിക്കുന്നതെന്തും പണ്ടെങ്ങോ തനിക്കായി കാത്തുവച്ചിരിക്കുകയായിരുന്നു എന്ന് ഓർമ്മിപ്പിക്കുന്ന വിചിത്രസ്മരണ.

സ്നേഹത്തോടെ, കരുതലോടെ ക്ഷണിക്കട്ടെ ഈ കാലത്തിന്റെ ലയത്തിലേക്ക്... കലാലയത്തിലേക്ക്...

**എഡിറ്റർ**





# ഉള്ളടക്കം


| | | |
|---|---|---|
| ചിറ്റൂർ കോളേജ്: ചരിത്രപഥത്തിലൂടെ | 7 | സന്തോഷ് സി.എസ്, സുരേഷ് എം. |
| ചിറ്റൂർ കോളേജിന്റെ അഭിമാനതാരങ്ങൾ | 15 | സന്തോഷ് ചോലയിൽ |
| വാസ്തുഹാര/രോഗധാര (ചിറ്റൂരോർമ്മകൾ) | 22 | മേതിൽ രാധാകൃഷ്ണൻ |
| My Chittur College Memories | 28 | Madhu Ambat |
| ഇവർ എനിക്ക് പ്രേരണയരുളിയിരുന്നു | 30 | ആഷാമേനോൻ |
| ചിറ്റൂർകോളേജ്: വഴിത്തിരിവിന്റെ ഘട്ടം | 32 | കെ. ആനന്ദവർമ്മ |
| പച്ചപുതച്ച ഓർമ്മകൾ | 35 | ഡോ. ഗോപകുമാർ സി.എസ്. |
| വിസ്മൃതമാവാത്ത വിസ്മയഘട്ടം | 37 | എൻ.എൻ. കൃഷ്ണദാസ് |
| ചിറ്റൂർ കോളേജ് എന്ന ആന്റമാൻ | 39 | അറയ്ക്കൽ നന്ദകുമാർ |
| ഓർമ്മകൾതൻ താമരമലരുകൾ | 43 | ശ്രീവത്സൻ സി.എസ്. |
| ചിറ്റൂർ കോളേജ് ഓർമ്മകൾ | 46 | ജെയിൻ വി. |
| ചിറ്റൂർ കോളേജ്: സ്നേഹകേന്ദ്രം | 50 | ഡോ. ജി. ഗോപകുമാർ |
| ചിറ്റൂർ കോളേജ്: സൗഭാഗ്യസ്മൃതികൾ | 51 | പ്രൊഫ. അമ്പാട്ട് വിജയകുമാർ |
| ഈവഴിയും ഈ മരത്തണലും | 54 | രാജീവ് പീറ്റർ |
| ശോകനാശിനിയുടെ കരയിൽ കഴിഞ്ഞ ദിനങ്ങൾ | 57 | അ.ക. പെരുമാൾ |
| ഗിത്താറുമായി ചിറ്റൂർ കോളേജിൽ | 59 | രമേഷ് നാരായൺ |
| ശോകനാശിനീതീരത്തെ ഗുരുകുലകാലം | 61 | പ്രൊഫ. പി.എ. വാസുദേവൻ |
| ശോകനാശിനീതീരത്ത് ഞാൻ പോയി ഇരുന്നിട്ടില്ല | 63 | ടി.എൻ. കൃഷ്ണചന്ദ്രൻ |
| നോബൽസമ്മാനം | 65 | വിപിൻ മോഹൻ |
| ചിതറിയ സ്മരണകൾ | 67 | ബാലു പുളിനെല്ലി |
| എന്റെ മാതൃവിദ്യാലയം | 69 | സി.എ. വേണുഗോപാൽ സി. ഗോവിന്ദ് |
| എന്റെ അദ്ധ്യാത്മവിദ്യാലയം | 71 | രാധാലക്ഷ്മി പത്മരാജൻ |
| മനസ്സിലെ മായാത്ത മധുരോർമ്മകൾ | 75 | ശ്രീകലാ പ്രേംനാഥ് |
| മായാത്ത വസന്തം | 78 | പ്രൊഫ. ഗീത കൃഷ്ണദാസ് |
| അലുമ്നി അസോസിയേഷൻ | 80 | പ്രൊഫ. ജയദേവൻ കെ. |
| ശോകനാശിനീതീരത്തെ സൗവർണ്ണകാലം | 81 | മഞ്ജുമേനോൻ |
| ഓർമ്മയിലെ ചിറ്റൂർ ഗവൺമെന്റ് കോളേജ് | 82 | ഡോ. പി.വി. രാമൻകുട്ടി |
| അച്ഛനും ആനന്ദൻമാഷും | 84 | ഡോ. പി.ആർ. ജയശീലൻ |
| ചിറ്റൂർ കോളേജ് ദിനങ്ങൾ: ഓർമ്മക്കുറിപ്പ് | 87 | മോഹൻശർമ്മ |
| രൂപകങ്ങൾ ഓർമ്മയിൽ വീണ്ടും എത്തിയപ്പോൾ | 89 | വിശ്വനാഥൻ തിരുവില്വാമല |
| പഠനകാലവും ഔദ്യോഗികജീവിതവും ഓർമ്മക്കുറിപ്പ് | 90 | പ്രൊഫ. ജയദേവൻ കെ. |
| താളമേളപ്പെരുക്കങ്ങൾ | 91 | ഗിരിജാവല്ലഭൻ പി. ജി. |
| ആചാര്യസംവാദം | 93 | സന്തോഷ് ചോലയിൽ |
| സോഷ്യൽ ഫോറസ്ട്രി | 95 | പ്രൊഫ. ജയദേവൻ കെ. |
| പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ | 96 | ബ്രിജേഷ് എൻ.എസ്. |
| സപ്തഗേഹം സ്നേഹഗേഹം | 105 | പ്രതീഷ് കെ. |
| നന്ദി | 108 | ടി. ശ്രീവത്സൻ |










## ചിറ്റൂർ കോളേജ്
# ചരിത്രപഥത്തിലൂടെ...

ചരിത്രമുറങ്ങുന്ന ചിറ്റൂർ ദേശം കൊളോണിയൽ ആധിപത്യകാലത്ത് കൊച്ചി രാജവംശത്തിന്റെ ഭാഗമായിരുന്നു. വർഷങ്ങൾക്കുമുമ്പ് നടന്ന പടയോട്ടങ്ങളുടെ ഏതോ സന്ധിയിൽ ഈ ഭൂവിഭാഗം പാലക്കാട്ട് രാജവംശത്തിൽ നിന്ന് കൊച്ചി രാജവംശത്തിന്റെ കൈകളിൽ എത്തിച്ചേർന്നതാവാം . ബ്രിട്ടീഷ് അധിനിവേശത്തിനുശേഷം ഈ സ്ഥലം പഴയ മലബാർ ജില്ലയുടേയും മദ്രാസ് പ്രവിശ്യയുടേയും ഭാഗമായിത്തീർന്നു.

കൊച്ചി രാജവംശത്തിന്റെ കീഴിലുള്ളപ്പോഴും ഉന്നതവിദ്യാഭ്യാസത്തിനായി ഇന്നാട്ടുകാർക്ക് പാലക്കാട് വിക്ടോറിയ കോളേജിനേയോ മദ്രാസിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളേയോ ആശ്രയിക്കേണ്ടിയിരുന്നു. അന്നത്തെ നിലയ്ക്ക് വാഹനസൗകര്യങ്ങളുടെ പരിമിതിയാൽ ഈ സ്ഥലങ്ങളെല്ലാം തീർത്തും വിദൂരങ്ങൾ തന്നെയായിരുന്നുവെന്ന് പറയാം. ഈ അവസ്ഥ ശരിക്കും മനസ്സിലാക്കിയ അന്നത്തെ ദിവാൻ സി.പി. കരുണാകര മോനോൻ ഐ.സി.എസ്, കൊച്ചി രാജാവിനെ കാര്യങ്ങൾ ധരിപ്പിച്ചതിനെത്തുടർന്നാണ് ഗവ. കോളേജ് ചിറ്റൂർ എന്ന ഉന്നതവിദ്യാഭ്യാസ കേന്ദ്രം ഈ പ്രദേശത്ത് നിലവിൽ വരുന്നത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് ഏതാനും ദിവസങ്ങൾമുമ്പ് 1947 ആഗസ്റ്റ് 11 നാണ് കൊച്ചി സംസ്ഥാനത്തെ രണ്ടാമത്തെ സർക്കാർ കോളേജായ ചിറ്റൂർ ഗവൺമെന്റ് കോളേജ് സ്ഥാപിതമാവുന്നത്.

ചിറ്റൂരിന്റെ ഹൃദയഭാഗത്തുള്ള ഗവൺമെന്റ് വിക്ടോറിയ ഗേൾസ് ഹൈസ്കൂളിന്റെ കെട്ടിടങ്ങളിൽ താത്കാലികമായി ആരംഭിച്ച കോളേജിന് മദ്രാസ് യൂണിവേഴ്സിറ്റിയിലാണ് അഫിലിയേഷൻ ഉണ്ടായിരുന്നത്. ഒരു ആർട്സ് കോളേജ് എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ച കോളേജിൽ ഇന്റർ മീഡിയറ്റിന് മലയാളം, മാത്തമാറ്റിക്സ്, കൊമേഴ്സ്, അക്കൗണ്ടൻസി, ലോജിക്, മ്യൂസിക്, ഇന്ത്യൻ-മോഡേൺ ഹിസ്റ്ററി

എന്നീ വിഷയങ്ങളിലും ബി.എ ഡിഗ്രിക്ക് മാത്തമാറ്റിക്സ്, ഫിലോസഫി, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിലുമാണ് പ്രവേശനം നൽകിയിരുന്നത്. തിരു-കൊച്ചി സംയോജനത്തിനുശേഷം 1949 ജൂലൈയിൽ കേരള യൂണിവേഴ്സിറ്റിയിൽ കോളേജിന് അഫിലിയേഷൻ ലഭ്യമാവുകയും പുതിയ സർവ്വകലാശാലയുടെ നിയമാവലി പ്രകാരം ബി.എ മാത്തമാറ്റിക്സ് എന്നത് ബി.എസ്.സി. മാത്തമാറ്റിക്സ് ആയി മാറുകയും ചെയ്തു.

1947 ഓഗസ്റ്റ് മാസത്തിൽ ചിറ്റൂർ അണിക്കോടുള്ള വിക്ടോറിയ ഗേൾസ് ഹൈസ്കൂൾ തങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടം ചിറ്റൂർ ഗവൺമെന്റ് കോളേജിനുവേണ്ടി ഒഴിഞ്ഞു കൊടുക്കുകയും അണിക്കോടിനടുത്തുള്ള എ.ഇ.ഒ. ഓഫിസിലേക്ക് സ്കൂൾ മാറ്റുകയും ചെയ്യുന്നതോടുകൂടിയാണ് കോളേജ് പ്രവർത്തനം ആരംഭിക്കുന്നത്. അന്ന് സ്കൂൾ അറിയപ്പെട്ടത് കണ്ണാടി സ്കൂൾ എന്നായിരുന്നു.

ശോകനാശി പുഴയുടെ തീരത്ത് സ്വന്തമായി നിർമ്മിച്ച കെട്ടിടത്തിലേക്ക് 1954 ൽ ചിറ്റൂർ കോളേജ് മാറ്റിയതിനുശേഷമാണ് വിക്ടോറിയ ഗേൾസ് ഹൈസ്കൂളിന് കെട്ടിടങ്ങൾ തിരികെ ലഭ്യമായത്. ഭാരതപ്പുഴയുടെ കൈവഴിയായ ശോകനാശിനി പുഴയുടെ തീരത്തുള്ള 45 ഏക്കർ സ്ഥലത്ത് നിലവിലുള്ള കോളേജ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടന്നത് 1949 നവംബർ 18 നാണ്. 1954 ജൂലൈ 28 ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. പട്ടം താണുപിള്ളയാണ് പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തത്. 1951-52 ൽ ബി.കോം ഡിഗ്രിയും 1954-55 ൽ ഇന്റർമീഡിയറ്റിന് സയൻസ് വിഷയങ്ങളും കോളേജിൽ ആരംഭിച്ചു.

1956-57 ൽ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങളിൽ ബി.എസ്.സി. കോഴ്സുകൾ ആരംഭിച്ചതോടെയാണ് ഒരു സമ്പൂർണ്ണ ആർട്സ് ആന്റ് സയൻസ് കോളേജ് എന്ന തലത്തിലേക്ക് ഗവൺമെന്റ് കോളേജ് ചിറ്റൂർ ഉയർന്നത്.

1956-57 കാലഘട്ടത്തിലാണ് ഇന്റർമീഡിയറ്റ് കോഴ്സ് പ്രീ-യൂണിവേഴ്സിറ്റി കോഴ്സ് ആക്കി മാറ്റിയത്. കോളേജിൽ പ്രീയൂണിവേഴ്സിറ്റിക്ക് രണ്ടാം ഭാഷ തെരഞ്ഞെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ എ (സംസ്കൃതം), ബി (മലയാളം), സി (ഹിന്ദി), ഡി (തമിഴ്)) ആയിരുന്നു ഓരോ ബാച്ചിനേയും വേർതിരിച്ചിരുന്നത്. സയൻസ്, ചരിത്രം തുടങ്ങിയ എല്ലാ വിഷയങ്ങളും എല്ലാ ബാച്ചുകാരും പഠിക്കണമെന്നതായിരുന്നു അക്കാലത്തെ വ്യവസ്ഥ. പ്രീ-യൂണിവേഴ്സിറ്റിക്ക് അക്കാലത്ത് ഓരോ ബാച്ചിലും 80 വീതം വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകിയിരുന്നത്. തിങ്കൾ മുതൽ ബുധൻ വരെയുള്ള ദിവസങ്ങളിൽ രാവിലെയും വ്യാഴം മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ ഉച്ച കഴിഞ്ഞുമാണ് ക്ലാസ്സുകൾ നടത്തിയിരുന്നത്.

1957-58 ലാണ് ത്രിവത്സര ഡിഗ്രി കോഴ്സുകൾ കോളേജിൽ ആരംഭിച്ചത്. ഇതേ വർഷം തന്നെയാണ് കോളേജിൽ സംഗീതത്തിൽ ബി.എ. കോഴ്സും ആരംഭിച്ചത്. നാലു ഭാഗങ്ങളായാണ് അന്ന് ഡിഗ്രിക്കുള്ള വിഷയങ്ങളെ വേർതിരിച്ചിരുന്നത്. പാർട്ട്-1 ൽ ഇംഗ്ലീഷും പാർട്ട്-2 ൽ സെക്കന്റ് ലാംഗേജും പാർട്ട്-3 യിൽ ജനറൽ എഡ്യുക്കേഷനും (ഇക്കണോമിക്സ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി) പാർട്ട്-4 ൽ മെയിൻ, സബ്സിഡിയറി വിഷയങ്ങളും പഠിക്കേണ്ടിയിരുന്നു. ബി.എ. ക്ലാസ്സിൽ 40 വീതവും ബി.എസ്.സി. ക്ക് 24 വീതവും കുട്ടികൾക്കാണ് അഡ്മിഷൻ നൽകിയിരുന്നത്. 1956 ൽ കേരളസംസ്ഥാനം രൂപീകൃതമായതിനുശേഷം 1957 ൽ ഗവ.കോളേജ് ചിറ്റൂർ കേരള സർവ്വകലാശാലയുടെ കീഴിൽ ആയി.

1958 ലാണ് അന്നത്തെ ഗവർണർ ആയിരുന്ന ഡോ. ബി. രാമകൃഷ്ണ റാവു കോളേജിന്റെ ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ ഉദ്ഘാടനം ചെയ്തത്. 1963 ൽ ഗേൾസ് ഹോസ്റ്റൽ ഉദ്ഘാടനം ചെയ്തത് ഗവർണർ ശ്രീ. വി.വി. ഗിരിയാണ്. ആദ്യ ഘട്ടത്തിൽ 100 വീതം പേർക്ക് താമസിക്കുന്നതിനുള്ള സൗകര്യമാണ് ഹോസ്റ്റലിൽ ഉണ്ടായിരുന്നത്. നിലവിൽ അറുന്നൂറോളം വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാനുള്ള സൗകര്യം ഹോസ്റ്റലുകളിലുണ്ട്.

1964 ലാണ് പ്രീ-യൂണിവേഴ്സിറ്റി കോഴ്സിനു പകരം പ്രി-ഡിഗ്രി കോഴ്സ് നിലവിൽ വന്നതോടുകൂടി കോളേജിന്റെ പ്രവർത്തനക്രമത്തിലും മാറ്റം വന്നു. 1968 ൽ പുതിയതായി രൂപീകൃതമായ കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിൽ ഗവ. കോളേജ് ചിറ്റൂർ അഫിലിയേറ്റ് ചെയ്യപ്പെട്ടു. ഇതിനുശേഷം അക്കാദമിക് രംഗത്ത് വലിയ മുന്നേറ്റമാണ് ചിറ്റൂർ കോളേജിനുണ്ടായത്. 1969-70 കാലഘട്ടത്തിലാണ് കോളേജിൽ തമിഴ് ഭാഷാ-സാഹിത്യത്തിൽ ബിരുദാനന്തരബിരുദ കോഴ്സ് ആരംഭിച്ചത്. 1971-72 കാലഘട്ടത്തിൽ എം.കോം കോഴ്സും ആരംഭിച്ചു. 1972 ൽ ആഘോഷിക്കേണ്ടിയിരുന്ന സിൽവർ ജൂബിലി ഒരു വർഷം വൈകി 1973 ലാണ് കൊണ്ടാടിയത്. സിൽവർ ജൂബിലി സമ്മാനമായാണ് കോളേജിൽ ജ്യോഗ്രഫിയിൽ ബിരുദ കോഴ്സ് ആരംഭിച്ചത്. 1976-77 കാലഘട്ടത്തിൽ തമിഴ് ഭാഷയിൽ പി.എച്ച്.ഡി. നേടുന്നതിനുള്ള ഗവേഷണ കേന്ദ്രമായി കോളേജിനെ യൂണിവേഴ്സിറ്റി ഉയർത്തി. 1979-80 ൽ എം.എ. ജ്യോഗ്രഫി, എം.എസ്.സി മാത്തമാറ്റിക്സ് എന്നീ കോഴ്സുകളും 1981-82 ൽ എം.എ. മ്യൂസിക്, ബി.എ. ഹിസ്റ്ററി എന്നീ കോഴ്സുകളും കോളേജിൽ ആരംഭിച്ചു. ഇതിനുശേഷം ഒരു പതിറ്റാണ്ടി ലധികം കാലത്തിനുശേഷമാണ് 1994 ൽ എം.എ. ഫിലോസഫി കോഴ്സ് ആരംഭിച്ചത്. പുതിയ തലമുറയുടെ ആവശ്യകത പരിഗണിച്ച് 1999 ൽ ബി.എസ്.സി. ഇലക്ട്രോണിക്സ് കോഴ്സും ആരംഭിച്ചു. 2020ൽ ബി. എ. വിഭാഗത്തിൽ ഇംഗ്ലീഷ് കോഴ്സ് അനുവദിച്ചതോടുകൂടി കോളേജിലെ മൊത്തം ഡിപ്പാർട്ട്മെന്റുകളുടെ എണ്ണം പതിനഞ്ചായി ഉയർന്നു. കലാലയവും സമൂഹവും തമ്മിലുള്ള ഇടപെടലുകൾ ഇപ്പോൾ മറ്റെന്നത്തേക്കാളും വിഭിന്നവും സങ്കീർണവും ആണ്. രാഷ്ട്രീയ സംഘർഷങ്ങൾക്കപ്പുറം വിദ്യാർഥികൾ സന്നദ്ധ പ്രവർത്തനങ്ങളിലും സാമൂഹികസേവനങ്ങളിലും ഏർപ്പെടുന്നു. ആധുനികലോകത്തിന്റെ വെല്ലുവിളികളെയും അറിവ് എല്ലാവർക്കും ലഭ്യമാക്കാനുള്ള പ്രതിബദ്ധതയെയും അക്കാദമിക് വിഷയങ്ങൾ പ്രതിഫലിപ്പിക്കുന്നു. ദൈനംദിന പാഠ്യപ്രവർത്തനങ്ങൾക്ക് പുറമെ നിരവധി സന്നദ്ധസംരംഭങ്ങളിലും വിദ്യാർത്ഥികൾ ഏർപ്പെട്ട് വരുന്നു എന്നുള്ളതും കലാലയപഠനത്തെ വർത്തമാനകാലം വ്യത്യസ്തമാക്കുന്നു. ഭാവിയിൽ ഒരു സർവ്വകലാശാലയായി ഉയർന്നു വരാൻ കോളേജിനുള്ള ശേഷി ഒട്ടും ചെറുതായി കാണേണ്ട ഒന്നല്ല. ആയതിനായുള്ള അക്കാദമിക അന്തരീക്ഷം സജ്ജമാക്കുവാൻ അധ്യാപക-വിദ്യാർത്ഥി സമൂഹവും പ്രാദേശികജനതയും ചേർന്നുനിന്ന് പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

(തയ്യാറാക്കിയത്: സന്തോഷ് സി.എസ്, സുരേഷ് എം.)

# ദിവാൻ ബഹദൂർ സി.പി. കരുണാകരമേനോൻ ഐ.സി.എസ്.



കോളേജിന്റെ രൂപീകരണത്തിൽ നിർണായക പങ്കുവഹിച്ച ഒരു വ്യക്തിത്വമാണ് ദിവാൻ ബഹദൂർ സി.പി. കരുണാകരമേനോൻ (1891-1976)കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്ന പാലക്കാട് ജില്ലയിലെ ചിറ്റൂരിലെ കർഷക കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. തന്റെ സ്കൂൾ വിദ്യാഭ്യാസം ചിറ്റൂരിൽ നിന്നും പൂർത്തിയാക്കിയതിനുശേഷം ബിരുദമെടുത്തത് മദ്രാസ് പ്രസിഡൻസി കോളേജിൽ നിന്നുമാണ്. തുടർന്ന് മദ്രാസ് ബോർഡ് ഓഫ് റവന്യൂവിൽ ഗുമസ്തനായി ജോലിയിൽ പ്രവേശിച്ചു. ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട്, 1935 പ്രകാരം മദ്രാസ് പ്രസിഡൻസിയിൽ ആദ്യ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഗവൺമെന്റ് രൂപീകൃതമായപ്പോൾ ശ്രീ. സി.പി. കരുണാകരമേനോൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ സെക്രട്ടറിയായി നിയമിതനായി. തുടർന്ന് സൗത്ത് കാനറയിലെ ജില്ലാ കലക്ടറായും ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിൽ സെക്രട്ടറിയായും നിയമിതനായി.

പിന്നീടാണ് 1944 ൽ കൊച്ചി പ്രദേശത്തിന്റെ ദിവാനായി നിയമിതനായത്. 1947 ആഗസ്റ്റ് 15 വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. അദ്ദേഹത്തിന്റെ പ്രാഗത്ഭ്യം കണക്കിലെടുത്ത് 'റാവു സാഹിബ്, റാവു ബഹദൂർ, ദിവാൻ ബഹദൂർ' എന്നീ വിശേഷണങ്ങൾ നൽകി ബ്രിട്ടീഷ് ഗവൺമെന്റ് അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. ചിറ്റൂരിന്റെ വിദ്യാഭ്യാസരംഗത്തെ പരിമിതി അന്നത്തെ കൊച്ചി മഹാരാജാവ് കേരള വർമ്മയെ ബോധിപ്പിച്ച് ഒരു ഗവൺമെന്റ് കോളേജ് ചിറ്റൂരിൽ സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തത് ദിവാൻ ബഹദൂർ സി.പി. കരുണാകരമേനോൻ ആണ്.



# ഈ ചിത്രത്തിനു പിന്നിൽ...



ചിറ്റൂർ കോളേജിന് ഒരു പ്രത്യേകത കൂടിയുണ്ടായിരുന്നു. അന്ന് കേരളത്തിൽ വളരെ അപൂർവം ചില കോളേജുകളിൽ മാത്രം ഉണ്ടായിരുന്ന ഒരു ക്ലബ്. 'CCCC'. ചിറ്റൂർ കോളേജ് ക്യാമറ ക്ലബ്. ഒന്നാം നിലയിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ അടുത്തുള്ള ഒരു വിശാലമായ മുറിയിൽ ആണ് ഈ ക്ലബ് പ്രവർത്തിച്ചിരുന്നത്. അന്നത്തെരീതിയിൽ മികച്ച ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ഡാർക്ക് റൂം സെറ്റിങ് ആ മുറിയിൽ ഉണ്ടായിരുന്നു. ധാരാളം വിദ്യാർത്ഥികൾ ഈ ക്ലബ്ബിലൂടെ ഫോട്ടോഗ്രഫിയുടെ സാങ്കേതികവശങ്ങൾ പഠിച്ചെടുത്തിരുന്നു. ഈ കാലത്ത് സോഷ്യൽ മീഡിയകളിലും വാർത്ത മാധ്യമങ്ങളിലും നിറഞ്ഞു നീന്തിരുന്ന ഈ ചിത്രം 85-86 കാലഘട്ടത്തിൽ ബി.എസ്.സി. ഫിസിക്സ് വിദ്യാർത്ഥിയും ക്ലബ്ബിന്റെ സെക്രട്ടറിയും ആയിരുന്ന കെ.എ. ബാലകൃഷ്ണൻ എടുത്ത് ക്ലബ്ബിൽ തന്നെ ഡെവലപ് ചെയത് പ്രിന്റ് എടുത്ത ചിത്രമാണ്. കോളേജിന്റെ രാജകീയതയെയും ശോകനാശിനി പുഴയുടെ തീരത്തിന്റെ ഉഷ്മളതയും സുഹൃത്തുക്കളുടെ തീക്ഷ്ണമായ ഒത്തൊരുമയും ഈ ചിത്രത്തിൽ നിറഞ്ഞു നില്ക്കുന്നു. അന്ന് കാലത്ത് ചിത്രരചനയിലും ഫോട്ടോഗ്രഫിയിലും കാലിക്കറ്റ് യൂണിവേഴ്സിറ്റിൽ ഒന്നാം സമ്മാനം ബാലകൃഷ്ണൻ കരസ്ഥമാക്കിയിരുന്നു. ഇപ്പോൾ എയർപോർട്ട് അതോറിറ്റിയിൽ ജോയിന്റ് ജനറൽ മാനേജർ (എയർ ട്രാഫിക് കൺട്രോൾ) ആയി ചെന്നൈ എയർ പോർട്ടിൽ ജോലി ചെയ്തുവരുന്നു.



# വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ചരിത്രം



## സംഗീതവിഭാഗം

ചിറ്റൂർ ഗവൺമെൻറ് കോളേജ് പ്രവർത്തനം ആരംഭിച്ചപ്പോൾ മുതൽ അതിൻ്റെ ഭാഗമായിരുന്ന ഒന്നാണ് സംഗീതവിഭാഗം. ആദ്യകാലങ്ങളിൽ ഇൻ്റർമീഡിയേറ്റ് കോഴ്സായിട്ടാണ് തുടങ്ങിയതെങ്കിലും 1956-57 ആയപ്പോൾ അത് പ്രീയൂണിവേഴ്സിറ്റി കോഴ്സായിട്ട് മാറി. പിന്നീട് സംഗീതവും ഫിലോസഫിയും ചേർത്ത് ഡബിൾ-മെയിൻ ഡിഗ്രി കോഴ്സായി അത് പരിണമിക്കുകയും കാലക്രമേണ സംഗീതം ഐച്ഛിക വിഷയം മാത്രമാക്കി ബി.എ. മ്യൂസിക്ക് ബിരുദമെന്ന നിലയിലേക്ക് അത് എത്തുകയും ചെയ്തു. 1981ൽ സംഗീതത്തിൽ ബിരുദാനന്തര കോഴ്സ് (എം.എ. മ്യൂസിക്) ആരംഭിച്ചു. 1997 മുതൽ ഇത് ഒരു ഗവേഷണ കേന്ദ്രമാണ്.

ശ്രീമതി ദേവകിയമ്മ, ശ്രീമതി ജാനകി അമ്മാൾ, ശ്രീമതി സുശീല, ശ്രീമതി സരോജിനി (പിന്നണി ഗായകൻ ജി. വേണുഗോപാലിൻ്റെ മാതാവ്), പ്രൊഫ. നെയ്യാറ്റിങ്കര മോഹനചന്ദൻ, ഡോ. കെ. ഓമനക്കുട്ടി, ഡോ. മാലിനി ഹരിഹരൻ, ഡോ. ശ്രീലത, പ്രൊഫ. ലൈല , ഡോ. ജലജ വർമ്മ, ഡോ. പ്രേമലത എന്നിവർ സംഗീത വിഭാഗത്തിൻ്റെ പഠന നിലവാരം വർദ്ധിപ്പിക്കാൻ അത്യദ്ധ്വാനം ചെയ്ത നേതൃനിരക്കാരാണ്. ശ്രീ. എസ്.ടി. ശശിധരൻ, ഡോ. ജയലക്ഷ്മി, ഡോ. ഭുവനേശ്വരി , ശ്രീമതി മീര, ശ്രീമതി പത്മ, ഡോ. സുമന ദേവി, ശ്രീമതി സുശീലാദേവി, ശ്രീമതി സി.കെ. ലീലാമ്മ, ഡോ. വത്സല, ശ്രീ. സാംബശിവൻ, ശ്രീമതി കസ്തൂരി, ശ്രീമതി സേതു പാർവ്വതി, ഡോ. അനുരാധ വി.കെ. (ഇപ്പോഴത്തെ പ്രിൻസിപ്പാൾ ), പ്രൊഫ. വി.ടി. സുനിൽ, ഡോ. പൂജ ബാലസുന്ദരം, തുടങ്ങിയവർ ഈ വിഭാഗത്തിൽ അദ്ധ്യാപകരായി സേവനം അനുഷ്ഠിച്ചവരാണ്.

ഈ സംഗീതവിഭാഗത്തിൽ നിന്നും പ്രശസ്തമായ നിലയിൽ പഠിച്ചിറങ്ങിയ ഡോ. മിനി സജിത്ത് (കണ്ണൂർ യൂണിവേഴ്സിറ്റി ഡീൻ), ഡോ. ബിന്ദുസജീവ് ലാൽ (കേരള യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെൻ്റ് മേധാവി) ശ്രീ. അഷ്ടമൻ പിള്ള (മഹാരാജാസ് കോളേജ്) ഡോ. പരമേശ്വരൻ (യൂണിവേഴ്സിറ്റി, പൂന) ശ്രീരഞ്ജിനി (മഹാരാജാസ് കോളേജ്) ഡോ. ഗുരുവായൂർ കെ. മണികണ്ഠൻ (കോഴ്സ് കോഓർഡിനേറ്റർ, സ്കൂൾ ഓഫ് ഡ്രാമ) ഡോ. രേഖ മേനോൻ (കരമന എൻ.എസ്.എസ്. കോളേജ്) ഡോ. ലോലകേശവൻ (കാലടി ശ്രീശങ്കര യൂണിവേഴ്സിറ്റി) ഡോ. മണികണ്ഠൻ (ദൽഹി യൂണിവേഴ്സിറ്റി) പ്രൊഫ. സുരേഷ് (പോണ്ടിച്ചേരി യൂണിവേഴ്സിറ്റി) ശ്രീ. അറയ്ക്കൽ നന്ദകുമാർ (സ്കൂൾ ഓഫ് ഡ്രാമ), ഡോ. സജിനി, ഡോ. ബിന്ദു (അവിനാശലിംഗം, കോയമ്പത്തൂർ) ഡോ. ഹരീഷ് (പരീക്ഷ കൺട്രോളർ, മദ്രാസ് യൂണിവേഴ്സിറ്റി) ഡോ. മഹിത വർമ്മ (എസ്. ആർ.വി. കോളേജ്, തൃശ്ശൂർ) കലാമണ്ഡലത്തിലെ അധ്യാപകനായ ശ്രീ. വിജീഷ്കുമാർ, സഹദ് പി.എസ്, അഖില, സൗമ്യമോൾ (ചെമ്പൈസ്മാരക സംഗീതകോളേജ്) എന്നിവർ കേരളത്തിന് അകത്തും പുറത്തുമുള്ള വിവിധ സർവ്വകലാശാലകളിലും കോളേജുകളിലുമായി ഉത്തരവാദിത്തപ്പെട്ട പദവികളിൽ സ്തുത്യർഹ്യമായ സേവനം ചെയ്തു വരുന്നു.

പ്രശസ്ത നാഗസ്വര വിദ്വാൻ ശ്രീ. തിരുവിഴ ജയശങ്കർ, ഹിന്ദുസ്ഥാനി സംഗീതജ്ഞൻ-സംഗീത സംവിധായകൻ ശ്രീ. രമേശ് നാരായണൻ, കർണ്ണാടക സംഗീതലോകത്തെ ആദരണീയനായ ഡോ. രംഗനാഥ ശർമ്മ, പ്രണവം ശങ്കരൻ നമ്പൂതിരി, പിന്നണി ഗായകനും നടനുമായ കൃഷ്ണചന്ദ്രൻ, ദൂരദർശൻ ഡയറക്ടറായി വിരമിച്ച ശ്രീ. ആനന്ദവർമ്മ, ആകാശവാണിയുടെ എക്സിക്യൂട്ടീവ് ഓഫീസറായി ഔദ്യോഗിക ജീവിതം ആരംഭിച്ച് കേന്ദ്ര പ്രക്ഷേപണ മന്ത്രാലയത്തിൻ്റെ കീഴിലുള്ള ഫിലിം കോർപ്പറേഷനിലും മറ്റു സംസ്കാരിക വിഭാഗങ്ങളിലും ഡയറക്ടർ ആയിരുന്ന ഡോ. ഇ.എൻ. സജിത്ത്, പാലക്കാട് കെ.എൽ. ശ്രീറാം, സുരേഷ് കെ. നായർ, സംഗീത സംവിധായകനായ സഞ്ജീവ് ലാൽ, ഡോ. ഭാവനാ രാധാകൃഷ്ണൻ, മൃദംഗത്തിലും വായ്പ്പാട്ടിലും ഒരുപോലെ വിദഗ്ധനായ കൊല്ലം ജി.എസ്. ബാലമുരളി, വയലിൻ വാദകൻ തിരുവിഴ വിജു എസ്. ആനന്ദ്, തുടങ്ങിയവരൊക്കെ തീർച്ചയായും ചിറ്റൂർ കോളേജിൻ്റെ സംഗീത വിഭാഗത്തിൻ്റെ അഭിമാനങ്ങളാണ്. ഇവരിൽ രമേശ് നാരായണൻ, ഡോ. രംഗനാഥശർമ്മ, ശങ്കരൻ നമ്പൂതിരി, അറയ്ക്കൽ നന്ദകുമാർ, മഞ്ജു മേനോൻ എന്നിവർക്ക് സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

മൃദംഗ വിദ്വാനായ വിത്തനശ്ശേരി മധുസൂദനൻ, ഗായികയും വയലിനിസ്റ്റുമായ ഡോ. ഭവ്യലക്ഷ്മി, പശ്ചാത്തല സംഗീതമൊരുക്കുന്ന ആദർശ് എബ്രഹാം തുടങ്ങിയവരും പ്രത്യേക പരാമർശം അർഹിക്കുന്നു. അകാലത്ത് വിട്ട് പിരിഞ്ഞ പ്രഗത്ഭരായ രണ്ട് ഗായകരായ മനോജ് കൃഷ്ണനും സൈനോജും സംഗീത വിഭാഗത്തിൻ്റെ വേദനിക്കുന്ന ഓർമ്മകളാണ്. മാപ്പിള പാട്ടുകളിലൂടെ മലയാളികളുടെ മനം കവർന്ന രഹ്ന, സിനിമാ ഗാനരംഗത്ത് ചുവടുറപ്പിക്കുന്ന ചിത്ര അരുൺ, പ്രതിഭ, വൃന്ദാ മേനോൻ എന്നീ ഗായികമാരും സംഗീത വിഭാഗത്തിൻ്റെ അഭിമാനതാരങ്ങളാണ്. ഇപ്പോഴത്തെ കോളേജ് കെട്ടിടം സ്ഥാപിക്കുവാനുള്ള കല്ലിടൽ കർമ്മത്തിന് ഈശ്വര പ്രാർത്ഥന പാടിയത് സംഗീത വിഭാഗത്തിലെ ആദ്യകാല വിദ്യാർത്ഥിനിയായ സരോജിനി (നാനമ്മ)യാണ്!

## ഭൂമിശാസ്ത്രവിഭാഗം

1974 ഒക്ടോബറിലാണ് ചിറ്റൂർ കോളേജിൽ ഭൂമിശാസ്ത്രവിഭാഗം ആരംഭിച്ചത്. 1973ൽ ചെന്നൈ സ്വദേശിയായ ഐരാവതി ടീച്ചറുടെ പ്രവർത്തന

ഫലമായാണ് തെക്കേ ഇന്ത്യയിലെ സർവ്വകലാശാലകളിൽ ഭൂമിശാസ്ത്രം ഒരു പഠനവിഷയമായി ആരംഭിക്കുന്നത്. കോളേജിലെ ആദ്യബാച്ചിൽ ഏഴുവിദ്യാർത്ഥികളായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് മദ്രാസ് പ്രസിഡൻസിയിൽ നിന്ന് ബിരുദാനന്തരബിരുദം പഠിച്ചിറങ്ങിയ പി.ജെ. ജോസഫ് എന്ന അധ്യാപകൻ ചിറ്റൂരിലെത്തി. 1977ലാണ് ജ്യോഗ്രഫി വിഭാഗത്തിനായി ഒരു ലൈബ്രറി രൂപീകരിക്കപ്പെടുന്നു. 1978ൽ പ്രൊഫ. ഐരാവതി ടീച്ചറുടെ പ്രത്യേക സ്വാധീനം മൂലം കോളേജിന് പി.ജി. ബിരുദം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങി. ആദ്യകാലത്ത് ജനറൽ ഇക്കണോമിക്സും ഇന്ത്യൻ ഹിസ്റ്ററിയുമാണ് ജ്യോഗ്രഫിയുടെ ഉപവിഷയങ്ങളായി പഠിപ്പിച്ചിരുന്നത്. പിന്നീട് അത് ഹിസ്റ്റോറിക്കൽ ജ്യോഗ്രഫി ആക്കുകയും അതുതന്നെ പിന്നീട് കാർട്ടോഗ്രഫി എന്ന വിഷയമായി മാറുകയും ചെയ്തു. അതോടൊപ്പം സ്റ്റാറ്റിസ്റ്റിക്സും കൂടി ചേർക്കപ്പെട്ടു. 1985ൽ സ്കൂൾതലത്തിൽ ഭൂമിശാസ്ത്രവിഷയം പഠിപ്പിക്കാൻ അതേ വിഷയം പഠിച്ചവർതന്നെ അധ്യാപകരായി വേണമെന്ന നിയമം വന്നു. സ്കൂളധ്യാപകരുടെ ആവശ്യകത വർദ്ധിച്ചതോടെ എല്ലാ മധ്യവേനലവധിക്കാലത്തും സമ്മർ ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രാദേശിക പരിശീലനപരിപാടികളും റിഫ്രഷർകോഴ്സുകളും അധ്യാപകർക്കായി ജ്യോഗ്രഫി വിഭാഗം സംഘടിപ്പിച്ചു. വിവരസാങ്കേതികത, റിമോട്ട് സെൻസറിന്റെയും GIS (geographic Information System)ന്റെയും സാധ്യതകൾ ആവശ്യപ്പെടുന്ന വർത്തമാന കാലത്ത്, ബി.എ, എം.എ. പ്രോഗ്രാമുകൾ ഉന്നതപഠനത്തിന് വിഘാതമായിനിന്നു. അവയ്ക്ക് ശാസ്ത്രപശ്ചാത്തലം അത്യാവശ്യമായിരുന്നു. അതുകൊണ്ട് 2006-07 കാലത്ത് ഈ കോഴ്സ് ബി.എസ്.സി. സ്ട്രീമായി പരിവർത്തിപ്പിച്ചു. ടൗൺ പ്ലാനിംഗ്, എം. ടെക് പ്രോഗ്രാമുകൾക്കും ശാസ്ത്രത്തിന്റെ പശ്ചാത്തലം അത്യാവശ്യമായിരുന്നു.

2013 കാലത്ത് അട്ടപ്പാടി ആദിവാസികോളനിയിൽ അവിടത്തെ നിവാസികളുടെ ജീവിതത്തെ അധികരിച്ച് നടത്തിയ പഠനത്തിൽ ഒരു Human Development Report ഭൂമിശാസ്ത്രവിഭാഗത്തിലെ അധ്യാപകർ തയ്യാറാക്കി. 2014-15 കാലത്ത് ശാസ്ത്ര സാങ്കേതികവകുപ്പിന്റെ Fund for Improvement of S & T Infrastructure (FIST) അംഗീകാരം ഭൂമിശാസ്ത്ര വകുപ്പിന് ലഭിക്കുകയുണ്ടായി. അതോടെ വിദ്യാർത്ഥികൾക്കാവശ്യമായ GIS, Remote Sensing, ജിയോളജി ലബോറട്ടറികളും സോഫ്റ്റ്‌വെയറുകളും സജ്ജമാക്കാൻ കഴിഞ്ഞു.

2017ൽ പാലക്കാട് ജില്ലയിലെ ജലക്ഷാമം നേരിടുന്ന പഞ്ചായത്തുകളെ സംബന്ധിക്കുന്ന കേന്ദ്രസർക്കാരിന്റെ ജലക്രാന്തി അഭിയാൻ പദ്ധതിക്ക് വേണ്ട ഒരു ജലബജറ്റ് തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചത് ഭൂമിശാസ്ത്രവിഭാഗത്തിന്റെ സംഭാവനയായിരുന്നു. 2019ൽ പ്രളയകാലത്തിന്റെ അവശേഷിപ്പുകളെ മുൻനിർത്തി, ഹരിതകേരളം പദ്ധതിയുമായി മുൻനിർത്തി കേരളത്തിലെ ആദ്യത്തെ Flood Mapping നടത്തി. അകത്തേത്തറ പഞ്ചായത്തിലായിരുന്നു ഈ പ്രവർത്തനം. ഹരിതകേരളം പദ്ധതി മുൻനിർത്തി ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ഭാരതപ്പുഴ, ചിറ്റൂർപ്പുഴ സംരക്ഷണത്തിനായി വേണ്ട ശാസ്ത്രീയസഹായങ്ങൾ ഈ വിഭാഗം നൽകി. 2019ലാണ് ഈ വിഭാഗം ഒരു ഗവേഷണകേന്ദ്രമായി ഉയർത്തപ്പെടുന്നത്. 2021ൽ പാലക്കാടൻ ചുരത്തിന്റെ സംരക്ഷണത്തിനായി ഒരു പ്രോജക്റ്റ് കേരളസർക്കാരിനായി സമർപ്പിച്ചു. ഇവിടത്തെ പൂർവവിദ്യാർത്ഥിയായ ധന്യ വിജയൻ രണ്ടുതവണ ഹംബോൾട് അവാർഡിന് അർഹയായി. (ജർമ്മനിയിലെ അലക്സാണ്ടർ വോൺ ഹംബോൾട് ഫൗണ്ടേഷൻ, ജർമ്മനിക്കു പുറത്തുള്ള അന്താരാഷ്ട്ര പ്രശസ്തരായ ശാസ്ത്രജ്ഞർക്കു നൽകുന്ന അവാർഡാണിത്.)

(ചിറ്റൂർ കോളേജിലെ ഒന്നാമത്തെ ജ്യോഗ്രഫി വിദ്യാർത്ഥിയും അധ്യാപകനുമായ ഡോ. എ. മോഹനനുമായി സംസാരിച്ചു ഗവേഷകവിദ്യാർത്ഥിനി ആദിത്യ തയ്യാറാക്കിയത്.)

## തമിഴ്

തമിഴ് വിഭാഗം ചിറ്റൂർ ഗവ. കോളേജിലെ പഴയതും പ്രശസ്തവുമായ വകുപ്പുകളിൽ ഒന്നാണ്. ഡിപ്പാർട്ട്മെന്റിലെ യുജി, പി.ജി, എം.ഫിൽ, റിസർച്ച് (പി.എച്ച്.ഡി.) കോഴ്സുകൾ, ബി.എ. ബിരുദ കോഴ്സുകൾക്ക് ഒരു ഓപ്ഷണൽ വിഷയവും ഇന്റർമീഡിയറ്റ് കോഴ്സിനുള്ള അഡീഷനൽ ലാൻഗ്വേജും ആയി തമിഴ് കോളേജ് സ്ഥാപിതമായ വർഷമായ 1947-ൽ പ്രവർത്തനം ആരംഭിച്ചു. 1969-70 ലാണ് കോളേജിൽ തമിഴ് ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിച്ചത്.

കാലിക്കറ്റ് സർവ്വകലാശാല ഈ ഡിപ്പാർട്ട്മെന്റിനെ തമിഴിൽ ഉന്നത പഠനത്തിനുള്ള ഗവേഷണ കേന്ദ്രമായി ഉയർത്തി. ഇത് ഡിപ്പാർട്ട്മെന്റ് ഈ കോളേജിലെ ആദ്യത്തെ ഗവേഷണ വിഭാഗമാണ്. കൂടാതെ ഇത് കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള തമിഴിനായുള്ള ഏക ഗവേഷണ-ഉന്നതപഠനകേന്ദ്രവുമാണ്. യേശുദാസൻ, കാൾലോസ് തമിഴവൻ, ഡോ. ലോകാംബാൾ, ഡോ. ഗീത, ഡോ. സി. ഗോവിന്ദൻ, ഡോ. മഹാലിംഗം, ഡോ. രാജാറാം, ഡോ. കറുപ്പസാമി എന്നിവരായിരുന്നു ഞങ്ങളുടെ ഡിപ്പാർട്ട്മെന്റിൽ പ്രവർത്തിച്ചിരുന്ന പ്രമുഖർ. എ.കെ.പെരുമാൾ, രാജമാർത്താണ്ഡൻ, വേദസഹായകുമാർ തുടങ്ങിയ തമിഴ് പണ്ഡിതന്മാരാണ് ഈ വകുപ്പിലെ പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികൾ.

1976ൽ ആരംഭിച്ച ഈ ഗവേഷണകേന്ദ്രത്തിൽനിന്ന് 34 പി.എച്ച്.ഡി. അവാർഡുകൾ പുറത്തെത്തിച്ചിട്ടുണ്ട്. ഇപ്പോൾ 28 ഗവേഷകർ പി.എച്ച്.ഡി. ചെയ്യുന്നു. തമിഴ് ഗവേഷണ ലൈബ്രറിയിൽ 25,000-ത്തിലധികം പുസ്തകങ്ങളുണ്ട്, അതിൽ 50% ക്ലാസിക്കൽ, അപൂർവ വിഭാഗങ്ങളിലും റഫറൻസ് പുസ്തകങ്ങളിലും ഉൾപ്പെടുന്നു. ഈ ഡിപ്പാർട്ട്മെന്റ് 2016-ൽ 'പാലൈ തമിഴ്' എന്ന പേരിൽ ഒരു ജേണൽ പ്രസിദ്ധീകരിക്കാൻ തുടങ്ങി.

## ജന്തുശാസ്ത്രവിഭാഗം

1956-57 അധ്യയനവർഷം ശാസ്ത്രവിഷയങ്ങളായ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി എന്നീ വിഷയങ്ങളോടൊപ്പമാണ് ജന്തുശാസ്ത്രവിഭാഗവും ആരംഭിച്ചത്. മൂന്നുവർഷം നീണ്ടുനിൽക്കുന്ന പഠനത്തിനൊടുവിൽ കേരള സർവ്വകലാശാലയിൽനിന്നും നൽകുന്ന ബി.എസ്.സി. ബിരുദമായിരുന്നു തുടക്കത്തിൽ വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്നത്. 24 വിദ്യാർത്ഥികളോടെ തുടങ്ങിയ ആദ്യബാച്ചുമുതൽ ഇന്നോളം 1500ഓളം ബിരുദധാരികൾ ഉണ്ടായിട്ടുണ്ട്. വ്യത്യസ്തവും വൈവിധ്യപൂർണ്ണവുമായ അനേകം ജന്തുക്കളുടെ ശേഖരം ഉൾപ്പെടുന്ന ജന്തുശാസ്ത്രമ്യൂസിയം കോളേജിനുതന്നെ ഒരു മുതൽക്കൂട്ടാണ്. ഈ വകുപ്പിൽനിന്നും ഫോറൻസിക്ക്, ഫിഷറീസ്, എന്റമോളജി, സെറികൾച്ചർ, വനം-വന്യജീവി വകുപ്പ്, വെറ്ററിനറി, കാർഷികം, അധ്യാപനം, ഗവേഷണം എന്നീ സർക്കാർ-സർക്കാരിതര മേഖലകളിൽ സാമൂഹികസേവനം നടത്തുന്ന ധാരാളം വ്യക്തികളെ സംഭാവനചെയ്യാൻ സാധിച്ചിട്ടുണ്ട്.

## ചരിത്ര വിഭാഗം

1947 ഓഗസ്റ്റ് 11 ന് ആരംഭിച്ച ചിറ്റൂർ കോളേജിൽ ആ വർഷം തന്നെ ചരിത്രം സാമ്പത്തിക ശാസ്ത്രത്തിന്റെ ഉപവിഷയം ആയി പഠിപ്പിച്ചു തുടങ്ങിയിരുന്നു. 1981-82 കാലയളവിലാണ് ചരിത്രം ഐച്ഛികവിഷയമായി

ബിരുദ ക്ലാസുകൾ തുടങ്ങിയത്. പ്രമുഖ ചരിത്രകാരനായിരുന്ന പ്രൊഫസർ പി.എസ്. വേലായുധൻ കോളേജിലെ 1958-60 കാലഘട്ടത്തിൽ കോളേ ജിലെ പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിച്ചു. രണ്ടായിരത്തോളം പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറിയും നൂറോളം പുരാവസ്തുക്കൾ ഉൾപ്പെട്ട പൈതൃക മ്യൂസിയവും ഡിപ്പാർട്ട്മെന്റിന്റെ മുതൽക്കൂട്ടാണ്.

## അറബിക്

1969 ലാണ് ചിറ്റൂർ ഗവൺമെന്റ് കോളേജിൽ അറബി ഭാഷാവകുപ്പ് തുടക്കമിട്ടത്. പ്രഫ. എൻ. അബ്ദുല്ലയായിരുന്നു പ്രഥമ അധ്യാപകൻ. അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായിരുന്ന അവുക്കാദർ കുട്ടി നഹയായിരുന്നു 1971 ലെ അറബിക് അസോസിയേഷൻ്റെ ഉൽഘാടനം നിർവഹിച്ചത്. ദ്വിതീയ ഭാഷയായാണ് കോളേജിൽ അറബിക് പഠിപ്പിക്കുന്നത്. ശരാശരി ഇരുപതോളം വിദ്യാർത്ഥികൾ അറബി ഉപഭാഷയായി ഓരോ വർഷവും പഠിക്കുന്നു. ഇവിടെ നിന്നും പുറത്തിറങ്ങിയ ധാരാളം വിദ്യാർത്ഥികൾ ഗൾഫ് രാജ്യങ്ങളിലും മറ്റും പരിഭാഷാ മേഖലകളിലും മറ്റിതര രംഗങ്ങളിലും സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ഠിച്ചുവരുന്നു.

## ഇംഗ്ലീഷ്

ചിറ്റൂർ ഗവൺമെന്റ് കോളേജിൽ ഇംഗ്ലീഷ് കോഴ്സ് അനുവദിക്കപ്പെട്ടത് 2020ലാണെങ്കിലും കോളേജിന്റെ ആരംഭകാലം മുതൽ കോമൺ കോഴ്സിന്റെ ഭാഗമായി സാന്നിദ്ധ്യമറിയിച്ചുകൊണ്ട് ഇംഗ്ലീഷ് വകുപ്പുണ്ട്. പ്രൊഫസർ ജി.എൻ. പണിക്കർ, നരേന്ദ്രപ്രസാദ്, വിഷ്ണു നാരായണൻ നമ്പൂതിരി എന്നീ മഹാരഥൻമാർ ഈ വകുപ്പിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ അക്കാദമിക മികവും ഭാഷാനൈപുണ്യവും മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി പ്രവർത്തനങ്ങളും ഇംഗ്ലീഷ് വിഭാഗം നടത്തിവരുന്നു. ഈ ലക്ഷ്യത്തോടെ, The Book Club, The Literary Club (LITERARIA) എന്നീ ഡിപ്പാർട്ടുമെന്റ് ക്ലബുകൾ സജീവമായി പ്രവർ ത്തിക്കുന്നു. ഇംഗ്ലീഷ് ഭാഷാസമഗ്രവികസനം ലക്ഷ്യമിട്ട് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി ഒരു ആഡ്-ഓൺ കോഴ്സ് (Enrich your English- English for Communication) ഡിജിറ്റൽ ലാംഗ്വേജ് ലാബിന്റെ സഹായത്തോടെ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികൾക്കായി നിരവധി സാംസ്കാരിക/അക്കാദമിക പ്രഭാഷണങ്ങൾ ഇതിനോടകം തന്നെ വകുപ്പ് സംഘടിപ്പിച്ചു കഴിഞ്ഞു.

## ഹിന്ദി

ഹിന്ദി ഭാഷയിലും സാഹിത്യത്തിലും കുട്ടികളുടെ അറിവ് വർധിപ്പിക്കുന്നതിനുതകുന്ന രീതിയിൽ പ്രവർത്തിച്ചുവരുന്ന ഹിന്ദി വിഭാഗം 1947 ൽ കോളേജിന്റെ സ്ഥാപനത്തോടെയാണ് ആരംഭിച്ചത്. ശ്രീമതി കാവേരിയമ്മ ആയിരുന്നു പ്രഥമ അധ്യാപിക. തുടർന്ന് പ്രഗത്ഭരായ നിരവധി അധ്യാപകർ ഇവിടെ സേവനം അനുഷ്ഠിച്ചു. അദ്ധ്യാപകനും പൗരാവകാശപ്രവർത്തകനും എഴുത്തുകാരനുമായ ഈച്ചരവാരിയർ ചിറ്റൂർ ഗവൺമെന്റ് കോളേജിൽ ഹിന്ദി അധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയിലെ പ്രചാരക് ആയിരുന്ന ബാലകൃഷ്ണൻ മേനോൻ, രാജഗോപാൽ, ഡോ. ജയദേവൻ, തുടങ്ങിയവരും ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദ്വിതീയ ഭാഷയായാണ് കോളേജിൽ ഹിന്ദി പഠിപ്പിക്കുന്നത്. ശരാശരി 150ഓളം വിദ്യാർത്ഥികൾ ഓരോ വർഷവും ഹിന്ദി ഉപഭാഷയായി പഠിക്കുന്നു.

## മലയാളം

ചിറ്റൂർ കോളേജിൽ ഇന്റർമീഡിയറ്റ് കോഴ്സ് ആരംഭിച്ചതുമുതൽ മലയാളവിഭാഗം നിലവിൽവന്നു. 1963ലാണ് മലയാളം ബിരുദകോഴ്സ് ആരംഭിക്കുന്നത്. പ്രൊഫ. എം. കൃഷ്ണൻ നായർ, പന്മന രാമചന്ദ്രൻ നായർ, എം. തോമസ് മാത്യു, ഒ.എൻ.വി. കുറുപ്പ്, എം. ലീലാവതി, രാജേന്ദ്രൻ പിള്ള, വി. എം. കുട്ടൻ, ടി.ജി. മാധവൻ കുട്ടി, പ്രൊഫ. ഹരീന്ദ്രനാഥ്, ദേശമംഗലം രാമകൃഷ്ണൻ, ഡോ. പി.എം. വിജയപ്പൻ, കെ. ഉണ്ണികൃഷ്ണൻ, ഡി. സുലോചനാ നായർ, കെ. ധനലക്ഷ്മി, ടി.വി. ശശി, കെ. ശശികുമാർ, കാജാനവാസ്, ശശികല, വിജു നായരങ്ങാടി, എം.ആർ. അനിൽക്കുമാർ തുടങ്ങി ഒട്ടനേകം പ്രശസ്ത വ്യക്തിത്വങ്ങൾ ഈ ഡിപ്പാർട്ടുമെന്റിൽ അധ്യാപകരായിട്ടുണ്ട്. തുഞ്ചത്തെഴുത്തച്ഛന്റെ ഓർമ്മകളുറങ്ങുന്ന ഗുരുമഠത്തിൽനിന്ന് വർഷം തോറും നവംബർ ഒന്നിന് മലയാളവിഭാഗത്തിന്റെ നേതൃത്വത്തിൽ എഴുത്താണി എഴുന്നള്ളത്തും സാഹിത്യസമ്മേളനവും നടത്തിവരാറുണ്ട്. ദേശീയസെമിനാറുകളും പ്രഭാഷണങ്ങളും സാംസ്കാ രികസമ്മേളനങ്ങളും മലയാളവിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

## ഇലക്ട്രോണിക്സ്

കേരളത്തിലെ ഗവൺമെന്റ് കോളേജുകളിൽ ബി.എസ്സി. ഇലക്ട്രോണിക്സ് ആദ്യമായി തുടങ്ങിയത് ചിറ്റൂർ കോളേജിൽ 1999ൽ ആയിരുന്നു. കമ്പ്യൂട്ടർ സയൻസും ഗണിതശാസ്ത്രവുമാണ് ഈ കോഴ്സിന്റെ ഉപവിഷയങ്ങളായി പഠിപ്പിക്കുന്നത്. ഈ ചുരുങ്ങിയ കാലയളവിൽത്തന്നെ അനേകം പ്രതിഭകളെ സൃഷ്ടിക്കാൻ ഇലക്ട്രോണിക്സ് വിഭാഗത്തിനു കഴിഞ്ഞിട്ടുണ്ട്. അതുപോലെ കലാലയപഠനത്തിന്റെ സാമൂഹിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി അട്ടപ്പാടി ഊരിലെ ലൈബ്രറിയിലേക്ക് ഇലക്ട്രോണിക്സ് വിഭാഗം നിർമ്മിച്ചു നൽകിയ സോളാർ പാനലുകൾ, ചിറ്റൂർ മുനിസിപ്പാലിറ്റിയിലെ ഹൈമാസ്റ്റ് ലൈറ്റുകളുടെ കേടുപാടുതീർക്കൽ, കുടുംബശ്രീ പ്രവർത്തകർക്ക് നൽകിയ എൽ.ഇ.ഡി. ബൾബ് നിർമ്മാണത്തിലും നവീകരണത്തിലുമുള്ള പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ ചിലതുമാത്രം.

## തത്വശാസ്ത്രവിഭാഗം

ഗവൺമെന്റ് കോളേജ് ചിറ്റൂർ സ്ഥാപിതമായതിനോടൊപ്പം തന്നെയാണ് തത്വശാസ്ത്ര പഠന വിഭാഗം സ്ഥാപിക്കപ്പെട്ടത്. തത്വശാസ്ത്ര വിഭാഗം ബിരുദ-ബിരുദാനന്തര കോഴ്സുകളും നൽകുന്നു. ഇതിന് പുറമേ ഒരു ഗവേഷണ കേന്ദ്രം കൂടിയാണ്. 1994 ലാണ് ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിച്ചത്. 2011ൽ തത്വശാസ്ത്രവിഭാഗം ഗവേഷണകേന്ദ്രമായി ഉയർന്നു. പൂർവ്വ അധ്യാപകനായിരുന്ന ഡോക്ടർ കെ.എസ്. രാധാകൃഷ്ണൻ കാലടി സംസ്കൃത സർവകലാശാലയുടെ വൈസ് ചാൻസലറായും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ചെയർമാനായും ചുമതല വഹിച്ചിട്ടുണ്ട്. പൂർവ്വവിദ്യാർത്ഥിയും അധ്യാപകനുമായ ബാല്യ പുളിനെല്ലി കവിയും എഴുത്തുകാരനുമാണ്. ചലച്ചിത്ര പിന്നണിഗായകൻ സന്തോഷ് കേശവ്, ചലച്ചിത്ര സംവിധായകൻ വിശ്വനാഥൻ തിരുവില്ല്വാമല തുടങ്ങിയവർ പൂർവ്വവിദ്യാർത്ഥികളാണ്.

## സാമ്പത്തികശാസ്ത്രവിഭാഗം

1947ൽ കോളേജിന്റെ ആരംഭത്തോടെതന്നെ തുടങ്ങിയ വിഭാഗമാണ് സാമ്പത്തികശാസ്ത്രം. 2012ൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ് ആരംഭിക്കുകയും 2022ൽ ഗവേഷണകേന്ദ്രമായി ഉയർത്തപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രൊഫ. ലീല പണ്ടാല, പ്രൊഫ. പി.എ. വാസുദേവൻ തുടങ്ങിയ ഒട്ടേറെ പ്രഗത്ഭർ ഇവിടെ അധ്യാപകരായി പ്രവർത്തിച്ചിട്ടുണ്ട്. മലയാളത്തിലെ പ്രശസ്ത കഥാകൃത്ത് മേതിൽ രാധാകൃഷ്ണൻ എഴുപതുകളിൽ ഇവിടത്തെ വിദ്യാർത്ഥിയായിരുന്നു. ഇവിടെ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹം ആധുനിക നോവൽസമ്പ്രദായത്തിൽ വിച്ഛേദം സംഭവിപ്പിച്ച 'സൂര്യവംശം' എന്ന നോവലിന്റെ ആദ്യഭാഗം എഴുതുന്നത്.

## ഗണിതവിഭാഗം

1947ൽ കോളേജ് സ്ഥാപിതമായപ്പോൾ തന്നെ പ്രീ യൂണിവേഴ്സിറ്റി, ബിരുദ കോഴ്സുകൾ തുടങ്ങിക്കൊണ്ട് ഡിപ്പാർട്ട്മെന്റ് നിലവിൽ വന്നു. 1979 ൽ ഗണിതശാസ്ത്ര ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കുകയും 2015 ൽ ഗവേഷണ വകുപ്പായി ഉയർത്തപ്പെടുകയും ചെയ്തു. തുടർന്ന് 2019 ൽ ഗണിത ശാസ്ത്ര എം.ഫിൽ പ്രോഗ്രാം ആരംഭിച്ചു. വിവിധ കാലയള വുകളിലായി പ്രഗൽഭരായ പ്രൊഫ. ശിവരാമകൃഷ്ണൻ, പ്രൊഫ. ജോർജ് മാത്യു, തുടങ്ങിയവർ വകുപ്പിന്റെ പ്രവർത്തനങ്ങളെ മുന്നോട്ടു നയിച്ചു. വിവിധ കാലയളവുകളിലായി യുജിസി, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ്, കേന്ദ്ര ആണവോർജ വകുപ്പിന്റെ കീഴിലെ നാഷണൽ ബോർഡ് ഫോർ ഹയർ മാത്തമാറ്റിക്സ്, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ തുടങ്ങിയ കേന്ദ്ര സംസ്ഥാന ഏജൻസികളുടെ സാമ്പത്തികവും അക്കാദമികവുമായ പിന്തുണ ഡിപ്പാർട്ട്മെന്റിന് ലഭിക്കുകയുണ്ടായി. സി.എസ്.ഐ.ആർ.-യുജിസി നൽകിവരുന്ന പ്രശസ്തമായ ജൂനിയർ റിസർച്ച് ഫെലോഷിപ്, എൻ.ബി.എച്ച്.എം. നൽകിവരുന്ന ഫെലോഷിപ് എന്നിവ ഡിപ്പാർട്ട്മെന്റിലെ 12 വിദ്യാർഥികൾ അടുത്ത കാലയളവിൽ കരസ്ഥമാക്കുകയും ഇന്ത്യയിലെ വളരെ പ്രശസ്തമായ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ ഗവേഷണത്തിനായി പ്രവേശനം നേടുകയും ചെയ്യുകയുണ്ടായി. വിദ്യാർഥികൾക്കും അധ്യാപകർക്കും പ്രയോജനപ്രദമായ ഇരുപത്തിയഞ്ചിൽ ഏറെ വരുന്ന സെമിനാർ, കോൺഫറൻസ്, ലെക്ചർ സീരീസ് എന്നിങ്ങനെയുള്ള അക്കാദമിക് പരിപാടികൾ ഡിപ്പാർട്ട്മെന്റ് ഈ അടുത്ത കാലയളവിൽ നടത്തുകയുണ്ടായി. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണയോടെ നടത്തിയ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ട്രാൻസ്ഫർമേഷൻ പ്രോഗ്രാം, എൻ.ബി.എച്ച്.എം. സഹായത്തോടെ നടത്തിയ വിദ്യാർത്ഥികൾക്കായുള്ള ശില്പശാലകൾ, കോളേജ് അധ്യാപകർക്കായി നടത്തിയ പി.ടി.എം.ടി. എന്ന ശില്പശാല, എന്നിവ ഇതിൽ എടുത്ത് പറയേണ്ടതാണ്. ഈ കോളേജിലെയും പരിസരത്തുള്ള സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികളുമായും അധ്യാപകരുമായും സംവദിക്കുന്നതിന് ഇന്ത്യയിലെയും ലോകത്തിലെയും മികച്ച സ്ഥാപനങ്ങളിൽ നിന്നുള്ള പ്രഗൽഭരായ ഗണിത ശാസ്ത്ര ഗവേഷകർ ഡിപ്പാർട്ട്മെന്റ് സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. ജർമനിയിലെ മാക്സ് പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, വിവിധ ഐ.ഐ.ടി.കൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നാണ് ഈ സന്ദർശകർ ഡിപ്പാർട്ട്മെന്റിൽ എത്തിയിട്ടുള്ളത്. ഗണിതശാസ്ത്ര ഗവേഷണ വിഭാഗത്തിൽ ഇന്ന് 15-ഓളം ഗവേഷണ വിദ്യാർത്ഥികളും മേൽനോട്ടം വഹിക്കുന്നതിന് ആറ് ഗണിതശാസ്ത്ര ഗവേഷണ മാർഗദർശകരും പ്രവർത്തിക്കുന്നു. വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ വർഷവും ഗണിതശാസ്ത്ര വിഭാഗത്തിലെ മുൻ അധ്യാപകനായിരുന്ന ശ്രീ എ.ആർ . പരമേശ്വരന്റെ പേരിലുള്ള എൻഡോവ്മെന്റ് നൽകി വരുന്നുണ്ട്.

## കൊമേഴ്സ് വിഭാഗം

കൊമേഴ്സ് വകുപ്പിന്റെ ചരിത്രം 1947 മുതൽ ആരംഭിക്കുന്നു. മദ്രാസ് സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത്, പഠന കോഴ്സ് ഇന്റർമീഡിയറ്റ് തലത്തിൽ മാത്രമായിരുന്നു. 1951-52 അധ്യയന വർഷത്തിൽ അന്നത്തെ തിരുവിതാംകൂർ സർവ്വകലാശാല കൊമേഴ്സ് ഒരു കോഴ്സായി വാഗ്ദാനം ചെയ്തു. 1971-ൽ കാലിക്കറ്റ് സർവകലാശാല കൊമേഴ്സിൽ ബിരുദാനന്തരബിരുദ കോഴ്സ് അനുവദിക്കുകയും, 1971-72-ൽ കോളേജിൽ എം.കോം കോഴ്സ് ആരംഭിക്കുകയും ചെയ്തു. കൊമേഴ്സ് ബിരുദത്തിന് കോ-ഓപ്പറേഷൻ ഐച്ഛികമായി പഠിപ്പിക്കുന്നു. ഫിനാൻഷ്യൽ മാനേജ്മെന്റ് ഐച്ഛികമായി എം.കോം ബിരുദാനന്തരബിരുദ കോഴ്സും വാഗ്ദാനം ചെയ്യുന്നു. കഴിഞ്ഞ 75 വർഷത്തെ യാത്രയിൽ, ഡിപ്പാർട്ട്മെന്റിന് നിരവധി പ്രൊഫഷണലുകളെയും സംരംഭകരെയും പ്രമുഖ പഠന വിദഗ്ധരെയും സൃഷ്ടിക്കാൻ കഴിഞ്ഞു. 2007 മുതൽ, 102 വിദ്യാർത്ഥികൾ യു.ജി.സി. നെറ്റ് യോഗ്യത നേടി, 9 വിദ്യാർത്ഥികൾക്ക് ജെ.ആർ.എഫ്. ലഭിച്ചു. റെഗുലർ ക്ലാസുകൾ കൂടാതെ, ക്വിസ് പ്രോഗ്രാമുകൾ, ഇന്റേൺഷിപ്പുകൾ, ഫീൽഡ് വിസിറ്റുകൾ/ഇൻഡസ്ട്രിയൽ സന്ദർശനങ്ങൾ, സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ, സെമിനാറുകൾ, കരിയർ ഡെവലപ്മെന്റ് സെഷനുകൾ, നെറ്റ് കോച്ചിംഗ് എന്നിവ വാണിജ്യ, വ്യവസായ മേഖലയിലെ പ്രമുഖരായ പ്രൊഫഷണലുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. സ്വന്തമായി സംരംഭം തുടങ്ങാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നതിനായി വാണിജ്യ വകുപ്പ് നിയന്ത്രിക്കുന്ന ഒരു ഇ.ഡി. (സംരംഭകത്വ വികസന) ക്ലബ്ബ് കോളേജിലുണ്ട്. സോഷ്യൽ സയൻസ് റിസർച്ച്, ജി.എസ്.ടി, സഹകരണ മേഖലയിലെ ഇന്റേൺഷിപ്പ് എന്നിവയിൽ വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ വിദ്യാർത്ഥികൾക്ക് പഠന വൈദഗ്ധ്യത്തോടൊപ്പം അവരുടെ പഠന മികവ് വർദ്ധിപ്പിക്കുന്നതിന് പ്രയോജനകരമാണ്. പ്രൊഫ. സി.എസ്. ഹരിഹരൻ സി.എം.എ.യുടെ പേരിൽ 2023ൽ എൻഡോവ്മെന്റ് സീരീസ് ആരംഭിച്ചു. ലൈബ്രറിയിൽ 38 വിവിധ വിഷയങ്ങളിൽ 4027 പുസ്തകങ്ങളും 41 ജേർണലുകളും മാസികകളും ലഭ്യമാണ്. വാണിജ്യ വകുപ്പ് 2010 മുതൽ ബിരുദ തലത്തിൽ 5 റാങ്ക് ജേതാക്കളെ സൃഷ്ടിച്ചു, കൂടാതെ യു.ജി, പി.ജി. തലത്തിൽ ശരാശരി വിജയ ശതമാനം 95 ശതമാനത്തിലധികം നിലനിർത്തുന്നു. അദ്ധ്യാപകനായ ശ്രീ. പ്രദീഷ് കെ, 2017-2018, 2018-2019 വർഷങ്ങളിൽ സർവകലാശാലാ തലത്തിലും 2018-2019ൽ സംസ്ഥാന തലത്തിലും മികച്ച എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർക്കുള്ള അംഗീകാരത്തിന് അർഹനായിട്ടുണ്ട്.

## ഫിസിക്സ് വിഭാഗം

ഗവൺമെന്റ് കോളേജ് ചിറ്റൂരിലെ ഫിസിക്സ് വിഭാഗം 1956 ൽ നിലവിൽ വന്നു. തുടക്കകാലത്ത് പ്രീഡിഗ്രി, ഡിഗ്രി ക്ലാസുകൾ നടത്തിയിരുന്നു. നിലവിൽ ബി.എസ്.സി. ഫിസിക്സ് പ്രോഗ്രാമും ഗണിതം, രസതന്ത്രം എന്നീ വകുപ്പുകളിലെ വിദ്യാർത്ഥികൾക്ക് കോംപ്ലിമെന്ററി കോഴ്സുകളും നടക്കുന്നു. കൂടാതെ ഓപ്പൺ കോഴ്സ് എന്ന നിലയ്ക്ക് ജ്യോതിശാസ്ത്രത്തെ കുറിച്ചുള്ള ഒരു കോഴ്സുമുണ്ട്. പ്രഗൽഭരായ പല അദ്ധ്യാപകരും പ്രവർത്തിച്ചിട്ടുള്ള ഈ വകുപ്പിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾ രാജ്യത്തിനകത്തും പുറത്തും പല രംഗത്തും പ്രശസ്തരായി തീർന്നിട്ടുണ്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഭൗതിക ശാസ്ത്രത്തിലെ ഏറ്റവും മഹത്തായ ചുവടുവെപ്പായി വിലയിരുത്തപ്പെടുന്ന ഗുരുത്വാകർഷണ തരംഗങ്ങളുടെ കണ്ടുപിടുത്തത്തിൽ ഭാരതത്തിൽ നിന്നുള്ള നാലു ടീമുകളിലൊന്നിൽ അംഗമായ ശ്രീമതി ഗായത്രി വി. ഫിസിക്സ് വകുപ്പിലെ 2008-2011 കാലയളവിലെ വിദ്യാർത്ഥിയാണെന്നത് അഭിമാനാർഹമാണ്. ഡോ. ഗോപകുമാർ ചോലയിൽ (റിട്ടു. സയന്റിഫിക് ഓഫീസർ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിററി), ഡോ. കെ. നളിനി (സയന്റിസ്റ്റ്, നോർവീജിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എയർ റിസർച്ച്) തുടങ്ങി അനേകം പ്രഗൽഭർ വകുപ്പിന്റെ പൂർവ്വ വിദ്യാർത്ഥികളാണ്.

## കെമിസ്ട്രി വിഭാഗം

ചിറ്റൂർ ഗവൺമെന്റ് കോളേജിലെ പഴക്കം ചെന്ന ഡിപ്പാർട്ട്മെന്റുകളിലൊന്നാണ് കെമിസ്ട്രി ഡിപ്പാർട്ട്മെന്റ്. 1957-ലാണ് ബി.എസ്സി. കെമിസ്ട്രി കോഴ്സ് ആരംഭിച്ചത്. വിദ്യാർത്ഥികളുടെ പ്രയോജനത്തിനായി ഡിപ്പാർട്ട്മെന്റ് സെമിനാറുകൾ, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ,

വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പുകൾ, എക്സ്ചേഞ്ച് പ്രോഗ്രാമുകൾ എന്നിവ ഏറ്റെടുക്കുന്നു. റെമഡിയൽ കോച്ചിംഗ് നൽകിക്കൊണ്ട് ദുർബലരായ വിദ്യാർത്ഥികൾക്ക് പ്രത്യേക ശ്രദ്ധ നൽകുകയും, ജലത്തിന്റെ ഗുണനിലവാര പാരാമീറ്റർ വിശകലനം പോലുള്ള കൺസൾട്ടൻസി സേവനങ്ങളിൽ വകുപ്പ് സജീവമായി ഏർപ്പെടുകയും ചെയ്യുന്നു. അവസാന വർഷ ബി.എസ്സി. കെമിസ്ട്രി വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ നിർമ്മാണം, സോപ്പ്, ടോയ്‌ലറ്റ് ക്ലീനർ നിർമ്മാണം എന്നിവയിൽ ഡിപ്പാർട്ട്മെന്റ് പരിശീലനവും നൽകുന്നു.

## ബോട്ടണി വിഭാഗം

ഇന്റർമീഡിയറ്റിനും ബി.എസ്സിക്കും വേണ്ടി 1954-ൽ ബോട്ടണി വിഭാഗം സ്ഥാപിതമായി. 1956-57 ലാണ് ഡിഗ്രി കോഴ്സ് ആരംഭിച്ചത്. ഡിപ്പാർട്ട്മെന്റിന് സുസജ്ജമായ ലബോറട്ടറിയും തിയറി ക്ലാസ് റൂമുകളും ഉണ്ട്. ഔഷധ പ്രാധാന്യമുള്ള സസ്യങ്ങൾ, അക്വാട്ടിക്ആൻജിയോസ്പെർമുകൾ, പ്രത്യേക താൽപ്പര്യമുള്ള സസ്യങ്ങൾ എന്നിവയെക്കുറിച്ച് വകുപ്പ് പതിവായി പ്രദർശനങ്ങൾ നടത്തിയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും എൻ.ജി.ഒ.കളുമായും സഹകരിച്ച് പ്രാദേശിക സമൂഹങ്ങളുടെ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് വകുപ്പ് വികസിപ്പിച്ചെടുത്തത്. കൂൺ കൃഷി, മണ്ണിര കമ്പോസ്റ്റ് ഉൽപ്പാദനം, സോപ്പ് നിർമ്മാണം, ജൈവകൃഷി തുടങ്ങിയവയിൽ പരിശീലനം നൽകി വിവിധ സ്ത്രീ-ശാക്തീകരണ പരിപാടികളിൽ പങ്കാളികളാകുന്നതിലൂടെ വകുപ്പ് സമൂഹവുമായി സജീവമായി സംവദിക്കുന്നു. ഗവേഷണതലത്തിൽ വിദ്യാർത്ഥികളുമായി സമ്പർക്കം പുലർത്തുന്നതി നായി വിവിധ ഗവേഷണസ്ഥാപനങ്ങളിൽ നിന്നുള്ള ക്ഷണിക്കപ്പെട്ട പ്രഭാഷ കരുമായി വകുപ്പ് ദേശീയതലത്തിൽ നിരവധി സെമിനാറുകൾ നടത്തിയിരുന്നു. ബൊട്ടാണിക്കൽ/പാരിസ്ഥിതിക താൽപര്യത്തിന്റെ നിലവിലെ വശങ്ങളെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്താൻ കോളേജിന് പുറത്തുള്ള പ്രമുഖ ഫാക്കൽറ്റികളെ ഡിപ്പാർട്ട്മെന്റ് ഇടയ്ക്കിടെ ക്ഷണിക്കുന്നു. മൈക്കോളജി, ബയോടെക്നോളജി, ഫിസിയോളജി, എത്നോബോട്ടണി, ടാക്സോണമി, ലൈക്കനോളജി, ടെറിഡോളജി, ഓർക്കിഡോളജി തുടങ്ങിയ വൈവിധ്യമാർന്ന ഗവേഷണ മേഖലകളിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന നാല് ഫാക്കൽറ്റി അംഗങ്ങൾ നിലവിൽ ഡിപ്പാർട്ട്മെന്റിലുണ്ട്. ആനുകാലികങ്ങളും ശാസ്ത്ര ജേണലുകളുമുള്ള 2000-ത്തോളം പുസ്തകങ്ങളുള്ള ഒരു ലൈബ്രറിയാണ് വകുപ്പിനുള്ളത്. കൂൺ കൃഷി, പച്ചക്കറിത്തോട്ട നിർമ്മാണം, ജൈവവൈവിധ്യ പഠനം, ആൻജിയോസ്പെർമുകൾ, കൂൺ, ലൈക്കണുകൾ, ടെറിഡോഫൈറ്റുകൾ തുടങ്ങിയ സസ്യസാമ്പിളുകൾ തിരിച്ചറിയൽ തുടങ്ങിയ കാര്യങ്ങളിൽ വകുപ്പ് കൺസൾട്ടൻസി സേവനത്തിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നു.

## കമ്പ്യൂട്ടർ സയൻസ് വിഭാഗം

ചിറ്റൂർ കോളേജിൽ കമ്പ്യൂട്ടർസയൻസ് വിഭാഗം ആരംഭിച്ചത് 1998ൽ ആണ്. ഇല ക്ട്രോണിക്സ് ബിരുദ കോഴ്സിന്റെ ഉപവിഭാഗമായിട്ടാണ് കമ്പ്യൂട്ടർ സയൻസ് ഈ കോളേജിൽ അനുവദിച്ചിരിക്കുന്നത്. കുട്ടികൾക്ക് ആദ്യത്തെ നാല് സെമസ്റ്ററുകളിൽ തിയറി, പ്രാക്ടിക്കൽ ക്ലാസ്സുകൾ ഈ കോഴ്സിൽ ഉൾപ്പെടുന്നു. പ്രാക്ടിക്കൽ ചെയ്യുന്നതിന് 30 കമ്പ്യൂട്ടറുകളുള്ള സെൻട്രൽ കമ്പ്യൂട്ടർ ലാബ് ഉണ്ട്. കമ്പ്യൂട്ടർ സയൻസ് ഉപവിഭാഗമായി പഠിക്കുന്നതുകൊണ്ട് കുട്ടികൾക്ക് ബിരുദാനന്തര ബിരുദത്തിനു കമ്പ്യൂട്ടർ സയൻസ് മുഖ്യവിഷയമായി എടുക്കാനും, ഐടി മേഖലകളിൽ ജോലിലഭിക്കുന്നതിനും ഈ പാഠ്യപദ്ധതി വാഗ്ദാനം ചെയ്യുന്നു.

## കായികവിഭാഗം

കായികവിഭാഗം 1950ൽ പ്രവർത്തനമാരംഭിച്ചു. ആദ്യത്തെ കായികവകുപ്പ് മേധാവി ടി.ജെ. ഫ്രാൻസിസ് ആയിരുന്നു. ദേശീയ, അന്തർദേശീയ തലത്തിൽ തിളങ്ങിയ ഒട്ടേറെ കായിക താരങ്ങൾ ചിറ്റൂർ കോളേജിന്റെ കായികവകുപ്പിന്റെ സംഭാവനയാണ്. ഹാൻഡ് ബോൾ ദേശീയ ടീമിൽ അംഗങ്ങളായ തൗഫീഖ്, അരുൺ കെ. കെ, ജഗന്നാഥൻ എന്നിവർ കോളേജിലെ പൂർവ്വ വിദ്യാർത്ഥികളാണ്. പറളി സ്കൂളിലെ കായികാധ്യാപകനായ പി.ജി. മനോജ്, വിവിധ സ്കൂളുകളിലും കോളേജുകളിലുമായി ജോലിചെയ്യുന്ന ജിജി, ജയകൃഷ്ണൻ, രഞ്ജിത്ത് തുടങ്ങിയ ഒട്ടേറെ കായികാധ്യാപകർ കോളേജിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ചിറ്റൂർ കോളേജിലെ ഭൂമിശാസ്ത്രം വിഭാഗം അധ്യാപകനായ ഡോ. റിച്ചാർഡ് സ്കറിയ ദേശീയതലത്തിൽ മെഡൽ നേടിയ വ്യക്തി കൂടിയാണ്. സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശീലകനായ ശ്രീ ബോബൻ സി, ഭൂമിശാസ്ത്ര വിഭാഗം അധ്യാപകനായ ശ്രീ സുരേഷ് എന്നിവർ കോളേജിലെ കായികതാരങ്ങൾ ആയിരുന്നു. ദേശീയ ഗുസ്തിയിൽ മെഡൽ നേടിയ അഭിഷേക്, ശ്യാമിലി, അൻഷാദ് എന്നിവർ കോളേജിലെ മികച്ച ഗുസ്തിക്കാരായിരുന്നു. കായിക വകുപ്പിന്റെ കീഴിൽ ഓരോ വർഷവും ഗുസ്തി, ജൂഡോ, ഖോ-ഖോ, നീന്തൽ, വാട്ടർ പോളോ, ടെന്നീസ്, വുഷു, കബഡി, ഹാൻഡ് ബോൾ, ക്രിക്കറ്റ്, അത്‌ലറ്റിക്സ്, തൈക്കോണ്ടോ, ബോൾ ബാഡ്മിന്റൺ, ബോഡി ബിൽഡിംഗ് തുടങ്ങിയ ഒട്ടേറെ കായിക ഇനങ്ങൾക്ക് മികച്ച നിലവാരമുള്ള ടീമുകൾ സർവകലാശാല, സംസ്ഥാന, ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നു.

## മനശ്ശാസ്ത്രവിഭാഗം

ചിറ്റൂർ കോളേജിൽ 1947 ഇൽ ആരംഭിച്ച തത്വശാസ്ത്രപഠനവിഭാഗത്തിന്റെ ഉപവിഭാഗമായാണ് സൈക്കോളജി ഈ കോളേജിൽ അനുവദിച്ചിരിക്കുന്നത്. ആദ്യ നാലു സെമസ്റ്ററുകളിൽ ആയി തിയറി ക്ലാസുകളാണ് ഉള്ളത്. മനുഷ്യമനസ്, മസ്തിഷ്കം, പെരുമാറ്റം എന്നിവയെ കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്നതോടൊപ്പം വ്യത്യസ്ത മാനസിക അസ്വസ്ഥതകളെ കുറിച്ചും മാനസിക ആരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കാൻ ഈ കോഴ്സിനു സാധിക്കുന്നു.

## സംസ്കൃതവിഭാഗം

1963ൽ മലയാളബിരുദകോഴ്സ് ആരംഭിച്ചതോടൊപ്പം തന്നെ അതിന്റെ ഉപവിഷയമായി സംസ്കൃതം പഠിപ്പിച്ചുവരുന്നു. അതോടൊപ്പം ദ്വിതീയഭാഷയായി ഹിന്ദി, അറബിക്, തുടങ്ങിയവയോടൊപ്പം കോളേജിന്റെ ആരംഭം മുതൽത്തന്നെ സംസ്കൃതപഠനവും ആരംഭിച്ചിട്ടുണ്ട്. പ്രൊഫ. പി.വി. രാമൻകുട്ടിയെപ്പോലുള്ള പ്രഗത്ഭരായ പല അധ്യാപകരും ഇവിടെ പ്രവർത്തി ച്ചിട്ടുണ്ട്. സംസ്കൃതഭാഷയും സാഹിത്യവും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കൂടിയാട്ടം തുടങ്ങിയ അതിപ്രാചീന സംസ്കൃതനാടകസമ്പ്രദായങ്ങളെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്താനുള്ള സെമിനാറുകളും സോദാഹരണക്ലാസ്സുകളും സംസ്കൃതവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരാറുണ്ട്.

## സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം

ഗണിതശാസ്ത്ര വിഭാഗത്തിനോടൊപ്പം നിൽക്കുന്ന ഒരു വിഷയമാണ് സ്റ്റാറ്റിസ്റ്റിക്സ്. ആദ്യകാലത്തു ബിരുദ വിഷയമായ ഗണിത ശാസ്ത്രത്തിന്റെ നിർബന്ധിത ഉപവിഷയമായി സ്റ്റാറ്റിസ്റ്റിക്സ് ഉണ്ടായിരുന്നു. പ്രഗത്ഭരായ ഒട്ടനവധി അധ്യാപകർ പഠിപ്പിച്ചു വിരമിച്ചിട്ടും ഉണ്ട്. 2008മുതൽ ഗണിതശാസ്ത്രം കൂടാതെ ഭൂമിശാസ്ത്രത്തിന്റെ കൂടി ഒരു ഉപവിഷയമായി സ്റ്റാറ്റിസ്റ്റിക്സ് പഠിപ്പിക്കുന്നുണ്ട്. 1975 കാലഘട്ടത്തിൽ ശ്രീ. എം. ശ്രീകുമാർ, അതിനുശേഷം ശ്രീ. വി. സേതുമാധവൻ, ശ്രീമതി വീണ തുടങ്ങിയ അധ്യാപകരുണ്ടായിരുന്നു. നിലവിൽ അതിഥി അധ്യാപകരാണ് ആ സ്ഥാനത്തു തുടരുന്നത്.

# ചിറ്റൂർ കോളേജിന്റെ അഭിമാനതാരങ്ങൾ

എണ്ണിയാലൊടുങ്ങാത്ത പൂർവ്വവിദ്യാർത്ഥികളുള്ള ചിറ്റൂർ കോളേജിന് അഭിമാനിക്കാവുന്ന വിധത്തിൽ വിവിധമേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച് പ്രശസ്തരായ ഏതാനും പേരുടെ ലഘുവിവരണമാണ് താഴെ ഉൾപ്പെടുത്തിയിട്ടുള്ളത്. തീർച്ചയായും ഈ ലിസ്റ്റ് അപൂർണ്ണമാണ്. (ഈ സ്മരണികയിൽ ഓർമ്മക്കുറിപ്പുകളെഴുതിയ പ്രഗത്ഭരുടെ വിവരണങ്ങൾ അതാത് രചനകളോടൊപ്പം ചേർത്തിട്ടുണ്ട്.)



## തിരുവിഴ ജയശങ്കർ

പ്രസിദ്ധനായ കർണ്ണാടക സംഗീതജ്ഞനും നാദസ്വരം വിദ്വാനുമായ ശ്രീ. തിരുവിഴ ജയശങ്കർ ചിറ്റൂർ കോളേജിലെ പൂർവ്വവിദ്യാർത്ഥിയാണ്. 1940 ൽ ആലപ്പുഴ ജില്ലയിലെ തിരുവിഴയിലാണ് അദ്ദേഹം ജനിച്ചത്. ചിറ്റൂർ കോളേജിൽ നിന്നും സംഗീതത്തിൽ ബിരുദമെടുക്കുന്നതിനു മുമ്പ് 1957ൽ ആർ.എൽ.വി. കോളേജിൽ നിന്നും ഗാനഭൂഷണം പൂർത്തീകരിച്ചിരുന്നു. ശ്രീ. കെ.ജെ. യേശുദാസ് അദ്ദേഹത്തിന്റെ ബാച്ച് മേറ്റ് ആയിരുന്നു. ഡിഗ്രിക്കുശേഷം സ്വാതിതിരുനാൾ സംഗീതകോളേജിൽ നിന്നും ഗ്രാനപ്രവീണ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമയും നേടിയിട്ടുണ്ട്. 1965 ൽ ആകാശവാണിയിൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം മൂന്നു പതിറ്റാണ്ടോളം അവിടെതന്നെ തുടർന്നു. അണ്ണാമല, ചിദംബരം യൂണിവേഴ്സിറ്റികളിൽ വിസിറ്റിംഗ് പ്രൊഫസറായും പ്രവർത്തിച്ചിട്ടുണ്ട്. കേരള, കേന്ദ്ര സംഗീത നാടക അക്കാദമികളുടേയും തമിഴ്നാട് സർക്കാരിന്റെ കലൈമാമണി ഫെലോഷിപ്പും ഉൾപ്പെടെ അനേകം പുരസ്കാരങ്ങൾ ലഭ്യമായിട്ടുണ്ട്.

## പാലക്കാട് ശ്രീറാം

ചിറ്റൂർ കോളേജിൽ 1989 മുതൽ 1994 വരെ സംഗീതവിദ്യാർത്ഥിയായിരുന്ന ശ്രീ. ശ്രീറാം ഇന്ന് ഇന്ത്യയിലെ തന്നെ അറിയപ്പെടുന്ന ഗായകനും സംഗീതജ്ഞനുമാണ്. 1972ൽ പാലക്കാട് ജില്ലയിലെ ആലത്തൂരിനടുത്തുള്ള കാവശ്ശേരി എന്ന ഗ്രാമത്തിലാണ് ശ്രീറാം ജനിച്ചത്. പഠനകാലത്ത് കലാപ്രതിഭയായിരുന്നു. തെന്നിന്ത്യൻ ഭാഷകളിൽ അനേകം സിനിമ ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. പുല്ലാങ്കുഴൽ ഉൾപ്പെടെയുള്ള സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രഗത്ഭനായ അദ്ദേഹം എ.ആർ. റഹ്മാൻ ഉൾപ്പെടെയുള്ള സംഗീതജ്ഞരോടൊപ്പം ഗാനങ്ങൾ ഒരുക്കുന്നതിൽ പിന്നണിയിൽ പ്രവർത്തിച്ചിട്ടുണ്ട്. ചെന്നൈയിൽ താമസമാക്കിയ അദ്ദേഹം അവിടെ ഒരു സ്റ്റുഡിയോ സ്ഥാപിച്ചിട്ടുണ്ട്.

## എം.കെ.ശങ്കരൻ നമ്പൂതിരി

പ്രശസ്ത കർണ്ണാടക സംഗീതജ്ഞനും ഗായകനുമായ ശ്രീ. ശങ്കരൻ നമ്പൂതിരി 1971ൽ എറണാകുളം ജില്ലയിൽ പൂന്നയത്താണ് ജനിച്ചത്. ചിറ്റൂർ കോളേജിൽ 1988 മുതൽ 1993 വരെയുള്ള കാലയളവിൽ സംഗീതവിദ്യാർത്ഥിയായിരുന്നു. സ്കൂൾ കലോൽസവങ്ങളിൽ കഴിവുതെളിയിച്ച അദ്ദേഹം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കലോൽസവത്തിൽ കലാപ്രതിഭാ പട്ടം നേടിയിട്ടുണ്ട്. ആകാശവാണിയുടെ ഏറ്റവും പ്രായംകുറഞ്ഞ എ ഗ്രേഡ് ആർട്ടിസ്റ്റ് ആണ്. കേരള സംഗീതനാടകഅക്കാദമിയുടെ ഉൾപ്പെടെ അനേകം പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ഏതാനും സിനിമകളിലും പാടിയിട്ടുണ്ട്.

## കെ.എസ്. രഹ്ന

മാപ്പിളപ്പാട്ട് രംഗത്ത് തിളങ്ങി നിൽക്കുന്ന ശ്രീമതി കെ.എസ്. രഹ്ന ചിറ്റൂർ കോളേജിൽ നിന്നുമാണ് സംഗീതത്തിൽ ബിരുദവും ബിരുദാന്തര ബിരുദവും പൂർത്തിയാക്കിയത്. മലപ്പുറം ജില്ലയിലെ നിലമ്പൂർ സ്വദേശിനിയാണ്. വിവിധ ഭാഷകളിലായി രണ്ടായിരത്തോളം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. സിനിമകളിലും ഗാനം ആലപിച്ചിട്ടുണ്ട്. ടെലിവിഷൻ ചാനലു കളിൽ നിരവധി സംഗീത റിയാലിറ്റി ഷോകളിൽ ജൂറിയായിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ നിരവധി സ്റ്റേജ് ഷോകളും നടത്തി വരുന്നുണ്ട്.

## സൈനോജ്

ചിറ്റൂർ കോളേജിൽ നിന്നും സംഗീതത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവം നേടിയ ശ്രീ. സൈനോജ് എറണാകുളം ജില്ലയിലെ പിറവം സ്വദേശിയാണ്. എ-സോൺ ഫെസ്റ്റിവലിൽ തുടർച്ചയായി മൂന്നു തവണ കലാപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കർണ്ണാടക സംഗീതം, ലളിത സംഗീതം എന്നിവയിൽ കാലക്കറ്റ് സർവ്വകലാശാലാ കലോൽസവങ്ങളിൽ വിജയിയായിട്ടുണ്ട്. ഗന്ധർവ്വ സംഗീതം എന്ന മ്യൂസിക് റിയാലിറ്റി ഷോയിൽ വിജയിയായിരുന്നു. ചലച്ചിത്രഗാനങ്ങൾ ആലപിച്ച് കഴിവു തെളിയിച്ച് മുന്നേറുന്നതിനിടെ മുപ്പത്തിരണ്ടാമത്തെ വയസിൽ 2009 നവംബർ 22 ന് അദ്ദേഹം മരണത്തിനു കീഴടങ്ങി.

## മനോജ് കൃഷ്ണൻ

ചിറ്റൂർ കോളേജിൽ നിന്നും സംഗീതത്തിൽ ബിരുദ, ബിരുദാനന്തര പഠനം പൂർത്തീകരിച്ച പാലക്കാട് സ്വദേശിയായ ശ്രീ. മനോജ് കൃഷ്ണൻ (എം.കെ. മനോജ്) അനേകം സിനിമകളിൽ പാടി കഴിവുതെളിയിച്ച വ്യക്തിയാണ്. 1985 മുതൽ 1990 വരെയുള്ള കാലഘട്ടത്തിലാണ് ശ്രീ. മനോജ് ചിറ്റൂർ കോളേജിൽ പഠിച്ചിരുന്നത്. കോളേജിലെ ആർട്സ് ക്ലബ് സെക്രട്ടറിയാ

യി പ്രവർത്തിച്ചിട്ടുണ്ട്. ഗാനമേളകളിൽ തിളങ്ങുന്ന താരമായിരുന്ന അദ്ദേഹം ടെലിവിഷനിൽ വിവിധ സംഗീതപരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. അനേകം സിനിമികളിലും ആൽബങ്ങൾക്കുവേണ്ടിയും ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. മുപ്പതോളം സിനിമകൾക്ക് പശ്ചാത്തലസംഗീതം നൽകിയിട്ടുണ്ട്. 2016 മെയ് മാസത്തിൽ നാൽപ്പത്തിയഞ്ചാം വയസ്സിൽ അദ്ദേഹം മരണത്തിനു കീഴടങ്ങി.

## സഞ്ജീവ് ലാൽ

ചിറ്റൂർ കോളേജിൽ 1983 മുതൽ 1988 വരെയുള്ള കാലയളവിൽ സംഗീത വിദ്യാർത്ഥിയായിരുന്ന ശ്രീ. സഞ്ജീവ്ലാൽ യൂണിയൻ ഭാരവാഹിയായി പ്രവർത്തിച്ചിട്ടുണ്ട്. സംഗീതത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള ശ്രീ. സഞ്ജീവ്ലാൽ നിരവധി സിനിമാഗാനങ്ങൾക്കും ടെലിവിഷൻ സീരിയൽ ഗാനങ്ങൾക്കും സംഗീതമൊരുക്കിയിട്ടുണ്ട്. ഏഷ്യാനെറ്റ് ഡിജിറ്റൽ നെറ്റ്‌വർക്കിന്റെ എ.സി.വി. ചാനലുകളുടെ പ്രോഗ്രാമിംഗ് & പ്രൊഡക്ഷൻ ഹെഡ് ആയാണ് നിലവിൽ അദ്ദേഹം പ്രവർത്തിക്കുന്നത്.

## ഡോ. സുനിൽ വി.ടി.

ഡോ. സുനിൽ വി.ടി. ചിറ്റൂർ കോളേജിൽ നിന്നും 1986-89 കാലഘട്ടത്തിലാണ് സംഗീതത്തിൽ ബിരുദം പൂർത്തീകരിച്ചത്. പിന്നീട് ന്യൂ ഡെൽഹയിലെ ഫാക്കൾട്ടി ഓഫ് ഫൈൻ ആർട്സിൽ നിന്നും എം.എ.യും എം.ഫിലും നേടി. എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടർ ഓമക്കുട്ടി ടീച്ചറുടെ സഹായത്തോടെ ഏറെ സങ്കീർണമായ 'ഗ്രഹഭേദം' എന്ന വിഷയത്തിൽ പി.എച്ച്.ഡി. യും നേടി. അദ്ദേഹത്തിന്റെ ഔദ്യോഗികജീവിതം ആരംഭിക്കുന്നത് 1996ൽ താൻ പഠിച്ച ചിറ്റൂർ കോളേജിലെ സംഗീത അധ്യാപകനായാണ്. ശ്രീ ശങ്കരാചര്യ സർവ്വകലാശാലയിൽ 1997 മുതൽ 2001 വരെയും വീണ്ടും ചിറ്റൂർ കോളേജിൽ 2001 മുതൽ 2004 വരെയും തുടർന്ന് 2004 മുതൽ 2021 വരെ തിരുവനന്തപുരം സ്വാതിതിരുന്നാൾ സംഗീത കോളേജിലും അസോസിയേറ്റ് പ്രൊഫസർ ആയി സേവനം അനുഷ്ഠിച്ചു. നിലവിൽ തിരുവന്തപുരം വുമൻസ് കോളേജിൽ മുഖ്യ അധ്യാപകനും കേരള സർവ്വകലാശാലയിലെ ഫാക്കൾട്ടി ഓഫ് ഫൈൻ ആർട്സ് ഡീനും ആണ്.



ഡോ. സുനിൽ വി.ടി. യുടെ സംഗീത ലോകത്തിലെ എടുത്തു പറയാവുന്ന നേട്ടങ്ങളിൽ ഒന്നാണ് 2012 ൽ പ്രസിദ്ധീകരിച്ച മലയാള ഭാഷയിലെ ആദ്യത്തെ സംഗീത നിഘണ്ടു. 15 വർഷത്തോളമുള്ള കഠിനാദ്ധ്വാനത്തിന്റെ ഫലമായാണ് സംഗീത ലോകത്തിന് മഹത്തായ ഈ സംഭാവന നൽകുവാൻ അദ്ദേഹത്തിനു സാധിച്ചത്. ഒട്ടവധി ഗാനങ്ങൾക്ക് ഈണം നൽകുന്നതിനിടയിൽ സിനിമാസംഗീതസംവിധാനത്തിലും പിന്നണിഗായകനായും ഡോ. സുനിൽ തന്റെ കയ്യൊപ്പ് ചാർത്തി. നിലവിൽ ഇംഗ്ലീഷിൽ സംഗീത നിഘണ്ടു പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്. കർണാടക - ഹിന്ദുസ്ഥാനി - പാശ്ചാത്യരാഗ ങ്ങളെ സംബന്ധിച്ച 'രാഗകോശം' എന്ന പുസ്തകത്തിന്റെ പണിപ്പുരയിൽ ആണ് ഇപ്പോൾ അദ്ദേഹം.

## പ്രണവം ശശി (നാടൻ പാട്ട്)

ചിറ്റൂർ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയായ ശ്രീ. പ്രണവം ശശി അറിയപ്പെടുന്ന നാടൻപാട്ട് കലാകാരനാണ്. നിരവധി സിനിമകളിൽ പാടിയിട്ടുണ്ട്. സദസ്സിനെ ഇളക്കിമറിക്കുന്ന വിധത്തിൽ ഗാനാലാപനം നടത്തുവാൻ കഴിവുള്ള അനുഗ്രഹീത കലാകാരനാണ് അദ്ദേഹം.

## എം.പി. മധുസൂദനൻ

വല്ലങ്ങി വി.ആർ.സി.എം.യു.പി. സ്കൂളിൽ 33 വർഷം സംഗീത അധ്യാപകനായിരുന്ന ശ്രീ. എം.പി. മധുസൂദനൻ ചിറ്റൂർ കോളേജിലെ ബി.എ. സംഗീതം വിദ്യാർത്ഥിയായിരുന്നു. യൂണിവേഴ്സിറ്റി തലത്തിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. മൃദംഗ വിദ്വാൻ, ആകാശവാണി ബി ഹൈ ഗ്രേഡ് ആർട്ടിസ്റ്റ്, മികച്ച ഗ്രന്ഥശാലാ പ്രവർത്തകൻ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. 2011 ലെ ഭാരതസർക്കാരിന്റെ സെൻസസ് അവാർഡ്, 2019 ൽ അഖിലേന്ത്യാ അവാർഡ്, ടീച്ചേഴ്സ് ഫെഡറേഷന്റെ ഗുരുശ്രേഷ്ഠ അവാർഡ്, കാഞ്ചി കാമകോടി പീഠത്തിന്റെ പതക്കം, കരൂർ നാരദ ഗാനസഭയുടെ ലയചതുരൊലി അവാർഡ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

## ഡോ. ലതാ വർമ്മ

ചിറ്റൂർ കോളേജിൽ നിന്നും 1997 ൽ ബി.എ. മ്യൂസിക് ഫസ്റ്റ് റാങ്ക് ഫസ്റ്റ് ക്ലാസ്സോടെയാണ് ഡോ. ലതാവർമ്മ പാസായത്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മഹാരാജാസ് കോളേജ് ഫോർ വുമണിൽ നിന്നും എം.എ. സെക്കന്റ് റാങ്ക് ഫസ്റ്റ് ക്ലാസോടെയും പാസായി. 1991 ൽ മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും സംഗീതത്തിൽ പി.എച്ച്.ഡി. യുമെടുത്തു. ഇവിടെ നിന്നും മ്യൂസിക്കിൽ പി.എച്ച്.ഡി. എടുക്കുന്ന ആദ്യ വ്യക്തി കൂടിയാണ് ഡോ. ലതാവർമ്മ. ആറു ഭാഷകളിൽ പ്രാവീണ്യമുള്ള ഡോ. ലതാവർമ്മ സംസ്കൃതം, തെലുങ്ക്, ഹിന്ദി വിഷയങ്ങളിൽ ആധികാരി കപഠനം നടത്തിയിട്ടുണ്ട്.

മുപ്പത്തിയഞ്ച് വർഷം സംഗീത അധ്യാപികയായി പ്രവർത്തിച്ച ഡോ.ലതാ വർമ്മ മ്യൂസിക്കിൽ പി.എച്ച്.ഡിക്കുള്ള അംഗീകൃത ഗൈഡ് കൂടി യാണ്. മധുര കാമരാജ് യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് മെമ്പർ തുടങ്ങി അനേകം പദവികൾ അലങ്കരിച്ചിട്ടുണ്ട്. യു.ജി.സി. യുടെ സെലക്ഷൻ കമ്മിറ്റിയിൽ മ്യൂസിക്കിലെ സബ്ജക്റ്റ് എക്സ്പർട്ട് ആയി പ്രവർത്തിച്ചിട്ടുണ്ട്. അനേകം സംഗീത പരിപാടികൾക്ക് ജഡ്ജായും പ്രവർത്തിട്ടുണ്ട്. മധുര ഗാനസുധ, മധുര കലാനിധി, ആചാര്യരത്ന തുടങ്ങി





നിരവധി അംഗീകാരങ്ങൾ ലഭ്യമായിട്ടുണ്ട്. മ്യൂസിക്കൽ ഇൻസ്ട്രുമെൻറ്സ് ഓഫ് കേരള, ശ്രീ സത്ഗുരു ത്യാഗരാജ സ്വാമി കീർത്തനങ്ങൾ എന്നീ പുസ്തകങ്ങളും വിവിധ ഭാഷകളിലായി മുപ്പതിലധികം റിസർച്ച് പേപ്പറുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചിറ്റൂർ അമ്പാട്ട് കുടുംബാംഗമായ ഡോ. ലതാ വർമ്മ ജി.സി.സി. അലുമിനിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ കൂടിയാണ്. Excellence Awards for Music UG & PG യുടെ മുഖ്യ സ്പോൺസർ ആണ്. ജി.സി.സി. യിലെ അലുമിനി പാർക്കിൽ 'വനജം' എന്ന പേരിലുള്ള ഓപ്പൺ സ്റ്റേജ് ഡോ. ലതാവർമ്മയുടെ സംഭാവനയാണ്.

## ഡോ. കുഴൽമന്ദം രാമകൃഷ്ണൻ

പാലക്കാട് ജില്ലയിലെ കുഴൽമന്ദം അഗ്രഹാരത്തിൽ 1971 ൽ ജനിച്ച ഡോ. കുഴൽമന്ദം രാമകൃഷ്ണൻ 1986-87 കാലഘട്ടത്തിൽ ചിറ്റൂർ കോളേജിലെ പ്രീഡിഗ്രി വിദ്യാർത്ഥിയായിരുന്നു. 2009 ൽ 21 ദിവസങ്ങളിലായി 501 മണിക്കൂർ തുടർച്ചയായി മൃദംഗം വായിച്ച് ഗിന്നസ് ലോക റെക്കോർഡ് നേടിയ വ്യക്തിയാണ്. മൃദംഗവായനയെക്കുറിച്ച് പഠിക്കുവാനും പരിശീലിക്കുവാനും സഹായകരമാകുന്ന 'M. Rhythm' എന്ന പേരിൽ ഒരു ഇംഗ്ലീഷ് പുസ്തകം അദ്ദേഹം ക്രോഡീകരിച്ചിട്ടുണ്ട്. ആകാശവാണിയിലേയും ദൂരദർശനിലേയും 'എ ടോപ് ഗ്രേഡ്' ആർട്ടിസ്റ്റ് കൂടിയായ ഡോ. കുഴൽമന്ദം രാമകൃഷ്ണൻ ആയിരക്കണക്കിന് സ്റ്റേജുകളിൽ പെർഫോം ചെയ്തിട്ടുണ്ട്. ചിറ്റൂർ കോളേജിലെ പഠനകാലത്ത് നാഷണൽ യൂണിവേഴ്സിറ്റി ഫെസ്റ്റിവലിൽ സ്വർണ്ണമെഡൽ ജേതാവായിട്ടുണ്ട്. ലയരത്ന, നാദരത്ന, മൃദംഗവാദ്യ കലാതിലകം എന്നീ പദവികളും 2013 ൽ കേരളസംഗീതനാടകഅക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. 'സദ്മൃദംഗം' എന്ന പേരിൽ സ്വന്തമായി ഒരു സംഗീതോപകരണം രൂപപ്പെടുത്തി പേറ്റന്റ് നേടിയിട്ടുണ്ട്. ലോക്ക്ഡൗൺ കാലത്ത് ഓൺലൈനിലൂടെ തുടങ്ങിയ പ്രതിദിന ലളിതഗാന രചന 'സുലളിതം' ആയിരം എപിസോഡുകൾ പിന്നിട്ട് മുന്നോട്ടു പോകുന്നു. 'സുലളിതം' ലിംകാ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇടം പിടിച്ചിട്ടുണ്ട്. കുഴൽമന്ദം സെന്റർ ഓഫ് മ്യൂസിക് എന്ന ഒരു സ്ഥാപനവും അദ്ദേഹം നടത്തിവരുന്നുണ്ട്. ചിത്രരചനയിലും അദ്ദേഹം പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്.

## ഡോ. ഭാവനാ രാധാകൃഷ്ണൻ

പ്രശസ്ത കർണ്ണാടകസംഗീതജ്ഞയും സിനിമാപിന്നണിഗായികയുമായ ഡോ. ഭാവനാ രാധാകൃഷ്ണൻ ചിറ്റൂർ കോളേജിൽ നിന്നും ബി.എ. മ്യൂസിക് റാങ്കോടെയാണ് പാസായത്. തുടർന്ന് തിരുവനന്തപുരം വുമൻസ് കോളേജിൽ നിന്നും എം.എ. പൂർത്തീകരിച്ചു. പാലക്കാട് ജില്ലയിലെ അലനല്ലൂർ സ്വദേശിനിയാണ്. കേരള സർവ്വകലാശാലയിൽ നിന്നും സംഗീതത്തിൽ ഡോക്ടറേറ്റ് നേടിയ ഭാവനാ രാധാകൃഷ്ണൻ കൊല്ലം എസ്.എൻ. കോളേജിലെ അസോസിയേറ്റ് പ്രൊഫസറാണ്. 1997 ൽ മികച്ച പിന്നണി ഗായികയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്. ഒട്ടനവധി സംഗീത കച്ചേരികൾ നടത്തിയിട്ടുണ്ട്. സിനിമാ ഗാനങ്ങൾക്കു പുറമേ ഭക്തി ഗാനങ്ങൾ ഉൾപ്പെടെ മറ്റ് മേഖലകളിലുള്ള അനേകം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്.

## ഡോ. ചേർത്തല കെ.എൻ. രംഗനാഥശർമ്മ

ആകാശവാണിയിലെ എ ടോപ് ആർട്ടിസ്റ്റും സംഗീതജ്ഞനും സംഗീത അധ്യാപകനുമായ ചേർത്തല രംഗനാഥശർമ്മ ചിറ്റൂർ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയാണ്. 1984 ലാണ് ബി.എ. സംഗീത വിദ്യാർത്ഥിയായി ചിറ്റൂർ കോളേജിലെത്തിയത്. തുടർന്ന് ഇവിടെതന്നെ എം.എ. യും പൂർത്തീകരിച്ചു. 1990 ൽ എം.ഫിൽ എടുക്കുന്നതിനായിമദ്രാസ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. എം.ഫിൽ പൂർത്തിയാക്കിയതിനുശേഷം കണ്ണൂരിൽ കേന്ദ്രീയ വിദ്യലയത്തിൽ ജോലിക്കു ചേർന്നു. നിലവിൽ മധുരയിലെ മധുരൈ സംഗീത വിദ്യാലയത്തിലെ അസോസിയേറ്റ് പ്രൊഫസറും റിസർച്ച് ഗൈഡുമാണ്. ഇന്ത്യയിലും വിദേശത്തുമായി അനേകം വേദികളിൽ സംഗീത കച്ചേരി അവതരിപ്പിച്ചിട്ടുണ്ട്.

## കെ. അഷ്ടമൻ പിള്ള

ചിറ്റൂർ കോളേജിൽ നിന്നും എം.എ. സംഗീതത്തിൽ രണ്ടാം റാങ്കോടെ പാസായ ശ്രീ. കെ. അഷ്ടമൻ പിള്ള അറിയപ്പെടുന്ന സംഗീതജ്ഞനാണ്. കർണ്ണാടക സംഗീതത്തിൽ ആകാശവാണിയിലും ദൂരദർശനിലും എ ഗ്രേഡ് ആർട്ടിസ്റ്റാണ്. ഗുരു ഗോപിനാഥ് ട്രസ്റ്റിന്റെ സംഗീത ശ്രേഷ്ഠ അവാർഡ് ജേതാവാണ്. നല്ലൊരു തബല വായനക്കാരൻ കൂടിയായ അദ്ദേഹം കാലിക്കറ്റ് സർവ്വകലാശാലയിലെ കലാപ്രതിഭയായിരുന്നു. യു. ജി.സി. ജേർണലുകളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധപ്പെടു ത്തിയിട്ടുള്ള അദ്ദേഹമിപ്പോൾ എറണാകുളം മഹാരാജാസ് കോളേജിൽ സംഗീത വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.

## തിരുവിഴ വിജു. എസ്. ആനന്ദ്

ചിറ്റൂർ കോളേജിൽ നിന്നും സംഗീതത്തിൽ ബിരുദം നേടിയ ചേർത്തല ആലപ്പുഴ സ്വദേശിയായ ശ്രീ. തിരുവിഴ വിജു. എസ്. ആനന്ദ് അറിയപ്പെടുന്ന സംഗീതജ്ഞനാണ്. ഡെൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും എം. എ. ബിരുദം കരസ്ഥമാക്കിയ അദ്ദേഹത്തിന്റെ വയലിൻ കച്ചേരികൾ പ്രസിദ്ധമാണ്. റേഡിയോയിലും ടെലിവിഷൻ ചാനലുകളിലും നിരവധി പ്രോഗ്രാമുകൾ അവതരിപ്പിച്ചിട്ടുണ്ട്. പ്രമുഖ സംഗീതജ്ഞരുടെ കച്ചേരികളിൽ വയലിൻ വായിച്ചിട്ടുണ്ട്. അനേകം സംഗീത ആൽബങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഇന്ത്യയിലും വിദേശത്തും പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ട്. ആകാശവാണിയിലെ ബി ഗ്രേഡ് ആർട്ടിസ്റ്റ് ആയ അദ്ദേഹത്തിന് സംഗീതരത്ന പദവി ലഭിച്ചിട്ടുണ്ട്.

### ഡോ. ഭവ്യലക്ഷ്മി

കർണ്ണാടക സംഗീതജ്ഞയായും വയലിനിസ്റ്റുമായി തിളങ്ങി നിൽക്കുന്ന ഗുരുവായൂർ സ്വദേശിയായ ഡോ. ഭവ്യലക്ഷ്മി ചിറ്റൂർ കോളേജിലെ പൂർവ്വ വിദ്യാർത്ഥിനിയാണ്. സ്കൂൾ കലോൽസവങ്ങളിൽ നിരവധി തവണ കലാതിലകപ്പട്ടം നേടിയിട്ടുണ്ട്. അനേകം സിനിമകളിൽ പിന്നണി പാടിയിട്ടുണ്ട്. സംഗീത കച്ചേരികളും അവതരിപ്പിച്ചു വരുന്ന ഡോ. ഭവ്യലക്ഷ്മി നിരവധി ആൽബങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ആകാശവാണിയിലെ ബി ഗ്രേഡ് ആർട്ടിസ്റ്റ് ആണ്. പ്രശസ്ത സിനിമാ അഭിനേതാവ് ശ്രീ. ബാബുസ്വാമിയുടെ മകളാണ്.

### ഡോ. മിനി എൻ.

ചിറ്റൂർ കോളേജിൽ നിന്നും സംഗീതത്തിൽ ബിരുദമെടുത്തശേഷം ഡെൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും എം.എഫിൽ, പി.എച്ച്.ഡി. എന്നിവ കരസ്ഥമാക്കിയ ഡോ. മിനി എൻ. ചിറ്റൂർ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയാണ്. കലാകാരനുമായ ശ്രീ. ഇ.എൻ. സജിത്തിന്റെ സഹധർമ്മിണിയാണ്. സംഗീതകലാചാര്യനായിരുന്ന അച്ഛൻ ശ്രീ. മങ്ങാട് കെ. നടേശന്റെയും പത്മശ്രീ പാറശ്ശാല ബി. പൊന്നമ്മാളുടേയും കീഴിൽ സംഗീതം പഠനം നടത്തിയാണ് സംഗീതലോകത്തേക്ക് കടന്നു വന്നത്. കഴിഞ്ഞ മുപ്പത്തഞ്ച് വർഷത്തോളമായി ആകാശവാണിയിലും പ്രധാന സംഗീതോൽസവങ്ങളിലും സംഗീത കച്ചേരി അവതരിപ്പിച്ചു വരുന്നുണ്ട്. സ്വാതി തിരുനാൾ സംഗീതോൽസവത്തിലും ആകാശ വാണിയുടേയും ദൂരദർശന്റെയും ക്ഷണിക്കപ്പെട്ട അതിഥികൾക്കു മുമ്പിൽ സംഗീത കച്ചേരി നടത്തിയിട്ടുണ്ട്. കേരളത്തിലെ വിവിധ സംഗീത കോളേജുകളിൽ സംഗീതാധ്യാപികയായി പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ കണ്ണൂർ സർവ്വകലാശാലയിലെ സംഗീത വിഭാഗത്തിലെ പ്രൊഫസറും ഹെഡുമായി പ്രവർത്തിക്കുന്നു. ഡോ. മിനി ദേശീയവും അന്തർദേശീയവുമായ സെമിനാറുകളിൽ പങ്കെടുത്ത് പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. നിരവധി ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

### വി. മുരളീധരൻ

1972 മുതൽ 1976 വരെയുള്ള കാലഘട്ടത്തിൽ ചിറ്റൂർ കോളേജിലെ വിദ്യാർത്ഥിയായിരുന്ന വി. മുരളീധരൻ പല്ലശ്ശന ദേശത്തെ അറിയപ്പെടുന്ന കണ്യാർകളി ആശാനാണ്. ആറാമത്തെ വയസ്സിലാണ് തെലുങ്കുചെട്ടി എന്ന പൊറാട്ട് അവതരിപ്പിച്ചത്. വൈഷ്ണവൻ, വട്ടകൻ, വഴിപോക്കർ, കൂട്ടമാരിയമ്മ, കൂട്ടചക്കിലിയൻ, കൂട്ടച്ചെറുമൻ തുടങ്ങിയ പൊറാട്ടുകൾ കളിക്കുകയും ചെയ്തിട്ടുണ്ട്. മുപ്പതു വർഷക്കാലം ഹിന്ദുസ്ഥാൻ ലിവർ ഗ്രൂപ്പിൽ പ്രവർത്തിച്ചിട്ടുണ്ട്. ബൻങ്കി ഇന്ത്യ ലിമിറ്റഡിൽ നിന്ന് റീജിയണൽ മാനേജരായി വിരമിച്ചു. ചെന്നൈയിലാണ് മുരളീധരൻ നായർ സ്ഥിരതാമസമാക്കിയിട്ടുള്ളത്.

### ഡോ. എം. ഗോപാലൻ

1965 മുതൽ 1970 വരെ ഗവ കോളേജ് ചിറ്റൂരിലെ വിദ്യാർത്ഥിയായിരുന്ന ഡോ. എം. ഗോപാലൻ കൊച്ചിയിലെ അമൃത ആശുപത്രിയിലെ പ്രധാന ഡോക്ടർമാരിൽ ഒരാളായിരുന്നു. ബി.എസ്സി. ബോട്ടണി കഴിഞ്ഞ് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നാണ് അദ്ദേഹം എം.ബി.ബി.എസ്. പൂർത്തിയാക്കിയത്. നിരവധി പഠനങ്ങളും റിപ്പോർട്ടുകളും അദ്ദേഹത്തിൻറേതായുണ്ട്. കീഹോൾ സർജറിയിൽ നൽകിയ സംഭാവനകൾ കണക്കിലെടുത്ത് ന്യൂഡെൽഹി മൗലാനാ ആസാദ് മെഡിക്കൽ കോളേജ് സർജറി കോൺഫറൻസിൽ ഏറ്റവും നല്ല പാനലിസ്റ്റ് ആയി തെരഞ്ഞെടുത്തത് അദ്ദേഹത്തെയായിരുന്നു. സിനിമകളിൽ ഡോക്ടറുടെ റോൾ അഭിനയിച്ച് കഴിവു തെളിയിച്ചിട്ടുണ്ട്. പാലക്കാട് എലവഞ്ചേരിക്കടുത്ത പനങ്ങാട്ടിരിയിലാണ് അദ്ദേഹം ജനിച്ചത്. തന്റെ എഴുപത്തി രണ്ടാമത്തെ വയസിൽ 06-01-2023 നാണ് അദ്ദേഹം അന്തരിച്ചത്.

### ഫാറൂഖ് അബ്ദുൾ റഹ്മാൻ

1982-82 കാലഘട്ടത്തിൽ ചിറ്റൂർ കോളേജിലെ പ്രീഡിഗ്രി വിദ്യാർത്ഥിയായിരുന്ന ശ്രീ. ഫാറൂഖ് അബ്ദുൾ റഹ്മാൻ അറിയപ്പെടുന്ന സിനിമാ സംവിധായകനാണ്. തത്തമംഗലത്തിനടുത്ത മാങ്ങോട് എന്ന ഗ്രാമത്തിൽ 1966 ലാണ് അദ്ദേഹം ജനിച്ചത്. ദൂരദർശനിൽ ടെലിവിഷൻ ഫിലിമുകളുടെ സഹസംവിധായകനായി പ്രവർത്തിച്ചതിനുശേഷമാണ് സ്വതന്ത്ര സംവിധായകനായത്. സ്ത്രീപർവ്വം, കുലം മുതലായ ടെലിഫിലിമുകൾ നിർമ്മിച്ചിട്ടുണ്ട്. തുഞ്ചത്താ ചാര്യൻ, സ്മാരകശിലകൾ, പൂർണ്ണവിരാമം തുടങ്ങിയ ടെലിവിഷൻ സീരിയലുകൾ അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. ദൂരദർശനിൽ പ്രദർശിപ്പിച്ച വ്യതിയാനം എന്ന ടെലിഫിലിം സംവിധാനം ചെയ്തത് അദ്ദേഹമാണ്. നിരവധി ടെലിവിഷൻ പ്രോഗ്രാമുകൾ സംവിധാനം ചെയ്തിട്ടുണ്ട്. മഹാകവി പി.കുഞ്ഞിരാമൻ നായരുടെ കവിതയെ ആസ്പദമാക്കി അദ്ദേഹം സംവിധാനം ചെയ്ത "കളിയച്ഛൻ" എന്ന സിനിമ 2015 ൽ കേരള സംസ്ഥാന ഫിലിം അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. 'പുഴ പോൽ ചിരിച്ച് മഴപോൽ കരഞ്ഞ്' എന്ന നോവൽ ശ്രീ. ഫാറൂഖ് രചിച്ചിട്ടുണ്ട്. മൺമറഞ്ഞ ശില്പിയുടെ ചിത്രകാരനുമായ ശ്രീ. ഷഡാനൻ ആനിക്കത്തിന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള "ആർദ്ര ഷഡാനനം" എന്ന ടെലിഫിലിം സംവിധാനം ചെയ്തത് ശ്രീ. ഫാറൂഖ് ആണ്.

### പി. സുകുമാർ ഐ.എസ്.സി.

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് സ്വദേശിയായ ശ്രീ. പി. സുകുമാർ ചിറ്റൂർ കോളേജിൽ 1980-83 കാലഘട്ടത്തിൽ ബി.എസ്സി. മാത്തമാറ്റിക്സ്





വിദ്യാർത്ഥിയായിരുന്നു. മലയാള സിനിമാരംഗത്ത് പ്രശസ്തനായ ഛായാ ഗ്രാഹകനും അഭിനേതാവും സംവിധായകനും നിർമ്മാതാവുമാണ്. സംവിധാന ത്തിനും സിനിമാട്ടോഗ്രാഫിക്കുമുള്ള കേരളസംസ്ഥാന ഫിലിം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്രീ. പി. ചന്ദ്രകുമാർ സുകുമാറിന്റെ സഹോദരനാണ്.

### ടി. ബാലകൃഷ്ണൻ ഐ.എ.എസ്.

വടവന്നൂരിലെ ഒരു സാധാരണ കുടുംബാംഗമായിരുന്ന ശ്രീ. ടി. ബാലകൃഷ്ണൻ 1967-69 കാലഘട്ടത്തിൽ ചിറ്റൂർ കോളേജിൽ പ്രീഡിഗ്രി വിദ്യാർത്ഥിയായിരുന്നു. പ്രീഡിഗ്രിക്കുശേഷം ജോലി ലഭിച്ചതിനെത്തുടർന്ന് പ്രൈവറ്റ് ആയാണ് അദ്ദേഹം ബിരുദാനന്തര ബിരുദം വരെ പഠിച്ചത്. പിന്നീട് അദ്ദേഹത്തിന് കേരള കേഡറിൽ ഐ.എ.എസ്. ലഭിക്കുകയും ചെയ്തു. തിരുവനന്തപുരത്ത് ആർ.ഡി.ഒ. ആയും ജില്ലാ കളക്ടർ ആയും പ്രവർത്തിച്ചു. ന്യൂയോർക്കിലെ ഇന്ത്യാ ടൂറിസത്തിന്റെ ഡെപ്യൂട്ടി ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. ടൂറിസം ഡിപാർട്ട്മെന്റിൽ ദീർഘകാലം സെക്രട്ടറിയായിരുന്നു. വിവിധ സർക്കാർ വകുപ്പുകളിൽ സി.എം.ഡി. ആയും പ്രവർത്തിച്ചിട്ടുണ്ട്. നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിക്കുകയും അവ ലാഭകരമാക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ സ്ഥിരതാമസ മാക്കിയിരിക്കുന്നത് തിരുവനന്തപുരത്താണ്.

### ഡോ. വി. സനൽകുമാർ

ഡോ. വി. സനൽകുമാർ 1983 മുതൽ 1985 വരെ പ്രീഡിഗ്രിയും 1985 മുതൽ 1988 വരെ ബി.എ. ഡിഗ്രിയും (ജ്യോഗ്രഫി) 1988 മുതൽ 1990 വരെ എം.എ. യും (ജ്യോഗ്രഫി) ചിറ്റൂർ കോളേജിലാണ് പൂർത്തീകരിച്ചത്. പുല്ലുവഴി ജയകേരളം ഹയർ സെക്കണ്ടറി സ്കൂളിലെ ജ്യോഗ്രഫി അധ്യാപകനായി അദ്ദേഹം കൊല്ലങ്കോട് നെന്മേനി സ്വദേശിയാണ്. പുരാവസ്തു ഗവേഷകൻ കൂടിയായ അദ്ദേഹം ചിറ്റൂർ കോളേജിലെ മാഗസിൻ എഡിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. പാലക്കാട് ജിയോ ഹെറിറ്റേജ് ആർക്കിയോളജി റിസർച്ച് സെന്ററിന്റെ ഡയറക്ടറായിരുന്നു. കൊല്ലങ്കോട് മേഖലയിൽ ഗായത്രിപ്പുഴയുടെ തീരത്ത് അദ്ദേഹം നടത്തിയ ഗവേഷണ ഫലങ്ങൾ ശ്രദ്ധേയമാണ്. അനേകം ചരിത്രാവശിഷ്ടങ്ങൾ ഈ പ്രദേശത്തു നിന്നും കണ്ടെത്തിയിട്ടുണ്ട്. ഗവേഷണ ഫലങ്ങൾ മൈസൂർ സർവ്വകലാശാല പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

മികച്ച അധ്യാപകനുള്ള സംസ്ഥാനപുരസ്കാരം, ദേശീയ അധ്യാപക പുരസ്കാരം, ഗ്ലോബൽ ടീച്ചർ റോൾ മോഡൽ പുരസ്കാരം, ഗുരു നിത്യചൈതന്യ യതി പ്രതിഭാ പുരസ്കാരം, മഹാരാഷ്ട്രയിലെ സിന്ധുദുർഗ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കൊങ്കൺ ജ്യോഗ്രഫേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ 2022-23 വർഷത്തെ മികച്ച ഭൂമിശാസ്ത്രകാരനുള്ള ദേശീയ പുരസ്കാരം എന്നിവ ഡോ. സനൽകുമാറിനെ തേടിയെത്തിയിട്ടുണ്ട്.

### എ. വി. ഹരിദാസ്

1959-62 ബാച്ചിൽ ചിറ്റൂർ കോളേജിൽ ബി.എസ്‌സി (സുവോളജി) വിദ്യാർത്ഥിയായിരുന്ന ശ്രീ. എ.വി. ഹരിദാസ് ജില്ലാ ജഡ്ജി, ന്യൂഡൽഹിയിലെ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും നിയമ ബിരുദം കരസ്ഥമാക്കിയ അദ്ദേഹം പാലക്കാട് വിവിധ കോടതികളിൽ പ്രാക്ടീസ് ചെയ്തിട്ടുണ്ട്. 1972 ലാണ് കേരള മുൻസിഫ് സർവ്വീസിൽ ചേർന്നത്. തുടർന്ന് സബ് ജഡ്ജും ജില്ലാ ജഡ്ജുമായി പ്രവർത്തിച്ചു. ജില്ലാ - സെഷൻസ് ജഡ്ജ് ആയി പ്രവർത്തിക്കുന്നതിനിടയിലാണ് ജുഡീഷ്യൽ സർവ്വീസിലെ പദവി രാജി വെച്ച് കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചേർന്നത്. 1995 ൽ ഹൈക്കോടതി ജഡ്ജിക്കു സമാനമായ വൈസ് ചെയർമാൻ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ന്യൂഡൽഹിയിലെ പ്രധാന ബ്രാഞ്ചിലായിരുന്നു നിയമനം. പിന്നീട് എറണാകുളം ബ്രാഞ്ചിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. 2005 ഏപ്രിൽ 15 ന് ഏറ്റവും സീനിയറായ വൈസ് ചെയർമാനായി വിരമിച്ചു. ചിറ്റൂർ കോളേജിലെ അലുമിനി അസോസിയേഷന്റെ ആദ്യ പ്രസിഡണ്ട് ആയി ശ്രീ. എ.വി. ഹരിദാസ് പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി. പ്രേമ ഹരിദാസും ജി.സി.സി. അലുമിനിയാണ്. ഇപ്പോൾ പാലക്കാട് ജില്ലിയിലെ പെരുമാട്ടിക്കടുത്ത കന്നിമാരിയിലാണ് അദ്ദേഹം താമസിക്കുന്നത്.

### ഡോ. പി.കെ. ലക്ഷ്മണൻ

1974-77 കാലഘട്ടത്തിൽ ചിറ്റൂർ കോളേജിലെ ബി.എ. ഇക്കണോമിക്സ് വിദ്യാർത്ഥിയായിരുന്ന ഡോ. പി.കെ. ലക്ഷ്മണൻ ജുഡീഷ്യൽ സർവ്വീസിൽ അനേകം ഉന്നതപദവികൾ അലങ്കരിച്ചിട്ടുണ്ട്. 1981 ൽ അഭിഭാഷകനായി എൻറോൾ ചെയ്ത അദ്ദേഹം 1988 ജുഡീഷ്യൽ സർവ്വീസിൽ മുൻസിഫ് ആയി. 1990-91 കാലത്ത് ലക്ഷദ്വീപിലെ മുൻസിഫ്-മജിസ്ട്രേറ്റ് ആയിരുന്നു. 2001 ൽ സി.ജെ.എം. ആയും 2002 ൽ ജില്ലാ ജഡ്ജ് ആയും സ്ഥാനക്കയറ്റം ലഭിച്ചു. 2012 ൽ തന്നെ കോട്ടയം ജില്ലാ ജഡ്ജ് ആയി നിയമിതനായി. 2015 ൽ വിരമിക്കുകയും 2016 ൽ കോഴിക്കോട് ലോക് അദാലത്തിന്റെ ചെയർമാനായി നിയമിതനാവുകയും 2020 ൽ ദൗത്യം അവസാനിക്കുകയും ചെയ്തു.

### ഡോ. ഇ.എൻ. സജിത്

1981 മുതൽ 1986 വരെയുള്ള കാലഘട്ടത്തിൽ ചിറ്റൂർ കോളേജിലെ വിദ്യാർത്ഥിയായിരുന്നു. സംഗീതത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും ചിറ്റൂർ കോളേജിൽ നിന്നും നേടിയതിനുശേഷം 2004 ലാണ് ഡെൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നടിയത്. 1987 ൽ കേന്ദ്രീയ വിദ്യാലയത്തിൽ സംഗീത അധ്യാപകനായാണ് ഔദോഗിക ജീവിതം

ആരംഭിച്ചത്. 1988 ൽ ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവ് ആയി ജോലിയിൽ പ്രവേശിച്ചു. പിന്നീട് 2000 ൽ കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗിനു കീഴിലുള്ള ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടറായി. സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ റീജിയണൽ ഡയറക്ടറായും തഞ്ചാവൂർ കൾച്ചറൽ സെന്ററിന്റെ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ കൾച്ചറിന്റെ റീജിയണൽ ഡയറക്ടർ ആയാണ് നിലവിൽ പ്രവർത്തിക്കുന്നത്.

## ശ്രീ. കെ.എ. ബാലകൃഷ്ണൻ

1983-85 കാലഘട്ടത്തിൽ ചിറ്റൂർ കോളേജിലെ ഭൗതികശാസ്ത്ര വിദ്യാർത്ഥിയായിരുന്ന ശ്രീ. കെ.എ. ബാലകൃഷ്ണൻ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലെ ഉന്നത ഉദ്യോഗസ്ഥനാണ്. നിലവിൽ ചെന്നൈ എയർപോർട്ടിൽ എയർ ട്രാഫിക് കൺട്രോൾ വിഭാഗത്തിൽ ജോയിന്റ് ജനറൽ മാനേജരാണ്. കോളേജ് പഠനകാലത്തുതന്നെ അറിയപ്പെടുന്ന ചിത്രകാരനും കാർട്ടൂണിസ്റ്റുമായി തിളങ്ങി നിന്നിരുന്നു. യൂണിവേഴ്സിറ്റി മത്സരങ്ങളിൽ ഒട്ടേറെത്തവണ ചിത്രരചനയിലും കാർട്ടൂണിലും സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

കോളേജിലെ ക്യാമറാ ക്ലബ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. അന്ന് അദ്ദേഹം കോളേജിന്റെ പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോകൾ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. ഔദ്യോഗികമായ തിരക്കുകൾക്കിടയിലും ഇന്ത്യയിലെ പ്രസിദ്ധങ്ങളായ പത്രങ്ങളിൽ കാർട്ടൂണുകൾ വരയ്ക്കുവാൻ അദ്ദേഹം സമയം കണ്ടെത്തുന്നുണ്ട്. ഇന്ന് ഇന്ത്യയിലെതന്നെ അറിയപ്പെടുന്ന കാർട്ടൂണിസ്റ്റുകളിൽ ഒരാളാണ് അദ്ദേഹം. പാലക്കാട് കൊല്ലങ്കോട് സ്വദേശിയാണ്.

## പ്രേംദാസ് എസ്.വി.

1981-83 ൽ പ്രീഡിഗ്രിയും 1983-85 ൽ ബി.എസ്സ്സിയും (ഫിസിക്സ്) ചിറ്റൂർ കോളേജിൽ നിന്നും പൂർത്തീകരിച്ച് മുപ്പത് വർഷത്തോളം സർക്കാർ സ്റ്റേഷനറി വകുപ്പിൽ ജോലിചെയ്തു. അസിസ്റ്റന്റ് സ്റ്റേഷനറി കൺട്രോൾ തസ്തികയിൽ ജോലി ചെയ്തു വരുന്നതിനിടയിൽ 2022 മെയ് 31 ന് അദ്ദേഹം സുദീർഘമായ സർക്കാർ സേവനത്തിൽ നിന്നും വിരമിച്ചു.

കുടുംബശ്രീ മിഷന്റെ ജില്ലാ അസിസ്റ്റന്റ് കോർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. എഴുത്തുകാരനായും അഭിനേതാവും സാഹിത്യ-സാംസ്കാരിക രംഗത്ത് തിളങ്ങി നിൽക്കുന്ന അദ്ദേഹം ഓർമ്മയുടെ മന്ദാരങ്ങൾ എന്ന കഥാസമാഹാരവും കടൽജീവിതങ്ങൾ എന്ന കവിതാസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒട്ടേറെ നാടകങ്ങളിലും ആർദ്രം ഷഡാനനം എന്ന ഡോക്യു ഫിക്ഷനിലും ഇഷൈ എന്ന ഷോർട്ട് ഫിലിമിലും പൊരിവെയിൽ എന്ന സിനിമയിലും അഭിനയിച്ചിട്ടുണ്ട്. തത്തമംഗലം സ്വദേശിയാണ്.

## പ്രൊഫ. എൻ.ആർ. ഗോപാലകൃഷ്ണൻ

ചിറ്റൂർ കോളേജിൽ നിന്നും പ്രീഡിഗ്രിയും 1964 ൽ ബി.എസ്സ്സിയും (മാത്സ്) പൂർത്തീകരിച്ച പ്രൊഫ. എൻ.ആർ. ഗോപാലകൃഷ്ണൻ കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലെ മാത്സ് വിഭാഗത്തിൽ അധ്യാപകനായിരുന്നു. അതിനുശേഷം അദ്ദേഹം പാലക്കാട് എൻ.എസ്.എസ്. എഞ്ചിനിയറിംഗ് കോളേജിൽ ഗണിത വിഭാഗത്തിൽ ചേർന്നു. അവിടെ നിന്നും ഗണിതവിഭാഗത്തിന്റെ തലവനായാണ് വിരമിച്ചത്. നെന്മാറ പഴയ വില്ലേജിലാണ് താമസം.

## അഡ്വ. ടി.കെ. നൗഷാദ്

പത്താമത് നിയമസഭയിൽ (1996-2001) അംഗമായിരുന്ന അഡ്വ.ടി.കെ. നൗഷാദ് 1962 ൽ പാലക്കാട്ടാണ് ജനിച്ചത്. 1978 മുതൽ 1983 വരെയുള്ള കാലയളവിലാണ് അദ്ദേഹം ചിറ്റൂർ കോളേജിൽ പഠിച്ചിരുന്നത്. പാലക്കാട് നിയമസഭാ മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചത്.സജീവ രാഷ്ട്രീയ പ്രവർത്തകനായി അദ്ദേഹം ഇപ്പോഴും തുടരുന്നുണ്ട്.

## കെ. ബാബു

1979-81 കാലഘട്ടത്തിൽ ചിറ്റൂർ കോളേജിൽ പ്രീഡിഗ്രി വിദ്യാർത്ഥിയായിരുന്ന നെന്മാറ സ്വദേശിയായ ശ്രീ. കെ. ബാബു നിലവിൽ നെന്മാറ നിയമസഭാ മണ്ഡലത്തിലെ സാമാജികനാണ്. പതിനാലാം നിയമസഭയിലും ആദ്ദേഹം നെന്മാറ മണ്ഡലത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. നെന്മാറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത് അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

## വി. ചെന്താമരാക്ഷൻ

2001 ൽ ആലത്തൂർ, 2006 ൽ കൊല്ലങ്കോട്, 2011 ൽ നെന്മാറ എന്നീ നിയമസഭാ മണ്ഡലങ്ങളെ പ്രതിനിധീകരിച്ച ശ്രീ. വി. ചെന്താമരാക്ഷൻ ചിറ്റൂർ കോളേജിലെ 1979 മുതൽ 1982 വരെയുള്ള കാലയളവിലെ ബി.എ. എക്കണോമിക്സ് പൂർവ്വ വിദ്യാർത്ഥിയാണ്. ആലത്തൂരിനടുത്ത കാവശേരിയിൽ 1960 ലാണ് അദ്ദേഹം ജനിച്ചത്.

## കെ.ജി. ശേഖരനുണ്ണി

1970-73 കാലഘട്ടത്തിൽ ചിറ്റൂർ കോളേജിലെ ബി.കോം വിദ്യാർത്ഥിയായിരുന്ന ശ്രീ. കെ.ജി. ശേഖരനുണ്ണി ചിറ്റൂർ-തത്തമംഗലം നഗരസഭയുടെ ചെയർമാനായിരുന്നു. കോളേജ് പഠനകാലത്തുതന്നെ സജീവ സംഘടനാപ്രവർത്തകനായിരുന്നു. കോളേജിലെ ഫുട്ബാൾ ടീം ക്യാപ്റ്റനും ആയിരുന്നു. 2000 മുതൽ 2005 വരെ ചിറ്റൂർ തത്തമംഗലം നഗരസഭയുടെ വൈസ് ചെയർമാനായും 2005 മുതൽ 2010 വരെ നഗരസഭയുടെ ചെയർമാൻ ആയും പ്രവർത്തിച്ചിട്ടുണ്ട്. വൈസ് ചെയർമാൻ ആയിരിക്കെ 2003 ൽ കുറച്ചുകാലം ചെയർമാന്റെ സ്ഥാനം കൂടി വഹിച്ചിരുന്നു.

1992 മുതൽ നാളിതുവരെ ചിറ്റൂർ കോ-ഓപറേറ്റീവ് ബാങ്കിന്റെ ചെയർമാനായി പ്രവർത്തിച്ചുവരുന്നു.

## കെ. മധു

ചിറ്റൂർ തത്തമംഗലം നഗരസഭയുടെ ചെയർ പേഴ്സനായിരുന്ന ശ്രീ.കെ. മധു ചിറ്റൂർ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയാണ്. 1984 ൽ ചിറ്റൂർ കോളേജിലെ യൂണിയൻ ചെയർമാനായി പ്രവർത്തിച്ചിട്ടുണ്ട്.

നിലവിൽ അദ്ദേഹം ചിറ്റൂർ തത്തമംഗലം നഗരസഭയുടെ കൗൺസിലറായി പ്രവർത്തിക്കുന്നു. ചിറ്റൂർ-തത്തമംഗലം നഗരസഭാ ചെയർമാനും ചിറ്റൂർ



നിയമസഭാ മണ്ഡലത്തിൽ ഒന്നിലേറെ തവണ എം.എൽ.എ യും ആയിരുന്ന ശ്രീ. കെ.അച്ചുതന്റെ സഹോദരൻ കൂടിയാണ് ശ്രീ. കെ. മധു.

### പ്രൊഫ. വേദസഹായകുമാർ

1949ൽ ജനനം. ചിറ്റൂർ കോളേജിൽ തമിഴ് സാഹിത്യത്തിൽ എം.എ. പുതുമൈപ്പിത്തൻ, ജയകാന്തൻ എന്നിവരുടെ ചെറുകഥകളെ ആസ്പദമാക്കിയുള്ള പഠനത്തിന് ഡോക്ടറേറ്റ് നേടി. 1980 മുതൽ 36 വർഷം കോളേജധ്യാപകനായിരുന്നു. തമിഴിൽ അറിയപ്പെടുന്ന ഒരു സാഹിത്യവിമർശകനാണ്. പ്രശസ്തമായ ഒട്ടനവധി വിമർശനഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. അ. ക. പെരുമാൾ, രാജമാർത്താണ്ഡൻ, പി. കൃഷ്ണസ്വാമി തുടങ്ങിയവർ സഹപാഠികളാണ്.

### സി.പി. രവീന്ദ്രനാഥൻ ഐ.എഫ്.സ്.

ചിറ്റൂർ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയായ ചിറ്റിലഞ്ചേരി പത്തിയിൽ രവീന്ദ്രനാഥൻ, ഐ.എഫ്.സ്. 1965 മുതൽ 2000 വരെയുള്ള കാലയളവിൽ രാജ്യത്തിനുവേണ്ടി ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. ജോയിന്റ് സെക്രട്ടറി, കാബിനറ്റ് സെക്രട്ടറി, ആസ്ട്രേലിയയിലെ ഇന്ത്യൻ കോൺസുൽ ജനറൽ, ആസ്ട്രേലിയയിലെ ഇന്ത്യൻ ഹൈകമ്മീഷണർ, ഫിലിപ്പിൻസിലെ ഇന്ത്യൻ ഹൈകമ്മീഷണർ മുതലായ തസ്തികകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

Global Management Education-Country Studies 2009 എന്ന പുസ്തകത്തിന്റെ Co-editor ആണ്. പ്രഭാഷകൻ, അധ്യാപകൻ എന്ന നിലയിലും പ്രസിദ്ധനാണ്. ബാംഗ്ലൂരിലാണ് അദ്ദേഹം സ്ഥിരതാമസമാക്കിയിട്ടുള്ളത്.

### രാജമാർത്താണ്ഡൻ

രാജമാർത്താണ്ഡൻ ( 1948-2009) നാഗർകോവിൽ സ്വദേശി. നിരൂപകനും പത്രപ്രവർത്തകനും കവിയുമാണ് . രാജമാർത്താണ്ഡൻ ദിനമണി അസിസ്റ്റന്റ് എഡിറ്ററായി പ്രവർത്തിച്ചു. കൊല്ലിപ്പാവൈ എന്ന പേരിൽ ഒരു പത്രം നടത്തിയിരുന്നു.

അവസാന കാലത്ത് കാലച്ചുവടിലായിരുന്നു ജോലി. ഒരുപാട് കവിതകൾ എഴുതിയെങ്കിലും മികച്ച കവിതാ നിരൂപകനും നിരൂപകനുമായാണ് രാജമാർത്താണ്ഡൻ അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ "രാജമാർത്താണ്ഡൻ കവിതകൾ" എന്ന പുസ്തകത്തിന് തമിഴ്നാട് സർക്കാർ തമിഴ് വികസനവകുപ്പ് 2002-ലെ മികച്ച പുസ്തകങ്ങളിൽ പുതുക്കവിത വിഭാഗത്തിൽ പുരസ്കാരം നൽകി


### ചിത്ര അരുൺ

2001-04 കാലയളവില് ചിറ്റൂർ കോളേജിൽ ബി.എ സംഗീത വിദ്യാർത്ഥിനിയായിരുന്ന ചിത്ര അരുൺ രണ്ടാം റാങ്ക് കരസ്ഥമാക്കിയിട്ടുണ്ട്. പിന്നീട്, എം.എ സംഗീതത്തിൽ ഒന്നാം റാങ്കോടെയാണ് പാസായത്.

2007 മുതൽ സിനിമാ പിന്നണിയിൽ ഗാനങ്ങൾ ആലപിച്ചുവരുന്ന അനുഗ്രഹീത ഗായികയാണ്. മൂവായിരത്തി അഞ്ഞൂറിലധികം ആൽബം ഗാനങ്ങളും ഭക്തിഗാനങ്ങളും ആലപിച്ചിട്ടുണ്ട്. കെ.ജെ. യേശുദാസ്, പി. ജയചന്ദ്രൻ, ഉണ്ണി മേനോൻ തുടങ്ങി പ്രഗത്ഭരായ അനേകം ഗായകരോടൊപ്പം സ്റ്റേജ് ഷോകൾ അവതരിപ്പിച്ചിട്ടുണ്ട്. പാലക്കാട് സ്വദേശിയാണ്. നിലവിൽ കൊച്ചിയിലാണ് താമസമാക്കിയിട്ടുള്ളത്.









# വാസ്തുഹാര / രോഗധാര (ചിറ്റൂരോർമ്മകൾ)

മേതിൽ രാധാകൃഷ്ണൻ

പോയ മാർച്ചിൽ ചിറ്റൂർ ഗവൺമെന്റ് കോളേജ് സന്ദർശിച്ചപ്പോൾ, ഞാൻ കളിമൈതാനത്തിലേക്കു നടന്ന് ഒരു ഗോൾവലയത്തിന്റെ തുണിൽപ്പിടിച്ചുനിന്നു. ഏറെനേരം നിന്നു. ഒരുമ്പെട്ട രീതിയിൽ 'കഥന സ്വഭാവം' ഉള്ള ഒരുപാട് ഓർമ്മകൾ മനസ്സിലൂടെ കടന്നുപോയി. ചിലവ ഗോൾവലയത്തിലൂടെ.

കളിക്കാതെ ഞാൻ തോറ്റൊരു കളി. ഒരുദിവസം, ഈ മൈതാനത്തുവച്ചാണ് ഞാൻ കാൽപ്പന്തിൽനിന്നുതന്നെ ഇറങ്ങിപ്പോയത്. ഒരു കുട്ടിയുടെ ദുശ്ശാഠ്യത്തോടെ. പിന്നിൽ പ്രമേയങ്ങളുണ്ട്.

ആൾമാറാട്ടം.

അപരന്റെ മറവ്.

നെഹ്റു ഹൗസ്, ഗാന്ധി ഹൗസ് എന്നിങ്ങനെ നാലായി വിഭജിക്കപ്പെട്ട കൂട്ടങ്ങളിലെ അംഗങ്ങളായിട്ടാണ് എല്ലാ കളിക്കാരും കായികാഭ്യാസികളും മത്സരിച്ചിരുന്നത്. ഒന്നിന്റെ തലവൻ ജയപ്രകാശ്. ഞങ്ങൾക്കിടയിൽ സംഘർഷം. ഞങ്ങൾ രണ്ടുപേരും മീനാക്ഷി ലോഡ്ജിലായിരുന്നു. ചിലർ, ജയപ്രകാശ് ഉൾപ്പെടെയുള്ള ചില ഡിഗ്രി വിദ്യാർത്ഥികൾ, പ്രീ യൂനിവേഴ്സിറ്റി വിദ്യാർത്ഥികളെ ഒപ്പത്തിനൊപ്പം കൊണ്ടുനടത്തില്ലായിരുന്നു.

ഞാൻ എതിർത്തു.

ഒറ്റയ്ക്കു തർക്കിച്ചു.

ഇതു കേൾക്കിൻ, ചങ്ങാതിമാരേ, എന്റെ ചേട്ടന്റെ പ്രായ ക്കാരോടാണു ഞാൻ നാട്ടിൽ കളിച്ചതും തല്ലുകൂടിയതും. അവരേക്കാൾ മുതിർന്നവരുടെ സീനിയർ ഫുട്ബാൾ ടീമിൽ ഞാൻ, ഒരു കൊച്ചൻ, സബ് ജൂനിയർ, കളിച്ചിരുന്നു. ബൈ ദ വേയ്, നാട്ടിലും വീട്ടിലും ഞാൻ അറിയപ്പെടുന്നതു കൊച്ചൻ എന്ന ചെല്ലപ്പേരിലാണ്. അതിശയോക്തിയിൽ അവരെന്നെ വിളിച്ചതു നെവിൽ ഡിസൂസ എന്നായിരുന്നു. കാരണം, ഗോളടിക്കുന്നതിൽ ഞാൻ മിടുക്കനായിരുന്നു. അവർ എന്നെ ടീമിൽ ചേർത്തതിനു കാരണംതന്നെ അതായിരുന്നു. പിന്നെന്താണു നിങ്ങളുടെ പ്രശ്നം? നിങ്ങളുടെ കൂട്ടത്തിൽ ചിലരെയെങ്കിലും ഒരു തല്ലിൽ തോല്പിക്കാൻ എനിക്കു കഴിയും. പിന്നെ, പ്രണയവും സെക്സും. പ്രണയത്തിൽ എനിക്ക് നല്ല പരിചയമുണ്ട്. സെക്സ്, അനുഭവജ്ഞാനമില്ല. പക്ഷേ ജ്ഞാനമുണ്ട്. വാത്സ്യായനൻ തൊട്ട് ഹാവ് ലോക് എല്ലിസ് വരെയുള്ള ലൈംഗികകാര്യ വിദഗ്ധരുടെ പുസ്തകങ്ങൾ ഞാൻ ഇതിനകം വായിച്ചിട്ടുണ്ട്. മദ്യം. എനിക്കതിന്റെ ലഹരിയറിയാം. പുകവലി. നിങ്ങളേക്കാൾ കൂടുതൽ സിഗരറ്റു വലിക്കുന്ന ആളാണു ഞാൻ. ഇത്രയും പറഞ്ഞതിനർത്ഥം: ഒന്നോ രണ്ടോ വർഷം മുൻപേ കോളേജിൽ ചേർന്നതുകൊണ്ടു നിങ്ങൾ എല്ലാവരും എന്നേക്കാൾ കേമന്മാരാകണമെന്നില്ല.

പിൽക്കാലത്ത് അവരെന്നെ കൂട്ടാൻ പോകുന്നു. അവരിൽ ചിലർ എന്റെ അടുത്ത സുഹൃത്തുക്കളാകാൻ പോകുന്നു, രണ്ടുവർഷത്തോളം. പ്രത്യേകിച്ചും ജയപ്രകാശ്. പക്ഷേ, ഞാൻ വിവരിച്ചുകൊണ്ടിരിക്കുന്ന വർത്തമാനത്തിൽ ഞാൻ അവന് എതിരായിരുന്നു. അതെന്നെ ഒരു വിഷമഘട്ടത്തിൽ എത്തിച്ചു. കാരണം, കോളേജിലെ രേഖകളനുസരി

ച്ച ഞാൻ അവന്റെ നേതൃത്വത്തിലുള്ള ഹൗസിലായിരുന്നു. തന്റെ ഫുട്ബാൾ ടീമിൽ ഞാൻ കളിക്കണമെന്ന് അവനു വാശിയുണ്ടായിരുന്നു.

പക്ഷേ, ഭാഗ്യവശാൽ, എനിക്ക് ഒരു അപരനെ കിട്ടി. പ്രീയൂനിവേഴ്സിറ്റി വിദ്യാർത്ഥിയായി മറ്റൊരു എം. രാധാകൃഷ്ണനുണ്ടായിരുന്നു.

അപരനെക്കുറിച്ച് ജയപ്രകാശിന് അപ്പോൾ ഒന്നും അറിയില്ലായിരുന്നു. പുറവാതിൽക്കാഴ്ചകളിൽ ഒരിക്കലും പ്രത്യക്ഷപ്പെടാതിരിക്കയാൽ ആ മറ്റേ രാധാകൃഷ്ണൻ സാന്ദർഭികമായി അദൃശ്യനായിരുന്നു. ഈ അദൃശ്യതയുടെ മറവുപിടിച്ച് ഞാൻ എന്റെ സ്വത്വം അവന്റേതാക്കി.

ശുദ്ധ ആൾമാറാട്ടം.

ഒരുദിവസം പരിശീലകനെക്കുറിച്ച് സംസാരിക്കാൻ ജയപ്രകാശ് എന്നെ സമീപിച്ചപ്പോൾ ഞാൻ പറഞ്ഞു: "നീ ഉദ്ദേശിക്കുന്ന ആൾ മറ്റേ രാധാകൃഷ്ണനാണ്. ഞാൻ നിന്റെ ഹൗസിലല്ല. നിനക്കു തെറ്റുപറ്റിയതാണ്."

അവന്റെ ഹൗസ് ആദ്യത്തെ മത്സരത്തിനു കളിസ്ഥലത്തേക്കു കടക്കുമ്പോൾ മറ്റേ പാതിയിൽ ഞാൻ നിൽപ്പുണ്ടായിരുന്നു. എതിർടീമിൽ, മറ്റേ രാധാകൃഷ്ണൻ ആയിട്ട്! പക്ഷേ, എനിക്കറിയാമായിരുന്നു, ജയപ്രകാശ് വിഡ്ഢിയല്ല, വിട്ടുവീഴ്ചക്കാരനുമല്ല. അവൻ മൈതാനത്തിനുനേർക്കു നടന്നുവരുന്നതു ഞാൻ കണ്ടു. കളിയിൽ നടുവനാകേണ്ട ഫിസിക്കൽ ഇൻസ്ട്രക്ടർ കൂടെയുണ്ട്. അദ്ദേഹത്തിന്റെ ഒരു കയ്യിലുള്ളതു വിസിലാണെങ്കിൽ, മറുകയ്യിലുള്ളതു നീണ്ട് കനത്ത ചട്ടയുള്ളൊരു നോട്ടുപുസ്തകമാണ്. അദ്ദേഹം, ഞങ്ങളുടെ ടീമിനോടു പൊതുവേ ചോദിച്ചു: "ആരാണ് എം. രാധാകൃഷ്ണൻ?" സ്പാർട്ടക്കസ് അല്ലാത്തതുകൊണ്ട് എനിക്ക് എന്നെ ചൂണ്ടേണ്ടിവന്നു.

"ഞാനാണ്, സാർ."

നോട്ടുപുസ്തകത്തിന്റെ ഏടുകൾ മറിച്ച്, എന്റെ പേരും വിവരവുമുള്ളൊരു വരിയിലൂടെ അങ്ങോട്ടും ഇങ്ങോട്ടും വിരലോടിച്ച് അദ്ദേഹം പറഞ്ഞു, "ദാ, ഇതുകണ്ടില്ലേ? രാധാകൃഷ്ണൻ കളിക്കേണ്ടതു ജയപ്രകാശിന്റെ ഹൗസിനുവേണ്ടിയാണ്."

"കളിച്ചില്ലെങ്കിൽ?"

"കളിച്ചില്ലെങ്കിൽ... അറിയാമല്ലോ, ഇത് എന്റെ സ്വന്തം നിയമമല്ല, എനിക്കു രാധാകൃഷ്ണനെ മൈതാനത്തുനിന്നു പുറത്താക്കേണ്ടിവ രും."

"ഞാൻ കളിക്കുന്നില്ല."

ജേഴ്സി ഊരിച്ചുരുട്ടിയെറിഞ്ഞു ഞാൻ മൈതാനത്തിന്റെ വക്കത്തേക്കു നടന്നു. എന്റെ കുപ്പായം എടുത്തിടാൻ. സ്ഥലംവിടുമ്പോൾ ഞാൻ മനസ്സിൽ പറയുന്നുണ്ടായിരുന്നു: "ഇനി കാൽപ്പന്തില്ല. ഇനിയെന്റെ കാലുകൾ കണ്യാർകളിക്കു മാത്രം."

അന്നു രാത്രി വൈകിയിട്ട് ജയപ്രകാശ് എന്റെ മുറിയിലേക്കു വന്നു. "നിന്റെ ഇറങ്ങിപ്പോക്ക് എനിക്ക് വളരെ വളരെ ഇഷ്ടപ്പെട്ടു. കൈതാ." ഞാൻ കൈ കൊടുത്തു. ഞങ്ങൾ ചങ്ങാതിമാരായി. ഞാൻ കൂട്ടത്തിലായി.

Rite of passage.

ഞാനതു താണ്ടിയിരിക്കുന്നു. പക്ഷേ, പിന്നീട് ഒരിക്കലും ഞാൻ കളിച്ചിട്ടില്ല. (വളരെ വർഷങ്ങൾക്കു ശേഷം ഒരു പ്രാവശ്യം, ഒരൊറ്റ പ്രാവശ്യം, ഞാൻ മണിക്കൂറുകളോളം കളിച്ചത് 2007 ജനുവരിയിൽ അബുദാബിയിലെ ഒരു സമ്മേളനം നടന്നുകൊണ്ടിരിക്കെ അവിടത്തെ മലയാളി കേന്ദ്രത്തിന്റെ മുറ്റത്തു കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളോ ടൊപ്പമായിരുന്നു. കുട്ടികൾ മുഴുവൻ ഒരുഭാഗത്ത്. ഞാൻ അപരിചിതനായൊരു ചെറുപ്പക്കാരനോടൊപ്പം മറുഭാഗത്ത്. കുട്ടികൾ ഞങ്ങൾക്കെതിരെ ഗോളുകൾ അടിച്ചുകൊണ്ടേയിരുന്നു.)

താക്കീത്:

ഒരു ചാംപ്യന്റെ ചിത്രം ഈ വിവരണത്തിൽനിന്ന് ഉണ്ടാകരുത്. സ്വയം ചാംപ്യനായി പ്രക്ഷേപിക്കാൻ ഞാൻ നടത്തുന്ന ശ്രമമാണിതെന്നു വായിച്ചെടുക്കുന്നവർ വെറും വിഡ്ഢികളാകാനേ സാധ്യതയുള്ളൂ. (എനിക്ക് ആ വർഗ്ഗത്തെ മുൻകൂട്ടി കാണാം). ഒരു കളിക്കാരൻ എന്നതിനപ്പുറത്ത് കാൽപ്പന്തുമായി ജീവിതത്തെ, മനസ്സിനെ, വിചാരങ്ങളെ, ബന്ധപ്പെടുത്തിയൊരാളുടെ വേർപാടിനെക്കുറിച്ചാണു ഞാൻ വിവരിച്ചുകൊണ്ടുവന്നത്.

കാൽപ്പന്ത്, ഏതു പന്തും, കളിക്കാരുടേതല്ലാത്തൊരു കോണിൽനിന്നു ഞാൻ കാണുന്നു, കണ്ടിരുന്നു.

ബിംബം, ജ്യാമിതി.

വസ്തുക്കളിൽനിന്നു വിദ്യ അഭ്യസിച്ച എനിക്ക് അജൈവസ്വത്വമെന്ന് ഇപ്പോൾ മാത്രം പേരിടാനാവുന്ന ഒന്നിന്റെ സാന്നിധ്യം സങ്കല്പിക്കാമായിരുന്നു. ("ഈ കല്ലിനുള്ളിൽ ഇല്ലാത്ത ദൈവം ഇല്ല, പത്മിനി." - ദ്രോണാചലപല്ലവി). വസ്തുക്കളിൽ, ജ്യാമിതി പഠിക്കുംമുൻപേ, ഞാൻ ചില വരകൾ പിടിച്ചെടുത്തു. വളവുകളും കോണുകളും പിടിച്ചെടുത്തു. കൂട്ടത്തിൽ പന്തു വളരെ വിശേഷപ്പെട്ടൊരു വസ്തുവായിരുന്നു. പന്തിന്റെ ആകൃതി സ്വയം അതിനു ചില പ്രത്യേക ചലനപ്രകാരങ്ങളും പഥങ്ങളും നൽകുന്നു. "ഉരുണ്ടത്" എന്ന വാക്കുതന്നെ ഒരേസമയത്ത് അതിന്റെ ആകൃതിയും ചലനവും ഓർമ്മിപ്പിക്കുന്നു.

ചുരുക്കത്തിൽ, പന്തും മൈതാനവും ഒന്നിക്കുന്നേടത്ത് എന്റെ മനസ്സിൽ തുറന്നുകിടന്നത് ഒരു ഇൻസ്ട്രുമെന്റ് ബോക്സിലെ ഉരുപ്പടികളുടെ സാധ്യതകളാണ്. ചിറ്റൂർ കോളേജിലെ മൈതാനത്തു ഞാൻ വലിച്ചെറിഞ്ഞത് ആ അവയെല്ലാമായിരുന്നു.

"വാസ്തുഹാര" എന്നൊരൊറ്റ വാക്കിൽ എന്റെ എഴുത്തിനെയും ജീവിതത്തെയും ഞാൻ ഒതുക്കട്ടെ.

എന്റെ കഥകളിലൂടെയും കവിതകളിലൂടെയും ഉരുണ്ടത്ര പന്തുകൾ മറ്റൊരു എഴുത്തുകാരന്റേതെന്നല്ല, ഏതെങ്കിലുമൊരു ജനതയുടെ മുഴുവൻ സാഹിത്യത്തിലും പ്രത്യക്ഷപ്പെട്ടിട്ടില്ല. തർക്കം വേണ്ട. ഇതൊരു മൂല്യനിർണയപ്രശ്നമല്ല. വെറുമൊരു യാദാസ്തു, ഇൻവെന്ററി. അഭിപ്രായവ്യത്യാസമുള്ളവർക്കു പന്തുകളെണ്ണാം.

എനിക്കെണ്ണാനുള്ളതു നഷ്ടപ്പെട്ട അവസരങ്ങൾ. അവയിലൊന്ന് വസ്തുക്കളുടെയും നിർമിതികളുടെയും നിർമാണത്തിന്റെയും ലോകത്തിലേക്ക് (രാജാജി തുറന്നിട്ട ലോകത്തിലേക്ക്) കടന്നുചെല്ലാനുള്ള അവസരമായിരുന്നു. എന്റെ അവസരം നഷ്ടപ്പെടുത്തിയതു കേരളസർവ്വകലാശാലയുടെ ഉദാസീനതയും ഉത്തരവാദിത്തമില്ലായ്മയുമായി രുന്നു.

കോയമ്പത്തൂരിൽ സാൻവിച്ച് എൻ ജിനീയറിങ്ങിൽ പരിശീലനം നൽകുന്നൊരു സ്ഥാപനമുണ്ടായിരുന്നു. പുറത്തെ രണ്ടു റൊട്ടിക്കഷണങ്ങൾക്കു പകരം സിദ്ധാന്തവും അവയ്ക്കിയിൽ കുത്തിനിറച്ച പ്രയോഗവും

മിക്കസമയവും പണിപ്പുരകളിൽ.

തിന്നാൻ തോന്നി.

സ്ഥാപനത്തിൽ ഒരു പകർച്ചവ്യാധിയുണ്ടായപ്പോൾ ആന്ധ്രയിലെ ഗ്രാമങ്ങളെത്തന്നെ രക്ഷിച്ച അച്ഛന്റെ പ്രത്യേകസഹായമാണ് അവർ ആഗ്ര ഹിച്ചത്. അച്ഛൻ ഭംഗിയായി തന്റെ പണി പൂർത്തിയാക്കി. ഒരു പ്രത്യുപകാരമെന്ന നിലയ്ക്ക്, പ്രീയൂനിവേഴ്സി റ്റി കഴിഞ്ഞിരിക്കുന്ന എനിക്കു സാൻവിച്ച് കോഴ്സിനു പ്രവേശനം നല്കാമെന്നു സ്ഥാപനക്കാർ വാക്കുകൊടുത്തു. പക്ഷേ, ഒരു നിബന്ധനയുണ്ട്. എസ്. എസ്. എൽ.സി.ക്ക് കോംപസിറ്റ് മാത്സ് ഒരു വിഷയമായിരിക്കണം.

പപ്പ പറഞ്ഞു: ഇപ്പോൾ അങ്ങനെയൊന്നു കേരളത്തിലില്ല. സാമാന്യഗണിതമേ ഉള്ളൂ."

"സാരമില്ല. ഞങ്ങൾ എങ്ങനെയെങ്കിലും അതു ശരിപ്പെടുത്താം."

പക്ഷേ സർട്ടിഫിക്കറ്റ് എന്നെ ചതിച്ചു. എന്റെ ചേട്ടന്റെ കാലത്തു വിദ്യാർത്ഥികൾക്കു മിശ്രഗണിതമോ അല്ലെങ്കിൽ സാമാന്യഗണിതമോ തെരഞ്ഞെടുക്കാമായിരുന്നു. ചേട്ടൻ മിശ്രമാണ് പഠിച്ചത്. പിന്നെ അതു നിന്നു. പക്ഷേ, അക്കാലത്ത് അച്ചടിച്ച സർട്ടിഫിക്കറ്റുകളാണ് സർവകലാശാല പിൻതലമുറയ്ക്കു കരുതിവച്ചിരുന്നത്. ചുരുക്കത്തിൽ, എന്റെ കയ്യിലുള്ള രേഖകളനുസരിച്ചു മിശ്രഗണിതം ലഭ്യമായിരുന്നെങ്കിലും ഞാൻ സാമാന്യഗണിതമാണു പഠിച്ചിരിക്കുന്നത്. സർട്ടിഫിക്കറ്റിൽ "കോംപസിറ്റ് മാത്തമാറ്റിക്സ്" എന്ന വാക്കുകൾ മഷികൊണ്ടു വെട്ടിക്കളഞ്ഞിരിക്കുകയാണ്. എന്റെ ഭാവിയാണു വെട്ടിക്കളയപ്പെട്ടത്. എന്റെ ചുറ്റികയും സ്പാനറും സ്ക്രൂഡ്രൈവറുമാണ് അവർ തട്ടിപ്പറിച്ചത് ("നിങ്ങൾക്കു ഞാൻ വെച്ചിട്ടുണ്ട്").

ബി. എ. വർഷാന്തപരീക്ഷയുടെ ദിവസങ്ങൾ പുതിയങ്കത്തെ കണ്യാർകളിയുടേതുമായി സംവദിച്ചു. കണ്യാർകളിവിട്ട് എനിക്കു വേറെ കാര്യമില്ല. ഓരോ വർഷവും ഞാൻ ജീവിച്ചിരുന്നത് ആ മൂന്നു രാത്രി തകർത്താടാൻ വേണ്ടിയാണ്. എനിക്കു ചക്കിലിയൻ കളിക്കണം. ചക്കിലിച്ചിയായ ശിന്നിയോടൊപ്പം ആട്ടിവട്ടം തിമിർക്കണം. എന്നെ കരയിക്കുംവിധം അവളെപ്പറ്റിയുള്ള വിരഹഗാനം പാടണം.

"ശിന്നിയേ, ശിന്നിയേ,ശിന്നി രങ്കമ്മാ, ശിന്നിയെ കാണാമലേ കണ്ണുനീരൊഴുക് തേ"

രാത്രിയുടെ ദൈർഘ്യം ഒരു മുഴുവൻ ചാരായക്കുപ്പിയുടെ ദൈർഘ്യമായിരുന്നു ചാരായം ആവിയാകും. ഉടൽ ബാഷ്പീകരണമാവും. മൂന്നും അഞ്ചും ആടിയാലും, പരുന്തുകാലിൽ പറന്നാലും വീഴില്ല, വീഴില്ല, പരീക്ഷയിലും വീഴില്ല. പഠിക്കാൻ മനസ്സില്ല. തോൽക്കാനും മനസ്സില്ല. ചുവന്ന കൊന്നപ്പൂക്കൾക്കും കുരുത്തോലകൾക്കും താഴെ എന്റെ ചാരായമട്ടം ആരുയ്ക്കും?





ചുവടുകളുടെ കാലെഴുത്തിൽ പരീക്ഷയെഴുതാനുള്ള കയ്യക്ഷരം ഞാൻ കണ്ടു. ഒരുലിപിയുമല്ലാത്ത ലിപി മനസ്സിൽ തെളിഞ്ഞു. ആ ലിപിയിലാണു ഞാൻ ഉത്തരക്കടലാസുകൾ എഴുതിയത്. കണ്ടാൽ ഇംഗ്ലീഷാണെന്നു തോന്നും. "മോശമായ കൈയക്ഷരത്തിലെഴുതിയ ഇംഗ്ലീഷ്. ചില നിർണ്ണായകവാക്കുകൾ മാത്രം (on, in, of, at, ...) ശരിക്കും ആംഗലമായിരുന്നു.

പക്ഷേ, പൊതുവേ അത് ഈ ലോകത്തിലെ ഒരു ഭാഷയായിരുന്നില്ല. ഇടയ്ക്കു സ്പഷ്ടമായ അക്കങ്ങളുടെയും (വർഷങ്ങൾ, ശതമാനങ്ങൾ) ഉദ്ധരണചിഹ്നങ്ങളുടെയും എന്റെ പ്രശസ്തമായ ഗ്രാഫുകളുടെയും അകമ്പടിയിൽ അതിന് ഒരു ആധികാരികത കിട്ടുന്നു. പരിശോധകർ വീണുപോയത് ഈ മായാസൃഷ്ടത്തിലാണ്. ഞാൻ പരീക്ഷയിൽ ജയിച്ചു.

("എന്റെ ജീവനവും ഉപജീവനവുമായ സാൻഡ് വിച്ച് നിങ്ങൾ തട്ടിയെടുത്തു. ഉത്തരക്കടലാസുകളിൽ വെറും ചവറു നിറച്ചുതന്ന് നിങ്ങളുടെ കയ്യിൽനിന്നു ഞാനൊരു ബിരുദം തട്ടിയെടുത്തു.")

കുവൈറ്റിൽവെച്ചാണ് എന്റെ ബി.എ. ബിരുദക്കടലാസ് പലതായി ചീന്തി ഞാൻ ഉച്ചക്കാറ്റിൽ വലിച്ചെറിഞ്ഞത്.


..............................................

ചിറ്റൂർ കോളേജിൽ പലതുണ്ടായിരുന്നു. എന്നെ അഗാധമായി സ്നേഹിച്ചിരുന്നൊരു പെൺകുട്ടി. ഔപചാരിക വിവാഹനിശ്ചയത്തിനു ശേഷവും ഇവിടെ വിവരിക്കാൻ സ്ഥലമോ നിർവാഹമോ ഇല്ലാത്തത്രയും സങ്കീർണ്ണമായ സാഹചര്യങ്ങളിൽ എന്റെ ഭാര്യയാവാതെപോയ പെൺകുട്ടി. കോളേജിന്റെ കെട്ടിടത്തിൽത്തന്നെ ഇന്ത്യൻ കോഫി ഹൗസിന്റെ ശാഖ. ഒരു ദുർനിയോഗത്തിന്റെ താര പിടിച്ചെന്നതുപോലെ മണിക്കൂറിൽ ഒരുതവണ എന്നോടൊപ്പം അവിടെയിരുന്നു കാപ്പി കുടിച്ചിരുന്നൊരു സ്നേഹിതൻ.

അച്യുതനുണ്ണി.

കോളേജ് ഇലക്ഷൻ.

ഞങ്ങൾ എതിർകക്ഷികളിലായിരുന്നു. അമേരിക്കൻ മാതൃകയിൽ രണ്ടു കക്ഷികൾ: ഡെമോക്രാറ്റ്സ്, ഇൻഡിപ്പെൻഡന്റ്സ്. ഒരുദിവസം കോളേജിലേക്കുള്ള പാതയി ലൂടെ ഡെമോക്രാറ്റ്സ് സംഘം മുന്നേറുമ്പോൾ കൂട്ടത്തി ലൊരു പയ്യൻ ഇന്നത്തെ ചെറുപ്പക്കാരുടെ ശൈലിയിൽ ഒറ്റയ്ക്കു നൃത്തം ചെയ്യുന്നതു ഞാൻ കണ്ടു. അതെന്നെ (കണ്യാർകളിയിലെ ചക്കിലിയനെ) വളരെയേറെ ആകർഷിച്ചു.



ഞാൻ കൂട്ടത്തിനു നേർക്കു ചെന്നു. കൂട്ടം ശ്രദ്ധിച്ചു, ആപൽക്കാരിയായൊരു എതിർകക്ഷിക്കാരന്റെ എന്തോ ഉദ്ദേശിച്ചുള്ള വരവ്. ഇരുവശത്തേക്കുമായി മാറിനിൽക്കാൻ ആംഗ്യം കാണിച്ചുകൊണ്ടു ഞാൻ അകത്തേക്കു കയറി. നർത്തകനു കൈ കൊടുത്തുകൊണ്ടു ഞാൻ പറഞ്ഞു: "ബ്യൂട്ടിഫുൾ ഡാൻസിംഗ്".

"താങ്ക്യൂ."

"പേരെന്താണ്?"



“അച്യുതനുണ്ണി.”

“എന്റെ പേര്?”

“അറിയാം, മേതിൽ.”

“പഠിക്കുന്നത് ?”

“ബി. എ. ഫസ്റ്റ് യേർ.”

“ഇക്കണോമിക്സ്?”

“അതെ.”

“ഗ്രേറ്റ്. ഞാനും.”

അപാരനായൊരു കാപ്പികുടിയനായിരുന്നു ഉണ്ണി. പുകവലിയിൽ എനിക്കു സമാന്തരൻ. ഓരോ പിരിയഡിനു ശേഷവും ഞങ്ങളെപ്പോലെ ചിലർക്കു പുറത്തിറങ്ങേണ്ടിയിരുന്നു. അധ്യാപകർക്കു പ്രശ്നമായി. ക്ലാസ്സിലേക്കു കടക്കുമ്പോൾ ആൺകുട്ടികളുടെ സ്ഥലം മിക്കവാറും ശൂന്യം. സ്റ്റാഫ്റൂമിൽ ഒരു വിചാരണയ്ക്കെത്താൻ എനിക്കും ഉണ്ണിയ്ക്കും ക്ഷണം കിട്ടി. ഒരുകാര്യം എന്നെ വല്ലാതെ ആശ്ചര്യപ്പെടുത്തി. പുകവലിയ്ക്കുവേണ്ട സമയത്തിനുവേണ്ടി ഞാൻ വാദിക്കുന്നതുപോലെ കാപ്പിക്കു വേണ്ട സമയത്തിനുവേണ്ടി ഉണ്ണി വാദിക്കുന്നില്ല. ധൈര്യമില്ലായ്മയല്ല, എന്തോ ഒരു തടസ്സം. എന്തോ പുറത്തുവരാതിരിക്കാൻ അവൻ ശ്രദ്ധിക്കുന്നതുപോലെ.

ചർച്ചയിൽ തീരുമാനം അനുകൂലമായിരുന്നു. ഞങ്ങളുടെ അധ്യാപകർ പറഞ്ഞു: “...എങ്കിൽ ഇനി ബെല്ലടിച്ച് പതിനഞ്ചു മിനിറ്റ് കഴിഞ്ഞാലേ ഞങ്ങൾ ക്ലാസ്സിൽ കടക്കൂ. പക്ഷേ അതിനുമുമ്പേ കാപ്പികുടിയോ പുകവലിയോ മറ്റെന്തെങ്കിലുമോ ഒക്കെ മുഴുമിച്ച് നിങ്ങൾ കൃത്യമായി ക്ലാസ്സിലുണ്ടാവണം.”

ബി. എ. പൂർത്തിയായതിനുശേഷം ഏതാനും മാസങ്ങൾക്കകം ഉണ്ണിയ്ക്ക് ഒരു പ്രശസ്ത ഇംഗ്ലീഷ് പത്രത്തിൽ ജോലികിട്ടി. പിന്നെ ഏതാനും മാസങ്ങൾക്കകം അവൻ മരിച്ചു. അവന്റെ മരണത്തേക്കാൾ വലിയ ഞെട്ടൽ മരണകാരണമായിരുന്നു .

പിന്നീടാണറിഞ്ഞത്, ഉണ്ണിക്ക് ഒരു പ്രത്യേകതരം രോഗമുണ്ടായിരുന്നു. അവനു കാപ്പി തൊടാൻ പാടില്ലായിരുന്നു. വീട്ടുകാർ കൊടുത്തില്ല. അവരുടെ നിർബന്ധപൂർവമായ അപേക്ഷയനുസരിച്ചു ബന്ധുക്കളും നാട്ടുകാരും ആരും കൊടുത്തില്ല. ഹൃദ്യമായൊരു ആശ്രയം ഇന്ത്യൻ കോഫി ഹൗസായിരുന്നു. പലപ്പോഴും ഞാൻ പാതികുടിച്ച കോപ്പ മാറ്റിവയ്ക്കുമ്പോൾ, അവൻ രണ്ടാം കോപ്പ ആവശ്യപ്പെട്ടുകഴിഞ്ഞിരിക്കും. ആ മുടിഞ്ഞ കാപ്പിയാണ് അവനെ കൊന്നത്. ഓരോ കോപ്പയിലൂടെയും ഞാൻ അവനെ മരണത്തിനു വിട്ടുകൊടുക്കുകയായിരുന്നു.

പട്ടത്തുവിള കരുണാകരന്റെ ആദ്യത്തെ പുസ്തകമാണ് ഓർമ്മവന്നത്. “കണ്ണേ മടങ്ങുക!” ആ പേരുള്ള കഥയിൽ കുറേ ഉപശീർഷകങ്ങളാണ്. എല്ലാം ആൾപ്പേരുകൾ. ഓരോ പേരിനുചുവട്ടിലും ഓരോ മരണം വായിക്കാം.

ഡെത്ത് ഇൻവെന്ററി.

യഥാർത്ഥജീവിതത്തിൽ എനിക്കു പിടിച്ചെടുക്കാൻ ഇതുപോലൊരു പട്ടികയുണ്ടാവില്ല. പക്ഷേ, മരണത്തോടെയല്ലാതെ മാഞ്ഞുപോയതും, മാഞ്ഞുപോയില്ലായിരുന്നെങ്കിൽ എന്റെ പ്രായത്തിനു താങ്ങാനാവാത്ത ചില ചുമടുകളാൽ മനസ്സിന്റെ അത്താണിതന്നെ തകർക്കുമായിരുന്നതുമായ ഒരടുപ്പത്തിന്റെ കഥയുണ്ട്. പക്ഷേ, ഒരു മുന്നറിയിപ്പും എനിക്കു കിട്ടിയില്ലല്ലോ എന്ന ദുഃഖം ബാക്കിനിന്നു. ഒരുപക്ഷേ, അതു മറുഭാഗത്തെ സംയമനമായിരുന്നിരിക്കണം.

പ്രീയൂനിവേഴ്സിറ്റി. മിക്ക കോളേജുകളിലെയും ഇരിപ്പിടങ്ങളെ അസൂയപ്പെടുത്തുന്ന മരപ്പണി, പിന്നിൽ പിന്നിലേക്കായി ഡെസ്കുകൾ ഉയർന്നുയർന്നുപോകുന്ന സജ്ജീകരണം. കെമിസ്ട്രി ഗ്യാലറി.

തിങ്കളാഴ്ച.

ഒന്നാം പിരിയഡ്.

തിങ്കളാഴ്ച ഒന്നാം പിരിയഡിൽ ക്ലാസ്സെടുക്കുന്ന ആൾ തന്നെത്താനെ ഞങ്ങളുടെ ക്ലാസ് ടീച്ചറാവുന്നു. അവർ വന്നു. മുഖമുയർത്തി ആരെയും നോക്കാതെയാണു ഹാജർ പുസ്തകം നോക്കി അവർ പേർ വിളിക്കുന്നത്. “പ്രസന്റ് മാഡം” എന്ന പ്രതികരണത്തിനും അതിന്റെ അഭാവത്തിനും ചെവികൊടുത്തുകൊണ്ട്, ‘പ്രോക്സി’ വിദ്യ നിങ്ങൾ പഠിക്കാൻ

പോകുന്നതേയുള്ളൂ, കുട്ടികളേ! പിന്നെ എന്റെ പേരുകേട്ടു.

"എം. രാധാകൃഷ്ണൻ?"

പേരുവിളിച്ചയുടനെ ആദ്യമായി അവർ മുഖം ഉയർത്തി സദസ്സിലേക്കു നോക്കി.

"ഹിയർ, മാഡം."

എന്റെ ഒച്ച വന്നേടത്തേയ്ക്ക് ആവശ്യത്തിൽ കൂടുതൽ രണ്ടുസെക്കന്റോള മെങ്കിലും അവർ നോക്കി. ഇതെനിക്ക് അവ്യാഖ്യേയമായി തോന്നിയില്ല. ടീച്ചർ താമസിക്കുന്നതു ലേഡീസ് ഹോസ്റ്റലിൽ. എന്റെ തങ്കച്ചേച്ചി, കമലാദേവി (മുത്തശ്ശിയുടെ അനിയത്തിയുടെ മകൾ) താമസിക്കുന്നതും അവിടെ. ചേച്ചി അനിയനെക്കുറിച്ചു ടീച്ചറോടു പറഞ്ഞിരിക്കും.

മറ്റൊരു തിങ്കളാഴ്ച. ടീച്ചർ വരാൻ അല്പം വൈകിയതുകൊണ്ടോ, അവർ വരില്ലെന്നു ധരിച്ചതുകൊണ്ടോ, ഒരുകൂട്ടം ആൺകുട്ടികൾ ഇരിപ്പിട ങ്ങൾവിട്ടു ഫീസടയ്ക്കാൻ പുറത്തേക്കു പോയി. ഏതാണ്ടൊരു പത്തുസെ ക്കന്റു കഴിഞ്ഞപ്പോൾ ഞാനും പുറത്തിറങ്ങി. വാതിൽ തുറക്കുന്നത് ഒരു നീണ്ട വരാന്തയിലേക്കാണ്. വരാന്ത അവസാനിക്കുന്നിടത്ത് ഇടത്തോ ട്ടു തിരിഞ്ഞാൽ മുകൾനിലയിലേക്കുള്ള കോണിയുടെ പടവുകൾ. ഞാൻ പുറത്തുകടക്കുമ്പോൾ, ഫീസടയ്ക്കാൻ പോയ കൂട്ടത്തെ തിരിച്ചു ക്ലാസിലേ ക്കു തെളിച്ചുകൊണ്ടു ടീച്ചർ എനിക്കെതിരെ വരുന്നു. ഞാൻ നിന്നില്ല. കൂട്ടം മുറിച്ചു ഞാൻ കടന്നുപോകുന്നതു ടീച്ചർ കണ്ടു. പക്ഷേ, "എങ്ങോ ട്ടാണ്?" "ക്ലാസ്സിലേക്കു തിരിച്ചുപോകൂ" എന്നൊന്നും ഞാൻ കേട്ടില്ല. പണം കെട്ടി തിരിച്ചുവന്ന് വാതിൽക്കൽ നിന്നു ഞാൻ ചോദിച്ചു, "മേയ് ഐ കം ഇൻ, മാഡം?"

"എങ്ങോട്ടു പോയി?"

ഫീസടയ്ക്കാൻ.

അതിനു സമ്മതം കിട്ടാതെ കുറേ കുട്ടികൾ തിരിച്ചുവന്നല്ലോ. ഏതായാലും കടന്നിരിക്കൂ.

ആർക്കും കിട്ടാത്ത ചില അനുവാദങ്ങൾ എനിക്കു കിട്ടുന്നത് ഒരു സാധാരണ സംഭവമായി. ഞാൻ ഓർത്തു: ഇതു തീർച്ചയായും തങ്കച്ചേ ച്ചി പറഞ്ഞിട്ടാവില്ല. ചിലപ്പോൾ, സാധാരണമാകയാൽ നാം ശ്രദ്ധിക്കാത്ത ചില രേഖകൾ അസാധാരണമായൊരു രേഖീയത്തിലേ ക്കു നയിക്കുന്നു. ശ്രദ്ധിച്ചാൽ അവസാനത്തെ അസാധാരണയുടെ ആശ്ചര്യം നശിക്കും. ഞാൻ പാതി ശ്രദ്ധിച്ചു. പാതി ശ്രദ്ധിച്ചില്ല.

മറ്റൊരു തിങ്കൾ.

കേട്ടെഴുത്ത്.

പോക്കറ്റിൽ നാലായി മടക്കിവച്ചിരുന്ന കടലാസുകളിലാണ് ഞാൻ എഴു തുന്നത്. അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ടാണു ടീച്ചർ വായിക്കു ന്നത്. പിന്നെ, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും നിരകൾക്കി ടയിലെ പടവുകളിലൂടെ അവർ ഗാലറിയിലേക്കു കയറി. വായന തുടരുന്നു.

(ലേയത്വം, അലച്ചിൽ ഗുണം. ഈ വിഷയത്തിൽ ഞാൻ അലിയാൻ പോകുന്നില്ല.)

ഗാലറിയുടെ മുകളറ്റം വരെ പോയി ടീച്ചർ തിരിച്ചുവരുന്നത് എനിക്കറി യാം. ഞാൻ കാലൊച്ചകൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്റെ അടു ത്തെത്തിയപ്പോൾ അതു പെട്ടെന്നു നിലച്ചു.

"നോട്ട്ബുക്കില്ലേ?"

"അത്... പിന്നെ..."

"പറയണം."

ഞാൻ പറഞ്ഞു: "ഈ കടലാസുകളെല്ലാം ഞാൻ ഫയൽചെയ്തു വയ്ക്കും."

"നുണ. വെറും നുണ. കോളജിൽനിന്ന് ഇറങ്ങിപ്പോകുന്ന വഴിക്കു രാധാ കൃഷ്ണൻ ഇതു കാറ്റിൽ പറപ്പിക്കുമെന്ന് എനിക്ക് നല്ലതുപോലെയറിയാം."

സത്യം. എന്റെ പതിവതാണ്. പക്ഷേ, ഇവർ ഇതെങ്ങനെയറിഞ്ഞു!

അടുത്ത ക്ലാസ്സിൽ, ഹാജർ പുസ്തകം മടക്കിവെച്ച ഉടനെ അവർ പറഞ്ഞു: "വാട്ട് ഈസ് സോല്യുബിലിറ്റി? രാധാകൃഷ്ണൻ ഉത്തരം പറയട്ടെ."

എനിക്കുത്തരമില്ല.

"ഇംപോസിഷൻ. ഇരുപത്തഞ്ചുതവണ. എഴുതിയത് അടുത്ത ക്ലാസ്സിൽ എന്നെ കാണിക്കണം."

ഞാൻ അനുസരിച്ചു.

പിന്നെ ഒരു ബ്ലാക്കൗട്ട്. ഒന്നും ശരിക്കും എനിക്കോർക്കാൻ കഴിയുന്നില്ല.



ഒരുദിവസം ടീച്ചർ പെട്ടെന്ന് ഇല്ലാതായി. അവർ സ്ഥലംമാറിപ്പോയി!

"എന്നോട് ഒരു വാക്കു പറയാതെ," ഞാൻ ഉള്ളിൽ പറഞ്ഞു. അവിടെവച്ചു ഞാൻ എന്നെ പിടികൂടി. നിന്നോടെന്തിനു യാത്ര പറയണം? നിനക്കവർ ആരായിരുന്നു? നീയവർക്ക് ആരായിരുന്നു?

അറിയില്ല.

പിന്നീട്ടു ഞങ്ങളെ രസതന്ത്രം പഠിപ്പിക്കാൻ വന്നത് ആരാണെന്നുപോലും എനിക്കോർമ്മയില്ല. ലേയത്വം എന്താണെന്നു ഞാൻ അറിഞ്ഞു. പതുക്കെപ്പതുക്കെ ഞാൻ അലിയുകയായിരുന്നു. അർത്ഥശൂന്യതയിൽ, കേവലശൂന്യതയിൽ. ഞാൻ ക്ലാസ്സുകൾ മുടക്കാൻ തുടങ്ങി, അല്ലെങ്കിൽ ഓരോരോ മണിക്കൂറുകൾ അശ്രദ്ധമായി കഴിച്ചുകൂട്ടി. എന്റെ ഇരിപ്പിടം ഞാനൊരു ജനാലയ്ക്കരികിലേക്കു മാറ്റി.

ചിൽച്ചതുരങ്ങളിലൂടെ പുറത്തേക്കു നോക്കിക്കൊണ്ടു ഞാനിരിക്കും. വോളിബോൾ മൈതാനം കാണാം. അതിനുമപ്പുറത്ത് പെട്ടെന്നുള്ള ഒരു ഇല്ലായ്മയുടെ വക്കിനു താഴെ ശോകനാശിനിപ്പുഴ. (വോളിബോൾ മൈതാനത്തിൽ, പിന്നെപ്പോഴോ, സീനിയർ പെൺകുട്ടികൾക്കു പരിശീലനം നൽകാൻ തെരഞ്ഞെടുക്കപ്പെട്ട ചെറുക്കന്മാരിൽ ഒരാൾ ഞാനായിരുന്നു. കൂട്ടത്തിലൊരു പെൺകുട്ടി വർഷങ്ങൾക്കുശേഷം മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരനും ചലച്ചിത്രസംവിധായകനുമായ പത്മരാജന്റെ ഭാര്യയായി. തിങ്കളാഴ്ച നല്ല ദിവസമെന്ന് അദ്ദേഹമല്ലേ പറഞ്ഞത്!)

തിങ്കൾ മുടിയട്ടെ.

സായാഹ്നങ്ങളിൽ പലപ്പോഴും ഞാൻ തങ്കച്ചേച്ചിയെ കാണാൻ ലേഡീസ് ഹോസ്റ്റലിലേക്കു പോകും. പെങ്ങന്മാരുടെ ഒരു സ്നേഹവലയം എനിക്കെപ്പോഴും അവിടെയുണ്ടായിരുന്നു. ഒരുദിവസം ചേച്ചി ചോദിച്ചു: "നിന്നോട് ഇഷ്ടമായിരുന്ന ടീച്ചർ പോയി, അല്ലേ? നിനക്കു വിഷമമുണ്ടോ?"

ഞാൻ അമ്പരന്നു.

ചേച്ചിയുടെ ഒരു സ്നേഹിത ടീച്ചറുടെ ഹൃദയത്തോട് ഏറ്റവുമടുത്തൊരു കൂട്ടുകാരിയായിരുന്നു. ടീച്ചർ അവരോട് എല്ലാം തുറന്നുപറയുമായിരുന്നു. ഒരിക്കൽ ടീച്ചർ പറഞ്ഞത്രേ: "എനിക്കെന്താണിങ്ങനെ... എന്നേക്കാൾ പത്തുവയസ്സെങ്കിലും ചെറുപ്പമായൊരു കുട്ടിയോട്... അവനെ കണ്ടാൽ ഞാൻ എല്ലാം മറക്കും. എന്റെ നെഞ്ചിൽ എന്തോ നിറയുന്നതുപോലെ..."

"ചേച്ചീ, മതി."

പരീക്ഷക്കാലമായി.

കെമിസ്ട്രി.

ഒന്നാം ചോദ്യം. അറിയില്ല. രണ്ടാം ചോദ്യം. അതും അറിയില്ല. മൂന്നാം ചോദ്യം... ഞാൻ കണ്ണുകളടച്ചു. അടുത്തൊരു ചോദ്യത്തിലാണു കണ്ടത്, താഴെ പറയുന്ന വിഷയങ്ങളെക്കുറിച്ച് ചെറുകുറിപ്പുകളെഴുതുക. ആ നിരപ്പിൽ നിന്ന് ഒരു വാക്ക് എന്റെ കണ്ണുകളിലേക്കു തള്ളിനിന്നു.

Solubility

അതേക്കുറിച്ചുമാത്രം ഒരു കുറിപ്പെഴുതിവച്ചു ഞാൻ സ്ഥലംവിട്ടു. ചോദ്യക്കടലാസിനു പിന്നിൽ ടീച്ചറുടെ കയ്യുണ്ടെന്ന് എനിക്കു തോന്നി. എനിക്കുവേണ്ടി മാത്രമുള്ളൊരു ചോദ്യമാണത്. ഒരു രഹസ്യസന്ദേശം. "ദൂരെനിന്നു ഞാൻ നിന്നെ ശ്രദ്ധിക്കുന്നുണ്ട്. നിനക്കറിയാവുന്ന ഒരേയൊരു ഉത്തരം എന്താണെന്ന് എനിക്കുറപ്പുണ്ട്."

------------------------


ചാർമിനാർ.

എന്റെ അച്ഛന്റെ ഓർമ്മയ്ക്കായുള്ള മന്ദിരമെന്നു ഞാനതിനെ മനസ്സാ സങ്കല്പിക്കുന്നു. ചാർമിനാർ സിഗരറ്റിനോടു പപ്പയ്ക്കുണ്ടായിരുന്ന ബ്രാൻഡ് വിശ്വസ്തത അപാരമായിരുന്നു. നാട്ടിലന്നു ചാർമിനാർ കിട്ടുമായിരുന്നില്ല. ഒഴിവുകാലത്തു പുതിയങ്കത്തെത്തുമ്പോൾ, ചില്ലറ വ്യാപാരികൾ വാങ്ങിവയ്ക്കാറുള്ള കെട്ടുകളുമായി പപ്പ വരും. ചാർമിനാർ തീർന്നാൽ ബീഡിയേ വാങ്ങൂ. ചിറ്റൂരിൽ പഠിയ്ക്കുമ്പോൾ ഒരു വാരാന്തത്തിൽ അമ്മയെയും പപ്പയേയും ഏട്ടനേയും എന്റെ രണ്ടാമത്തെ അനിയത്തിയായ രമയേയും കാണാൻ ഞാൻ കോയമ്പത്തൂർക്കു പോയി. കോളജ് വിഷയങ്ങളുടെ ചർച്ചയ്ക്കിടയിൽ പപ്പ ചോദിച്ചു: "ഹാവ് യൂ സ്റ്റാർട്ടഡ് സ്മോക്കിങ്?" ഞാൻ നേരുപറഞ്ഞു. പപ്പയുടെ പ്രതികരണം: "ദെൻ സ്മോക്ക് ഓൺലി ചാർമിനാർ."

"യെസ്. സർ."

അച്ഛന്റെ ഓർമ്മയിൽ, ആ ശുപാർശയ്ക്കുമുൻപേ ഞാൻ ചാർമിനാറിലേക്കു കടന്നിരുന്നു. അതു മറ്റൊരു പേരുമായി കെട്ടുപിണഞ്ഞു.

ചിറ്റൂർ കോളജിന്റെ ഒരു മുറ്റത്തു മൈലാഞ്ചിച്ചെടികൾ സമൃദ്ധമായി പടർന്നു നിന്നിരുന്നു. അവ മുകളേറാൻ ശ്രമിക്കുന്ന രണ്ടാം നിലയിൽ സസ്യശാസ്ത്രവകുപ്പ്. അവിടെ എന്റെ സ്വന്തം 'മൈലാഞ്ചി', എന്റെ കാമിനിയായ പെൺകുട്ടി. മൈലാഞ്ചി എന്നർത്ഥംവരുന്നൊരു ബംഗാളിപ്പേരിട്ടാണു ഞാൻ അവളെ വിളിച്ചിരുന്നത്. ശരിയായ പേരിന്റെ ആദ്യഭാഗവുമായി അതു പൊരുത്തപ്പെട്ടിരുന്നു. അതിന്റെ ശേഷഭാഗവും സത്യജിത്റേയുടെ ഒരു പടവും ചേർന്നപ്പോൾ ചാർമിനാർ എന്റെ ചാരുലതയായി. പിന്നീട് എന്റെ സംഘത്തിൽ ചേർന്ന ജൂനിയർ കുട്ടികളെന്നല്ല, അതു വിൽക്കുന്ന കടയിലെ പൊന്നൻപോലും ചാർമിനാറിനെ ചാരുലതയെന്നു വിളിക്കാൻ തുടങ്ങി. കുട്ടികൾ പറഞ്ഞു: "റേയോടല്ല, ഞങ്ങളുടെ ചേടത്തിയമ്മയോടുള്ള ആദരവിനായി."



(കടപ്പാട്:
2010 ലെ മലയാള മനോരമ വാർഷികപ്പതിപ്പിൽ പ്രസിദ്ധീകരിച്ച മേതിൽ രാധാകൃഷ്ണന്റെ ജീവിതസ്മരണകളിൽനിന്ന്)






# My Chittur College Memories

Madhu Ambat ISC

Reminiscing what happened in my life about 58 years back during my Pre Degree course in Government College, Chittur naturally brings up a lot of mixed feelings...

I feel sad because I have lost connection with so many of my friends who were close to me during those days; with whom I thought friendship will continue through life. Now I realise friendships are need based. You develop friendship at different stages of life to fulfill your emotional insecurities of those days. But then when we move on, these insecurities change and we change our friends accordingly.

But sometime in your life, you look back and feel bad about the friendships you have lost on your path of future. Where are they now? What are they doing? Have they achieved what they wanted in their lives?

I have gone through these questions several times. How I wish to get in touch with my friends of yesteryears... Now I am well known as one of the Best Cinematographers in the world but these are the people who stood by me and supported me in the uncertain stage of my life, when I did not know where it will lead. I wish to hear from them, I long to hear from them... Since I am well known, they can find my contacts easily but they may be hesitating, thinking that now that I am famous, will not remember them. How far the truth can be... I request all my friends of yesteryears to write to me. My mail id is ma@madhuambat.com.

During my stay in the hostel during 2nd year of PDC, I had two close friends from Coimbatore. One of them is Prabhu and the second one's name I don't remember. We have done so much of mischiefs together in the hostel like lighting firecrackers in front of the warden's room at 12.30 in the night on the Vishu day. There were many other friends who have been part of life during those days. Like Chandrika (Indhuchoodan's - famous Ornithologist - daughter), Samuel, Vikram, Raghunath (from whom I heard about the Film and Television Institute of India for the first time - he was the son of the Headmaster of Chittur Government School - he applied for FTII direction but didn't get admission)

While I lost many friends, there are a few of them who have

kept in touch.

The first is Vipin Mohan, whose friendship started at the age of 6, during my school days. He has been my soul mate, who knows all my secrets; If there is one person who can blackmail me, it is him. Our friendship has continued without break for all these years. His daughter Manjima got married on 28th to Gowtham Karthik (Actor Karthik's son) I was really glad that I could attend the marriage and bless the couple.

The other two are Unnikrishnan and Premsagar. Unnikrishnan was working in Palakkad Treasury. Now retired and living in Chittur. Premsagar did a course on Hotel Management and was manager for several hotels under KTDC. He retired from Mascot Hotel Trivandrum. I cannot forget my cousin Santhan who was with me through my college days. We formed the "Famous Five" and were partners in many mischiefs... At this juncture, I cannot forget my tuition master Palaniappan Master who started teaching me from 8th standard and continued till my PDC. He was a school master in Chittur Government school. He is one of the three persons without whom I cannot have reached where I stand now. In the quarterly exam of 8th standard, I got 1 mark in Maths and 5 marks in English, so I was put under his tuition. I still remember the first the question he asked me. "What is so difficult about Maths? It is only 10 digits and 4 signs." To my child's mind, this was a revelation. From then onwards, Maths looked so simple to me and I scored 100% in all my exams till graduation. In English also I always scored above 90%. Such is the power of a teacher. I have longed to know his whereabouts and visit him if he is still alive.

You always lose something when you gain something. A successful life consists of more gains than loses. You gain new friends but lose many of your old ones. When you look back, what hurts you most is the loss of your friends. I hurts you so much that you sit alone and cry in your hearts, because you have been taught that adults don't cry. I had written this poem some time back:

The other day, walking on the road
I saw a man sit alone and brood
I noticed tears in his swollen eyes
And knew he was thoroughly broken.


In my soul I felt sad for his losses
"Oh good God, give him Happiness"
And walked away with folded hands
Wishing him the best of future.

Further away on the same road
I saw a man sit alone and laugh
I saw tears in his happy eyes too, he
Was laughing so wild that he cried.

"I should be careful and don't go near
For surely, he is totally mad," I thought.
And as I walked away from the mad man
There were a few questions in my mind:

Why do our hearts weep for the man
Who sits alone and cries his heart out?
Why do we think he is a mad man
Who sits alone and is happy by himself?

For we know sadness is the true feeling
Even when a man feigns happiness.
For we are all aware that happiness is
A mirage that vanishes when we get near.



Madhu Ampat

Born in Chittur in 1949, renowned cinematographer Madhu Ampat is an alumnus of Chittur College. Madhu Ambat started his career as a cinematographer for documentaries and has worked as a cinematographer for more than two hundred and fifty films. He has worked with eminent directors in Kerala. Passed out from Pune Film Institute in 1973 with Gold Medal in Cinematography. Received three national awards and many other awards. Madhu Ampat currently resides in Chennai with his family. He is the son of renowned magician Prof. Bhagyanath. Ambat is also the grandson of Sivaramamenon.





# ഇവർ എനിക്ക് പ്രേരണയരുളിയിരുന്നു

ആഷാമേനോൻ

ഏതെങ്കിലും അദ്ധ്യാപകൻ എഴുത്തിൽ പ്രേരണയായിട്ടുണ്ടോ എന്ന് കഴിഞ്ഞ വർഷങ്ങളിൽ ഏതോ ഒരു ദിവസം, കുഴൽമന്ദം സ്കൂൾ വിദ്യാർത്ഥിനികളുമായുള്ള മുഖാമുഖത്തിനിടയ്ക്ക് ഒരു കുട്ടി ചോദിക്കുമ്പോൾ എന്റെ മനസ്സ് കൗതുഹലം കൊള്ളുന്നു. ഞാൻ തന്നെ പ്രതീക്ഷിയ്ക്കാത്ത ഒരുത്തരം എന്നിൽ നിന്ന് പുറത്തു വരുന്നു. "ഗുരുത്വം" എന്ന കുറിപ്പിൽ ഞാൻ കൃതാർത്ഥതയോടെ ഓർമ്മിച്ച ശിവാനന്ദ കമ്മത്ത് എന്ന ചിറ്റൂർ കോളേജ് ഇംഗ്ലീഷദ്ധ്യാപകനെക്കുറിച്ചല്ല പറഞ്ഞു പോയത്. വായനയിലേയ്ക്ക് - എഴുത്തിലേയ്ക്കല്ല - ഇതു പോലെ ആശിർവാദം ചൊരിഞ്ഞ മറ്റൊരദ്ധ്യാപകൻ ഇല്ലെന്നത് സത്യമായിരിക്കെ, ഞാൻ എന്റെ നന്ദകുമാർ ദാസ് എന്ന ഫിസിക്സ് അദ്ധ്യാപകനെ വെമ്പലോടെ ഓർമ്മിച്ചു. അതിനു മുൻപ് - ശിവാനന്ദ കമ്മത്ത് എന്ന ഗൗഡസാരസ്വത ബ്രാഹ്മണനെക്കുറിച്ച് അല്പം വിശദമാക്കട്ടെ, ആറു ദശാബ്ദം പിന്നിടുന്ന വിശദാംശങ്ങൾ - പ്രീ യൂനിവേഴ്സിറ്റിക്ക് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത് (Non detailed text) കൊങ്കിണി ഗോത്രജനായ അദ്ദേഹമാണ്. മഞ്ഞളിനോട് അടുത്തു വരുന്ന നിറവും നനുത്ത ശബ്ദവും, ഒരു ഗ്യാലറിയിലെ വിദ്യാർത്ഥികളെ ഒട്ടാകെ സംബോധന ചെയ്യാൻ അത് പര്യാപ്തമായിരുന്നോ എന്നു തിട്ടമില്ല. ഒന്നാം നിരയിലിരുന്ന ഒരു വിദ്യാർത്ഥിയെ അതു ബാധിക്കുന്നുമില്ല. ഗുരു ശബ്ദത്തിന്റെ വ്യാപ്തി മുഴുവൻ അദ്ദേഹത്തിൽ നിറഞ്ഞിരുന്നോ എന്നറിഞ്ഞു കൂടാ. സഹനമാണ് അദ്ദേഹം പകർന്നു തന്നത്. സഹനം വെളിച്ചമാണെങ്കിൽ അത് വെളിച്ചവുമാവാം. ചാൾസ് ഡിക്കൻസിന്റെ The "ടെയ്ൽ ഒഫ് ടു സിറ്റീസ്" എന്ന നോവലാണ് അദ്ദേഹം ഞങ്ങൾക്കെടുത്തു തന്നത്. ഗില്ലറ്റിനിൽ നിന്ന് ഇംഗ്ലീഷ് തടവുകാരെ ഇംഗ്ലണ്ടിലേക്ക് ഒളിച്ചു കടത്തുന്ന ഭാഗമാണ് ഓർമ്മയിൽ; സിഡ്നി കാർട്ടൺ എന്ന ഹൃദയാലുവായ മനുഷ്യന്റെ സ്വയം ത്യാഗത്തിന്റെ പരമോജ്ജ്വലമായ കഥ. തന്റെ പ്രിയ സഖിക്കായി, അവളുടെ സുമാംഗല്യത്തിനായി ഭർത്താവിനെ ഇംഗ്ലണ്ടിലേക്കു കടത്തിക്കൊടുത്ത് ആ സ്ഥാനത്ത് താൻ പിടി കൊടുക്കുന്ന കഥ. ഗില്ലറ്റിന്റെ ചുവടെ നില്ക്കുമ്പോൾ സിഡ്നി കാർട്ടൺ തൊട്ടടുത്തുള്ള സീംസ്ട്രെസ്സിനോട് അവളുടെ ചോദ്യത്തിനുത്തരമായി അവസാനത്തെ വിനാഴികകളിൽ ആ വിഫല മായി ഭവിച്ച പ്രണയ കഥ പറയുകയാണ്.

ഇതിൽ എന്റെ ധന്യശിക്ഷകനായി അദ്ദേഹം ഭവിച്ചതെങ്ങനെ? പഠന വർഷം കഴിഞ്ഞ് ഓട്ടോഗ്രാഫ് മേടിക്കാൻ കമ്മത്ത് സാറിനെ സമീപിച്ചതായിരുന്നു ഞാൻ. എന്നെ സാകൂതം നോക്കിക്കൊണ്ട് അദ്ദേഹം ഒരു ഞൊടിയിൽ കുറിച്ചു: "Be ready to sacrifice like Carton for a really noble cause." മുൻനിരയിൽ ഇരുന്ന് അദ്ദേഹത്തിന്റെ ആഖ്യാനം അന്തമറ്റ് ശ്രദ്ധിച്ചിരുന്ന ഈ മനസ്സിനെ അദ്ദേഹം തിരിച്ചറിഞ്ഞ ആ നിമിഷം, ശിവാനന്ദ കമ്മത്ത് എന്റെ അനിരോധ്യനായ ഗുരുവാകുകയായിരുന്നു. ഞാൻ എന്ത് ശ്രേഷ്ഠമായ ത്യാഗമാണ് അനുവർത്തിച്ചതെന്നത് മറ്റൊരു വിഷയമാണ്.


നന്ദകുമാർ ദാസ് എന്ന അദ്ധ്യാപകൻ എനിക്ക് ഓട്ടോഗ്രാഫൊന്നും

തന്നില്ല. ഞാൻ അദ്ദേഹത്തോട് ചോദിച്ചതുമില്ല. ഈ മനുഷ്യൻ ഒരു വരി പോലും എഴുതാൻ എനിക്കു പ്രേരണയരുളിയിട്ടില്ല. അഥവാ ചിന്തിക്കാനുള്ള പ്രേരണ മാത്രമേ തന്നിട്ടുള്ളൂ. ശിവാനന്ദ കമ്മത്ത് എന്നിൽ ചൊരിഞ്ഞത് empathy യുടെ മുകുളങ്ങളാണെങ്കിൽ, നന്ദകുമാർ ദാസ് എന്നിൽ അങ്കുരിപ്പിച്ചത് ജിജ്ഞാസയുടെ മുകുളങ്ങളാണ്.

അമ്പതിലധികം വർഷങ്ങൾക്കു മുൻപുള്ള ഒരു കോളെജ് അദ്ധ്യയന ദിനത്തിൽ ഫിസിക്സ് ലൈബ്രറിയിൽ നിന്ന് ഐൻസ്റ്റയിന്റെ വിചിത്ര സമവാക്യങ്ങളുള്ള ഒരു വലിയ ഗ്രന്ഥം എടുത്തു നടന്നത് ഞാൻ പൊടുന്നനെ ഓർക്കുന്നു. ആപേക്ഷിക സിദ്ധാന്തത്തെക്കുറിച്ചുള്ളതായിരുന്നു അത്. ആരൊ ക്കെയോ എന്നെ കളിയാക്കിയപ്പോൾ ഈ മനുഷ്യൻ തീർത്തും വ്യത്യസ്തമായ ഒരഭിപ്രായമാണ് പറഞ്ഞത്. "തനിക്കിതു മനസ്സിലാവുകയില്ല, കാരണം ആ സൂത്രവാക്യങ്ങൾ ആവശ്യപ്പെടുന്ന ഉയർന്ന ഗണിതം താൻ അഭ്യസിച്ചിട്ടില്ല. പക്ഷെ, അതിൽ ആശങ്ക വേണ്ട. മനുഷ്യന്റെ മനസ്സിന് എന്തു പഠിക്കാം എന്ന ഒരു തീർപ്പ് സ്വയം അഭ്യസിക്കുക. സ്വയം അറിയാനുള്ള ഇച്ഛ ആരംഭിക്കുന്നത് അറിയാൻ വയ്യാത്തത് അഭിമുഖീകരിക്കുമ്പോഴാണ്. എല്ലാം പരിചിതമാണെങ്കിൽ പിന്നെ എന്തു വെല്ലുവിളി? ഐൻസ്റ്റയിന് തുറന്നു തന്ന വിശാലതയിലേക്ക് ഒരു ചെറിയ ദൂരമെങ്കിലും ആനയിക്കപ്പെടുകയാണെങ്കിൽ അതു മതി."

ജീവിതത്തിൽ അതുപോലെ ഉണർന്നു പോയ നിമിഷങ്ങൾ അധികമൊന്നും എനിക്കു ലഭിച്ചിട്ടില്ല. കുറേ കഴിഞ്ഞാണ് - ഏതാണ്ട് രണ്ടു വർഷം - ബർട്രാന്റ് റസ്സലിന്റെ "The A B C of Relativity" എന്ന പുസതകം വായിക്കാനിടയാവുന്നത്, അതുപോലെ ചില ശാസ്ത്രഗ്രന്ഥങ്ങളും. സാഹിത്യത്തിൽ ശാസ്ത്രം അന്യമല്ല, ഇണയാണെന്ന ബോധം മനസ്സിലൂറിയത് അന്നാവണം. എത്രയോ വർഷങ്ങൾ, അഞ്ചാറു ദശാബ്ദങ്ങൾ, ധന്യതയോടെ എന്നെ ചിറ്റൂർ കോളേജങ്കണത്തിലേക്ക് പിൻനടത്തിയ ആ കുട്ടിയോട് സ്നേഹം മാത്രമല്ല തോന്നിയത്.





**ആഷാ മേനോൻ**

1947 ൽ പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ജനിച്ച പ്രശസ്ത എഴുത്തുകാരൻ ആഷാ മോനോന്റെ യഥാർത്ഥ പേര് കെ. ശ്രീകുമാർ എന്നാണ്. 1962-66 കാലഘട്ടത്തിലായിരുന്നും അദ്ദേഹം ചിറ്റൂർ കോളേജിൽ പഠിച്ചിരുന്നത്.

ശാസ്ത്രബിരുദം നേടിയ ശേഷം എഞ്ചിനിയറിംഗിനു ചേർന്നുവെങ്കിലും പഠനം പൂർത്തീകരിക്കാതെ സൗത്ത് ഇന്ത്യൻ ബാങ്കിൽ ഓഫീസറായി ചേർന്നു. അദ്ദേഹം രചിച്ചിട്ടുള്ള ഇരുപതോളം പുസ്തകങ്ങളിൽ സാഹിത്യ നിരൂപണങ്ങളും യാത്രാവിവരണങ്ങളും തത്വചിന്തകളും ഉൾപ്പെടുന്നു. അദ്ദേഹം രചിച്ച തന്മമാനസി (പരിസ്ഥിതി പഠനം), അടരുന്ന കക്കകൾ (യാത്രാ വിവരണം), ജീവന്റെ കയ്യൊപ്പ് (നിരൂപണം) എന്നീ കൃതികൾക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. ഗുരു നിത്യചൈതന്യയതിയുമായും ഒ.വി. വിജയനുമായും ഏറെ അടുപ്പം പുലർത്തി യിരുന്നു. അദ്ദേഹത്തിന്റെ കാവ്യാത്മകമായ രചനാശൈലി മലയാള സാഹിത്യത്തിൽ വേറിട്ടു നിൽക്കുന്നു.





# ചിറ്റൂർ കോളേജ് - വഴിത്തിരിവിന്റെ ഘട്ടം

കെ. ആനന്ദ് വർമ്മ

ചിറ്റൂർ കോളേജിൽ പഠിച്ച കാലം ശരിക്കും ഒരു വസന്തകാലമായിരുന്നു. എന്റെ ഏറ്റവും ചെറുപ്പത്തിലുള്ള ഒരു നല്ല സമയം, അതായത് ഒരു പതിനെട്ടു വയസ്സിൽ പ്രീഡിഗ്രിയ്ക്കു ശേഷമാണ് ഞാൻ അവിടെ വരുന്നത്. ഒരു രണ്ടുമൂന്നു വർഷത്തെ ഇടവേളയ്ക്കു ശേഷം ഞാൻ ചിറ്റൂർ കോളേജിലെ അധ്യാപകനായി വരികയും ചെയ്തു. അതായത് 1975ൽ. ഞാൻ പ്രീഡിഗ്രി എസ്.എൻ. കോളേജിൽ ആയിരുന്നു. സ്കൂൾ പഠനകാലത്ത് വയലിനും വായ്പാട്ടിനും ശാസ്ത്രീയസംഗീതത്തിന് സംസ്ഥാനതലത്തിൽ എനിക്ക് ധാരാളം സമ്മാനങ്ങൾ ലഭിച്ചിരുന്നു. പ്രീഡിഗ്രി ഇംഗ്ലീഷിന് എനിക്ക് നല്ല മാർക്കുണ്ടായിരുന്നു. പ്രീഡിഗ്രി കഴിഞ്ഞ്, ബി.എ. ഇംഗ്ലീഷ് എടുക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. കാരണം, ധാരാളം വായനയുള്ള ഒരു സമയമായിരുന്നു അത്.

തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളേജിൽനിന്ന് ആറാം റാങ്കിൽ കാർഡുവന്നിരുന്നു. അഡ്മിഷൻ ഉറപ്പായിരുന്നു. പക്ഷേ, ആ സമയത്താണ് ഞങ്ങളുടെ ഒരു ബന്ധു എന്റെ സഹോദരിയുടെ ഭർത്താവ് ചിറ്റൂർ കോളേജിൽ പഠിച്ചിട്ടുണ്ട്. കേണൽ രാജ്ജുനായർ. അദ്ദേഹം ചിറ്റൂരിൽ ആൺകുട്ടികൾക്കായി സംഗീതകോഴ്സുണ്ട് എന്നു പറഞ്ഞു. അന്ന് ഫിലോസഫിയും മ്യൂസിക്കും ചേർന്ന കോഴ്സാണ്. അതറിഞ്ഞശേഷം എന്റെ അച്ഛന് വലിയ നിർബന്ധമായിരുന്നു. എനിക്ക് മ്യൂസിക്കിലാണ് പ്രാവീണ്യം എന്നും മറ്റ് വിഷയങ്ങളേക്കാൾ നല്ലത് മ്യൂസിക്ക് തന്നെയാണെന്നു പറഞ്ഞു. അങ്ങനെയാണ് ഞാൻ ചിറ്റൂർ കോളേജിനെപ്പറ്റി അറിയുന്നതു അവിടെ എത്തിപ്പെടുന്നതും.

അന്ന് നാലുപേപ്പർ ഫിലോസഫിയും നാലുപേപ്പർ മ്യൂസിക്കുമാണ്. മ്യൂസിക്ക് തിയറിയും പ്രാക്ടിക്കലുമുണ്ട്. ഫിലോസഫിയിൽ ഇന്ത്യൻ ഫിലോസഫി, യൂറോപ്യൻ ഫിലോസഫി, ജനറൽ സൈക്കോളജി, ലോജിക്ക് എന്നിങ്ങനെയുള്ള പേപ്പറുകളുണ്ട്. ശരിക്കും എന്റെ സുവർണകാലമായിരുന്നു അന്ന്. അഡ്മിഷൻകിട്ടി അവിടത്തെ ഹോസ്റ്റലിൽത്തന്നെയായിരുന്നു എന്റെ താമസം. സാധകം ചെയ്യുക എന്നത് സംഗീതക്കാർക്ക് നിർബന്ധമായിട്ടുള്ള കാര്യമാണല്ലോ. ശോകനാശിനിപ്പുഴ എനിക്ക് മറക്കാൻ പറ്റില്ല. ഹോസ്റ്റലിനു തൊട്ടടുത്തുതന്നെ പുഴയിലേക്കിറങ്ങുന്ന ഒരു പടിക്കെട്ടുണ്ട്. വലിയ മഴയും വെള്ളപ്പൊക്കവുമൊന്നും ഇല്ലാത്ത സമയത്ത് നദി വളരെ ശാന്തമായി ഒഴുകുന്ന സമയം മിക്കവാറും അതിരാവിലെ ഞാൻ ആ പടിക്കെട്ടിൽ പോയിരുന്ന് വായ്പാട്ടും വയലിനും സാധകം ചെയ്യുമായിരുന്നു. പുഴയുമായുള്ള ബന്ധം എനിക്ക് വളരെ വലുതാണ്. ശാന്തമായ അന്തരീക്ഷവും പുഴ മന്ദമന്ദം ഒഴുകുന്നതും. അതുപോലെ മഴയുള്ള കാലങ്ങളിൽ നദി നിറഞ്ഞുകവിഞ്ഞൊഴുകുന്നതും ഞാൻ ധാരാളം കണ്ടിട്ടുണ്ട്.

സംഗീതവിഭാഗത്തിൽ അന്ന് വളരെ നല്ല അധ്യാപകരുള്ള കാലമാണ്. പ്രൊഫ. സുശീലാദേവി ടീച്ചർ ആയിരുന്നു അന്ന് ഹെഡ്ഡ്. അതുപോലെ നെയ്യാറ്റിൻകര മോഹനചന്ദ്രൻ സാർ. അദ്ദേഹം പ്രഗത്ഭനായ ഒരു സംഗീതജ്ഞനായിരുന്നു. ബിച്ചു തിരുമലയുടെ സഹോദരി വത്സല ടീച്ചർ. ഇവരൊക്കെയാണ് അന്ന് ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്നത്. മ്യൂസിക്ക് ഡിഗ്രി പ്രത്യേകമായി ഉണ്ടായിരുന്നില്ല. ആ കാലത്താണ് ഞാൻ അവിടെ പഠിക്കുന്നത്. 75 മുതൽ 78 വരെ. ആ കാലത്ത് ധാരാളം മത്സരങ്ങളിൽ

പങ്കെടുക്കുന്നതിന് ഞാൻ പോയിരുന്നു. സോണൽ, ഇന്റർസോൺ, മത്സരങ്ങളിൽ മൂന്നുവർഷവും തുടർച്ചയായി എനിക്ക് വയലിനിൽ ഒന്നാം സമ്മാനമായിരുന്നു. അതിനുള്ള പ്രചോദനവും സാഹചര്യവും എന്റെ കോളേജും ഹോസ്റ്റലും ആണ് ഒരുക്കിത്തന്നത്.

പൂർവ്വവിദ്യാർത്ഥിക്കൂട്ടായ്മയിൽ ഇപ്പോഴും സജീവമായി പ്രവർത്തിക്കുന്ന ജയദേവൻസാർ അന്നുണ്ടായിരുന്നു. 77-78 കാലത്ത് അദ്ദേഹം ഞങ്ങളെ കണ്ണൂരിൽ കലോത്സവത്തിന് കൊണ്ടുപോയിരുന്നു. ആ മത്സരത്തിൽ വയലിന് എനിക്ക് ഒന്നാം സമ്മാനം ലഭിച്ചു. അതിനുമുമ്പ് 76- 77ൽ കോഴിക്കോടുവച്ച് നടന്ന ഇന്റർസോൺ വളരെ പ്രധാനമാണ്. അന്ന് ഔസേപ്പച്ചൻ എന്ന പ്രസിദ്ധനായ സംഗീതസംവിധായകൻ തൃശ്ശൂർ കേരളവർമ്മ കോളേജിൽ പഠിക്കുകയാണ്. അദ്ദേഹം എന്റെ സീനിയറാണ്. അദ്ദേഹവുമായി ഞാൻ മത്സരിക്കുകയുണ്ടായി. ആ കാലത്ത് വയലിനിൽ പ്രത്യേക മത്സരമില്ല. ഗിത്താറും സിത്താറും വീണയും വയലിനും എല്ലാം ഒന്നിച്ചാണ്. വെസ്റ്റേണും ഈസ്റ്റേണും ഒന്നിച്ച്. ആ സമയത്ത് എനിക്ക് വയലിന് ഒന്നാം സമ്മാനവും ഔസേപ്പച്ചന് രണ്ടാം സമ്മാനവുമായിരുന്നു. പത്രങ്ങളിലൊക്കെ വന്നിരുന്നതാണ്.

ഹോസ്റ്റലിൽ എനിക്ക് കുറേ സുഹൃത്തുക്കളുണ്ടായിരുന്നു. അനിൽ, പ്രേംകുമാർ, ഗ്രിഗിൾ ജയറാം, ചാമിയാർ, രാജു, രവി, വിജയൻ ഇവരെയൊന്നും എനിക്ക് മറക്കാൻ കഴിയില്ല. ചാമിയാർ അന്ന് ജ്യോഗ്രഫി ബി.എ.യ്ക്ക് പഠിക്കുകയാണ്. പിൽക്കാലത്ത് ഞാൻ കോളേജിൽ വന്ന് ജൂനിയർ ലക്ചററായി ചേർന്നു. 82-83ൽ. ഒരുവർഷത്തിനു ശേഷം എനിക്ക് പി.എസ്.സി. നിയമനം ലഭിക്കുകയുണ്ടായി. അങ്ങനെ ഏകദേശം 87 വരെ ഞാൻ ജൂനിയർ ലക്ചററായി സംഗീതവിഭാഗത്തിൽ ജോലിചെയ്തു. അന്ന് കോളേജിനു പുറത്തുള്ള ഒരു ലോഡ്ജിലാണ് ഞാൻ താമസിച്ചിരുന്നത്. അധ്യാപകരെല്ലാം ഒരുമിച്ചു താമസിക്കുന്ന ഒരു ലോഡ്ജുണ്ടായിരുന്നു അന്ന്.

പിൽക്കാലത്ത് ഞാൻ തിരുവനന്തപുരം ദൂരദർശനിൽ 88ൽ ചേരുകയുണ്ടായി. ഞാൻ തിരുവനന്തപുരത്തു ചെല്ലുമ്പോൾ ചാമിയാർ അന്ന് വാർത്താവിഭാഗം തലവനാണ്. അങ്ങനെ യാദൃശ്ചികമായി ഞങ്ങൾ കണ്ടുമുട്ടി. ഹോസ്റ്റലിൽ ഒരുമിച്ച് അടുത്തു താമസിച്ച ഞങ്ങൾക്ക് അവിടെയും ഒരുമിച്ചു ജോലിചെയ്യാൻ ഭാഗ്യമുണ്ടായി. ചാമിയാർ ഡിഗ്രിയ്ക്കു ശേഷം ജേർണലിസത്തിൽ എം.എ. എടുത്തതിനു ശേഷമാണ് ദൂരദർശനിൽ ജോലിവഹിക്കുന്നത്.

ഞാൻ കോളേജിൽ പഠിക്കുന്ന കാലത്ത് മലയാളവിഭാഗത്തിൽ വളരെ നല്ല അധ്യാപകരായിരുന്നു ഉണ്ടായിരുന്നത്. ഭാനുമതിയമ്മ എന്ന ടീച്ചറായിരുന്നു അന്നത്തെ വകുപ്പദ്ധ്യക്ഷ. അതുപോലെ ടി.വി. ശശിസാറുണ്ടായിരുന്നു. സാറിന്റെ ക്ലാസ്സുകൾ വളരെ പ്രസിദ്ധമായിരുന്നു. കാരണം, മറ്റുവിഷയമെടുത്തവർ പോലും സാറിന്റെ ക്ലാസ്സുകൾ കേൾക്കാനായി അന്ന് വരുമായിരുന്നു. വളരെ രസകരമാണ് സാറിന്റെ ക്ലാസ്സ്. ഒരുപാട് അറിവ് അദ്ദേഹം പകർന്നു തരും. ആ വിഷയത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ. വളരെ മനോഹരമായിരുന്നു. അതുപോലെ മലയാളത്തിൽ കുട്ടികൾ നടത്തുന്ന ഒരു സാഹിത്യസമാജം ഉണ്ടായിരുന്നു. മുണ്ടൂർ കൃഷ്ണൻകുട്ടിയും മുണ്ടൂർ സേതുമാധവനും ഒക്കെവന്ന് പല സാഹിത്യകൃതികളെപ്പറ്റിയൊക്കെ വിശകലനം ചെയ്യാറുണ്ടായിരുന്നു. ഒ.വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസത്തെപ്പറ്റിയൊക്കെ ക്ലാസ്സെടുത്തത് എനിക്ക് നല്ല ഓർമ്മയുണ്ട്. വളരെ സമ്പന്നമായ ഒരന്തരീക്ഷമായിരുന്നു ഞാൻ പഠിക്കുന്ന കാലത്ത് അവിടെയുണ്ടായിരുന്നത്.

അതുപോലെ പഠിക്കുന്ന സമയത്ത് ഇംഗ്ലീഷ് വിഭാഗത്തിലുണ്ടായിരുന്ന ജയചന്ദ്രൻ സർ, ശംഭുനമ്പൂതിരി സർ, ഹോസ്റ്റലിലെ ഞങ്ങളുടെ വാർഡനായിരുന്ന കെമിസ്ട്രിയിലെ കുര്യാക്കോസ് സാർ, ജ്യോഗ്രഫിയിലെ വാൾട്ടർ റോസ് സർ, പൊളിറ്റിക്സിലെ ഗോപകുമാർ സാർ, (ദൂരദർശനിൽ അദ്ദേഹത്തെ ഞങ്ങൾ രാഷ്ട്രീയ അവലോകനത്തിന് വിളിക്കാറുണ്ടായിരുന്നു), ഫിലോസഫിയിലെ കൃഷ്ണകുമാരി ടീച്ചർ, ഗിരിജ ടീച്ചർ, സിദ്ധാർത്ഥൻ സാർ, ഇവരെയൊന്നും മറക്കാൻ പറ്റില്ല. ഞാൻ വരുന്ന സമയത്ത്, പ്രഭാകരമേനോൻ സാറായിരുന്നു പ്രിൻസിപ്പൽ എന്നു കരുതുന്നു. അതിനുശേഷം ഭാസ്കർനായർ എന്നൊരു പ്രിൻസിപ്പൽ വന്നു.

എന്റെ പഠനകാലത്ത് പിന്നണിഗായകൻ കൃഷ്ണചന്ദ്രൻ എന്റെ ജൂനിയറായിരുന്നു. അദ്ദേഹം രതിനിർവ്വേദത്തിൽ അഭിനയിക്കുന്നത് ഞാൻ അവിടെ പഠിക്കുന്ന കാലത്താണ്. വിജയൻ, ലില്ലി എന്നിവരൊക്കെ ജ്യോഗ്രഫിയിൽ പഠിച്ച് അവിടെത്തന്നെ അധ്യാപകരായി.



ഹോസ്റ്റൽക്കാലത്തെ എന്റെ ഓർമ്മയിൽ രവി എന്ന ഒരു ലൈബ്രേറിയൻ ഉണ്ടായിരുന്നു. അക്കാലത്ത് എനിക്ക് ധാരാളം വായിക്കുന്ന സ്വഭാവമുണ്ടായിരുന്നു. (ഇപ്പോൾ വായനയൊക്കെ വളരെ ലോപിച്ചു). ഹോസ്റ്റലിൽ ആയതുകൊണ്ട് വെള്ളിയാഴ്ച വൈകീട്ട് ചെല്ലുമ്പോൾ പുതിയ പുസ്തകങ്ങളും മാഗസിനുകളും രജിസ്റ്ററിൽ ചേർക്കുന്നതിനുമുമ്പ് അവ രവി എന്നെ ഏല്പിക്കാറുണ്ടായിരുന്നു. വെള്ളിയാഴ്ച തന്ന് തിങ്കളാഴ്ച രാവിലെ ലൈബ്രറി തുറക്കുന്നതിനുമുമ്പ് തിരികെ ഏല്പിക്കണമെന്ന വ്യവസ്ഥയിലാണ് പുസ്തകങ്ങൾ തന്നിരുന്നത്. അങ്ങനെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പലതരം പുസ്തകങ്ങൾ എനിക്കു വായിക്കാൻ കഴിഞ്ഞു. ഭാഷ നന്നായി പ്രയോഗിക്കാൻ അതുവഴി സാധിച്ചു. അതുകൊണ്ടുതന്നെ ഇംഗ്ലീഷിലും മലയാളത്തിലും നല്ല മാർക്കും ലഭിച്ചു. മലയാളത്തിൽ ബിരുദതലത്തിലെ ഉയർന്ന മാർക്കിന് പ്രൊഫിഷ്യൻസി പ്രൈസും ലഭിച്ചു. മ്യൂസിക്ക് & ഫിലോസഫിക്കും എനിക്ക് ഫസ്റ്റ് ക്ലാസ്സുണ്ടായിരുന്നു. പി.ടി.എ. ബെസ്റ്റ് ഔട്ട്ഗോയിംഗ് സ്റ്റുഡന്റായി എന്നെ ഡിഗ്രിയ്ക്കും പി.ജി.യ്ക്കും തെരഞ്ഞെടുത്തിരുന്നു. അയ്യായിരം രൂപയുടെ പാരിതോഷികം പി.ടി.എ. സമ്മാനിച്ചിരുന്നു.

ഹോസ്റ്റൽക്കാലത്തെ മറ്റൊരു ഓർമ്മ ഹോസ്റ്റലിൽനിന്നു കോളേജിലേക്കു വരുന്ന വഴി, അന്ന് അവിടെ റോഡേ ഉണ്ടായിരുന്നില്ല. മഴക്കാലത്ത് അവിടം മുഴുവൻ വെള്ളം നിറഞ്ഞ് കോളേജിലേക്കെത്താൻ പ്രയാസമായിരുന്നു. ഞങ്ങൾ ഹോസ്റ്റലിലെ സുഹൃത്തുക്കൾ ചേർന്ന് ചെറിയ ഒരു നടപ്പാതയുണ്ടാക്കി. ഇന്നത്തെ വഴി അതിന്റെ വികസിച്ച രൂപമാണ്.

77ലോ 78-ലോ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ വച്ചുനടന്ന ഓൾകേരള യൂത് ഫെസ്റ്റിവലിൽ എനിക്ക് വയലിനിൽ ലളിതസംഗീതത്തിലും ശാസ്ത്രീയസംഗീതത്തിലും ഒന്നാം സമ്മാനം ലഭിച്ചിരുന്നു. പത്രങ്ങളിലൊക്കെ വലിയ വാർത്തയായി. എന്നെ സംബന്ധിച്ച് അതൊക്കെ വലിയ നേട്ടങ്ങളായിരുന്നു.

ചിറ്റൂർ കോളേജിലെ മൂന്നുവർഷത്തെ പഠനത്തിനു ശേഷം ഞാൻ ദൽഹി യൂനിവേഴ്സിറ്റിയിൽ പോയി എം.എ. മ്യൂസിക്ക് പഠിച്ചു. അതിലും എനിക്ക് ഒന്നാം റാങ്കും ഏ ഗ്രേഡും സ്വർണ്ണമെഡലും ലഭിച്ചു. അന്നത്തെ ഉപരാഷ്ട്രപതി ഹിദായത്തുള്ളയിൽനിന്നാണ് എനിക്ക് സർട്ടിഫിക്കറ്റ് ലഭിച്ചത്. അതൊക്കെ മറക്കാനാവാത്ത ഓർമ്മകളാണ്. എന്റെ ഈ പഠനത്തിനും സംഗീതസപര്യയ്ക്കുമുള്ള പ്രചോദനവും യഥാർത്ഥത്തിൽ ചിറ്റൂർ കോളേജാണെന്ന് പറയാതെ വയ്യ. മോഹനചന്ദ്രൻ സാർ, സുശീലാദേവി ടീച്ചർ, ഇവരൊക്കെ തന്ന പ്രോത്സാഹനം ഒരിക്കലും മറക്കാൻ പറ്റില്ല. അവരുടെ പഠിപ്പിക്കലിന്റെ രീതിയും അവിടത്തെ സാഹചര്യങ്ങളും ഒക്കെയാണ് ഇന്നത്തെ നിലയിലേക്കെത്താൻ എന്നെ സഹായിച്ചത്.


കോളേജിൽ ഞാൻ 87വരെയുണ്ടായിരുന്നല്ലോ. അതിനുശേഷം യു.പി.എസ്.സി.യുടെ പ്രോഗ്രാം എക്സിക്യൂട്ടീവ് എന്ന പോസ്റ്റിലേക്ക് ഞാൻ അപേക്ഷിക്കുകയും അതനുസരിച്ച് ദൽഹിയിൽവച്ചുനടന്ന ഇന്റർവ്യൂവിൽ നല്ല റാങ്ക് ലഭിക്കുകയും ചെയ്തു. അതാദ്യം ഞാൻ ധരിച്ചത് ആകാശവാണിയിലെ ജോലി എന്നാണ്. ദൂരദർശൻ പ്രചരിച്ചുവരുന്ന കാലമാണ്. 88ൽ തിരുവനന്തപുരത്ത് പ്രോഗ്രാം എക്സിക്യൂട്ടിവ് ആയി എനിക്കു ജോലികിട്ടി. പിന്നീട് ഞാൻ അസിസ്റ്റന്റ് ഡയറക്ടർ വരെയായി. പ്രോഗ്രാം ഹെഡ്ഡും ഓഫീസ് ഹെഡ്ഡും ഒക്കെയായി തൃശ്ശൂരിന്റെയും കോഴിക്കോടിന്റെയും ചാർജ്ജ് വഹിച്ച് 2017ഡിസംബറിൽ ഞാൻ വിരമിച്ചു. എന്റെ ജീവിതത്തിലെ ഏറ്റവും നല്ല കാലം ഞാൻ ചിറ്റൂർ കോളേജിലും പരിസരത്തുമാണ് ജീവിച്ചത്. മറക്കാൻ കഴിയാത്ത ഒരുപാട് ഓർമ്മകൾ നൽകിയ കോളേജാണ്. മാത്രവുമല്ല, മറ്റു പല കോളേജുകളിലും സംഗീതം മാത്രമുള്ള ഡിപ്പാർട്ടുമെന്റുകളുള്ളപ്പോൾ, ഇവിടെ പലവിഷയങ്ങൾ കൂടെ പഠിക്കണമായിരുന്നു. എല്ലാവിഷയത്തിലുമുള്ള പലതരത്തിലുള്ള കുട്ടികൾ ഹോസ്റ്റലിൽ ഒരുമിച്ചു ജീവിക്കുകയും അങ്ങനെ എല്ലാ വിഷയങ്ങളിലും പരിചയവും പ്രാവീണ്യവും നേടാനും എനിക്ക് അവിടെവച്ച് സാധിച്ചു. ഞാനെപ്പോഴും ആലോചിക്കും എന്റെ ജീവിതത്തിലെ പ്രധാനവഴിത്തിരിവിന്റെ ഒരു ഘട്ടം ചിറ്റൂർ കോളേജും പരിസരവും ആണ് എന്ന്.



**കെ. ആനന്ദ വർമ്മ**

ദൂരദർശന്റെ തൃശ്ശൂർ, കോഴിക്കോട് നിലയങ്ങളുടെ പ്രോഗ്രാം മേധാവിയായി വിരമിച്ചു. ചിറ്റൂർ കോളജ്, ഡൽഹി യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നും, യഥാക്രമം സംഗീതത്തിൽ ബി.എ, എം.എ. ബിരുദങ്ങൾ ഫസ്റ്റ് ക്ലാസ്സ് ഫസ്റ്റ് റാങ്ക്, ഗോൾഡ് മെഡലോടെ പാസ്സായി. അഞ്ചു വർഷം ചിറ്റൂർ കോളജ് അധ്യാപകനായി ജോലി ചെയ്തതിനു ശേഷം ദൂരദർശനിൽ സംഗീത വിഭാഗം മേധാവി ആയി നിയമിതനായി. പ്രേക്ഷക ശ്രദ്ധ പിടിച്ചുപറ്റിയ ആയിരക്കണക്കിന് സംഗീത പരിപാടികൾ നിർമിച്ച് അവതരിപ്പിച്ചു. ലളിത ഗാനങ്ങൾ, ശാസ്ത്രീയ സംഗീത പരിപാടികൾ, ഡോക്യുമെന്ററികൾ, ടെലിഫിലിം തുടങ്ങി എല്ലാ നിർമാണ മേഖലകളിലും കൈമുദ്ര പതിപ്പിച്ചു.

ആകാശവാണിയുടെ വായ്പ്പാട്ടിനും, വയലിനും, അംഗീകൃത കലാകാരനാണ്. കൂടാതെ ആകാശവാണി അംഗീകരിച്ച സംഗീത സംവിധായകനും ആണ്. ഇതിനെല്ലാം പുറമെ, വായപാട്ടും, വയലിനും ഒന്നിച്ചുള്ള വോകോ വയലിൻ കച്ചേരി ആദ്യമായി കർണാടക സംഗീതത്തിൽ അവതരിപ്പിച്ച കലാകാരനാണ്. സൂര്യ, സ്വരലയ തുടങ്ങിയ വേദികളിലും, മറ്റ് ഇന്ത്യയിലെ പ്രധാന സംഗീത സഭകളിലും കച്ചേരി ചെയ്തിട്ടുണ്ട്. പുനലൂർ സ്വദേശി ആണ്. സ്കൂൾ വിദ്യാഭ്യാസം ചെമ്മന്തൂർ ഹൈ സ്കൂളിലും, പ്രീ ഡിഗ്രി പുനലൂർ എസ്.എൻ. കോളജിലും ആയിരുന്നു. 2021-ൽ എം.എസ്.സുബ്ബലക്ഷി ഫൗണ്ടേഷനും ശ്രീകൃഷ്ണ നാട്യസംഗീത അക്കാദമിയും സംയുക്തമായി നടത്തിയ ചടങ്ങിൽ സംഗീതരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള സുബ്ബലക്ഷ്മി പുരസ്കാരം ലഭിച്ചിട്ടുണ്ട്.



# പച്ചപുതച്ച ഓർമ്മകൾ



ഡോ. ഗോപകുമാർ ചോലയിൽ

1981-ൽ ആണ് എന്റെ കുടുംബം തൃശ്ശൂർ ജില്ലയിലെ എടമുട്ടത്തു നിന്നും പാലക്കാട് ജില്ലയിലെ തത്തമംഗലത്തേക്ക് ചേക്കേറിയത്. പത്താം ക്ലാസ്സിലെ പരീക്ഷ കഴിഞ്ഞ്, മെയ് അവസാനത്തോടെയായിരുന്നു വീട്ടുമാറ്റം. അതിനകം പത്താം ക്ലാസ്സിലെ റിസൽട്ടും വന്നിരുന്നു. അങ്ങനെയാണ് പാലക്കാട് ജില്ലയിലെ ചിറ്റൂർ ഗവൺമെന്റ് കോളേജിൽ നിന്ന് എന്റെ കലാലയ കാലഘട്ടത്തിന് തുടക്കം കുറിക്കാനിടയായത്.

അന്ന് ചിറ്റൂർ ഗവ. കോളേജിൽ എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിൽ ലക്ചററർ ആയി ജോലി ചെയ്തിരുന്ന, എന്റെ ബന്ധു കൂടിയായ ശ്രീ. ദിലീപ് ആയിരുന്നു അപേക്ഷാ ഫോറവും മറ്റും വാങ്ങി എത്തിച്ചു തന്നത്. വീട്ടുമാറ്റത്തിന്റെ തിക്കും തിരക്കിനുമിടയിലും അത് പൂരിപ്പിച്ച് കൃത്യസമയത്തിനകം കോളേജിൽ സമർപ്പിച്ചു. ഏതാണ്ട് മൂന്നാഴ്ചയ്ക്കുശേഷം ജൂൺ മദ്ധ്യത്തോടെയായിരുന്നു അഡ്മിഷൻ. പുതിയ സ്ഥലവുമായും ആളുകളുമായും പരിചയപ്പെട്ടു വരുന്നതേയുള്ളൂ. അച്ഛനോടൊപ്പമാണ് അഡ്മിഷന് വേണ്ടി കോളേജിൽ എത്തിയത്. പ്രവേശനകവാടത്തിൽ നിന്നും കോളേജ് കെട്ടിടം വരെ നീളുന്ന വൃത്തിയുള്ള പാതയ്ക്ക് പച്ചക്കുട ചൂടിക്കുന്ന വൃക്ഷപ്പെരുമയാണ് ആദ്യം ശ്രദ്ധിച്ചത്. കലാലയ ഭൂമികയെ വലംവച്ചൊഴുകുന്ന ശോകനാശിനി. ആളും അനക്കവുമുള്ള, ചരിത്രപ്പെരുമയുറങ്ങുന്ന അന്തരീക്ഷം... ക്യാംപസ് എനിക്ക് നന്നേ ബോധിച്ചു. ആ അന്തരീക്ഷത്തിൽ നിന്നും കലാലയ ജീവിതം ആരംഭിക്കാനാവുന്നതിൽ ഏറെ ചാരിതാർത്ഥ്യവും തോന്നി.

അഡ്മിഷന്റെ ആ ദിവസം ഒരിക്കലും മറക്കാനാവാത്തതിന് കാരണമായത് മറ്റൊരു സംഭവമാണ്. ക്യാംപസ്സിലെ ഹാളിൽ ആയിരുന്നു അഡ്മിഷൻ നടപടിക്രമങ്ങൾ ക്രമീകരിച്ചിരുന്നത്. അഡ്മിഷൻ കഴിഞ്ഞു. കോളേജിലേയ്ക്കു വേണ്ടി വരുന്ന ഐഡന്റിറ്റി കാർഡ് ലഭിക്കാനുള്ള അപേക്ഷ പൂരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. പിന്നീട് എന്റെ സഹപാഠിയായ സമദിന്റെ ജ്യേഷ്ഠൻ അപേക്ഷ പൂരിപ്പിക്കുവാനും മറ്റും സഹായത്തിന് അടുത്തുണ്ട്. നല്ല കറുത്ത നിറത്തിൽ സ്റ്റീൽ ടോപ്പോടുകൂടിയ ഒരു 'പൈലറ്റ്' ഡോട്ട് പേന കൊണ്ടാണ് അപേക്ഷ പൂരിപ്പിക്കുന്നത്. അച്ഛൻ എനിക്ക് സമ്മാനിച്ച, അച്ഛന്റെ പേനയാണത്. പെട്ടെന്നാണ് അച്ഛന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയും, ഇരുന്നിടത്തു തന്നെ കുഴഞ്ഞു വീഴുകയും ചെയ്തത്. അതോടെ അവിടെയുണ്ടായിരുന്ന എല്ലാവർക്കും പരിഭ്രമമായി. അച്ഛനാണെങ്കിൽ ഇടയ്ക്കൊക്കെ നെഞ്ചുവേദന വരാറുള്ള ആളുമാണ്. ആരൊക്കെയോ ചേർന്ന് ഒരു ടാക്സി ഏർപ്പാടാക്കി അച്ഛനെ താലൂക്ക് ആശുപത്രിയിൽ എത്തിച്ചു. പിന്നീട്, ഒരാഴ്ചയോളം ആശുപത്രിയിൽക്കിടന്നതിനു ശേഷമാണ് അച്ഛനെ ഡിസ്ചാർജ് ചെയ്തത്.

ആ ബഹളങ്ങൾക്കിടയിൽ അച്ഛൻ സമ്മാനിച്ച കറുത്ത പൈലറ്റ് പേന നഷ്ടപ്പെട്ടു. വളരെ വിഷമം ഉണ്ടാക്കിയ കാര്യമായിരുന്നു അതെങ്കിലും അച്ഛന് ആപത്തൊന്നും സംഭവിച്ചില്ലല്ലോ എന്ന സമാധാനം ആ വിഷമത്തേക്കാൾ എത്രയോ എത്രയോ വലുതായിരുന്നു!!

എന്നാൽ സന്തോഷകരമായ ഒരു ആകസ്മികതയെന്നവണ്ണം ആ കറുത്ത പൈലറ്റ് പേന തിരിച്ചു കിട്ടുകതന്നെ ചെയ്തു. അഡ്മിഷന്റെയന്നുണ്ടായ നിർഭാഗ്യകരമായ സംഭവത്തിനിടയ്ക്ക് എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു എന്നു

കരുതിയ ആ പേന കരുതലോടെ സൂക്ഷിച്ചു വച്ച് ക്ലാസ് തുടങ്ങിയ ശേഷം കൃത്യമായി തിരിച്ചേൽപ്പിച്ച സമദിന്റെ ജ്യേഷ്ഠനെ എന്നും നന്ദിപൂർവ്വം മാത്രമേ ഓർമ്മിക്കാനാവൂ.

ജൂൺ മാസം പ്രീ-ഡിഗ്രി ക്ലാസ്സുകൾ ആരംഭിച്ചു. സെക്കന്റ് ഗ്രൂപ്പ് ആണ് എടുത്തിരുന്നത്. ക്ലാസ്സിൽ ഏകദേശം എൺപതോളം കുട്ടികൾ ഉണ്ടായിരുന്നു. ആ കൂട്ടത്തിൽ ഉറ്റ സൗഹൃദമുണ്ടായിരുന്നത് നാലോ അഞ്ചോ പേരോടു മാത്രം. ഒ.സി. ജയിംസ്, 'മുത്ത്' എന്ന അൻവർ ഷാ, എം. ഗിരീഷ് കുമാർ , പി. വിജയൻ , ബാലകൃഷ്ണൻ കെ.എ, ധനഞ്ജയൻ, ഗോപകുമാർ ചിറ്റേടത്ത്. അങ്ങനെ ചിലർ. നാലു ദശകങ്ങൾ കഴിഞ്ഞെങ്കിലും ആ സൗഹൃദങ്ങൾക്ക് ഇപ്പോഴും യാതൊരു ഉലച്ചിലും തട്ടിയിട്ടില്ലയെന്നത് സ്നേഹത്തോടെ സ്മരിക്കുന്നു. ഡിഗ്രി കാലഘട്ടത്തിലെ സൗഹൃദങ്ങൾക്ക് കൂടുതൽ ഇഴയടുപ്പമുണ്ടായിരുന്നു. പ്രീ-ഡിഗ്രി ക്ലാസ്സുകളെ അപേക്ഷിച്ച് ഡിഗ്രി ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണം വളരെ കുറവായത് ഒരു കാരണമാകാം. പ്രേംദാസ്, കൃഷ്ണൻ പി, രാധാകൃഷ്ണൻ കെ.വി, ഗണേശൻ എസ്, റെജീന, സുമതി മേനോൻ ,വിജയൻ പി, കൃഷ്ണകുമാർ, ശ്രീകുമാർ, മോഹൻ, ഗുരുവായൂരപ്പൻ... ആരെയും മറക്കാനാവില്ല. എല്ലാവരും നല്ലനിലയിൽ ജീവിതം തുടരുന്നു. അന്നത്തെ സൗഹൃദങ്ങൾ ഇന്നലെക്കണ്ടു പിരിഞ്ഞ പോലെയെന്നവണ്ണം അതേ ഊഷ്മളതയോടെ ഇന്നും തുടരുന്നു. ഒരു നാൽക്കവലയിൽ നിന്നും പല പാതകളിലേക്ക് പിരിയുന്ന യാത്രികരെപ്പോലെ, തികച്ചും വ്യത്യസ്തമായ ജീവിത വഴികളിലേക്കായിരുന്നു ഡിഗ്രി കാലഘട്ടത്തിനുശേഷം ഓരോരുത്തരുടേയും യാത്ര. എന്നാൽ കത്തുകളിലൂടെയും ഫോണിലൂടെയും, വല്ലപ്പോഴുമുള്ള ഒന്നിച്ചു ചേരലുകളിലൂടെയും, ഇന്നിപ്പോൾ സാമൂഹിക മാധ്യമങ്ങളിലെ സൗഹൃദക്കൂട്ടായ്മകളിലൂടെയുമൊക്കെ അന്നത്തെ അതേ സൗഹൃദങ്ങൾ ജീവിതത്തിന്റെ കടുത്ത ഋതുഭേദങ്ങളെപ്പോലും അതിജീവിച്ച് അതേ ഹരിതാഭയോടെ ഇന്നും നിലനിൽക്കുന്നുവെന്ന് സന്തോഷത്തോടെ, അഭിമാനത്തോടെ കുറിക്കട്ടെ.



ഗവ. കോളേജ് ആയിരുന്നതിനാൽ സ്ഥിരം അദ്ധ്യാപകർ ഉണ്ടായിരുന്നില്ല. ഉള്ളവർതന്നെ സ്ഥലം മാറിപ്പോവുകയും, പുതിയ അദ്ധ്യാപകർ വരുകയും പതിവായിരുന്നു. അതിനാൽ വിദ്യാർത്ഥികളും അദ്ധ്യാപകരുമായി വ്യക്തിപരമായ ബന്ധം പൊതുവേ കുറവായിരുന്നു. എങ്കിലും അറിവിന്റെ മികവു മൂലം ചിലരെ മറക്കാനാവില്ല. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് -ൽ റിസർച്ച് സ്കോളർ ആയിരുന്ന ശ്രീ. ജി. ശ്രീനിവാസ്. അതിബുദ്ധിമാനായ ഇദ്ദേഹം പി.എച്ച്ഡി പൂർത്തീകരിച്ചില്ല. ഇലക്ട്രോണിക്സ് ആയിരുന്നു പഠിപ്പിച്ചിരുന്നത്. അതുപോലെ മെക്കാനിക്സ് എടുത്തിരുന്ന ശ്രീ. മോഹൻദാസ്, ശ്രീ. രാജപ്പൻ , ശ്രീമതി. ലാലമ്മ, മോഡേൺ ഫിസിക്സ് പഠിപ്പിച്ചിരുന്ന ശ്രീ. അച്യുതപ്പിഷാരടി (ഇദ്ദേഹം HOD ആയിരുന്നു), സി. ദിവാകരൻ, ശ്രീമതി. മേഴ്സി ജോൺ എന്നിവരെ ബഹുമാനപൂർവ്വം സ്മരിക്കുന്നു. ചിറ്റൂർ ഗവ. കോളേജിൽ ഡിഗ്രി പൂർത്തീകരിച്ചതിനു ശേഷം കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലാണ് പിജി ചെയ്തത്. പിന്നീട് കാർഷിക സർവ്വകലാശാലയുടെ പിലിക്കോട് പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് അസിസ്റ്റന്റ് ആയി ഏതാണ്ട് പത്തുവർഷത്തോളം ജോലി ചെയ്തു. അതിനു ശേഷം കാർഷിക സർവ്വകലാശാലയിൽ നിയമനം ലഭിച്ചതിനെത്തുടർന്ന് തൃശ്ശൂരിൽ സ്ഥിരതാമസമായി. യഥാർത്ഥത്തിൽ പാലക്കാട് ജില്ലയുമായുള്ള മനസ്സടുപ്പം ഉടലെടുക്കുന്നത് ചിറ്റൂർ ഗവ. കോളേജിലെ അഞ്ചുവർഷത്തെ പഠന കാലത്ത് മാത്രമാണ്. ഡിഗ്രി കാലഘട്ടത്തിനു ശേഷം വല്ലപ്പോഴും തത്തമംഗലത്തെ വീട്ടിൽ വരുന്നതൊഴിച്ചാൽ പാലക്കാട് ജില്ലയുമായി ബന്ധപ്പെടേണ്ട അവസരങ്ങൾ അധികം ഇല്ലായിരുന്നുവെന്നു തന്നെ പറയാം.


നൊമ്പരപ്പെടുത്തുന്ന രണ്ട് ഓർമ്മകളുടെ ഇൻവെർട്ടഡ് കോമകൾക്കുള്ളിലാണ് എന്റെ ചിറ്റൂർ ഗവ. കോളേജ് കാലഘട്ടം അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നതെന്നുകൂടി ദുഃഖത്തോടെ കുറിക്കട്ടെ. പ്രീ-ഡിഗ്രി അഡ്മിഷൻ സമയത്താണല്ലോ അച്ഛൻ കുഴഞ്ഞു വീണത്. അന്ന് കുഴപ്പമൊന്നും കൂടാതെ അദ്ദേഹം ജീവിതത്തിലേക്ക് മടങ്ങി വന്നു. എങ്കിലും ഇടയ്ക്കിടയ്ക്ക് നെഞ്ചുവേദന വരാറുണ്ടായിരുന്നു. മരുന്നു കഴിക്കുമ്പോൾ ആശ്വാസം ലഭിക്കാറുണ്ടായിരുന്നതിനാൽ വിദഗ്ദ്ധ പരിശോധനകൾക്കോ, ചികിത്സയ്ക്കോ മുതിർന്നതുമില്ല.

ഡിഗ്രി തിയറിപരീക്ഷകൾ കഴിഞ്ഞ് പ്രാക്ടിക്കൽ പരീക്ഷകളും ഏതാണ്ട് തീരാറായ ഘട്ടത്തിലാണ് ഒരു ദിവസം പുലർച്ചേ, എപ്പോഴും ചുറുചുറുക്കോടെ നടന്നിരുന്ന എന്റെ അച്ഛൻ ഹൃദയാഘാതത്തെത്തുടർന്ന് യാത്രയായത്... എങ്കിലും, പച്ച നിറമുള്ള ഓർമ്മയായി ചിറ്റൂർ ഗവ.കോളേജ് കാലഘട്ടം മനസ്സിൽ എന്നുമുണ്ടാകും.



**ഡോ. സി.എസ്. ഗോപകുമാർ ചോലയിൽ**

ചിറ്റൂർ കോളേജിൽ നിന്ന് 1981-83 കാലയളവിൽ പ്രീഡിഗ്രിയും 1983-86 കാലയളവിൽ ബി.എസ്സിയും (ഫിസിക്സ്) പൂർത്തീകരിച്ചു. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാ ശാലയിൽ നിന്നും കാലാവസ്ഥാ ശാസ്ത്രത്തിൽ എം.എസ്സിയും കാർഷിക കാലാവസ്ഥാ ശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടി. പാലക്കാട് തത്തമംഗലം സ്വദേശിയാണ്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും കൃഷിയും കാലാവസ്ഥയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പത്തിലേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 2021 ലെ മികച്ച വൈജ്ഞാനിക ശാസ്ത്ര കൃതിക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ഡോ.ഗോപകുമാറിന്റെ 'കാലാവസ്ഥാ വ്യതിയാനവും കേരളവും-സൂചനകളും കാരണങ്ങളും' എന്ന പുസ്തകത്തിനാണ് ലഭിച്ചത്. ആനുകാലികങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് നിരവധി ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയിൽ സയന്റിഫിക് ഓഫീസറായിരുന്ന ഇദ്ദേഹം 2022 മെയ് മാസത്തിൽ സേവനത്തിൽ നിന്നും വിരമിച്ചു.



# വിസ്മൃതമാവാത്ത വിസ്മയകാലം

എൻ.എൻ. കൃഷ്ണദാസ്

ഏതൊരു മനുഷ്യജീവിതത്തിലെയും ഏറ്റവും കാല്പനികമായ കാലം വിദ്യാർത്ഥി ജീവിതമായിരിക്കും. അതും കലാലയ കാലം!! ലോകത്തെവിടെയും അങ്ങനെയാണെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. കൗമാരത്തിന്റെ വർണ്ണവിസ്മയങ്ങൾ അതിനൊരു പ്രധാനകാരണമാണ്. ചിറ്റൂർ കോളേജ് അക്കാലത്തെ ഞങ്ങളുടെയും വിസ്മയലോകമായി!! ഓർത്തെടുക്കാൻ ശ്രമകരമായ വൈഷമ്യങ്ങൾ ഒന്നുമില്ല. എല്ലാം മങ്ങലേൽക്കാതെ സ്മൃതിയുടെ തിരശീലയിൽ തെളിഞ്ഞു നിൽപ്പുണ്ട്. എല്ലാവർക്കും അങ്ങനെ ആവുമെന്നതിനാൽ ഒരാളുടെ വൈയക്തിക സ്മൃതികൾക്ക് പ്രസക്തിയില്ല. ചിറ്റൂർ കോളേജ് അതിന്റെ 'നിൽപ്പ് രാശി'യിൽ തന്നെ മാന്ത്രിക വശീകരണസൂത്രങ്ങൾ അണിഞ്ഞതാണ്. അതായത് അകത്തേക്ക് വന്നവരാരും പുറത്തേക്ക് പോകുന്നില്ല. ശോകനാശിനി എന്ന നദിയുടെ പേരിൽ തന്നെ കവിതയുണ്ട്. 'ശോകനാശിനി' ചുറ്റിവളഞ്ഞു കിടക്കുന്ന കോളേജ് ക്യാമ്പസ്സിന് പ്രത്യേക ചാരുതയുണ്ട്. ആ പുളിനങ്ങളിൽ കല്പനകൾ വാടാമലരുകളായി വിടർന്നു നിൽക്കുന്നുണ്ട്. സർഗ്ഗാത്മകവും, സംഘർഷഭരിതവുമായൊരു പൂക്കാലം വിരിഞ്ഞു നിൽക്കുകയാണ്!!

ആദരണീയരായിരുന്ന പ്രൊഫസർമാർ ഡി.ബി. നായർ, എസ്. എൻ.എൻ. നമ്പീശൻ എന്നിവരായിരുന്നു ഞങ്ങളുടെ കാലത്തെ പ്രിൻസിപ്പൽമാർ. ആദരവോടെയും, അൽപ്പം ഭയത്തോടെയും അവരെ ഓർക്കാൻ മാത്രമേ ഇന്ന് സാധിക്കൂ!! ഞങ്ങളെ മലയാളം പഠിപ്പിച്ച ടി. വി. ശശി മാഷ് ഒരു മെന്റർ തന്നെയായിരുന്നു. ഇംഗ്ലീഷ് പഠിപ്പിച്ച ശശിധരനുണ്ണി മാഷ് ഞാൻ കോളേജ് മാഗസിൻ എഡിറ്റർ ആയിരുന്നപ്പോൾ സ്റ്റാഫ് എഡിറ്റർ ആയിരുന്നു. ഓർക്കുമ്പോൾ തമാശ തോന്നുന്ന, വരാന്തകളിലെ തീവ്ര സംഘർഷങ്ങൾക്കിടയിൽ നടുവിൽ വന്നു നിൽക്കാറുള്ള സുവോളജി പ്രൊഫസർ ശങ്കരപ്പിള്ള സർ അവസാന വാക്കായിരുന്നു. അക്കാലത്തെ രാജ്യത്തെ ഏറ്റവും ചൂടുള്ള പ്രശ്നം സൈലന്റ് വാലി പദ്ധതി സംബന്ധിച്ചായിരുന്നു. പൊളിറ്റിക്കൽ സയൻസ് പ്രൊഫസർ ആയിരുന്ന ഗോപകുമാർ സാറിന്റെ നേതൃത്വത്തിൽ ഞങ്ങൾ ഒരു സംഘം സൈലന്റ് വാലിയിൽ പോയതും, ഒരു ദിവസം കുന്തിപ്പുഴയുടെ ഉത്ഭവസ്ഥാനമായ സൈരന്ധ്രിയിൽ താമസിച്ചതും പ്രകൃതി സ്നേഹത്തിന്റെയും, പരിസ്ഥിതി പഠനത്തിന്റെയും വ്യാകരണം ഉറപ്പിക്കാൻ സഹായിച്ചു.

മലയാള സാഹിത്യത്തിലെ എക്കാലത്തെയും വലിയ ധിഷണാശാലികളിൽ ഒരാളായ സി.ജെ.തോമസ്സിന്റെ '1128ൽ ക്രൈം 27' എന്ന പ്രസിദ്ധ നാടകം ഞങ്ങൾ സ്റ്റേജിൽ അവതരിപ്പിക്കുകയുണ്ടായി. 1980ലെ കോളേജ് ഡേ ആഘോഷത്തിലായിരുന്നു, അത്. അന്നൊക്കെ രാത്രി

യിലാണ് കോളേജ് ഡേ ആഘോഷങ്ങൾ. ബോയ്സ് ഹോസ്റ്റലിലേക്കു ള്ള വഴിയിലെ വിശാലമായ ഗ്രൗണ്ടിലെ സ്റ്റേജിൽ ആണ് രാത്രി മുഴുവൻ നീളുന്ന കോളേജ് ഡേ ആഘോഷങ്ങൾ. സി.എസ്. ശ്രീവത്സന്റെ നേതൃത്വത്തിൽ ആയിരുന്നു സംരംഭം. അതിലെ നടിമാരിൽ ശ്രീമതി.ബീന ജയചന്ദ്രൻ ഉണ്ടായിരുന്നു. പ്രസിദ്ധ കവി യു. ജയചന്ദ്രന്റെ ഭാര്യയാണ് ബീന. പ്രൊഫ. ഗോപകുമാർ സർ, ലൈബ്രേറിയൻ ശ്രീ. രവി എന്നിവരൊക്കെ അതിൽ അഭിനയിച്ചു. ബീനയെയും, ശ്രീ. ജയചന്ദ്രനെയും ദശാബ്ദങ്ങൾക്ക് ശേഷം ദക്ഷിണാഫ്രിക്കയിലാണ് വീണ്ടും കണ്ടു മുട്ടിയത്. പാർലമെന്റ് പ്രതിനിധി സംഘത്തിന്റെ സന്ദർശനത്തിനിടയിൽ ജോഹന്നാസ് ബർഗിൽ അവർ വന്നു പരിചയപ്പെടുകയായിരുന്നു. അപ്പോൾ അവർ രണ്ടു പേരും അവിടെ അധ്യാപകരായിരുന്നു. നാടകത്തിന്റെ ആവശ്യത്തിനായി കോളേജ് പി.ടി.എ. പ്രസിഡണ്ടും, ക്ലാസ്സിലെ സഹപാഠി ഗീതയുടെ അച്ഛനും ആയിരുന്ന അഡ്വക്കേറ്റ് ഗോവിന്ദൻ അവർകളുടെ കോട്ട് സൂത്രത്തിൽ ഒപ്പിച്ചെടുത്തിരുന്നു. നാടകത്തിനിടയിൽ ഗ്രീൻ റൂമിൽ ആരോ വലിച്ച സിഗരറ്റിന്റെ തീയിൽ കോട്ടിന്റെ ഒരു ഭാഗം കത്തിപ്പോയി. പരിഭ്രമം മറച്ചു വച്ച് കത്തിപ്പോയ ഭാഗം ഉള്ളിലേക്ക് മടക്കി കോട്ട് ഒരു വിധം തിരിച്ചു നൽകി. പിന്നീട് അനേക ദിവസങ്ങൾ അദ്ദേഹത്തിന്റെ കൺമുന്നിൽ പെടാതെ ഒളിഞ്ഞു നടന്നു. ഗീത പിന്നീട് എന്റെ ജീവിത പങ്കാളിയായി. ഗീതയുടെ സഹോദരൻ ജയപ്രകാശ്, സഹോദരി ജയശ്രീ എന്നിവരും അപ്പോൾ കോളേജിൽ ഉണ്ടായിരുന്നു.

സാഹിത്യലോകത്ത് കവിതയുടെ പൂക്കാലം ആയിരുന്നു അക്കാലം. വെറും കവിതയല്ല; കവിതയുടെ ചൊൽക്കാഴ്ചക്കാലം. കടമ്മനിട്ടയും, ബാലചന്ദ്രൻ ചുള്ളിക്കാടും, വിനയചന്ദ്രൻ മാഷുമെല്ലാം കോളേജിന്റെ ഓഡിറ്റോറിയത്തിൽ ഉറഞ്ഞാടിയിട്ടുണ്ട്. ശാന്തയും, കുറത്തിയും, കോഴിയും പാറ പോലെയുള്ള കടമ്മനിട്ട ശബ്ദത്തിൽ കോളേജിൽ മാറ്റൊലികൊണ്ടു.!! യാത്രാമൊഴിയും, മാപ്പുസാക്ഷിയുമൊക്കെ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ മുഴങ്ങുന്ന ശബ്ദത്തിൽ ഇന്നും പഴയ ഓഡിറ്റോറിയത്തിൽ പ്രതിധ്വനിക്കുന്നുണ്ടാവണം.!! പൊറ്റക്കാടിന്റെ 'ഒരു ദേശത്തിന്റെ കഥ'ക്ക് ജ്ഞാനപീഠം ലഭിച്ചത് ആ സന്ദർഭത്തിലാണ്. അതിരാണിപ്പാടവും, അതിലെ അരണ്ട പക്ഷികളും എല്ലാം അന്ന് കോളേജിന്റെ വിഹായസ്സിലേക്ക് ഓടിയെത്തിയിട്ടുണ്ട്. വലിയ ചർച്ചാ സമ്മേളനം അന്ന് ഓഡിറ്റോറിയത്തിൽ നടന്നു. ശശിമാഷ് അസാമാന്യമായൊരു 'ആസ്വാദനം' അവതരിപ്പിച്ചതിന്റെ വാക്കുകൾ പോലും ഇപ്പോഴും ഓർമ്മയുണ്ട്. കഥയും, കവിതയും മാത്രമല്ല; നിരൂപണ സാഹിത്യവും സജീവമായിരുന്നു. സിനിമാതാരങ്ങളെക്കാളും ആകർഷണം കവികൾക്കുണ്ടായിരുന്നൊരു സർഗ്ഗാത്മകകാലമായിരുന്നു അത്.

പ്രസിദ്ധ ഗായകൻ ശ്രീ. കൃഷ്ണചന്ദ്രൻ, ഞങ്ങളുടെ തൊട്ട് സീനിയർ ആയുണ്ടായിരുന്നു. പ്രസിദ്ധഗായകർ ശ്രീ. രമേശ് നാരായണനും, ശ്രീമതി. ഭാവനയും ഞങ്ങളുടെ സമകാലികരായിരുന്നു. ദീർഘകാലം എം.എൽ.എ. ആയിരുന്ന വി. ചെന്താമരാക്ഷനും ഞാനും ബി.എ. ഇക്കണോമിക്സിൽ ഒരു ക്ലാസ്സിൽ ആയിരുന്നു. എം.എൽ.എ. ആയിരുന്ന ടി.കെ. നൗഷാദ് ഞങ്ങളുടെ ഒരു വർഷം താഴെ ആയിരുന്നു. ചിറ്റൂർ മുനിസിപ്പൽ ചെയർമാൻ ആയിരുന്ന ശ്രീ. കെ. മധു ഞങ്ങളുടെ ബാച്ച് തന്നെയായിരുന്നു. അന്നത്തെ സൗഹൃദം അസ്ഥികളിൽ തളിർത്തതായിരുന്നു. അത് ലോകമാകെ പടർന്നു കിടക്കുന്നുണ്ട്. ചിറ്റൂരിലും, പാലക്കാട്ടും മാത്രമല്ല; രാജ്യാന്തര സഞ്ചാരങ്ങളിൽ അതിശയപ്പെടുത്തിയിട്ടുണ്ട്, ആ സൗഹൃദങ്ങളുടെ ആകസ്മിക കൂടിച്ചേരലുകൾ. അതിരുകളില്ലാത്ത അത്തരം സൗഹൃദങ്ങളിൽ ചുറ്റിപ്പിണഞ്ഞതാണ് ജീവിതം. ആ ജീവിതമാണ് കോളേജ് നമുക്ക് നൽകുന്നത്.

പാർലമെന്റിലും, ചില ലോകവേദികളിൽ തന്നെയും കാലിടറാതെയും, ശബ്ദം പതറാതെയും ഉറച്ചുനിന്ന് സംസാരിക്കാൻ ധൈര്യവും, തന്റേടവും നൽകിയത് ചിറ്റൂർ കോളേജിന്റെ ക്ലാസ്സ് റൂമുകളിലെ പ്രസംഗശീലങ്ങളും, വാരാന്തകളിലെ മുദ്രാവാക്യം വിളികളും തന്നെയാണ്. ഒപ്പം കോളേജ് ലൈബ്രറി, തത്തമംഗലം, ചിറ്റൂർ ലൈബ്രറികളും. കോളേജിൽ പ്രസിദ്ധീകരിക്കുന്ന പ്രചാരണ നോട്ടീസുകൾ തയ്യാറാക്കാനും, മുദ്രാവാക്യങ്ങൾക്കായും ഉചിതമായ വാക്കുകൾക്ക് വേണ്ടി ഗവേഷണം നടന്ന കാലമായിരുന്നു അത്. ഒരു നോട്ടീസിന്റെ 'തലക്കെട്ട്' ഒരിക്കൽ സംഘർഷത്തിന് തന്നെ വഴി വച്ചു. അപ്പോൾ അതിൽ പ്രതിഷേധിച്ചു ഇറക്കിയ നോട്ടീസിന്റെ തലവാചകം 'മന്തൻ തലകളെ വെളിച്ചം കൊണ്ടാക്രമിക്കുക' എന്നായിരുന്നു. എന്റെ പ്രത്യയശാസ്ത്രങ്ങളുടെ സ്വരസ്ഥാനങ്ങൾ ശരിയായുറച്ചതും ഇവിടെ വച്ചാണ്. അഭിമാനത്തോടെ ഉറക്കെ പറയുന്നു;

ചിറ്റൂർ കോളേജ് എന്റെ സ്വന്തം കോളേജ്.



**എൻ. എൻ. കൃഷ്ണദാസ്**

12, 13, 14 ലോക്സഭകളിൽ പാർലമെന്റ് മെമ്പറായി പ്രവർത്തിച്ച എൻ. എൻ. കൃഷ്ണദാസ് ചിറ്റൂർ കോളേജിലെ പൂർവ്വവിദ്യാർത്ഥിയാണ്. 1979 മുതൽ 1982 വരെയുള്ള കാലഘട്ടത്തിലാണ് അദ്ദേഹം ഇവിടെ പഠിച്ചത്. 1980-81 ൽ കോളേജ് മാഗസിൻ എഡിറ്ററായിരുന്നു. 1959ൽ പാലക്കാട് ജനിച്ച അദ്ദേഹത്തിന് മികച്ച പാർലമെന്റേറിയനായി തിളങ്ങുവാൻ സാധിച്ചു. സ്കൂൾ, കോളേജ് വിദ്യാർത്ഥിയായിരുന്നപ്പോൾ പ്രസംഗമത്സര ങ്ങളിലും ലേഖനമെഴുത്തിലും പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. പാലക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന 'സ്വരലയ' എന്ന സാംസ്കാരികസംഘടന യുടെ ഭാരവാഹി കൂടിയാണ്. പത്തോളം വിദേശരാജ്യങ്ങളിൽ സന്ദർ ശനം നടത്തിയിട്ടുണ്ട്. സജീവരാഷ്ട്രീയ പ്രവർത്തകനായി അദ്ദേഹം ഇപ്പോഴും തുടരുന്നുണ്ട്.





# ചിറ്റൂർ കോളേജ് എന്ന ആന്റമാൻ

അറയ്ക്കൽ നന്ദകുമാർ

പ്രശ്സത സാഹിത്യ നിരൂപകൻ എം. കൃഷണൻ നായർ അദ്ദേഹത്തിന്റെ നിരൂപണ പംക്തികളിൽ നിരവധി തവണ പരാമർശി ച്ചിട്ടുള്ള കോളേജാണ് ചിറ്റൂർ കോളേജ്. അദ്ദേഹം ആൻഡമാനിലെ സെല്ലുലാർ ജയിലിന്റെ ഗ്ലോറിഫൈെയിഡ് വേർഷനായിട്ടാണ് ചിറ്റൂർ കോളേജിനെ ചിത്രീകരിച്ചിരുന്നത്, ഒരു പക്ഷേ ഞാൻ അങ്ങനെയാണ് വായിച്ചെടുത്തത്. തിരുവന്തപുരത്ത് കോളേജുകളിലെ അദ്ധ്യാപകരിൽ ഒരെല്ല് കൂടുതൽ കണ്ടാൽ അവരെ നാടുകടത്താനുള്ള സെല്ലുലാർ ജയിൽ! എല്ല് കൂടിയിട്ടാണോ എന്നറിയില്ല. അദ്ദേഹം പല തവണ ഇവിടെ മലയാളം വിഭാഗത്തിൽ അദ്ധ്യാപകനായി സേവനം അനിഷ്ഠിച്ചു. ഇവിടെ എവിടെയോ താമസിച്ചു. അസുഖം വന്നപ്പോൾ അടുത്തുള്ള ഏതോ ഡോക്ടറെ കണ്ടപ്പോൾ “കുരയുണ്ടോ?” എന്ന ഡോക്ടറുടെ ചോദ്യം കേട്ട് പല തവണ ഞെട്ടി. വളമിടാതെ വളഞ്ഞ് വളർന്ന കേരളമെന്ന പടവലത്തിലെ ഓരോ ജില്ലയുടെയും മൊഴി വ്യത്യാസങ്ങൾ കൃഷ്ണൻനായർ നേരിട്ടനുഭവിച്ചത് അപ്പോഴാവും എന്നൂഹിക്കാം. ‘ ശ’ എന്ന അക്ഷരം ഉപയോഗിക്കാത്ത നാട്ടുകാർ ശശി എന്ന പേരിട്ട് ‘സസി’ എന്ന് വിളിക്കുന്ന നാട്. അതങ്ങനെയല്ലേ എന്ന് ചോദിച്ചാൽ “ഓ! സെരി” എന്ന് ഒരു വശത്തേക്ക് തല ചരിച്ച് സമ്മതിക്കുന്ന നിഷ്ക്കളങ്കരായ നാട്ടുകാരുടെ ദേശം. ശരിയാണ്. ഇതൊരു ദ്വീപായിരുന്നു. കന്യാകുമാരി വരെയുള്ള ദേശം തമിഴ്നാടിന് എഴുതി കൊടുത്ത് നാല് ഭാഷ പറയുന്ന കാസർകോടും നെല്ലറയായ പാലക്കാടും കേരളത്തോട് ചേർത്തപ്പോൾ കിട്ടിയത്. ഇതെങ്ങനെ ഒരു ദ്വീപാകുന്നു എന്ന് ചോദിച്ചാൽ രാഷ്ട്രീയം പറയേണ്ടി വരും. മാറി വരുന്ന മുന്നണികൾ സൗകര്യം പോലെ തഴഞ്ഞ ദേശമാണ് ചിറ്റൂർ. അതിലെ ഉൾപാർട്ടി ജനാധിപത്യത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷേ കഴിഞ്ഞ 75 വർഷമായിട്ട് ഒരു ഞെട്ടിപ്പിക്കുന്ന വികസനവും നടക്കാത്ത നാടാണ് ചിറ്റൂർ എന്ന് പറഞ്ഞേ പറ്റൂ. സ്വന്തമായി ഒരു ബസ്സ്റ്റാൻഡ് പോലും ഇല്ലാത്ത ഒരു നാട് ! തീരുന്നില്ല, രാത്രി ചിറ്റൂരിൽ താമസിക്കുന്ന ആർക്കെങ്കിലും അടിയന്തിരമായി ശ്രുശ്രൂഷ കിട്ടണമെങ്കിൽ 17 കിലോമീറ്റർ താണ്ടി പാലക്കാട് ടൗണിൽ എത്തണം. (ചിറ്റൂരിൽ ഗവൺമെന്റ് ഹോസ്പിറ്റലില്ലേ എന്ന ചോദ്യമൊന്നും ചോദിച്ച് എന്നെ ചിരിപ്പിക്കല്ലേ എന്ന അപേക്ഷയുണ്ട് )! എന്നെ പഠിപ്പിച്ച ഒരു തൃപ്പൂണിത്തുറക്കാരി ടീച്ചർ ചിറ്റൂർ വാസക്കാലത്തേ പറ്റി പറിഞ്ഞത് രാത്രിയാകുമ്പോൾ ലോകത്ത് നിന്ന് ഒറ്റപ്പെട്ടു പോയ ഒരവസ്ഥ അനുഭവിക്കുമായിരുന്നു എന്നാണ്.

ശ്ശെ! ഞാൻ വഴി മാറിപ്പോയോ! ക്ഷമിക്കു. കോളേജിൽ പഠിച്ച്, പഠിപ്പിച്ച്, പിന്നീട് കുറച്ചു വർഷം കുടുംബമായി താമസിച്ചിരുന്ന ഒരാളുടെ അനുഭവമായിട്ട് കണ്ടാൽ മതി. മുന്നൂറ്റമ്പത് രൂപയ്ക്ക് സൈക്കിൾ വിറ്റ കാശുമായി ചിറ്റൂർക്ക് ബി.എ. മ്യൂസിക്കിന് ചേരുവാൻ വണ്ടി കേറിയപ്പോൾ കൂടെ വരാനാരുമുണ്ടായില്ല. ചേർത്തത് സഹോദരതുല്യനും നാട്ടുകാരനും കുടുംബസുഹൃത്തും പാലക്കാട് ചെമ്പൈ കോളേജിലെ അദ്ധ്യാപകനുമായിരുന്ന ദിനേശേട്ടനായിരുന്നു. നാട്ടുകാരനും പ്രശസ്ത

വയലിനിസ്റ്റുമായ വിജു. എസ്. ആനന്ദും എന്നോടൊപ്പം ആ ബാച്ചിൽ ചേരുന്നുണ്ട് എന്ന് അവിടെ ചെന്നപ്പോഴാണ് അറിഞ്ഞത്. അത് ആശ്വാസമായി. ലങ്കേശ്വരം ഗ്രാമത്തിൽ ഞങ്ങൾക്ക് താമസിക്കാൻ മുറി തരപ്പെടുത്തി ദിനേശേട്ടൻ മടങ്ങും മുമ്പ് "ചേർത്തലയിൽ നിന്ന് ഒരു ടിക്കറ്റ് എടുത്താണ് വന്നത്. തിരിച്ചും അങ്ങനെ തന്നെയാവണം, രണ്ടര ടിക്കറ്റെടുത്ത് പോകുവാനിടയാകരുത്" എന്ന ഒരുപദേശം തന്നിട്ടാണ് പോയത്. എം.എ. പൂർത്തിയാക്കും വരെ ഞാനത് പാലിച്ചു. അതിന് പിൻബലം ആയിട്ട് പിന്നീട് ഒരുപദേശം കൂടി കിട്ടിയിരുന്നു. അവിടുത്തെ പൂർവ്വവിദ്യാർത്ഥിയായ ഒരു സുഹൃത്തിൽ നിന്ന്. ദാർശ നികനായിരുന്ന ബർട്രൻ്റ് റസ്സൽ "Romance is the privilage of the rich, not for the unemployed" എന്ന് പറഞ്ഞിട്ടുണ്ട് എന്നാണ് അദ്ദേഹം പറഞ്ഞത്. സത്യത്തിൽ മൂപ്പര് അങ്ങനെ പറഞ്ഞിരിക്കുമോ? അറിയില്ല. എന്നാൽ അത് എന്നോട് പറയാൻ ആ ചേട്ടന് ഒരു കാരണമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യയും എന്റെ ജൂനിയറായി പഠിച്ചിരുന്നതുമായ ഒരു പെൺകുട്ടിയുടെയും എന്റേയും പേരു ചേർത്ത് ക്യാമ്പസ്സിൽ പടർന്ന ഗോസിപ്പായിരുന്നു വിഷയം. തൊഴിൽരഹിതൻ മാത്രമല്ല പരമദരിദ്രനുമായ എനിക്ക് ഉറക്കത്തിൽ ഞെട്ടാൻ ആ രണ്ടാമത്തെ ഉപദേശം ധാരാളമായിരുന്നു. സുന്ദരികളായ പെൺകുട്ടി കൾ അടുത്തു വരുമ്പോൾ ഒരു മന്ത്രം പോലെ മനസ് ആ വചനം ഉരുവിട്ടുകൊണ്ടിരുന്നു. എന്നാൽ ഏത് മന്ത്രം ജപിക്കുന്ന വിശ്വാമിത്ര നേയും ഇളക്കാൻ പറ്റിയ മേനകയായിരുന്നു ചിറ്റൂരിലെ പ്രകൃതി. പച്ചവിരിച്ച പാടങ്ങൾ, അതിനിടയിൽ തെങ്ങിന് ഷോക്കടിപ്പിച്ച പോലെ എഴുന്നു നിൽക്കുന്ന ഓലകളോടെ ഒറ്റപ്പെട്ടു നിൽക്കുന്ന പനകൾ, സംഗീത വിഭാഗത്തിന്റെ പിറകിലൂടെ ഒഴുകുന്ന ശോകനാശിനി എന്ന പുഴ, അതിന്റെ മറുകരയിൽ ഒളിച്ചിരിക്കുവാൻ കൊതി തോന്നുന്ന ഇരുട്ട് മറകളുള്ള കാട്ടുപൊന്തകൾ, പശ്ചാത്തലത്തിൽ ഒളിഞ്ഞും തെളിഞ്ഞും കാണപ്പെടുന്ന നെല്ലിയാമ്പതി മലനിരകൾ... ഹോ! ഹൃദയം പ്രണയ ഭരിതമായില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ! തൃശ്ശൂരിൽ കേരള വർമ്മ കോളേ ജിൽ തുടങ്ങാനിരുന്ന സംഗീതവിഭാഗം ചിറ്റൂർ സ്വദേശിയായ ഒരു ദിവാന്റെ മകളുടെ സൗകാര്യാർത്ഥം ചിറ്റൂർക്ക് മാറ്റുകയായിരുന്നു എന്നൊരു കഥ കേട്ടിട്ടുണ്ട്. ഈ കഥകളൊക്കെ കേട്ടപ്പോൾ സംഗീത വിഭാഗത്തിന്റെ വരാന്തയിൽ ആരിവേപ്പിലയുടെ മണവും പേറി വന്ന പാലക്കാടൻ കാറ്റ് ആസ്വദിച്ചിരിക്കേ ചേർത്തലയിൽ നിന്ന് ചിറ്റൂർക്ക് എത്താനുള്ള കഷ്ടപ്പാട് മറന്ന് ഞാൻ പലവട്ടം ദിവാന്റെ മകൾക്ക് സ്തുതി പറഞ്ഞിട്ടുണ്ട്.

കൃഷ്ണചന്ദ്രൻ, രമേശ് നാരായണൻ എന്നിവർക്ക് ശേഷം സിനിമാ രംഗത്തും അക്കാദമിക്ക് തലത്തിലും പിന്നീട് പ്രശസ്തരായ ഒരു പറ്റം കലാകാരൻമാരുടെ വിദ്യാർത്ഥി ജീവിതത്തിലേക്കായിരുന്നു ഞാൻ അന്ന് കടന്ന് ചെന്നത് . തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നിന്ന് ഗാനഭൂഷണത്തിൽ ഡിപ്ലോമാ കഴിഞ്ഞ് പ്രീഡിഗ്രിയുടെ തോറ്റു പോയ വിഷയങ്ങൾകൂടി എഴുതി പാസ്സായിട്ടാണ് ഞാൻ ബി.എ.യ്ക്ക് ചേർന്നത്. അതുകൊണ്ട് എന്റെ സഹപാഠികളെക്കാൾ നാല് അഞ്ച് വയസ്സിന് മുതിർന്ന ആളായിരുന്നു ഞാൻ. ആ ബഹുമാനമൊന്നും എനിക്ക് കിട്ടിയില്ലെങ്കിലും സീനിയേഴ്സായ കുട്ടികളുമായി ചങ്ങാത്ത ത്തിലാവാൻ പ്രായം തുണയായി. അതെനിക്ക് ആവശ്യവുമായിരുന്നു. കാരണം മുൻപേ സൂചിപ്പിച്ച പ്രഗത്ഭരിൽ പലരും എന്റെ മുതിർന്ന ക്ലാസിലായിരുന്നു ഉണ്ടായിരുന്നത്. അന്നേ മിടുക്ക് തെളിയിച്ച അവരുമായിട്ടുള്ള സൗഹൃദം എന്റെ സംഗീതാഭിരുചിയിൽ ഉണ്ടാക്കിയ മാറ്റം ചെറുതല്ല. സംസ്ഥാന തലത്തിൽ സമ്മാനങ്ങൾ വാരിക്കൂട്ടിയവർ എന്റെ ക്ലാസിലുമുണ്ടായിരുന്നു. എന്നുവച്ചാൽ ജൂനിയർ ടീച്ചർമാർ ക്ലാസെടുക്കാൻ പോലും ഭയപ്പെട്ടിരുന്ന ബാച്ചുകൾ അക്കാലത്ത് ഉണ്ടായിരുന്നെന്ന് അർത്ഥം! യൂണിവേഴ്സിറ്റി കലോത്സവങ്ങളിലെ സംഗീതയിനങ്ങളിൽ ചിറ്റൂർ കോളേജിലെ സംഗീത വിഭാഗത്തിലെ കുട്ടികൾ സമ്മാനങ്ങൾ വാരിക്കൂട്ടിയ കാലമായിരുന്നു അന്ന്. അത് പിന്നീടും സംഭവിച്ചിട്ടുണ്ടാവാം. പക്ഷേ പാട്ടു പോലെ തന്നെ ഉപകരണ സംഗീതവും ഒരു പോലെ കൈകാര്യം ചെയ്തിരുന്ന പാലക്കാട് ശ്രീറാം, എന്റെ സഹപാഠികളായിരുന്ന കൊല്ലം ബാലമുരളി, തിരുവിഴ വിജു. എസ്സ്. ആനന്ദ് എന്നീ യൂണിവേഴ്സിറ്റിയുടെ കലാപ്രതിഭകൾക്ക് പിൻമുറക്കാർ ഉണ്ടായിരുന്നോ? സംശയമാണ്. പ്രതിഭകൾ ഈ പറഞ്ഞതിൽ തീരുന്നില്ല, പ്രശസ്ത സംഗീതജ്ഞനായ ഡോ. രംഗനാഥ ശർമ്മ, ദൂരദർശൻ ഡയറക്ടറായി വിരമിച്ച ആനന്ദവർമ്മ, ഇവ രൊക്കെ ഈ കലാലയത്തിൽ നിന്നിറങ്ങിയവരാണ്. ഇങ്ങനെ പേരുകൾ പറഞ്ഞു തുടങ്ങിയാൽ ആരേയെങ്കിലും വിട്ടു പോകുമോ എന്ന ഭയം കൊണ്ട് ഞാനത് ഇവിടെ നിർത്തുകയാണ്. എന്നാലും എന്നന്നേയ്ക്കുമായി വിട്ടുപിരിഞ്ഞ പിന്നണിഗായകരായ രണ്ടു പേർ, എന്റെ അടുത്ത സുഹൃത്ത് മനോജ്കൃഷ്ണനും എന്റെ ജൂനിയറും ശിഷ്യനുമായിരുന്ന സൈനോജും. ഇവരെ നിറകണ്ണുകളോടെ അല്ലാ തെ ഓർക്കാൻ ആവില്ല.

ഒന്ന് രണ്ട് ടീച്ചർമാർ സ്ഥിരം അവധിയിൽ ആയിരുന്നത് ഒഴിച്ചാൽ പ്രഗത്ഭമതികളായ അദ്ധ്യാപകരുടെ ഒരു നിര തന്നെയുണ്ടായിരുന്നു അന്ന്. അവർ പാഠ്യേതര പ്രവൃത്തികളിൽ മുഴുകാതെ കൃത്യമായി ക്ലാസെടുക്കുമായിരുന്നു. പക്ഷേ ഞങ്ങൾക്ക് ഇവരേക്കാളും ഇഷ്ടം ടൈം ടേബിളിലെ 'X' എന്നടയാളപ്പെടുത്തിയ ദീർഘാവധി എടുത്ത ടീച്ചേഴ്സി നെ ആയിരുന്നു. കാരണം വ്യക്തമാക്കണ്ടല്ലോ.

ബി.എ. എന്ന ഒന്നാം കാണ്ഡം തീരും മുമ്പ് തന്നെ ഞാൻ ചെറുതായി ഗാനരചനയിലും കമ്പോസിങ്ങിലും കൈവച്ചു തുടങ്ങിയിരുന്നു. കടുത്ത വായനാശീലം, പഴയ ഗാനങ്ങളോടുള്ള പ്രിയം, വാചകമടി എന്നിവ ഒക്കെ കൊണ്ട് അത്യാവശ്യം പ്രേക്ഷകരേ ഞാനന്ന് കൈയിലെടു ത്തിരുന്നു. അവരുടെ പ്രോത്സാഹനങ്ങൾ കൊണ്ട് ചില ഗാനങ്ങൾ അരങ്ങേറുകയും സമ്മാനാർഹമായിട്ടുമുണ്ട്. ഇതാ ഇപ്പോഴും അതിൽ പലതും പല കലോത്സവവേദിയിൽ മുഴങ്ങുമ്പോഴും മനസ് ആ ഗാനങ്ങൾക്ക് നിർമ്മിതിയാവാനുള്ള നിമിത്തത്തിലേക്ക് ഓടിപ്പോകും. ശോകനാശിനിയിലേക്ക് നോക്കി നിൽക്കുന്ന എന്റെ പിന്നിൽ വന്ന് ആരോ വിരൽ തൊടും പോലെ...

ബി.എ.യ്ക്ക് മൂന്നാം റാങ്കുണ്ടെന്ന് പത്രത്തിൽ നിന്നറിഞ്ഞപ്പോൾ വീട്ടിൽ വലിയ ആഹ്ലാദമായിരുന്നു. എം.എ.യ്ക്ക് ചേരാനുള്ള പ്രചോദനവും അതായിരുന്നു. പക്ഷേ പിന്നീട് രണ്ട് വർഷത്തിന് ശേഷം എം.എ.യ്ക്ക് രണ്ടാം റാങ്ക് കിട്ടിയപ്പോൾ വീട്ടിൽ വലിയ ഓളങ്ങൾ ഉണ്ടാക്കിയില്ല. കാരണം മറ്റൊന്നുമല്ല മ്യൂസിക്കും ജ്യോഗ്രഫിയും കാലിക്കറ്റ് യൂണി വേഴ്സിറ്റിയിൽ ഈ കോളേജിൽ മാത്രമേ ഉള്ളൂ എന്ന് അതിനോടകം ആരോ വീട്ടുകാരെ ധരിപ്പിച്ചിരുന്നു. അന്ന് 'പ്ലിങ്ങ്' എന്ന വാക്ക് കണ്ടു പിടിച്ചിരുന്നില്ല. അതുകൊണ്ട് ചമ്മാനൊന്നും നിന്നില്ല. പട്ടാളത്തിലുള്ള ചേട്ടൻ മാസങ്ങൾ കൂടുമ്പോൾ അയയ്ക്കുന്ന മൂന്നൂറു രൂപ, ചിറ്റൂര് ചില

വീട്ടുകളിലെ പാട്ട് ട്യൂഷൻ എന്നിവയൊക്കെ കൊണ്ടാണ് ചിലവ് തള്ളിനീക്കിയത്. തെക്കെഗ്രാമത്തിലെ ഒരു മാളികയുടെ മുകളിലെ ഒറ്റമുറിയിലായിരുന്നു സുഹൃത്ത് സുമേഷുമൊത്ത് താമസം. ആ മുറിയിൽ നിന്നാണ് 'മൃദുമന്ദഹാസം' എന്ന എന്റെ പ്രസിദ്ധമായ ലളിതഗാനം പിറന്നത്. 96 മുതൽ ഇന്നുവരെ അതെത്ര പേർ പാടിയിട്ടുണ്ടെന്ന് അറിയില്ല. ഒടുവിൽ വർഷങ്ങൾക്ക് ശേഷം 'പൂമരം' എന്ന സിനിമയിൽ കെ.എസ്. ചിത്രയുടെ ശബ്ദത്തിൽ ചലച്ചിത്ര ഗാനമായി. ചുരുക്കിപ്പറഞ്ഞാൽ ഈ ഗാനത്തിന് എന്നെ വഴിയിൽ വച്ച് കണ്ടാൽ പരിചയമില്ലാത്ത അവസ്ഥയായിരുന്നെങ്കിലും ഒരു ഉപകാരമുണ്ടായി. 2018 ൽ ലളിത ഗാനങ്ങൾക്ക് നൽകിയ സമഗ്ര സംഭാവനക്ക് കേരള സംഗീത നാടക അക്കാദമി അവാർഡ് ലഭിക്കാൻ മുന്നിട്ടിറങ്ങി ഉത്സാഹിച്ചത് ഈ ഗാനമാണ് എന്ന് വേണമെങ്കിൽ പറയാം. ചിറ്റൂർ കോളേജ് അലുമ്നിയിൽ ഈ അവാർഡിനർഹനായ ആദ്യത്തെ ആളല്ല കെട്ടോ ഞാൻ. എനിക്ക് മുമ്പ് സംസ്ഥാന അവാർഡ് വാങ്ങിയ വരിൽ രമേശ് നാരായണൻ, ശങ്കരൻ നമ്പൂതിരി, എന്നിവരുമുണ്ട്. എനിക്ക് ശേഷം മഞ്ജു മേനോനും.

ബിരുദാനന്തര ബിരുദകാണ്ഡം കഴിഞ്ഞ് തൊട്ടടുത്ത വർഷം നെറ്റ് പാസ്സായി ചിറ്റൂർ കോളേജിൽ തന്നെ 98 മുതൽ രണ്ട് വർഷം ഗസ്റ്റ് ലക്ചറർ ആയി ജോലി ചെയ്തു. എന്റെ കൂടെ ശ്രീലേഖ, സുഷാചന്ദ്രൻ, രജനി, പരമേശ്വരൻ എന്നിവരൊക്കെ ഗസ്റ്റായിട്ടുണ്ടായിരുന്നു. ശമ്പളം എത്രയാണെന്ന് പറയുന്നില്ല. പറഞ്ഞാൽ ഇതിലും ഭേദം തെണ്ടുക യായിരുന്നില്ലേ എന്ന ചോദ്യം വരും. ഇന്ന് പ്രിൻസിപ്പളായിരിക്കുന്ന അനുരാധ ടീച്ചർ ജോലിയിൽ പ്രവേശിച്ചതും ചിറ്റൂർ കോളേജിൽ ഈ കാലഘട്ടത്തിലായിരുന്നു. എന്റെ സഹപാഠിയും സുഹൃത്തുമായ പരമേ ശ്വരനും (ഇപ്പോൾ പൂനയിൽ ഒരു സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസറാണ്) ഞാനും താമസം ചിറ്റൂർ കോളേജിന് മുന്നിൽ റോഡരികിലെ ലോഡ്ജിൽ. (ഇപ്പോഴത് ഒരു നഴ്സറി സ്കൂളാണ്) അടുത്തടുത്ത മുറികളിൽ കോളേജിലെ മറ്റു വിഭാഗത്തിലെ പ്രൊഫ സർമാർ. അക്കൂട്ടത്തിൽ പിന്നീട് കാലടി വൈസ് ചാൻസലറായ രാധാകൃഷ്ണൻ സാർ, കേരള യൂണിവേഴ്സിറ്റിയിലെ പ്രൊവൈസ് ചാൻസലറായ വീരമണികണ്ഠൻ സാർ എന്നിവരും ഉണ്ടായിരുന്നു. അവരൊക്കെ ദിവസതൊഴിലാളികളായ എന്നോടും പരമേശ്വരനോടും അനുഭാവപൂർവ്വം പെരുമാറി. ഞങ്ങളെല്ലാവരും ഒരുമിച്ച് രാത്രിയിൽ ചിറ്റൂർ റോഡിലൂടെ തമാശകൾ പറഞ്ഞ് നടന്ന് ഹോട്ടലുകളിൽ കേറി കഞ്ഞി കുടിച്ചു. നൂറോളം വാൽനക്ഷത്രങ്ങൾ രാത്രിയിൽ ആകാശത്ത്

**'മൃദുമന്ദഹാസം'**
**ഒടുവിൽ വർഷങ്ങൾക്ക് ശേഷം**
**'പൂമരം' എന്ന സിനിമയിൽ**
**കെ.എസ്. ചിത്രയുടെ**
**ശബ്ദത്തിൽ ചലച്ചിത്ര**
**ഗാനമായി.**

കൂടി കടന്ന് പോകുമെന്ന പത്രവാർത്ത അറിഞ്ഞ് ഉറക്കമില്ലാതെ ലോഡ്ജിന്റെ മുകളിൽ മലർന്ന് കിടന്നു. അങ്ങനെയൊരു കാലം !

അദ്ധ്യാപകനായി ചിറ്റൂർ കോളേജിൽ തുടർന്ന അവസാന വർഷമായിരുന്നു സഹപ്രവർത്തകയായ ശ്രീലേഖ എന്റെ ജീവിത സഖിയായത്. വിവാഹപ്രായം കഴിഞ്ഞ രണ്ട് സമപ്രായക്കാരായിരുന്നു ഞങ്ങൾ. ദിനേശ് ചേട്ടന്റെയും ബർട്രന്റ് റസ്സലിന്റേയും ഉപദേശങ്ങൾ അന്നും മനസ്സിൽ ബാക്കിയായിരിന്നിട്ടും ശ്രീലേഖയിലേക്ക് 'നീളുന്ന മിഴിമുനയാരുടേതാവാം' എന്ന് കണ്ടറിഞ്ഞ മറ്റൊരു ടീച്ചറാണ് എന്നെ കൂട്ടിൽ കേറ്റിയത്. മറുവശത്ത് ശ്രീലേഖയെ വരുതിക്ക് കൊണ്ടുവന്നത് അന്ന് മാത്സിൽ ഗസ്റ്റായിരുന്ന എന്റെ പ്രിയ സുഹൃത്ത് മനുവും. ഞങ്ങളെ ഒരുമിപ്പിക്കാൻ തദ്ദേശിയ കുടുംബങ്ങളുടെ പിന്തുണയും ഉണ്ടായിരുന്നു. ഒപ്പം പ്രേമലത ടീച്ചറേയും ലൈല ടീച്ചറേയും പോലുള്ള ഞങ്ങളുടെ സീനിയർ അദ്ധ്യാപകരുടെ സഹകരണവും. ഞങ്ങളൊരു കുടുംബമായി ഏതാനും വർഷങ്ങൾ കൂടെ ചിറ്റൂര് ജീവിച്ചു. അഞ്ച് വർഷത്തെ പഠനകാലം മുഴുവനും ഹോസ്റ്റലിൽ താമസിക്കാതെ ചിറ്റൂര് തന്നെ പലയിടങ്ങളിലായി താമസിക്കുകയും സമീപവാസികളുമായി അടുത്ത് ഇടപഴകാനും അവസരം ഉണ്ടായിട്ടുണ്ട്. പൊട്ടിയ കുപ്പിവള കളെ ചേർത്ത് പുതിയ വർണ്ണ ചിത്രങ്ങൾ കൊച്ചിലേ ഉണ്ടാക്കുന്ന ഒരു ശിലം വച്ച് നോക്കുമ്പോൾ പറയുവാൻ ഇനിയും ബാക്കിയുണ്ട്. പ്രത്യേകിച്ചും 'മൃദുമന്ദഹാസം' എന്ന പാട്ടുമായി ബന്ധപ്പെട്ട്. എനിക്ക് ജൂനിയറായി ചേർന്ന മഞ്ജു മേനോൻ ലളിതഗാനത്തിൽ സ്കൂൾ തലത്തിൽ തന്നെ ശ്രദ്ധേയയായി കടന്ന് വന്ന മികച്ച ഗായിക യായിരുന്നു. ഞാനും ആ കുട്ടിയുമായി നല്ലൊരു സൗഹൃദം വളർന്ന പ്പോഴാണ് അവൾക്ക് കോളേജ് തലത്തിൽ പാടുവാൻ ഒരു പാട്ടില്ല എന്ന പ്രശ്നം ഉദിച്ചത്. ഞാൻ ഗാനങ്ങൾ രചിക്കുകയും ഈണപ്പെടു ത്തുകയും ചെയ്തു സമയമായിരുന്നു അത്. അപ്പോഴേക്കും ചലച്ചിത്ര പിന്നണിയിലേക്ക് പ്രവേശിച്ചിരുന്ന ആ കുട്ടിക്ക് വേണ്ടി ഒരു പാട്ട് ചിട്ടപ്പെടുത്തിയാൽ എൻ്റെ പാട്ട് കൊണ്ട് ഒരു ഇകഴ്ത്തി മഞ്ജുവിന് ഉണ്ടാവുമോ എന്ന ആശങ്കയുണ്ടായിരുന്നു. എൻ്റെ ജൂനിയറും ശിഷ്യ നുമായ സൈനോജ് അത് സൂചിപ്പിക്കുകയും ചെയ്തിരുന്നു. ചേട്ടാ പാട്ട് സൂപ്പറാണ്. ചേച്ചിക്ക് ഇഷ്ട്ടായാൽ മാത്രം പാടട്ടേ എന്നവൻ. മഞ്ജുവിന് അതിഷ്ട്ടമായി. സീനിയറായ ഒരാൾ എഴുതി ട്യൂൺ ചെയ്ത പാട്ടാണ് അവൾ പാടാൻ പോകുന്നത് എന്ന വാർത്ത സ്റ്റാഫ് റൂമിലും എത്തി. അവർ അവളേ വിളിപ്പിച്ച് ആ ഗാനം പാടിച്ചു. അവർ പച്ച ക്കൊടി വീശി. പിന്നേ നേരത്തേ സൂചിപ്പിച്ച പോലെ ആ ഗാനം ചരിത്രമായി. ഇന്റർസോണിൽ ഈ ഗാനം സമ്മാനർഹമായപ്പോൾ അന്നത്തെ മാതൃഭൂമിയിൽ കാലിക്കറ്റ് കലോത്സവത്തെക്കുറിച്ച് വന്ന വാർത്തയുടെ തലക്കെട്ട് 'മൃദുമന്ദഹാസം മലർമാലയായി' എന്നായിരുന്നു! ഞാൻ എൻ്റെ തോന്ന്യാക്ഷരങ്ങളെ കുറിച്ച് ആദ്യമായ് ഞെട്ടിയത് അന്നായിരുന്നു. (അന്ന് കണ്ണൂർ യൂണിവേഴസിറ്റി പിറന്നിട്ടില്ല) മഞ്ജു ആ ഗാനം ഇന്റർസോൺ കഴിഞ്ഞ് ദേശീയതലം വരെ പാടി. അവിടെ ജഡ്ജ് ആയിരുന്ന അനൂപം ഛലോട്ട എന്ന പ്രസിദ്ധ ഗസൽ ഗായകൻ മഞ്ജുവിനെ അരികിൽ വിളിച്ച് 'I dont Know the Language, but beautifull tune' എന്ന് പറഞ്ഞത്രേ.

താൽക്കാലിക അദ്ധ്യാപകനായി ചിറ്റൂർ കോളേജ് വിട്ട് കാലടി ശ്രീശങ്കര യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്യുമ്പോഴാണ് ചിറ്റൂർ T.B.

യ്ക്കടുത്ത് താമസിക്കുന്ന ഞങ്ങളുടെ വീട്ടിലേക്ക് ചിറ്റൂർ കോളേജ് യൂണിയൻ ഭാരവാഹികൾ ഒരാവശ്യവുമായി വന്നത്. കോളേജിൻ്റെ സർഗോത്സവം ഉദ്ഘാടനം ചെയ്യുന്ന ദക്ഷിണാമൂർത്തി സ്വാമിക്ക് സമ്മാനിക്കാൻ അദ്ദേഹത്തിൻ്റെ ഒരു എണ്ണച്ചായചിത്രം ഞാൻ വരക്കണമത്രേ. ചടങ്ങിന് അഞ്ച് ദിവസമേ ഉള്ളൂ. ഓയിൽപെയിന്റ് ചെയ്ത് കഴിഞ്ഞാൽ തന്നെ ഉണങ്ങാൻ മൂന്നു ദിവസം ആകും. നടക്കില്ല എന്ന് പറഞ്ഞ് പിള്ളേരേ തിരച്ചയച്ചു. അവർ പോകാതെ അടുക്കള വഴി കേറി ശ്രീമതിയെ അഭയം പ്രാപിച്ചു. അവളുടെ നിർബന്ധത്തിന് വഴങ്ങി കൊക്കിനെപ്പോലെ ഒറ്റക്കാലിൽ നിന്ന് ഒരുവിധം ഞാനാ ചിത്രം പൂർത്തിയാക്കി. ചിത്രം കണ്ടപ്പോൾ അത് ഞാൻ തന്നെ ചടങ്ങിൽ സമ്മാനിക്കണമെന്ന് യൂണിയൻ കുട്ടികൾ. അതങ്ങനെ തന്നെ സംഭവിച്ചു. അദ്ദേഹത്തെ നേരിൽ കാണാനുള്ള അവസരം അങ്ങനെ ചിറ്റൂർ കോളേജ് എനിക്ക് തന്നു. കഥ അവിടെ തീരുന്നില്ല. അദ്ദേഹത്തിൻ്റെ ഒരു സിനിമാ ഗാനം 'എൻ്റെ വീടിന് ചുമരുകളില്ല.. ' പാടിയ എസ്. ടി. ശശിധരൻ സാർ അദ്ധ്യാപകനായിട്ട് ഉണ്ടായിരുന്നു. സാറത് ഓർമ്മിപ്പിക്കാൻ ഭാവിച്ചപ്പോൾ സ്വാമിയുടെ പ്രതികരണം അനുകൂലമായിരുന്നില്ല എന്നതിനാലാം സാറ് ഭയന്ന് പിൻമാറി. ആ ചടങ്ങിന് ശേഷം കൊച്ചിയിൽ ഒരു റിക്കോർഡിംഗിന് പോകേണ്ട ആവശ്യം ഉള്ളത് കാരണം സ്വാമിയുടെ കൂടെ കാറിൽ പോകാൻ ഞാനും കൂടെ കൂടി. അപ്പോൾ ഞാൻ ശശിധരൻ സാറിൻ്റെ കാര്യം പറഞ്ഞപ്പോൾ അദ്ദേഹം തലയ്ക്ക് കൈ വച്ചു! ദക്ഷിണാമൂർത്തി സ്വാമി 36 പാട്ടുകാരെ പാടിച്ചുണ്ടത്രേ. അവരെ വച്ച് ഒരു മെഗാ ഷോ നടത്താൻ ഇരിക്കുമ്പോൾ അതിൽ ബന്ധപ്പെടാൻ സാധിക്കാതെ പോയ മുപ്പത്താറാമൻ ശശിധരൻ സാറായിരുന്നത്രേ! എനിക്ക് അദ്ദേഹത്തിൻ്റെ നമ്പർ തരു എന്ന് സ്വാമി പറഞ്ഞപ്പോൾ അത് വേണ്ട എന്ന് പറഞ്ഞ് ഞാൻ സാറിനേ സ്വാമിയുടെ വീട്ടിൽ എത്തിച്ചു.

തിടമ്പേറി വരുന്ന ഇത്തരത്തിലുള്ള ഓർമ്മകളെല്ലാം പകർത്തുവാൻ ഈ സോവനീറിന്റെ താളുകൾ തികയില്ല എന്നാലും പറയാതെ വയ്യ. ശോകനാശിനിയുടെ വലത്തോട്ട് ഉള്ള വളവിലെ അതിൻ്റെ നീരൊഴുക്കിൻ്റെ കേറ്റവും ഇറക്കവും കോളേജിൻ്റെ ഭൂഗർഭത്തിൽ ഉണ്ടാക്കുന്ന പാളീ ചലനങ്ങൾ ക്യാമ്പസ്സിലേ അതിൻ്റെ തീരത്തോട് ചേരുന്ന പുതിയ കെട്ടിടങ്ങൾക്ക് വിള്ളലുകളുണ്ടാക്കും എന്ന് ജ്യോഗ്രഫിയിലെ പ്രൊഫസറായിരുന്ന ബാലകൃഷ്ണൻ സാറും അക്കാലത്ത് എന്നോടൊപ്പം സഹവസിച്ചിരുന്ന പി. ഡബ്ല്യൂ. ഡി. എഞ്ചിനിയേഴ്സും പറഞ്ഞിട്ടുണ്ട്. അതെന്താണ് നടുക്ക് നിൽക്കുന്ന ഹെറിറ്റേജ് കെട്ടിടങ്ങളെ ബാധിക്കാത്തത്, അതിന് വിള്ളലൊന്നും ഇല്ലല്ലോ എന്ന് ചോദിച്ചാൽ അതിന് ഒരു ഉത്തരമേ ഉള്ളൂ. ട്രാവൻകൂർ മരാമത്തും കൊച്ചിൻ മരാമത്തും കൂടി ലയിച്ച് 1949 ൽ പി. ഡബ്ല്യൂ. ഡി. എന്ന പ്രസ്ഥാനം യാഥാർത്ഥ്യമാവും മുമ്പ് നിർമ്മിച്ചതാണ് അത്! ഞങ്ങൾ പഠിച്ച സംഗീതവിഭാഗത്തിൻ്റെ കെട്ടിടം അതിൻ്റെ ഇരയായി ഓർമ്മയായി മാറി മണ്ണോട് ചേരുവാൻ പോകുകയാണെന്ന് ഞാൻ വേദനയോടെ മനസ്സിലാക്കുന്നു. കുറച്ചുനാൾമുമ്പ് ചിറ്റൂർ കോളേജ് സമ്മാനിച്ച മഹാപ്രതിഭകളായ രമേശ് നാരായണനും കൃഷ്ണചന്ദ്രനും വധശിക്ഷ കാത്തു നിൽക്കുന്ന തങ്ങളുടെ പഠനമുറികളും വരാന്തയും ഒരു വട്ടം കൂടി കാണാൻ കോളേജിൽ വന്നപ്പോൾ ഞാൻ ക്യാമ്പസ്സിൽ ഉണ്ടായിരുന്നു. തമ്മിൽ കണ്ട് സ്നേഹവും വിശേഷങ്ങളും പങ്കിട്ടെങ്കിലും ആ സംഗീത വിഭാഗം കെട്ടിടം ഇനിയത്തെ വരവിൽ കാണില്ല എന്ന വിവരം അവരോട് പറഞ്ഞില്ല. ഭാഗ്യം! അവർ നേരത്തെ വന്നു. അത്രയേ പറയേണ്ടൂ.

ഒന്ന് മാത്രം പറഞ്ഞ് നിർത്തട്ടെ. ചിറ്റൂർ കോളേജിനെ കുറിച്ചുള്ള എന്റെ സ്മരണകൾ ചിറ്റൂർ ദേശത്തിലെ എന്റെ അനുഭവങ്ങളിൽ നിന്ന് അടർത്തിമാറ്റാനാവില്ല. അതുകൊണ്ട് ചിറ്റൂർ കോളേജ് എന്നെ സംബന്ധിച്ചിടത്തോളം എം. കൃഷ്ണൻനായരുടെ ആൻഡമാനല്ല. എനിക്കത് വിശ്വാമിത്രന്റെ മേനകയാണ്. എന്നിലെ ഗായകനെ തേച്ചുമിനുക്കിയ, എന്നിലെ തോന്ന്യാക്ഷരങ്ങളെ പാട്ടുകളാക്കിയ, എന്നെ അദ്ധ്യാപകനാക്കിയ, ഞാനാകും പാമരനാം പാട്ടുകാരൻ്റെ ക്ലാവ് പിടിച്ച പ്രണയചോദനയെ തേച്ചുമിനുക്കിയ, എന്റെ ജീവിതസഖിയെ ചൂണ്ടിക്കാണിച്ചുതന്ന, എന്നിലെ കലാകാരനെ തട്ടിയുണർത്തിയ വശ്യസുന്ദരിയായ മേനക!



**അറയ്ക്കൽ നന്ദകുമാർ**

1979-ൽ തിരുവനന്തപുരത്ത് വൈകുണ്ഠപതി, ആർ. സുബ്ബലക്ഷ്മി എന്നിവരുടെ കീഴിൽ സംഗീതത്തിൽ പ്രാരംഭപഠനം, ചേർത്തല ബാലകൃഷ്ണപിള്ള, ചേർത്തല ഗംഗാധരൻ പിള്ള, എന്നിവരുടെ ശിഷ്യത്വം. തുടർന്ന് ആർ.എൽ.വി. കോളേജിൽ നിന്ന് ഗാനഭൂഷണവും 1997 ൽ്യൂൂ പാലക്കാട് ചിറ്റൂർ കോളേജിൽ നിന്ന് സംഗീതത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും റാങ്കോടെ പാസ്സായി. തൊട്ടടുത്ത വർഷം മുതൽ ചിറ്റൂർ കോളേജ്, ചെമ്പൈ സംഗീത കോളേജ്, കാലടി ശ്രീ ശങ്കരാ യൂണിവേഴ്സിറ്റി, തിരുവനന്തപുരം വിമൻസ് കോളേജ്, എന്നിവിടങ്ങളിൽ സംഗീത വിഭാഗത്തിൽ അദ്ധ്യാപകനായിരുന്നു. ഇപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ തൃശ്ശൂർ ക്യാമ്പസ്സായ സ്കൂൾ ഓഫ് ഡ്രാമയിൽ സംഗീത വിഭാഗത്തിൽ അധ്യാപകനാണ്. ആകാശവാണിയുടെ ശാസ്ത്രീയ സംഗീതം, ലളിതസംഗീതം, സംഗീത സംവിധാനം എന്നിവയിൽ എ ഗ്രേഡ് ആർട്ടിസ്റ്റാണ്. 2018ൽ സംഗീതമേഖലയുടെ സമഗ്രസംഭാവനയ്ക്ക് കേരള സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചു. 'സംഗീതകലാസാരം' എന്ന പുസ്തകം രചിച്ചിട്ടുണ്ട്. ചിത്രകാരനും കൂടിയാണ്. ചിറ്റൂർ കോളേജിൽ സംഗീത വിഭാഗം മേധാവിയായ ഡോ. ശ്രീലേഖാ പണിക്കരാണ് ഭാര്യ.






# ഓർമ്മകൾതൻ താമരമലരുകൾ

ശ്രീവത്സൻ സി.എസ്.

ചിറ്റൂർ കോളേജിനെക്കുറിച്ചുള്ള ഓർമ്മയിലേക്ക് സഞ്ചരിക്കുമ്പോൾ ആദ്യം മനസ്സിൽ തെളിയുന്നത് ഒരു ജാഥയാണ്. കോളേജിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച ജാഥയായിരുന്നു അത്. ചിറ്റൂർ ബോയ്സ് ഹൈസ്കൂളിനു മുൻപിൽ നിന്നായിരുന്നു അത് കണ്ടത്. കണ്ടതിലെ അത്ഭുതം ഇന്നും, അരനൂറ്റാണ്ടിനു ശേഷവും ഒട്ടും മാറിയിട്ടില്ല. മുൻപിൽ എൻ.സി.സി. കാഡറ്റ്സ്. പിന്നിൽ കോട്ടിട്ട ഒരു ചെറുപ്പക്കാരൻ. അതിനു പിന്നിൽ രണ്ടു വരികളിലായി ആൺകുട്ടികളും പെൺകുട്ടികളും. ഹൊ! ഇത്തരം ഒരു ജാഥയുടെ ഭാഗമാകാൻ കഴിഞ്ഞെങ്കിൽ എന്ന് ഏത് സ്കൂൾ വിദ്യാർത്ഥിയും കൊതിച്ചുപോകും.

അടുത്ത ഒരു ദിവസം തന്നെ, ജൂബിലിയുടെ എക്സിബിഷൻ കാണാൻ സ്കൂളിൽനിന്നും ഞങ്ങളെ കൊണ്ടുപോയി. അങ്ങിനെയാണ് ചിറ്റൂർ ഗവൺമെന്റ് കോളേജ് എന്ന അതിശയലോകത്തിൽ ആദ്യമായി കാലുകുത്തുന്നത്. അന്നത്തെ എക്സിബിഷനിൽ ഓർമ്മയിലുള്ളത് രണ്ടു കാര്യങ്ങളാണ്. ഒന്ന്, ഒരു ഏട്ടൻ ഓസ്മോസിസ് തത്വം വിവരിച്ചുതന്നത്. മറ്റൊന്ന് അവിടെയുണ്ടായിരുന്ന റേഡിയോ പ്രക്ഷേപണം. അതായത്, കോളേജിനുള്ളിൽ നിന്നും തന്നെ പ്രക്ഷേപണം നടത്തുന്ന റേഡിയോ.

സ്കൂൾ കാലഘട്ടത്തിൽത്തന്നെ ഒന്നുരണ്ടുതവണ കൂടെ കോളേജിൽ പോയി. ഒരിക്കൽ സ്കൗട്ട് പ്രവർത്തനങ്ങളുടെ ഭാഗമായി. മറ്റൊരിക്കൽ, യൂനിവേഴ്സിറ്റി തലത്തിലുള്ള വനിതകളുടെ ഹോക്കി മത്സരങ്ങളുടെ ഫൈനൽ കാണാനായി. ഫൈനലിൽ ചിറ്റൂർ കോളേജ് പരാജയപ്പെട്ടെങ്കിലും പരിചയമുള്ള ഒന്നുരണ്ടു പേരെ കളിക്കാരുടെ കൂട്ടത്തിൽ കണ്ടത് കൗതുകകരമായി. ഒരാൾ സുഹൃത്തിന്റെ സഹോദരി. മറ്റൊരാൾ, ഞങ്ങൾ സ്കൂളിൽ പോകുന്ന വഴിയിലൂടെ ശരവേഗത്തിൽ സ്കൂട്ടർ ഓടിച്ചുപോകുന്ന പെൺകുട്ടി. അക്കാലത്ത് നഗരങ്ങളിൽപ്പോലും സ്കൂട്ടർ ഓടിക്കുന്ന വനിതകൾ അപൂർവ്വമായിരുന്നു. അന്ന് ഒരു കൗതുകം കൂടി ഉണ്ടായിരുന്നു. ആ വർഷമാണ് കാലിക്കറ്റ് യൂണി വേഴ്സിറ്റിയിൽവച്ചു നടന്ന അഖിലേന്ത്യാ യൂനിവേഴ്സിറ്റി ഫുട്ബോൾ മത്സരത്തിൽ ആദ്യമായി കാലിക്കറ്റ് യൂനിവേഴ്സിറ്റി ചാമ്പ്യൻമാരാകുന്നത്. വിക്ടർ മഞ്ഞിലയുടെ നേതൃത്വത്തിലുള്ള ടീം. പിൽക്കാലത്തെ കേരളാ ഫുട്ബോളിനെ ആകെ സ്വാധീനിച്ച സംഭവമായിരുന്നു അത്. ആ ടീമിലെ താരപ്രഭയുള്ള കളിക്കാരനായിരുന്നു മുഹമ്മദ് ബഷീർ എന്ന വിക്ടോറിയ കോളേജ് വിദ്യാർത്ഥി. പിന്നീട് അദ്ദേഹം ഡോക്ടർ ബഷീറായി, ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ നായകനായി. ആ ബഷീർ അന്ന് കോളേജിൽ കളികാണാൻ വന്നിരുന്നു. ആ വിവരം മൈക്കിലൂടെ അനൗൺസ് ചെയ്യപ്പെട്ടു.

പിന്നീട് എഴുപത്തഞ്ചിൽ, ഞാനും ഒരു പ്രീഡിഗ്രി വിദ്യാർത്ഥിയായി

കോളേജിൽ എത്തി. ചിറ്റൂർ കോളേജ് എന്റേതുകൂടിയായി. ചിറ്റൂർ കോളേജ് എന്ന അത്ഭുതലോകം ഇപ്പോഴും കൊതിപ്പിക്കുന്നതാണ്. ഇപ്പോഴും കോളേജിൽ എത്തുമ്പോൾ പ്രധാനകെട്ടിടത്തിന്റെ വരാന്തകളിലൂടെ നടക്കാറുണ്ട്. അങ്ങിനെ നടക്കുമ്പോൾ ഞാൻ പഴയ പ്രീഡിഗ്രിക്കാരനാകുന്നു.

1975 ജൂണിൽ ആണ് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെടുന്നത്. അതിന്റെ മുഴുവൻ ഗൗരവം മനസ്സിലാക്കാനായില്ലെങ്കിലും, യു.പി. ജയരാജിന്റെ കഥയിൽ പറയുന്നതുപോലെ ഭയം മഞ്ഞുപോലെ അന്തരീക്ഷത്തെ മൂടുന്നത് അനുഭവിക്കാൻ കഴിഞ്ഞിരുന്നു. ക്യാമ്പസ് ജീവിതത്തെപ്പറ്റി മുൻഗാമികൾ പറഞ്ഞുകേട്ടത് പലതും അവിടെ കാണാനുണ്ടായിരുന്നില്ല. പല രസങ്ങളും അപ്രത്യക്ഷമായിരുന്നു. വിദ്യാർത്ഥി സംഘടനാപ്രവർത്തനങ്ങൾ കാര്യമായി നടന്നുകണ്ടില്ല. കെ.എസ്.യു. പ്രവർത്തകർ ക്ലാസിൽ കയറി പുതിയ വിദ്യാർത്ഥികളെ സ്വാഗതം ചെയ്തെങ്കിലും മറ്റാരും വന്നില്ല. അങ്ങിനെയിരിക്കെ ഒരാൾ ഒരുദിവസം ഒറ്റയ്ക്ക് ക്ലാസിൽ കയറിവന്നു പ്രസംഗിക്കാൻ തുടങ്ങി. ആളെ ഞാൻ ഏതാനും ആഴ്ചകൾമുമ്പ് അണിക്കോട് വെച്ച് പരിചയപ്പെട്ടിരുന്നു. അന്ന് നീണ്ട മുടിയുണ്ടായിരുന്നതാണ്. ഇപ്പോൾ അത് ഒട്ടും ഭംഗിയില്ലാത്ത രീതിയിൽ വെട്ടിച്ചുരുക്കിയിരിക്കുന്നു. പിന്നീടാണ് അറിഞ്ഞത്, അടിയന്തിരാവസ്ഥ കാരണം പുള്ളിയെ പോലീസ് പിടിച്ചുകൊണ്ടുപോയി, മുടിവെട്ടിക്കുകയായിരുന്നു. ഏറെ കേട്ടിട്ടുള്ള എസ്.എഫ്. ഐ. നേതാവ്, എം.എസ്. രഘു ആയിരുന്നു അത്.

പിൽക്കാലത്ത് ഞാനും ഒരു എസ്.എഫ്.ഐ. പ്രവർത്തകനായി. അക്കാലത്ത് എസ്.എഫ്.ഐ. മീറ്റിംഗുകൾ നടക്കുന്നത് (എട്ടോ പത്തോ പേർ മാത്രം പങ്കെടുക്കുന്ന മീറ്റിംഗുകൾ) കോളേജിനു പിന്നിൽ പുഴയോരത്തുള്ള ഏതെങ്കിലും മരച്ചുവട്ടിലായിരിക്കും. പ്രീഡിഗ്രിക്കാലം അങ്ങിനെ അടിയന്തിരാവസ്ഥയിൽ കഴിഞ്ഞു. പിന്നീട് ഡിഗ്രിക്കും ചിറ്റൂർ കോളേജിൽത്തന്നെ ചേരാൻ കഴിഞ്ഞു. കൊമേഴ്സ് ആയിരുന്നതിനാൽ പ്രീഡിഗ്രിക്ക് ഉണ്ടായിരുന്ന മിക്കവാറും പേർ ഡിഗ്രിക്കും ഉണ്ടായിരുന്നു. ഈ അഞ്ചുവർഷംകൊണ്ട് ഉറച്ചുപോയ സൗഹൃദങ്ങൾ ഒരു കുറവുമില്ലാതെ ഇപ്പോഴും തുടരുന്നു.

അടിയന്തിരാവസ്ഥയ്ക്കു ശേഷം കോളേജിൽ സ്വതന്ത്രമായ ഒരു അന്തരീക്ഷത്തിൽ പ്രവർത്തനങ്ങൾ തുടങ്ങി. തിരഞ്ഞെടുപ്പ് പഴയമട്ടിൽ തിരിച്ചുവന്നു. ഞാനും അതിന്റെയൊക്കെ ഭാഗമായി. ഡിഗ്രി രണ്ടാംവർഷം പഠിക്കുമ്പോൾ അസോസിയേഷൻ സെക്രട്ടറിയായി. അടുത്തവർഷം സ്റ്റുഡന്റ് എഡിറ്ററും.

സ്റ്റുഡന്റ് എഡിറ്ററായി പ്രവർത്തിക്കുമ്പോൾ അപ്രതീക്ഷിതമായ ഒരു ഭാഗ്യമുണ്ടായി. ഫിലോസഫി വിഭാഗത്തിൽ ഫാക്കൽട്ടി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി നടക്കുന്ന സെമിനാറിൽ പ്രസംഗിക്കാൻ എം. ഗോവിന്ദൻ വരുന്നു എന്നറിഞ്ഞു. സ്റ്റാഫ് എഡിറ്റർ ശശിധരനുണ്ണി മാഷോട് ഒരു അഭിമുഖത്തിന്റെ സാധ്യതയെപ്പറ്റി സംസാരിച്ചു. മാഷ്ക്കും സമ്മതം. അങ്ങിനെ ഉച്ചയൂണിനു ശേഷം സാക്ഷാൽ എം. ഗോവിന്ദൻ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലേക്കു വന്നു. ആധുനികത, പ്രത്യേകിച്ച് ആധുനികകവിത കത്തിനിൽക്കുന്ന കാലമായതിനാൽ, ആധുനികതയുടെ അപ്പോസ്തലൻ ആയ അദ്ദേഹത്തോട് കവിതയെപ്പറ്റി സംസാരിക്കാനാണ് ഞങ്ങൾ ഇഷ്ടപ്പെട്ടത്. കവിതയെപ്പറ്റി തുടങ്ങിയെങ്കിലും അദ്ദേഹത്തിന്റെ സംഭാഷണം അവിടെയൊന്നും നിന്നില്ല. ആസംഭാഷണത്തിന്റെ റിപ്പോർട്ട് മാഗസിനിൽ പ്രസിദ്ധീകരിച്ചു. മാഗസിൻ പ്രവർത്തനകാലത്തെ മറ്റൊരു അനുഭവം, എൻ.എൻ. പിള്ളയുടെ കത്താണ്. അക്കാലത്തെ ഒരു രീതിയനുസരിച്ച്, നാടകത്തെക്കുറിച്ച് ഒരു ചോദ്യാവലി പ്രശസ്തരായ നാടകപ്രവർത്തകർക്ക് അയച്ചുകൊടുത്തിരുന്നു. കാളിദാസ് പുതുമനയാണ് ചോദ്യാവലി തയ്യാറാക്കിത്തന്നത്. അത്ഭുതപ്പെടുത്തിയത്, എൻ.എൻ. പിള്ളയുടെ കത്താണ്. നാടകത്തിന്റെ വിവിധ വശങ്ങളെ സ്പർശിക്കുന്ന ചോദ്യാവലിയ്ക്ക് വിശദമായിത്തന്നെ മറുപടി എഴുതിയിരുന്നു അദ്ദേഹം. കത്തിന് ഒടുവിൽ ഒരു കുറിപ്പും. 'നാടകം കഴിഞ്ഞ് വന്നാണ് ഇതെഴുതുന്നത്. നാളെയും നാടകമുണ്ട്'. നാടകം എന്ന കലയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയ്ക്കു മുൻപിൽ കൈകൂപ്പിപ്പോയി.

ഡിഗ്രിയുടെ അവസാനവർഷത്തിലാണ് കോളേജിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നത്. എസ്.എസ്.എൽ.സി. വിജയം അധികമായതിന്റെ ഫലം. കാമ്പസ് ജീവിതത്തിന്റെ ശോഭകെടുത്തുന്നതായിരുന്നു, ഷിഫ്റ്റ് സമ്പ്രദായം എന്നാണ് അനുഭവം.

ഞാൻ പഠിച്ചിരുന്ന കാലത്ത് അറിയപ്പെടുന്ന പലരും അധ്യാപകരായി ഉണ്ടായിരുന്നു. ദേശമംഗലം രാമകൃഷ്ണൻ മലയാളം ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്നു. നെയ്യാറ്റിൻകര മോഹനചന്ദ്രൻ, സുശീലാദേവി എന്നിവർ മ്യൂസിക് ഡിപ്പാർട്ടുമെന്റിലും. ബിച്ചു തിരുമലയുടെ സഹോദരിയായ സുശീലാദേവി പിന്നണിഗായികയായിരുന്നു. മോഹനചന്ദ്രൻ കർണ്ണാടകസംഗീതരംഗത്ത് പ്രശസ്തനായി വരുന്ന കാലമായിരുന്നു.

എനിക്ക് വ്യക്തിപരമായി അടുപ്പമുണ്ടായിരുന്ന അധ്യാപകർ എന്നെ പഠിപ്പിച്ചവർ ആയിരുന്നില്ല. പഠിപ്പിച്ച അധ്യാപകരിൽ ഓർമ്മയിൽ നിറഞ്ഞുനിൽക്കുന്നയാൾ പ്രീഡിഗ്രി കാലത്ത് കൊമേഴ്സ് പഠിപ്പിച്ച ജോൺ മാത്യൂ സാറാണ്. കോമേഴ്സ് പോലെയൊരു അറുബോറൻ വിഷയം രസകരമായി പഠിപ്പിക്കാം എന്ന് തെളിയിച്ച ആളാണ് അദ്ദേഹം. അടുത്ത കാലത്ത് അന്താരാഷ്ട്രതലത്തിൽ അംഗീകാരം നേടിയ അദ്ദേഹം ഇപ്പോഴും കുട്ടികളെ പഠിപ്പിക്കുന്നു. മറ്റൊരാൾ രാധാമണി ടീച്ചറാണ്. ഒരുവർഷം ഒരു പുസ്തകം മാത്രമാണ് ടീച്ചർ പഠിപ്പിച്ചത്. (ബി.കോം കാരന് അത്രയും സാഹിത്യം മതി). ഷായുടെ സീസർ ആന്റ് ക്ലിയോപാട്ര. ടെക്സ്റ്റിനു പുറത്തെ വിശാലലോകത്തേക്ക് വിദ്യാർത്ഥിയെ കൊണ്ടുപോകാൻ ടീച്ചർക്ക് കഴിവുണ്ടായിരുന്നു. എലിസബത്ത് ടെയ്ലർ ക്ലിയോപാട്രയായി അഭിനയിച്ച സിനിമയെക്കുറിച്ച്, അതിലെ ചുരുൾ നിവരുന്ന പരവതാനിയിൽനിന്നും പുറത്തുവരുന്ന ക്ലിയോപാട്രയെക്കുറിച്ച് ഒക്കെയുള്ള ടീച്ചറുടെ വിവരണം ഇന്നും ഓർമ്മയിൽ പച്ചപിടിച്ചു നിൽക്കുന്നു. സാഹിത്യം പഠിക്കാൻ കഴിഞ്ഞില്ലല്ലോ എന്ന ദുഃഖവും.

പഠിപ്പിക്കാത്ത അധ്യാപകരിൽ കൂടുതൽ അടുപ്പം ഉണ്ടായിരുന്നത് ടി.വി. ശശിമാഷുമായിട്ടാണ്. അത് അദ്ദേഹത്തിന്റെ അന്ത്യം വരെ തുടരുകയും ചെയ്തു. വിയോഗത്തിനുശേഷവും തുടരുന്നു ആ ബന്ധം. ശശിമാഷെ കാണാൻ ഇടയ്ക്കിടെ മലയാളം വകുപ്പിൽ പോകുമായിരുന്നു. ഒരിക്കൽ ആർട്സ് ഡേയുടെ ആലോചനകൾ നടക്കുന്ന സമയത്ത് മാഷ് ഒരാഗ്രഹം പ്രകടിപ്പിച്ചു. യൂജീൻ ഓനീലിന്റെ ദി എംപറർ ജോൺസ് എന്ന നാടകം തർജ്ജമ ചെയ്ത് അവതരിപ്പിക്കണം. അതിനെപ്പറ്റി കുറേ സംസാരിച്ചെങ്കിലും നാടകം നടന്നില്ല പിൽക്കാലത്ത്

മനസ്സിലായി, ശശിമാഷുടെ എംപറർ ജോൺസ് താല്പര്യം വരുന്നത് അദ്ദേഹത്തിന്റെ കൂടി അധ്യാപികയായിരുന്ന, നേരത്തേ സൂചിപ്പിച്ച രാധാമണി ടീച്ചറിൽനിന്നും ആയിരുന്നു എന്ന്. ഓനീലിന്റെ നാടകങ്ങളെപ്പറ്റി ലേഖനപരമ്പര തന്നെ എഴുതിയിട്ടുള്ള ആളാണ് രാധാമണി ടീച്ചർ.

മലയാളം വകുപ്പിലെ അധ്യക്ഷയായി കുറച്ചുകാലം മാത്രം പ്രവർത്തിച്ച ഒരധ്യാപികയേയും ഓർക്കുന്നു. ടീച്ചറുടെ പേര് ഓർമ്മയില്ല. ടീച്ചർ സംസാരിച്ചത് ടാഗോറിന്റെ ഒരു നാടകം അവതരിപ്പിക്കുന്നതിനെക്കുറിച്ചായിരുന്നു. അതിലെ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കാൻ പറ്റിയ പെൺകുട്ടിയേയും ടീച്ചർ കണ്ടെത്തിയിരുന്നു. മെലിഞ്ഞ്, നീണ്ട കണ്ണുകളുള്ള, അല്പം ഇരുണ്ട നിറമുള്ള, സ്വപ്നത്തിലെന്ന പോലെ സഞ്ചരിക്കുന്ന ഒരു വിദ്യാർത്ഥിനി. കഥാനായിക കത്തിച്ചുപിടിച്ച വിളക്ക് സാരികൊണ്ടു മറച്ചുപിടിച്ച് പതുക്കെ നടന്ന് രംഗത്തെത്തുന്നതൊക്കെ ടീച്ചർ വിവരിക്കുന്നതു കേൾക്കാൻ എന്തു രസമായിരുന്നു! നിർഭാഗ്യവശാൽ ആ നാടകവും സാക്ഷാത്ക്കരിക്കാനായില്ല.

എന്നാൽ സാക്ഷാത്ക്കരിച്ച നാടകം മറ്റൊന്നായിരുന്നു 1128ൽ ക്രൈം 27. സി.ജെ. തോമസ്സിന്റെ ഈ നാടകം അവതരിപ്പിക്കുക എന്നത് ഒരു സാഹസം തന്നെയായിരുന്നു. അന്ന് കാര്യമായ നാടകാവതരണങ്ങൾ ഒന്നും കണ്ടു പരിചയമില്ല എന്നതുകൊണ്ടുമാത്രമാണ് ഈ കടും കൈയ്യ് മുതിർന്നത്. ഇവിടെ എന്നെ പഠിപ്പിക്കാത്ത മറ്റൊരു അധ്യാപകനുമായുള്ള അടുപ്പം കൂടി പറയേണ്ടിവരുന്നു. പിൽക്കാലത്ത് ടി.വി. ചർച്ചകളിലെ തിരഞ്ഞെടുപ്പ് രാഷ്ട്രീയ വിശകലനവിദഗ്ധനും കേരളത്തിലെ സെൻട്രൽ യൂനിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുമായിരുന്ന ഡോ. ജി. ഗോപകുമാർ അന്ന് അദ്ദേഹം ഡോക്ടർ ആയിരുന്നില്ല, അതിനുള്ള പഠനത്തിൽ ആയിരുന്നു. ക്രൈം നാടകത്തിലെ ജഡ്ജിയുടെ ഭാഗം അഭിനയിച്ചത് ഗോപകുമാർ സാറായിരുന്നു. സാറിനോടൊപ്പം നടത്തിയ മറ്റൊരു സാഹസം കൂടി ഓർമ്മവരുന്നു. അക്കാലത്ത് സൈലന്റ് വാലിയിൽ ഡാം. പണിയണമെന്ന് നിർദ്ദേശം ഉയർന്നുവന്നിരുന്നു. സ്വാഭാവികമായും അതിനോടുള്ള എതിർപ്പും. ഒരുപക്ഷേ മുങ്ങിപ്പോകാനിടയുള്ള ആ വനപ്രദേശം കാണാൻ ഗോപകുമാർ സാറിന്റെ നേതൃത്വത്തിൽ മുക്കാലിയിൽ ബസ്സിറങ്ങി ഇരുപത്തഞ്ചോളം കിലോമീറ്റർ നടന്ന് ഡാമിനായി കണ്ടുവച്ചിരുന്ന സ്ഥലത്തെത്തി ഒരുരാത്രി താമസിച്ചു. പിൽക്കാലത്ത് പ്രശസ്തനായ മറ്റൊരാൾ കൂടി ആ യാത്രയിലും നാടകത്തിലും ഉണ്ടായിരുന്നു. അന്ന് ഒന്നാം വർഷഡിഗ്രി വിദ്യാർത്ഥിയായിരുന്ന മുൻ പാലക്കാട് എം.പി. എൻ.എൻ. കൃഷ്ണദാസായിരുന്നു അത്.

കൃഷ്ണദാസിനെ കൂടാതെ പിന്നീട് രാഷ്ട്രീയരംഗത്ത് പ്രശസ്തരായ മറ്റു ചിലരും ആ കാലത്ത് അവിടെ പഠിച്ചിരുന്നു. മുൻ എം.എൽ.എ. മാരായ സി. ചെന്താമരാക്ഷൻ, ടി.കെ. നൗഷാദ്, തുടങ്ങിയവർ. മ്യൂസിക്ക് ഡിപ്പാർട്ടുമെന്റ് ഉള്ളതുകൊണ്ട് സംഗീതരംഗത്ത് പ്രശസ്തരായ ധാരാളം പേർ പല കാലഘട്ടങ്ങളിലായി ചിറ്റൂർ കോളേജിൽ പഠിച്ചിട്ടുണ്ട്. എന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്നവരിൽ ഏറെ പ്രശസ്തർ, കൃഷ്ണചന്ദ്രൻ, ഹിന്ദുസ്ഥാനി സംഗീതജ്ഞനായ രമേഷ് നാരായൺ, ഭാവനാ രാധാകൃഷ്ണൻ തുടങ്ങിയവരാണ്. കൃഷ്ണചന്ദ്രൻ രണ്ടാംവർഷം ഡിഗ്രിക്ക് പഠിക്കുമ്പോഴാണ് രതിനിർവേദം എന്ന സിനിമയിൽ അഭിനയിക്കുന്നത്.

മിക്കവാറും എല്ലാവരേയുംപോലെ ജീവിതത്തിലെ ഏറ്റവും നല്ലകാലഘട്ടമാണ് ചിറ്റൂർ കോളേജ് വിദ്യാർത്ഥിയായിരുന്ന അഞ്ചുവർഷങ്ങൾ. അക്കാലത്ത് രൂപപ്പെട്ട സൗഹൃദങ്ങൾ ഇപ്പോഴും തുടരുന്നു. ശാന്തൻ, ഭരതൻ, പാർത്ഥസാരഥി, ഭാസ്കരൻ, വിജയൻ, കൃഷ്ണദാസ്... കൂടാതെ പാതിവഴിയിൽ യാത്രപറയാതെ പിരിഞ്ഞുപോയ വിജയനുണ്ണി...

സഹോദരിയും സഹോദരന്മാരും എല്ലാം പിന്നീട് ചിറ്റൂർ കോളേജിൽ ത്തന്നെ പഠിച്ചു. എങ്കിലും അടുത്ത തലമുറയുടെ മനസ്സിൽ മറ്റ് ഇടങ്ങളാണ്.

വിദ്യാർത്ഥിജീവിതം അവസാനിച്ചതിനുശേഷം പലപ്പോഴും പലകാര്യങ്ങൾക്കായും ഒരു കാര്യവുമില്ലാതെയും കോളേജിൽ പോകാറുണ്ട്. ചിറ്റൂർ കോളേജ് എന്ന അത്ഭുതം ഒരിക്കലും അവസാനിക്കുന്നില്ല. ആ വരാന്തകളിലൂടെ വെറുതെ നടക്കുന്നതിലെ കൗതുകം ഇപ്പോഴും പ്രീഡിഗ്രിക്കാലത്തേതു തന്നെ. ബസ്സിറങ്ങി അകലെ ആടിയുലഞ്ഞുവരുന്ന മഴയുമായുള്ള തൊടാൻമുട്ടക്കികളിയിൽ ജയിക്കാനായി ഓടിയത് ഇന്നലെയോ മിനിഞ്ഞാന്നോ? വരാന്തയിലേക്ക് ഓടിക്കയറുന്ന മഴ, തുലാവർഷത്തിൽ നിറഞ്ഞൊഴുകുന്ന പുഴ, കാന്റീനിലെ സമൂസ, മരത്തണലിലെ ഇരുപ്പ്, എല്ലാം ഇപ്പോഴും കയ്യെത്തിയാൽ തൊടാവുന്ന അകലത്തിലാണ്.

പക്ഷേ ഒരിക്കലും കൈനീട്ടാനാവുന്നില്ലല്ലോ!





**ശ്രീവത്സൻ സി. എസ്.**

1975 മുതൽ 80 വരെ ചിറ്റൂർ കോളേജിൽ പഠനം. ബി.കോം പഠനത്തിനു ശേഷം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ ജോലി ചെയ്തു. പ്രധാനമായും ചിറ്റൂർ പാഞ്ചജന്യം ലൈബ്രറി, ഫിലിം സൊസൈറ്റി എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ചിറ്റൂരിലെ മറ്റ് സാംസ്കാരിക പ്രവർത്തങ്ങളിലും സഹകരിക്കുന്നു.






# ചിറ്റൂർ കോളേജ് ഓർമ്മകൾ

ജെയിൻ വി.

പ്രശസ്ത സംഗീത സംവിധായകൻ പരവൂർ ജി. ദേവരാജൻ മാസ്റ്ററുടെ നിർദേശപ്രകാരമാണ് 1983 സെപ്റ്റംബർ മാസത്തിൽ ഞാൻ ചിറ്റൂർ ഗവൺമെന്റ് കോളേജിൽ സംഗീതം, ബി.എ. വിദ്യാർത്ഥിയായി ചേർന്നത്. അച്ഛന്റെ സുഹൃത്തായിരുന്നു ദേവരാജൻ മാസ്റ്റർ. സംഗീതം പഠിച്ച് തമിഴ്നാട് സർക്കാരിന്റെ ടെക്നിക്കൽ എക്സാമിനേഷൻ (ഹയർ) പാസായി നിൽക്കുന്ന സമയത്താണ് ഞാൻ അച്ഛന്റെ നിർബന്ധപ്രകാരം സിനിമയിൽ പാടാൻ ചാൻസ് കിട്ടുമോ എന്നറിയാനായി ദേവരാജൻ മാസ്റ്ററെ മദിരാശിയിൽ പോയി കണ്ടത്. സ്നേഹപൂർവ്വം പഴയ സഖാവിനെയും മകനെയും അദ്ദേഹം സ്വീകരിച്ചു. എന്നോട് പാടാൻ പറഞ്ഞു. കാനഡ രാഗത്തിലുള്ള അടതാള വർണമാണ് ഞാൻ പാടിയത്. അത് കേട്ട ശേഷം മാഷ് പറഞ്ഞു, "പോരാ, നീ പാട്ട് പഠിക്കണം". ഒരു നിമിഷത്തിനു ശേഷം മാസ്റ്റർ പറഞ്ഞു, "പാലക്കാട് ചിറ്റൂരിൽ ഒരു ഗവണ്മെന്റ് കോളേജുണ്ട്. അവിടെ മ്യൂസിക് ബി.എ. കോഴ്സുണ്ട്. നീ അവിടെ പോയി ചേര്".

"ഒരു ഡിഗ്രി കയ്യിൽ കിട്ടിയാൽ പാട്ടുകൊണ്ടല്ലെങ്കിലും നിനക്ക് ജീവിക്കാം". അങ്ങനെ കൊല്ലത്തേക്കുള്ള മടക്കയാത്രയിൽ ഞാനും അച്ഛനും ഒലവക്കോട്ടിറങ്ങി ബസിൽ കയറി ചിറ്റൂരെത്തി. ഡിഗ്രിക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്ന സമയമായിരുന്നു. അപേക്ഷ വാങ്ങി പൂരിപ്പിച്ചു നൽകി. ഒരാഴ്ച കഴിഞ്ഞ് ഇന്റർവ്യൂവിൽ പങ്കെടുക്കാൻ നിർദേശിച്ചുള്ള കാർഡ് കിട്ടി. ഞാനും അച്ഛനും കൂടി വീണ്ടും ചിറ്റൂരെത്തി. സംഗീത അഭിരുചി പരിശോധനയാണ് ഇന്റർവ്യൂവിൽ നടക്കുന്നത്. ഇന്റർവ്യൂവിൽ എന്നെയും തെരഞ്ഞെടുത്തു. അങ്ങനെ ചിറ്റൂർ കോളേജിൽ വിദ്യാർത്ഥിയായി ചേർന്നു.

ചിറ്റൂരിൽ ചേരുന്നതിനുമുമ്പ് കൊല്ലം എസ്.എൻ. കോളേജിൽ മലയാളം ബി.എ. വിദ്യാർത്ഥിയായിരുന്നു രണ്ടു വർഷം. വീട്ടിലെ സാമ്പത്തികവിഷമം കാരണം ഒരു ജോലി തേടി കൊൽക്കത്തക്ക് പോകാൻ വേണ്ടി പഠനം പാതിവഴിയിൽ ഉപേക്ഷിക്കുകയായിരുന്നു. പിന്നീട് ചിറ്റൂർ കോളേജിൽ ചേർന്ന ശേഷമാണ് ശരിക്കുള്ള കാമ്പസ് ജീവിതം അനുഭവിച്ചത്. 1983 മുതൽ മൂന്ന് വർഷമാണ് ഞാൻ ചിറ്റൂരിൽ പഠിച്ചത്. വളരെ സജീവമായ രാഷ്ട്രീയമനസ്സുള്ള കാമ്പസായിരുന്നു അത്. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് അതിശക്തമായ രാഷ്ട്രീയ-ആശയ പ്രചാരണത്തിന്റെ വേദിയായി മാറും. എസ്.എഫ്.ഐ.യും കെ.എസ്.യു.വും ഒരേപോലെ ശക്തമായ രാഷ്ട്രീയ, ആശയ പോരാട്ടം നടത്തി. കേവലം രാഷ്ട്രീയ പ്രസംഗങ്ങളിൽ മാത്രം അത് ഒതുങ്ങിനിന്നില്ല. സർഗ്ഗാത്മകതയുള്ള കാമ്പസ് കൂടിയായിരുന്നു ചിറ്റൂർ കോളേജ്. ചിത്രകല, കവിത, പ്രസംഗം, വിവിധ കലകൾ എന്നിവയിലൊക്കെ മികവുള്ള ധാരാളം വിദ്യാർത്ഥികൾ അവിടെയുണ്ടായിരുന്നു. വരാന്തയിലൂടെ കവിതയും ചൊല്ലി നീങ്ങുന്ന സംഘങ്ങളും ക്ലാസ് മുറികൾ സംഗീതസാന്ദ്രമാക്കുന്ന പാട്ടുകാരും സാർവദേശീയ-ദേശീയ വിഷയങ്ങൾ സ്പർശിച്ച് നടത്തുന്ന ഉഗ്രൻ പ്രസംഗങ്ങളും ഇടക്കുള്ള ചെറിയ

സംഘർഷങ്ങളുമൊക്കെ ഒക്കെ കോളേജിലെ സ്ഥിരം കാഴ്ചകളായിരുന്നു.

മ്യൂസിക് ബ്ലോക്ക് ഒരു പർണശാല പോലെ അനുഭവപ്പെട്ടു. കോളേജിന്റെ പൊതു അന്തരീക്ഷത്തിൽ നിന്നും പൊതു സ്വഭാവത്തിൽ നിന്നും വ്യത്യസ്തമായിരുന്നു മ്യൂസിക് ബ്ളോക്. മറ്റ് വിദ്യാർത്ഥികൾ അവിടേക്ക് അധികം വരാറില്ല. തംബുരുനാദത്തിന്റെ പശ്ചാത്തലത്തിൽ സംഗീതം ഉയർന്നുകേൾക്കുന്ന അന്തരീക്ഷമായിരുന്നു അവിടെ. സംഗീതത്തോട് ആരാധനയുള്ള, മറ്റ് വിഷയങ്ങൾ പഠിക്കുന്ന വളരെ ചുരുക്കം കുട്ടികൾ വരാന്തയിൽ വന്നിരുന്ന് നിശബ്ദമായി സംഗീതപാഠങ്ങൾ കേൾക്കുമായിരുന്നു. ഞാൻ ഒരു വിദ്യാർത്ഥി സംഘടനാ പ്രവർത്തകനായതുകൊണ്ട് പലപ്പോഴും സംഘടനാ വർക്കുകൾക്കായി കോളേജ് സമയത്തുതന്നെ പുറത്തുപോകുമായിരുന്നു. സ്കൂളുകളിൽ വിദ്യാർത്ഥി സംഘടനാപ്രവർത്തനം വളരെ സജീവമായിരുന്ന കാലമാണ്. അവിടെ മെമ്പർഷിപ്, തെരഞ്ഞെടുപ്പ്, പ്രക്ഷോഭങ്ങൾ, രക്തസാക്ഷി ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഇടയ്ക്കിടെ പോകേണ്ടിവരുമായിരുന്നു. ഉച്ച വിശ്രാന്തി സമയത്ത് അവിടെയെത്തത്തക്ക വിധമാണ് പോകുന്നത്. മൂന്ന് മണിയോടെ തിരിച്ചെത്തുകയും ചെയ്യും. പഠിപ്പുമുടക്കുള്ള ദിവസം കോളേജിൽ പഠിപ്പുമുടക്കും പ്രകടനവും കഴിഞ്ഞ് സ്കൂളുകളിലേക്ക് പോകും. ഇങ്ങനെ സ്ഥിരമായി ക്ലാസ്സിൽ കയറാത്തവൻ എന്ന പേര് ആദ്യത്തെ മൂന്ന് മാസത്തിനിടയിൽ ഞാൻ സമ്പാദിച്ചു. അത് ഡിപ്പാർട്ട്മെന്റിൽ എനിക്ക് ദോഷകരമായി ഭവിച്ചു. ചില ടീച്ചർമാർ നന്നായി സഹായിക്കുകയും പിന്തുണക്കുകയും ചെയ്യുെങ്കിലും ഒരു വിഭാഗം എന്നോട് അനിഷ്ടം പ്രകടിപ്പിക്കുക തന്നെ ചെയ്തു. തെരഞ്ഞെടുപ്പ് പ്രചാരണം അതിശക്തമായിരുന്നു. തെരഞ്ഞെടുപ്പ് സുവനീർ ഒരു പരിശീലന കളരിയായിരുന്നു. മാനിഫെസ്റ്റോ എന്ന നിലയിൽ ഒരു മികച്ച ഡോക്യുമെന്റ് ആയി അതിനെ മാറ്റാനാണ് ശ്രമിച്ചത്. ഇതിനായി പരസ്യം പിടിക്കലും തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾക്ക് പണം പിരിക്കലും പകൽസമയത്തെ പ്രധാന പ്രവർത്തനങ്ങളായിരുന്നു. ചിറ്റൂർ താലൂക്ക് മുഴുവൻ അതിനായി ഞങ്ങൾ സഞ്ചരിച്ചു. ബസിൽ ഒരു കേന്ദ്രത്തിൽ പോയിറങ്ങി അവിടെനിന്ന് വൈകുന്നേരംവരെ കടകൾ, വീടുകൾ ഒക്കെ സന്ദർശിച്ച് പണം പിരിക്കുമായിരുന്നു. ഒരു രൂപ മുതൽ 25 രൂപ വരെയാണ് കിട്ടിയിരുന്നത്. വലിയ കൃഷിക്കാരാണ് 25 രൂപ തന്നിരുന്നത്. കർഷകഭവനങ്ങളിൽ എത്തുന്ന ഞങ്ങളോട് കുടിക്കാൻ എന്തെങ്കിലും വേണോ എന്ന് ചിലർ ചോദിക്കും. വേണ്ട എന്നുള്ള മറുപടിയാണ് പറഞ്ഞിരുന്നത്. എനിക്ക് അത് വളരെ വിചിത്രമായി തോന്നി. പിന്നീട് ചോദിച്ചപ്പോൾ വേണമെന്ന് ഞാൻ ആദ്യം തന്നെ പറഞ്ഞു. സംഭാരമോ പഞ്ചസാര കലക്കിയ വെള്ളമോ ആണ് അവർ തരുന്നത്. ചിലർ അവിലുണ്ട്, എടുക്കട്ടേ എന്ന് ചോദിക്കും. ആവാമെന്ന് സംശയമില്ലാതെ ഞാൻ പറയും. ചിലയിടത്തുനിന്ന് ദോശ, ഇഡ്ഡലി, ഊണ് വരെ കഴിച്ചു. അങ്ങനെ സാധാരണ ജനങ്ങൾ തരുന്ന ചെറിയ സൽക്കാരങ്ങൾ സ്വീകരിച്ച് ക്ഷീണവും വിശപ്പുമകറ്റിയും അവരുടെ ചെറിയ സംഭാവനകൾ സ്വീകരിച്ചും അതൊരു ആകർഷകമായ പ്രചാരണ പരിപാടിയാക്കി മാറ്റി. രാത്രിയാകുമ്പോൾ ചുവരെഴുത്ത്, പോസ്റ്റർ ഒട്ടിക്കൽ, ബോർഡ്, ഗേറ്റ് എന്നിവ സ്ഥാപിക്കൽ ഒക്കെയായി തിരക്കാകും. ഒരിക്കൽ കോളേജ് ഗേറ്റ് മുതൽ കോളേജ് കെട്ടിടം വരെ വഴിയിൽ നിറയെ ബോർഡുകൾ വെച്ചുകഴിഞ്ഞപ്പോൾ പുലർച്ചെ നാല് മണിയായി. കോളേജിൽ കുറച്ചുനേരം കിടന്നുറങ്ങാമെ





ന്ന് കരുതി ബെഞ്ചിൽ കിടന്നു. ഒരു ബഹളം കേട്ടാണ് ഉണർന്നത്. രാവിലെ ക്ലാസ്സിലേക്ക് എത്തിയ കുട്ടികൾ ഞങ്ങൾ കിടക്കുന്നത് കണ്ട് ചിരിക്കുകയായിരുന്നു. പിന്നെ അവിടന്ന് എഴുന്നേറ്റുപോയി കുളിയൊക്കെ കഴിഞ്ഞ ശേഷം കോളേജിലെത്തി. തെരഞ്ഞെടുപ്പ് വിജയവും പരാജയവും ഞങ്ങളുടെ ആവേശത്തെ ഉയർത്തിതന്നെ നിർത്തി. തോറ്റാലും മുദ്രാവാക്യം വിളിച്ച്, ചിറ്റൂർ ടൗണിലേക്ക് പ്രകടനം നടത്തും. ചിലപ്പോൾ കോളേജിൽ സംഘർഷവുമുണ്ടാകും. ഒന്നിലധികം തവണ സംഘർഷത്തിൽ പരിക്കേറ്റു. സ്വകാര്യ മേഖലയിൽ പോളി ടെക്നിക് തുടങ്ങുന്നതിനെതിരായ സമരം ഒരു മാസത്തോളം നീണ്ടുനിന്നു. ടൗണിലേക്ക് നടത്തിയ പ്രകടനത്തെ പോലീസ് തടഞ്ഞ് ലാത്തിവീശി. ട്രെയിനിങ് സ്കൂളിന് മുന്നിൽ നിന്ന് ചിതറിയോടിയ ഒരു വിദ്യാർത്ഥിയെ പോലീസ് പിന്തുടർന്നു. അവന്റെ പലായനം പാടങ്ങൾ പലതു പിന്നിട്ട് കൊടുമ്പിലാണ് അവസാനിച്ചത്. മഹത്തായ പലായനം എന്ന ഞങ്ങൾ അതിനെ ഓർമിച്ചു.

കേസുകൾക്ക് കോടതിയിലെത്തുന്നതും ഇടയ്ക്കിടെ ഉണ്ടായിരുന്നു. കോടതിമുറ്റത്തെ ആൽമരത്തിന്റെ വേടുകളിൽ തൂങ്ങിയാടുന്ന ഞങ്ങളെ കേസിന് വിളിപ്പിച്ചപ്പോൾ ജഡ്ജ് നിർത്തിപ്പൊരിച്ചു. കേസിന് വന്നാൽ മര്യാദക്ക് നിൽക്കണം, അല്ലെങ്കിൽ എല്ലാത്തിനെയും പിടിച്ച് അകത്തിടുമെന്ന ഭീഷണി. ഞങ്ങൾ തലകുനിച്ചു നിശബ്ദരായി. കേസ് വാദിക്കുന്ന വക്കീലിന് ഫീസ് കൊടുക്കില്ലെന്ന് മാത്രമല്ല, പ്രധാന പരിപാടികൾക്ക് വക്കീലിന്റെ കയ്യിൽ നിന്ന് സംഭാവനയും വാങ്ങുമായിരുന്നു.

ചിറ്റൂർ ഒരു പഴയ നഗരത്തിന്റെ ചിത്രമാണ് മനസ്സിൽ വരച്ചിട്ടത്. പഴയ കെട്ടിടങ്ങളും കടകളും ഇടുങ്ങിയ റോഡും കുളങ്ങളും അതിരിടുന്ന പാടങ്ങളുമെല്ലാം മനോഹരമായിരുന്നു. അണിക്കോട് ജംക്ഷനിലെ ഇരുനില ഷോപ്പിംഗ് കോംപ്ലെക്സിന്റെ പിന്നിൽ നിന്ന് നെൽപ്പാടങ്ങൾ തുടങ്ങും. അവക്കിടയിലൂടെ കനാലുകൾ. അവയിലൂടെ മാർച്ച് ഏപ്രിൽ മാസങ്ങളിലും വെള്ളമൊഴുകിയിരുന്നു. ആശുപത്രി ജംങ്ഷൻ കഴിഞ്ഞാൽ കൊഴിഞ്ഞാമ്പാറയിലേക്കും ഗോപാലപുരത്തേക്കുമുള്ള റോഡുകളിൽ കൂടി സഞ്ചരിക്കുമ്പോൾ തനി പാലക്കാടൻ ഗ്രാമങ്ങളാണ് കാണാൻ കഴിയുക. പക്ഷെ കേൾക്കാൻ കഴിയുന്നത് അധികവും തമിഴായിരിക്കും.

സൗദാംബിക, നെഹ്റു, ബീന തിയേറ്ററുകൾ എന്നിവ ഞങ്ങളുടെ വിനോദകേന്ദ്രങ്ങളായിത്തീർന്നു. സത്യൻ അന്തിക്കാടിന്റെയും പ്രിയദർശന്റെയും ശ്രീനിവാസന്റെയും മോഹൻലാലിന്റേയും സിനിമകൾ കണ്ടു ചിരിച്ച കാലം. തെലുഗു സ്ട്രീറ്റിൽ മീനാക്ഷി അമ്മൻ ടീ ഷാപ്പിൽ നിന്ന് നല്ല വെങ്കായ റോസ്റ്റ് വാങ്ങി കഴിച്ചു. അവിടത്തെ ചട്ണിയുടെ രുചി ഇപ്പോഴും നാവിലുണ്ട്. വളരെ മുമ്പ് തെലുഗുനാട്ടിൽ നിന്ന് ചിറ്റൂരെത്തിയ നെയ്ത്തുകാരായിരുന്നു തെലുഗു സ്ട്രീറ്റിൽ താമസിച്ചിരുന്നത്. അവരു ടെ പിൻ തലമുറക്കാർ ഇപ്പോഴും അവിടെയുണ്ട്. തെക്കേഗ്രാമം, ദുർഗ്ഗാഗോഷം എന്നീ അഗ്രഹാരങ്ങളിൽ തമിഴ് ബ്രാഹ്മണരായിരുന്നു അധികവും. അവർ പ്രത്യേക ജീവിതരീതിയും സംസ്കാരവുമൊക്കെ കാത്തുസൂക്ഷിച്ചു. തെക്കെഗ്രാമത്തിൽ ഭാഷാപിതാവായ തുഞ്ചന്റെ മഠവുമുണ്ട്. കോളേജ് സുഹൃത്തുക്കളുടെ വീട്ടിൽ പോയി ഭക്ഷണം കഴിക്കുന്ന ശീലവും എനിക്കുണ്ടായിരുന്നു. ആ വീടുകൾ എന്റെയും വീടുകളായി മാറി. അന്നത്തെ ചിറ്റൂർ ഹരിതവിപ്ലവത്തിന്റെ ഗുണഫലങ്ങൾ പ്രതിഫലിപ്പിക്കാൻ തുടങ്ങിയിരുന്നു. സാധാരണ കർഷകരുടെയൊക്കെ മക്കൾ വിദ്യാഭ്യാസത്തിനായി മുന്നോട്ടുവന്നു. ചിറ്റൂർ കോളേജിൽ കർഷക കുടുംബങ്ങളിലെ കുട്ടികളായിരുന്നു അധികവും. മ്യൂസിക്, തമിഴ്, ഫിലോസഫി, ജോഗ്രഫി എന്നീ വിഷയങ്ങൾ പഠിക്കാനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ലക്ഷദ്വീപിൽ നിന്നും എത്തി താമസിച്ചു പഠിക്കുന്ന കുറേപ്പേർ. അവരെല്ലാം കൂടി എട്ടിലൊന്ന് മാത്രമേ ഉണ്ടാകൂ. റോഡിൽ കൂടി കാളകളെ കെട്ടിയ സവാരിവണ്ടികൾ പാഞ്ഞിരുന്നു. സമ്പന്ന കർഷക കുടുംബങ്ങളിലുള്ളവരാണ് സവാരിവണ്ടിയിൽ സഞ്ചരിച്ചിരുന്നത്. നെൽപ്പാടങ്ങളുടെ വരമ്പുകളിൽ തെങ്ങുകൾ വളർന്നുവരാൻ തുടങ്ങിയിട്ടേയുള്ളൂ. പാടവരമ്പുകളിൽ പച്ചക്കറികളും കൃഷി ചെയ്തിരുന്നു. കർഷക ഭവനങ്ങളിൽ നെല്ലും തുവരയും അവരയുമാണ് പ്രധാനമായും ഉണ്ടായിരുന്നത്. അവരയും തുവരയും കൊണ്ടുള്ള കറിയാണ് പ്രധാനം. പിന്നെ മോരോ തൈരോ. വിശേഷങ്ങൾ ഉണ്ടായാൽ കുമ്പളങ്ങ സമൃദ്ധമായി വെട്ടിയിട്ട ചിക്കൻ കറിയും ഉണ്ടാകും. അതിനെ ഞങ്ങൾ തമാശയായി ചിക്കൻ സാമ്പാർ എന്ന് വിളിച്ചു. പ്രമാണി കർഷകർ ബുള്ളറ്റ് മോട്ടോർസൈക്കിളുകളിൽ സഞ്ചരിച്ചു. തൃശ്ശൂർ-കോയമ്പത്തൂർ കെ.എസ്.ആർ.ടി.സി. ഫാസ്റ്റിൽ ഞങ്ങൾ തൃശ്ശൂരിൽ നിന്ന് കോളേജിന് മുന്നിൽ വന്നിറങ്ങും. തൃശ്ശൂർക്ക് പോകാൻ രാവിലെ ഗുരുവായൂരപ്പൻ ബസുണ്ട്.

വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷത്തിന്റെയും വേഷം മുണ്ടും ഷർട്ടും. പെൺകുട്ടികളാണെങ്കിൽ പാവാടയും ജാക്കറ്റും. സാരിക്കാരും ധാരാളം. ചുരിദാർ പ്രചാരം നേടാൻ തുടങ്ങിയിട്ടേയുള്ളൂ. തികച്ചും ഗ്രാമീണമായ ഒരു അന്തരീക്ഷം ചിറ്റൂർ കോളേജിൽ ഉണ്ടായിരുന്നു. ചിറ്റൂരിലെയും പട്ടഞ്ചേരി, നല്ലേപ്പിള്ളി, പെരുവെമ്പ്, തുടങ്ങിയ സ്ഥലങ്ങളിലെയും സമ്പന്ന കുടുംബങ്ങളിലെ കുട്ടികളും ഉണ്ടായിരുന്നു. കോളേജിന് പിന്നിൽക്കൂടി ശോകനാശിനി നിശബ്ദം ഒഴുകിയിരുന്നു. പുഴയിലേക്ക് പോവുകയോ ഇറങ്ങുകയോ ഒന്നും ചെയ്തിരുന്നില്ല. ഹോസ്റ്റലിൽ നിന്ന് ചില സുഹൃത്തുക്കൾ ഉന്മേഷത്തിനായി പുഴ കടന്ന് അക്കരെ പോകുമായിരുന്നു.

പുറംനാടുകളിൽ നിന്ന് വന്ന് ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികളും പഠിപ്പിക്കുന്ന അദ്ധ്യാപകരും അധികവും ഹോസ്റ്റലിൽ തന്നെയാണ് താമസിച്ചത്. ചുരുക്കം ചില അധ്യാപകർ വീട്ടെടുത്ത്

> “ സംഗീതത്തിന്റെ സങ്കുചിതത്വത്തിൽ നിന്ന് കുതറിമാറാനും സംഗീതത്തിന്റെ സാർവദേശീയതയെയും മാനവികതയെയും കൂടുതൽ അടുത്തറിയാനും കഴിഞ്ഞു.

താമസിച്ചു. ചിലർ വീട്ടുവെച്ചു തന്നെ താമസിക്കുകയും ചിറ്റൂർക്കാരാവുക യും ചെയ്തു. വരത്തരായ അധ്യാപകരും വിദ്യാർത്ഥികളും ഒരു കുടുംബം പോലെ തോന്നിച്ചു. ഒഴിവുദിവസങ്ങളിൽ ഇരു കൂട്ടരും ധാരാളം ബോറടിച്ചു. ചില ദിവസങ്ങളിൽ പാലക്കാട്ട് പോയി ബിരിയാണി കഴിക്കുകയും സിനിമ കാണുകയും ചെയ്തു. ഹോസ്റ്റലിൽ നിന്ന് പെൺകുട്ടികളെ ഞങ്ങൾക്കൊപ്പം വിടാൻ ഒരു തടസവും പറഞ്ഞില്ല. അത്ര വിശ്വാസമുണ്ടായിരുന്നു. കല്പക ഹോട്ടലിൽ പോയി ബിരിയാണി ഓർഡർ ചെയ്യും. പെൺകുട്ടികൾ ബിരിയാണി മുഴുവനും കഴിക്കില്ല. അതൊക്കെ ഞാൻ കഴിച്ചുതീർക്കും. പെൺകുട്ടികൾ കഴിച്ച തിന്റെ ബാക്കി കഴിക്കാൻ അഭിമാനപ്രശ്നമുള്ളവർ നോക്കിയിരിക്കും.

കലോത്സവങ്ങളായിരുന്നു ഒരു പ്രധാന സർഗാത്മക പ്രവർത്തനം. അന്ന് ഇ സോൺ കലോത്സവം കഴിഞ്ഞ്, അതിൽ നിന്ന് സെലക്ട് ചെയ്യപ്പെട്ടവരാണ് ഇന്റർസോൺ കലോത്സവത്തിൽ പങ്കെടുക്കുക. 1986 ലെ കലോത്സവത്തിന് ഇന്റർസോണിൽ മ്യൂസിക് ഡിപ്പാർട്മെന്റ കാർ സമ്മാനങ്ങൾ വാരിക്കൂട്ടി. ഞങ്ങളുടെ ഗ്രൂപ്പിന് സംഘഗാനത്തിൽ ഒന്നാം സ്ഥാനം കിട്ടി. ശാസ്ത്രീയ സംഗീതം ആൺ, പെൺ, ലളിതസം ഗീതം പെൺ തുടങ്ങി നിരവധി സമ്മാനങ്ങൾ. കോഴിക്കോട് നടന്ന കലോത്സവത്തിൽ നിന്ന് വിജയശ്രീലാളിതരായാണ് ഞങ്ങൾ മടങ്ങി യത്. പാട്ടുകൾ പരിശീലിപ്പിച്ചിരുന്നത് മ്യൂസിക് വിഭാഗത്തിലെ അധ്യാ പകർ തന്നെയായിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ തൃശ്ശൂരിൽ വെച്ച് വള്ളത്തോൾ സംഗീതിക നടത്താൻ തീരുമാനിച്ചു. വള്ളത്തോളിന്റെ പ്രധാന കവിതകളുടെ ഭാഗങ്ങൾ സംഗീതം നൽകി ആലപിക്കണം. കവിതകൾ തെരഞ്ഞെടുത്തതും ഈണം നല്കിയതുമെ ല്ലാം ഞങ്ങൾ വിദ്യാർത്ഥികളായിരുന്നു. പോരപോരാ നാളിൽ നാളിൽ, ലോകമേ തറവാട്, മിടിപ്പാൻ നെഞ്ചിനില്ല രക്തസഞ്ചാരം, വാനമേ ഗഗനമേ തുടങ്ങി 10 കവിതകൾ. സംഗീതോപകരണങ്ങളോടെ അവതരിപ്പിച്ചു. പരിപാടി വളരെ ശ്രദ്ധേയമായി. തൃശ്ശൂർ ആകാശവാണി നിലയം ആ പരിപാടി മുഴുവൻ റെക്കോർഡ് ചെയ്യാൻ സ്റ്റുഡിയോ യിലേക്ക് വരണമെന്ന് അഭ്യർത്ഥിച്ചു. അങ്ങനെ ആകാശവാണിയിൽ പോയി ആ പരിപാടി അവതരിപ്പിച്ചു.

അധ്യാപകരും ഓഫീസ് ജീവനക്കാരും ഹോസ്റ്റൽ ജീവനക്കാരുമാ യൊക്കെ വളരെ നല്ല സ്നേഹബന്ധം പുലർത്താൻ കഴിഞ്ഞു. വിദ്യാർ ത്ഥി സംഘടനാ പ്രവർത്തനത്തിന്റെ കാര്യത്തിൽ വിരുദ്ധ ചേരികളിൽ ആയിരുന്നവർ തമ്മിലും നല്ല വ്യക്തിബന്ധങ്ങൾ സൂക്ഷിക്കാൻ കഴിഞ്ഞു. അവരിൽ ചിലരുമായി ഇപ്പോഴും നല്ല സ്നേഹബന്ധം പുലർ ത്താൻ കഴിയുന്നു.

സംഘടനാപ്രവർത്തനവുമായി തിരക്കിട്ടു നടക്കുന്നതിനിടയിൽ ധാരാളം ക്ലാസ്സുകൾ നഷ്ടപ്പെട്ടു. ഞാൻ കേറാതിരുന്ന ക്ലാസ്സുകളിലെ പാഠങ്ങൾ പാടി എനിക്ക് റെക്കോർഡ് ചെയ്തു തന്ന ആനന്ദവർമ്മ സാറിനെ മറക്കാൻ കഴിയില്ല. പ്രേമലത ടീച്ചറും എന്നോട് വലിയ വാത്സല്യം കാട്ടി. കഴിവുണ്ടായിട്ടും അതുപയോഗിക്കാതെ നടക്കുന്നുവെ ന്ന പരാതി എന്നോട് തന്നെ ടീച്ചർ പറഞ്ഞു. പരീക്ഷയിൽ വലിയ തിരിച്ചടി നേരിട്ടു. തിയറി പരീക്ഷയിൽ എനിക്ക് ഉയർന്ന മാർക്ക് കിട്ടുകയും മൂന്നാം വർഷം പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തെങ്കിലും ക്ലാസ്സിൽ കേറുന്നത് കുറവായിരുന്നതുകൊണ്ട് പ്രാക്ടിക്ക ലിൽ മാർക്ക് നന്നായി കുറഞ്ഞു.

പരീക്ഷയിൽ കിട്ടിയ മാർക്കല്ല, ചിറ്റൂർ കോളേജ് എന്നെ രൂപപ്പെടുത്തിയ തിൽ വലിയ പങ്കു വഹിച്ചതാണ് ഏറ്റവും വലിയ നേട്ടമായി കാണുന്നത്. തിരുവിതാംകൂർ ഭാഗത്തുനിന്ന് വന്ന ഞാൻ തികച്ചും വ്യത്യസ്തമായ ഒരു സാമൂഹ്യ അന്തരീക്ഷവുമായി വളരെ പെട്ടെന്ന് പൊരുത്തപ്പെടുകയും അതിൽ നിന്ന് വെള്ളവും വെളിച്ചവും സ്വീകരിക്കുകയും ചെയ്തു. സ്നേഹസമ്പന്നരായ സാധാരണ മനുഷ്യ രാണ് ചിറ്റൂരിലുള്ളത്. ഒട്ടും കാപട്യമില്ലാതെ അവർ നമ്മളെ സ്നേഹിക്കും. കോളേജിന് പുറത്തേക്ക് നീണ്ട എന്റെ കോളേജ് ജീവിതമാണ് എനിക്ക് വിലപ്പെട്ട ജീവിതപാഠങ്ങൾ നൽകിയതെന്ന് ഇന്ന് നന്ദിയോടെ ഓർക്കുന്നു. സംഗീത പഠനത്തിലും ചിറ്റൂർക്കാലം വലിയ മാറ്റങ്ങളുണ്ടാക്കി. സംഗീതത്തിൽ അക്കാദമിക്സിന്റെ ചില വർണ ങ്ങൾ പകർന്നു. സുഹൃത്തുക്കളുമൊത്തുള്ള കച്ചേരി കേൾക്കൽ, പാട്ടു പാടൽ, ചർച്ചകൾ എന്നിവയൊക്കെ സംഗീതത്തെക്കുറിച്ചുള്ള കാഴ്ചപ്പാ ടുകൾ മാറ്റി. സംഗീതത്തിന്റെ സങ്കുചിതത്വത്തിൽ നിന്ന് കുതറിമാറാനും സംഗീതത്തിന്റെ സാർവദേശീയതയെയും മാനവികതയെയും കൂടുതൽ അടുത്തറിയാനും കഴിഞ്ഞു. ക്യാമ്പസിനു പുറത്തുനിന്ന് നിങ്ങൾ എന്ത് പഠിക്കുന്നുവെന്ന ചോദ്യം പ്രധാനമാണ്. ചിറ്റൂർ കോളേജ് രണ്ട് അനുഭവങ്ങളും സമൃദ്ധമായി നൽകി. നാല് കോളേജു കളിൽ പഠിച്ചെങ്കിലും എന്റെ കാമ്പസ് ചിറ്റൂർ കോളേജാണ്.



**വി. ജെയിൻ**

1981-83 കാലഘട്ടത്തിൽ ചിറ്റൂർ കോളേജിൽ ബി.എ. മ്യൂസിക് വിദ്യർത്ഥിയായിരുന്നു വി. ജെയിൻ. പിന്നീട് അദ്ദേഹം പത്രപ്രവർത്തന രംഗത്താണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. കോളേജ് പഠനകാലത്ത് നല്ലൊരു ഗായകനും വിദ്യാർത്ഥി സംഘടനാപ്രവർത്തകനുമായിരുന്നു. ദേശാഭിമാന ദിനപത്രത്തിന്റെ ഡെൽഹി ബ്യൂറോ ചീഫ് ആയിരുന്നു. ന്യൂസ് എഡിറ്ററായാണ് റിട്ടയർ ചെയ്തത്. ഇപ്പോൾ കേരള സർക്കാർ തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി.






# ചിറ്റൂർ കോളേജ്: സ്നേഹകേന്ദ്രം

**ഡോ. ജി. ഗോപകുമാർ**

ഗവൺമെന്റ് കോളേജ് ചിറ്റൂർ എന്നും എനിക്ക് നല്ല ഓർമ്മകൾ തന്നിട്ടുള്ള ഒരു സ്ഥാപനമാണ്. എന്റെ ഔദ്യോഗികജീവിതം ആരംഭിച്ചത് ചിറ്റൂർ ഗവൺമെന്റ് കോളേജിൽനിന്നാണ്. 1975 ജൂലൈ 7ാം തിയതിയാണ് ഞാൻ ജൂനിയർ ലക്ചററായി എന്റെ ഔദ്യോഗികജീവിതം തുടങ്ങുന്നത്. പിന്നീടുള്ള നാല്പത്തഞ്ചുവർഷക്കാലം പല മേഖലകളിൽ പ്രവർത്തിച്ചു. പക്ഷേ ആദ്യത്തെ ആറുവർഷം ചിറ്റൂർ ഗവൺമെന്റ് കോളേജിലായിരുന്നു. ആ കോളേജിന് വളരെ നല്ല പ്രത്യേകതകളുണ്ട്. അവിടെ സൗഹൃദപൂർണ്ണമായ ഒരു പൊതുസമൂഹമുണ്ട്. നാട്ടുകാരുടെ സ്നേഹമുണ്ട്. വിദ്യാർത്ഥികളുടെ സ്നേഹമുണ്ട്. അതോടൊപ്പം തന്നെ സഹപ്രവർത്തകരുടെയും സൗഹൃദപരമായ ഒരന്തരീക്ഷമുണ്ട്. ഒരു കുടുംബാന്തരീക്ഷത്തിലാണ് അവിടെ അധ്യാപകരും അനധ്യാപകരും പ്രവർത്തിക്കുന്നത്. ആ ആറുവർഷത്തിനകത്ത് കോളേജിൽ പുതിയ പ്രോഗ്രാംസ് വന്നു. ഞാൻ ജോയിൻ ചെയ്യുന്ന സമയത്ത് അവിടെ ഡിഗ്രി കോഴ്സുകൾക്കു പുറമേ രണ്ട് പി.ജി. കോഴ്സുകൾ മാത്രമേ (എം.കോമും എം.എ. മ്യൂസിക്കും) ഉണ്ടായിരുന്നുള്ളൂ. പിന്നീട് അത് വലിയൊരു സ്ഥാപനമായി മാറി. ഞാൻ പൊളിറ്റിക്കൽ സയൻസ് അധ്യാപകനായിട്ടാണ് അവിടെ ജോയിൻ ചെയ്തത്. അന്ന് പ്രീഡിഗ്രി ഇതിന്റെ ഭാഗമാണ്. പ്രീഡിഗ്രിക്ക് സോഷ്യൽ സ്റ്റഡീസും അന്ന് പഠിപ്പിച്ചിരുന്നു. അധ്യാപനത്തോടൊപ്പം തന്നെ അവിടത്തെ എക്സ്ട്രാ കറിക്കുലർ ആക്ടിവിറ്റീസിലും സജീവ പങ്കാളിത്തമുണ്ടായിരുന്നു. അവിടത്തെ കലാപരമായ കാര്യങ്ങൾക്കും അതോടൊപ്പം തന്നെ ഹോസ്റ്റൽ ഡേ, കോളേജ് ഡേ, സ്പോർട്സ്, ക്രിക്കറ്റ്, അങ്ങനെ തുടങ്ങി ഒത്തിരി നല്ല കാര്യങ്ങളിൽ പരോക്ഷമായിട്ടോ നേരിട്ടോ എനിക്ക് പങ്കാളിത്തമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവിടത്തെ ആറുവർഷത്തെ ജീവിതത്തിൽ ചിറ്റൂർ എന്റെ ഓർമ്മകളിൽ എന്നും ഉണ്ട്.

എഴുപത്തഞ്ചുവർഷത്തിന്റെ ആഘോഷവേളയിൽ ചിറ്റൂർ ഗവൺമെന്റ് കോളേജിന് ഞാൻ എല്ലാ ആശംസകളും നേരുന്നു. നാട്ടിൻപുറത്തെ ഒരു സാഹചര്യത്തിലാണ് ആ കോളേജ് വന്നതെങ്കിലും കാലിക്കറ്റ് യൂനിവേഴ്സിറ്റിയിലെ ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുന്ന ഒരു കോളേജാണ് അത്. എക്സ്ട്രാ കറിക്കുലർ ആക്ടിവിറ്റീസിലും അക്കാദമിക്ക് രംഗത്തും ഒരുപോലെ ശോഭിക്കുന്ന ഒരു സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് എല്ലാ ആശംസകളും ഞാൻ നേരുകയാണ്.



**ഡോ. ജി. ഗോപകുമാർ**

1975 ജൂലൈ 7ന് ചിറ്റൂരിലെ ഗവൺമെന്റ് കോളേജിൽ പൊളിറ്റിക്കൽ സയൻസിൽ ജൂനിയർ ലക്ചററായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1982 ജൂണിൽ കേരള സർവകശാലയിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി ചേർന്നു. അതേ വർഷം തന്നെ കേരള സർവ്വകലാശാലയിൽ നിന്ന് പി.എച്ച്.ഡി. നേടി. 2003 ൽ കേരള സർവ്വകലാശായിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗം പ്രൊഫസറും മേധാവിയുമായി. 2009-ൽ കേരള സർവ്വകലാശാലയിൽ സോഷ്യൽ സയൻസ്ഡീനായി. 2011 മാർച്ചിൽ ഔദ്യോഗികമായി വിരമിച്ച അദ്ദേഹം 2012-ൽ യുജിസി എമറിറ്റസ് പ്രൊഫസറായി. 2014 ഓഗസ്റ്റ് 6ന് കേരള സെൻട്രൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി നിയമിതനായി. ആറ് വർഷം വൈസ് ചാൻസലറായി സേവനമനുഷ്ഠിച്ച് 2020 ഓഗസ്റ്റ് 6-ന് വിരമിച്ചു. യു.എസ്.എ, കാനഡ, ഓസ്ട്രേലിയ, ഫ്രാൻസ്, തായ്‌ലൻഡ് തുടങ്ങിയ വിവിധ രാജ്യങ്ങളിൽ നിരവധി അഭിമാനകരവും ദേശീയവും അന്തർദേശീയവുമായ അവാർഡുകളും ഫെലോഷിപ്പുകളും അദ്ദേഹം നേടിയിട്ടുണ്ട്. നിലവിൽ വിവിധ ദേശീയ സമിതികളിലും യുനെസ്കോയിലും സേവനമനുഷ്ഠിക്കുന്നു.



# ചിറ്റൂർ കോളേജ് : സൗഭാഗ്യസ്മൃതികൾ



പ്രൊഫ. അമ്പാട്ട് വിജയകുമാർ

1973 ലാണ് പ്രീഡിഗ്രിക്ക് പഠിക്കാനായി ഞാൻ ചിറ്റൂർ കോളേജിൽ ചേർന്നത്. എന്റെ അച്ഛൻ, അങ്കരാത്ത് നാരായണനുണ്ണി മന്ദാടിനായർ, അമ്മ, അമ്പാട്ട് കല്യാണിക്കുട്ടിയമ്മ. കുടുംബപരമായി ധാരാളം പേർ ചിറ്റൂരും അടുത്തുള്ള പ്രദേശങ്ങളിലും ഉണ്ട്. അക്കാലത്ത് ഏറ്റവും അടുത്തുള്ള ഒരു കോളേജ് എന്ന നിലയിലാണ് ചിറ്റൂർകോളേജിൽ ഞാൻ പഠനം തുടങ്ങിയത്. നാട്ടുകല്ലിലായിരുന്നു ഞാൻ എന്റെ അച്ഛന്റെയും അമ്മയുടെയും കൂടെ താമസിച്ചിരുന്നത്. അവിടുന്ന്, തിങ്ങിനിറഞ്ഞിരുന്ന ഒരു ബസ്സിലാണ് സാധാരണ ചിറ്റൂർ കോളേജിലെത്തുക. കഴിഞ്ഞ അമ്പതു വർഷത്തെ കാര്യങ്ങൾ അയവിറക്കുമ്പോൾ, ചിറ്റൂർ കോളേജ് എനിക്കുതന്ന സൗഭാഗ്യങ്ങളുടെ ഓർമ്മകളാണ് എന്റെ മനസ്സിൽ ഓടിയെത്തുന്നത്. പ്രഗത്ഭരായ ഒരുപാട് അധ്യാപകർ എന്നെ പഠിപ്പിച്ചു. അവരുടെ അനുഗ്രഹം കൊണ്ടാണ് എന്റെ പ്രവർത്തന മേഖലയിൽ എന്തെങ്കിലും സംഭാവനചെയ്യാൻ എനിക്കു സാധിച്ചത്.

പാലക്കാട് തമിഴ്നാട് അതിർത്തിയിൽ കിടക്കുന്ന കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ സെന്റ് പോൾസ് ഹൈസ്കൂളിൽനിന്നും ഞാൻ 1973ൽ എസ്.എസ്.എൽ.സി. പാസ്സായി, ഗവൺമെന്റ് കോളേജ് ചിറ്റൂരിലെത്തിയപ്പോൾ അതിന്റെ എല്ലാ തരത്തിലുമുള്ള വ്യത്യാസം, എനിക്ക് അനുഭവപ്പെട്ടിരുന്നു. പഠനത്തിലും, പുതിയ അധ്യാപനരീതിയിലും എല്ലാം. നാട്ടിൻപുറത്ത് ജനിച്ചുവളർന്ന എനിക്ക് വല്ലാത്തൊരു മാറ്റം തന്നെയായിരുന്നു. ഒരമ്പതുവർഷം മുമ്പത്തെ ചിറ്റൂർ കോളേജിലേക്കുള്ള യാത്രയെല്ലാം നമുക്ക് സങ്കല്പിക്കാൻ പോലും പറ്റാത്ത രീതിയിലായിരുന്നു. ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ ബസ്സുകളിലെല്ലാം ധാരാളം തിരക്ക്. രാഷ്ട്രീയ പ്രവർത്തനവും മറ്റുമൊക്കെ ഒരുതരത്തിൽ പേടിപ്പിക്കുന്ന ഒരവസ്ഥ തന്നെയായിരുന്നു. അന്നത്തെ അധ്യാപകരെപ്പറ്റി രണ്ടു വാക്ക് എഴുതാതെ വയ്യ. പ്രീഡിഗ്രിക്കും ബി.എസ്സി.ക്കും മാത്തമാറ്റിക്സ് പഠിപ്പിച്ചിരുന്ന ഗ്രേസി ടീച്ചർ, എറണാകുളത്ത് എന്റെഅടുത്തു താമസിക്കുന്ന ജോർജ്ജ് കുര്യൻ സാർ, ഫിസിക്സിലെ സരസ്വതി ടീച്ചർ, അവരുടെ ഭർത്താവ് അച്യുതപിഷാരടി മാഷ്, ആദ്യമായി ജോലികിട്ടി ഫിസിക്സിൽ വന്ന ഗിരിജടീച്ചർ, പിന്നീട് കേരള കേന്ദ്രസർവ്വകലാശാല വൈസ്ചാൻസലറായി വിരമിച്ച ഡോ. ഗോപകുമാർ സാർ, ഇംഗ്ലീഷിലെ രാധാമണിടീച്ചർ, കെമിസ്ട്രിയിലെ സദാനന്ദൻസാർ, ഇങ്ങനെ പ്രഗത്ഭരായ അധ്യാപകരുടെ ക്ലാസ്സുകൾ അറ്റൻറ്ചെയ്താൽ മാത്രം മതിയായിരുന്നു പരീക്ഷയ്ക്ക് നല്ല മാർക്കുവാങ്ങി പാസ്സാകുവാൻ. അന്ന് പ്രീഡിഗ്രിക്ക് പഠിപ്പിച്ചിരുന്ന മാത്തമാറ്റിക്സ് ഡിപ്പാർട്ടുമെന്റിലെ ഡോ. ശിവരാമകൃഷ്ണൻസാർ, പിന്നീട് കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ദ് ഡിപ്പാർട്ടുമെന്റായിരുന്നു, ഇപ്പോൾ തൃശ്ശൂരിൽ താമസിക്കുന്നു. ഇപ്പോഴും ഞങ്ങൾ നല്ല സ്നേഹബന്ധത്തിലാണ്.

ഇത്രയധികം കെട്ടിടങ്ങളൊന്നും അന്ന് ക്യാമ്പസിലുണ്ടായിരുന്നില്ല. ഞാൻ ചേരുമ്പോൾ പ്രിൻസിപ്പൽ ഷേണോയ് സാറായിരുന്നു. അതിനുശേഷം ഫിസിക്സ് പ്രൊഫസർ എം.വൈ. പ്രഭാകരമേനോൻസാർ പ്രിൻ

സിപ്പലായി. അവിടെ പഠിക്കാനുള്ള നല്ലൊരന്തരീക്ഷം ഉള്ളതുകൊണ്ടു മാത്രമാണ് ഞാൻ ഉപരിപഠനത്തെക്കുറിച്ചു ചിന്തിച്ചത്. പിന്നെ ഈ 73-78 കാലത്ത് അവിടെയുണ്ടായിരുന്ന മറ്റു സുഹൃദ്ബന്ധങ്ങൾ, സംഗീതത്തിലെയും മറ്റും വ്യക്തികളായിരുന്നു. പഠിക്കുന്ന കാലം മുതൽക്കുതന്നെ എനിക്ക് സംഗീതം വലിയ ഇഷ്ടമായിരുന്നു. എന്റെ അമ്മയും ചേച്ചിയുമൊക്കെ നല്ലപോലെ പാടുന്നവരായിരുന്നു. എന്റെ ചേച്ചി ഈ കോളേജിൽ ബി.എ. മ്യൂസിക്കിനു പഠിച്ചിരുന്നു. എന്റെ പല സഹോദരങ്ങളും വിവിധ കാലയളവിൽ ചിറ്റൂർകോളേജിൽ പഠിച്ചിട്ടുള്ളവരാണ്. എന്റെ ഡിഗ്രി പഠനകാലത്ത് ടി.എൻ. കൃഷ്ണചന്ദ്രൻ ബി.എ. മ്യൂസിക്കിന് അവിടെയുണ്ടായിരുന്നു. അതുപോലെ ദൂരദർശൻ ഡയറക്ടറായി വിരമിച്ച ആനന്ദവർമ്മയും. ഇവരൊക്കെ ചേർന്ന് ഒഴിവുസമയങ്ങളിൽ ഞങ്ങൾ പാട്ടുപാടി രസിക്കാറുണ്ടായിരുന്നു.

കൃഷ്ണചന്ദ്രൻ മുഖ്യകഥാപാത്രമായ പത്മരാജന്റെ 'രതിനിർവേദം' എന്ന സിനിമയുടെ ഷൂട്ടിംഗ് നടക്കുന്ന കാലം കൂടിയായിരുന്നു. അതുകൊണ്ട് സിനിമാപരമായ കാര്യങ്ങളും കൂടി അന്നത്തെ ഞങ്ങളുടെ സാഹിത്യചർച്ചകളിൽ വരുമായിരുന്നു എന്നു ചുരുക്കം. ചിറ്റൂരിന്റെ മരുമകൻ എന്നവകാശപ്പെടാവുന്ന പത്മരാജന്റെ രചനകളെക്കുറിച്ചൊക്കെയുള്ള ശക്തമായ ഒരു പഠനം ചിറ്റൂർ കോളേജിൽ നടന്നിരുന്നു.(അദ്ദേഹം എന്റെ ബന്ധുകൂടിയായ തങ്കക്കുട്ടിച്ചേച്ചി (രാധാലക്ഷ്മി)യുടെ ഭർത്താവായിരുന്നു) അദ്ദേഹത്തിന്റെ നോവലിനെ അവലംബിച്ച് പിൽക്കാലത്ത് ഇറങ്ങിയ 'ഇതാ ഇവിടെ വരെ' എന്ന സിനിമയിലെ ചില ഡയലോഗുകൾ പോലും ഞങ്ങളന്ന് ശോകനാശിനിയുടെ തീരത്തിരുന്ന് ഉച്ചത്തിൽ പറയുമായിരുന്നു. അതിൽ ഇപ്പോഴും ഓർമ്മയിലുള്ള ഒരു ഡയലോഗ്, സിനിമയിൽ മധുവിന്റെ കഥാപാത്രം ചെറിയൊരു വെള്ളപ്പൊക്കത്തിൽപ്പെട്ട മകനായിട്ടുള്ള സോമന്റെ കഥാപാത്രത്തെ അന്വേഷിക്കുന്ന രംഗത്തിൽ 'വിശ്വനാഥാ, മോനേ..' എന്നു വിളിച്ചു കൂവുന്ന രംഗമാണ്. അത് ഞങ്ങൾ ആവർത്തിച്ച് പുഴയുടെ തീരത്തുനിന്ന് വിളിക്കുമ്പോൾ അത് ചിറ്റൂർ കോളേജിന്റെ മതിലുകളിൽത്തട്ടി പ്രതിധ്വനിക്കുമായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ ക്ലാസ്സുകളിൽ മാത്രം ഒതുങ്ങിനിൽക്കാതെ സൗഹൃദബന്ധം മറ്റു ഡിപ്പാർട്ടുമെന്റിലെ വിദ്യാർത്ഥികളുമൊക്കെയായി വളർന്നിരുന്ന കാലം. ജ്യോഗ്രഫിയിലെ രാമചന്ദ്രൻ, ലില്ലി, വിജയൻ എന്നിവരും എന്റെ സുഹൃത്തുക്കളായിരുന്നു (അവരൊക്കെ പിന്നീട് പ്രൊഫസർമാരായി എന്നത് എടുത്തുപറയേണ്ട കാര്യമാണ്). സാഹിത്യത്തിലും സംഗീതത്തിലുമൊക്കെ താല്പര്യമുള്ളതുകൊണ്ട്, Students Literary Art Centre (SLAC) എന്ന പേരിലുള്ള ഒരു സാഹിത്യസമാജത്തിൽ സജീവമായി പ്രവർത്തിച്ചിരുന്നു. അന്നത്തെ ഞങ്ങളുടെ പ്രധാനപ്രവർത്തനം, പുതിയൊരു സാഹിത്യസൃഷ്ടി പ്രത്യക്ഷപ്പെട്ടാൽ അതിനെപ്പറ്റി പഠിച്ച്, പത്തോ ഇരുപതോ മിനിട്ട് സംസാരിച്ച് ചർച്ച നടത്തുക എന്നതായിരുന്നു. സ്വാഭാവികമായും, അന്ന് വലിയ സാഹിത്യകാരന്മാരെ പരിചയമില്ലാത്തതുകൊണ്ടും, അവരെല്ലാം പാലക്കാട് ഉള്ളവരല്ലാത്തതുകൊണ്ടും എല്ലാ എഴുത്തുകാരെയും പഠിക്കാൻ ശ്രമിച്ചിട്ടില്ല. ഒ.വി. വിജയൻ, മുണ്ടൂർ കൃഷ്ണൻകുട്ടി, മുണ്ടൂർ സേതുമാധവൻ, എം.ടി. വാസുദേവൻ നായർ, സി. രാധാകൃഷ്ണൻ എന്നിവരുടെ രചനകളെ ചർച്ചയ്ക്കു വിഷയമാക്കിയിരുന്നു. അമ്പതുകൊല്ലം മുമ്പ് വികസിച്ച ആ ശീലം- വായന ഇപ്പോഴും ഞാൻ തുടർന്നുവരുന്നത് ചിറ്റൂർ കോളേജിൽ പഠിച്ചതിന്റെ ഗുണമായിരിക്കണം.

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും അക്കാലത്തുതന്നെ എം. സ്റ്റാറ്റ് പാസ്സായിട്ടുള്ള ശ്രീകമാർ സാറിനെ ഒരിക്കലും മറക്കാൻ കഴിയില്ല. (അദ്ദേഹം രണ്ടുവർഷം മുമ്പ് അന്തരിച്ചു.) ഈ അധ്യാപകരൊക്കെ വളരെ ചെറുപ്പക്കാരായിരുന്നു എന്നതും ശ്രദ്ധേയമാണ്. സർവ്വീസിൽ കയറി ആദ്യത്തെ നിയമനം ചിറ്റൂർ കോളേജിലായിരുന്നു. അതുകൊണ്ട് അവരും വളരെ ഊർജ്ജസ്വലരായിരുന്നു. ഒരുപാടു കാര്യങ്ങളിലുള്ള ഡിസിപ്ലിൻ ഉണ്ടാക്കാൻ ചിറ്റൂർ കോളേജിലെ അധ്യാപകർക്ക് കഴിഞ്ഞിരുന്നു.

ചിറ്റൂർ കോളേജിൽ പ്രീഡിഗ്രിക്ക് എന്റെ സെക്കന്റ് ലാംഗ്വേജ്, അറ




> പക്ഷെ ആ സംഖ്യ സൂചിപ്പിക്കുന്നത് വിശുദ്ധ ഖുറാനിലെ ആദ്യത്തെ വാചകമായ 'ബിസ്മില്ലാ ഹിർ റഹ്മാൻ നിർ റഹീം' എന്ന പ്രശസ്തമായ വരികളെ ആണെന്ന് പലർക്കും അറിയാൻ സാധ്യത ഇല്ല.

ബിക്ക് ഭാഷയായിരുന്നു. അക്കാലത്ത് അറബി രാജ്യങ്ങളിലേക്ക് ജോലി തേടി ആളുകൾ പോയിരുന്നു. അറബിഭാഷ പഠിച്ചാൽ ഇത്തരം രാജ്യങ്ങളിൽ ജോലികിട്ടാൻ സാധ്യത കൂടുതലാണെന്ന് ചേട്ടൻ പറഞ്ഞു. അന്നതു പഠിക്കാൻ ആറ് കുട്ടികൾ മാത്രമാണുണ്ടായിരുന്നത്. അതിൽ തരക്കേടില്ലാത്ത മാർക്കുവാങ്ങി ഞാൻ പാസ്സായി. ആ അവസരത്തിൽ ഹദീസുകളും പഠിക്കാനുണ്ടായിരുന്ന ഖുറാനിലെ ഒരു അധ്യായവും ഞാൻ പഠിച്ചിരുന്നു.

പ്രീഡിഗ്രിക്ക് അറബിക്ക് പഠിച്ചത് പിന്നീട് എനിക്ക് ഗുണകരമായി എന്ന വസ്തുത രസകരമാണ്. ഈയിടെയായി ഞാൻ മാത്തമാറ്റിക്സിന്റെ വിവിധ മേഖലകളെക്കുറിച്ച് മലയാളത്തിലും ഇംഗ്ലീഷിലും ലേഖനങ്ങളെഴുതാറുണ്ട്. മാതൃഭൂമി ആഴ്ചപ്പതിപ്പ്, പഠിപ്പുര, വിദ്യ തുടങ്ങിയ പംക്തികളിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. അതിൽ, വർഷങ്ങൾക്ക് മുൻപ് എഴുതിയ ഒരു ലേഖനം '786' എന്ന സംഖ്യയെപ്പറ്റിയുള്ളതായിരുന്നു. അതിന്റെ മതപരവും ഗണിതപരവുമായ പ്രാധാന്യം എന്നായിരുന്നു ആ ലേഖനത്തിന്റെ തലക്കെട്ട്. 786 എന്ന സംഖ്യ പലരും ശ്രദ്ധിച്ചു കാണും, മുസ്ലിം ആരാധാനാലയങ്ങൾക്ക് മുന്നിൽ. പക്ഷെ ആ സംഖ്യ സൂചിപ്പിക്കുന്നത് വിശുദ്ധ ഖുറാനിലെ ആദ്യത്തെ വാചകമായ 'ബിസ്മില്ലാ ഹിർ റഹ്മാൻ നിർ റഹീം' എന്ന പ്രശസ്തമായ വരികളെ ആണെന്ന് പലർക്കും അറിയാൻ സാധ്യത ഇല്ല. അറബി ഭാഷയിലെ ഓരോ അക്ഷരത്തിനും ഓരോ 'അബ്ജാദ് സംഖ്യ' നൽകി ആ സംഖ്യകൾ കൂട്ടുമ്പോൾ 786 എന്ന സംഖ്യ കിട്ടും. ഈ ലേഖനവും എനിക്ക് ചിറ്റൂർ കോളേജിൽനിന്നു കിട്ടിയ വലിയൊരു പ്രചോദനമാണെന്ന് പറയാൻ സാധിക്കും.

ഇനി ബി.എസ്സ്.സി. മാത്തമാറ്റിക്സിലെ പഠിത്തത്തെപ്പറ്റി. അന്നത്തെ എന്റെ സഹപാഠികളിൽ ശ്രീ. എ.ആർ. പരമേശ്വരൻ എന്റെ വളരെ നല്ല സുഹൃത്തായിരുന്നു. അദ്ദേഹം ബാങ്കിലെ ജോലി ഉപേക്ഷിച്ച് കോളേജ് സർവ്വീസിൽ ചേർന്നിരുന്നു. ചിറ്റൂർ കോളേജിലും അദ്ദേഹം സേവനം നടത്തിയിരുന്നു. പക്ഷേ അദ്ദേഹം അകാലചരമമടഞ്ഞു. ഞങ്ങൾ ഒന്നിച്ചിരുന്ന് ആഹാരം കഴിക്കുകയും കംബൈൻഡ് സ്റ്റഡി നടത്തുകയും ചെയ്ത കാര്യങ്ങളൊക്കെ ഞാനിപ്പോൾ ഓർക്കുന്നു. അന്ന് ക്ലാസ്സിൽ പത്തു കുട്ടികളാണ് ഉണ്ടായിരുന്നത്. അന്നത്തെ ഒന്നും രണ്ടും വർഷ ബി.എസ്സ്.സി. ക്ലാസ്സ് റൂം ഉണ്ടായിരുന്നത് ഇന്നത്തെ മാത്തമാറ്റിക്സ് ലൈബ്രറി മുറിയിലാണ്. മ്യൂസിക് ഡിപ്പാർട്ടുമെന്റിനു സമീപമുള്ള ഒരു ക്ലാസ്സായിരുന്നു ഫൈനലിയറിന്റേത്. ആ ക്ലാസ്സുകളും മറ്റുമൊക്കെ എനിക്ക് നല്ലൊരു ഓർമ്മയാണ് തരുന്നത്.

വളരെ സന്തോഷത്തോടുകൂടിത്തന്നെ പറയട്ടെ, പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടത്തിയ പബ്ലിക്ക് ലെക്ചേഴ്സിൽ ഫെബ്രുവരി 16ന് എം.ജി. ഹാളിൽ വച്ച് 'വിവരസാങ്കേതികയുഗത്തിൽ ഗണിതപഠനത്തിന്റെ പ്രസക്തി' എന്ന വിഷയത്തിൽ ക്ലാസ്സെടുക്കാൻ എനിക്ക് സാധിച്ചു. ഉത്സുകരും ശ്രദ്ധാലുക്കളുമായ കുട്ടികൾക്കു വേണ്ട സഹായസഹകരണങ്ങൾ നൽകാൻ ഞങ്ങൾ പരമാവധി ശ്രമിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ചിറ്റൂർ കോളേജ് എന്റെ ഔദ്യോഗികജീവിതത്തിൽ വളരെ നല്ലൊരു സ്ഥാനം നൽകിയിട്ടുള്ള ഒരു സരസ്വതീക്ഷേത്രമാണ്. ആ കോളേജിന് എല്ലാ ആശംസകളും നേരുന്നു. ഇപ്പോൾ എഴുപത്തഞ്ചു വർഷം പൂർത്തിയാകുമ്പോൾ നമ്മൾ ഒരു നൂറ്റമ്പതു വർഷത്തേക്കുകൂടി മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് ഒരു ഭ്യർത്ഥനകൂടിയുണ്ട്.



**പ്രൊഫ. അമ്പാട്ട് വിജയകുമാർ**

73-78 കാലത്ത് ചിറ്റൂർ കോളേജിൽ ബി.എസ്സ്.സി. പൂർത്തിയാക്കിയ ശേഷം, കൊച്ചി സർവ്വകലാശാലയിൽനിന്ന് 1980ൽ എം.എസ്സ്.സി. രണ്ടാം റാങ്കോടെ പാസ്സായി. തുടർന്ന് 1986 വരെ അവിടെത്തന്നെ ഗവേഷണ വിദ്യാർത്ഥിയായിരുന്നു. 1986ൽ ഗണിതശാസ്ത്രത്തിൽ പി. എച്ച്.ഡി. ലഭിച്ചു. പ്രൊഫ. വസീർ ഹസൻ ആബ്ദിയും പ്രൊഫ. ത്രിവിക്രമനുമായിരുന്നു മാർഗ്ഗദർശകർ. തുടർന്ന് രണ്ടുവർഷത്തോളം കോഴിക്കോട് റീജിയണൽ എഞ്ചിനിയറിംഗ് കോളേജിൽ പ്രവർത്തിച്ചിരുന്നു. 1988ൽ കൊച്ചിൻ യൂനിവേഴ്സിറ്റിയിൽ അധ്യാപകനായി ചേർന്നു. 2018ൽ അവിടെനിന്ന് പ്രൊഫസറും വകുപ്പദ്ധ്യക്ഷനുമായിരിക്കെ റിട്ടയർ ചെയ്തു. ഇപ്പോൾ കൊച്ചി സർവ്വകലാശാലയിലെ എമിറിറ്റസ് പ്രൊഫസറാണ്.



# ഈ വഴിയും ഈ മരത്തണലും

രാജീവ് പീറ്റർ

1983 ലാണ് ഞാൻ ബി എ മ്യൂസിക്കിന് ചിറ്റൂർ കോളേജിൽ ചേർന്നത്. ഇപ്പോൾ 2023 ൽ എത്തി നിൽക്കുമ്പോൾ, ചിറ്റൂർ കോളേജിൽ പഠിച്ച ആ അഞ്ചു വർഷങ്ങൾ എന്റെ ജീവിതത്തിൽ എത്ര പ്രധാനമായിരുന്നു എന്ന് ഓർത്തു പോകുന്നു.

ജോയിൻ ചെയ്യുമ്പോൾ പ്രവേശന പരീക്ഷയിൽ വളരെ പുറകിലായിരുന്നു ഞാൻ. എന്നാൽ രണ്ടാം വർഷ പരീക്ഷ കഴിഞ്ഞപ്പോൾ, മ്യൂസിക്കിൽ ജനറൽ പ്രൊഫിഷ്യൻസി പ്രൈസും ഇംഗ്ലീഷിൽ കോളേജിലെ ഏറ്റവും കൂടുതൽ മാർക്ക് നേടിയതിന് ചോണ്ടത്ത് ഇരവി ഗൗണ്ട സ്മാരകപുരസ്കാരവും കരസ്ഥമാക്കുവാൻ സാധിച്ചു. സംഗീതം ബിരുദകോഴ്സിൽ മൂന്നാം റാങ്കും നേടി. അതിനു ശേഷം എം.എ. മ്യൂസിക്കും കഴിഞ്ഞു 1988 ൽ മനസ്സിൽ ഒരു പിടി നല്ല ഓർമകളുമായി ചിറ്റൂർ കോളേജിന്റെ പടിയിറങ്ങി. കോളേജിൽ പഠിച്ചിരുന്ന കാലത്ത് കുറച്ച് വർഷങ്ങൾ ഹോസ്റ്റലിൽ ആയിരുന്നു താമസം. പിന്നീട് തത്തമംഗലം, അണിക്കോട്, തെക്കേഗ്രാമം, ചിറ്റൂർ, എന്നിവിടങ്ങളിൽ മുറിയെടുത്തു താമസിച്ചു. ഹോസ്റ്റലിൽ തമിഴ്-മലയാളം സംഘർഷങ്ങൾ പതിവായിരുന്നു. ഞാൻ മിക്കപ്പോഴും ഒരു ഇടനിലക്കാരനായി പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുമാ യിരുന്നു. കാരണം, എനിക്ക് രണ്ടു പക്ഷത്തും കുറെയേറെ നല്ല സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ഞായറാഴ്ചകളിൽ, സംഗീതത്തിലെ ചില സംശയങ്ങൾ ചോദിയ്ക്കാൻ ഹാർമോണിയവുമായി തമിഴ് വിദ്യാർത്ഥികളായ ജേക്കബും, മറ്റു ചില തമിഴ് കൂട്ടുകാരും എന്നോടൊപ്പം കൂടുമായിരുന്നു. ജേക്കബ് നന്നായി ഹാർമോണിയം വായിക്കും. റോമൻ നല്ല കരാട്ടെ വിദഗ്ധനും. അതുകൊണ്ട് എനിക്ക് മലയാളി - തമിഴ് വ്യത്യാസമൊന്നും ഇല്ലായിരുന്നു. ഇപ്പോഴും അങ്ങനെ തന്നെ. വൈകുന്നേരങ്ങളിൽ ഞങ്ങൾ സുഹൃത്തുക്കൾ കോളേജ് ഗ്രൗണ്ടിൽ ക്രിക്കറ്റ് കളിക്കുക പതിവായിരുന്നു. അന്ന് ശക്തിവേൽ ശക്തിയിൽ എറിഞ്ഞ പന്ത് ഗ്രൗണ്ടിലെ ഒരു ചെറിയ കല്ലിൽ തട്ടി ബൗൺസ് ആയി എന്റെ മൂക്കിൽ സാമാന്യം ശക്തിയോടെ തട്ടി. ഇന്നത്തെ പോലെ സുരക്ഷാ കവചങ്ങളോ ഹെൽമെറ്റോ ഒന്നും ഉപയോഗിക്കാറില്ലായിരുന്നല്ലോ. കണ്ണിൽ ഇരുട്ട് കയറി, ഓർമ്മ വരുമ്പോൾ ഞാൻ ചിറ്റൂരിലെ ഏതോ ഒരു ക്ലിനിക്കിൽ ആയിരുന്നു. സാരമായ ഒടിവ് ഇല്ലാത്തതിനാൽ പ്രാഥമിക ചികിത്സ കഴിഞ്ഞു കുറേ ആന്റിബൈയോട്ടി ക്കുകളുമായി കൂട്ടുകാർ തിരിച്ച് എന്നെ ഹോസ്റ്റലിൽ ആക്കി. പിന്നീട് ഒരാഴ്ച്ച ബലൂണിൽ നീല മഷി നിറച്ച പോലുള്ള മുഖവുമായി ഹോസ്റ്റലിൽ ഒതുങ്ങി കഴിയേണ്ടി വന്നു.

1985 ൽ സംഘഗാന മത്സരത്തിന് വേണ്ടി ഞങ്ങൾ ഒരു ഗ്രൂപ്പ് ഉണ്ടാക്കി. കോളേജിലെ മത്സരത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടി, തുടർന്ന് കോളേജിന്റെ പേരിൽ അതേ ഗ്രൂപ്പ് വിപുലീകരിച്ച് 8 പാട്ടുകാരും 4 ഉപകരണങ്ങളും ചേർത്ത് 12 അംഗങ്ങളായി സോണൽ മത്സരങ്ങ

ളിൽ പങ്കെടുത്തു വിജയിച്ചു. തുടർന്ന് കോഴിക്കോട് വച്ച് നടന്ന യൂണിവേഴ്സിറ്റി മത്സരങ്ങളിലും സേതു ടീച്ചറിന്റെയും സാംബശിവൻ സർന്റെയും നേതൃത്വത്തിലും പരിശീലനത്തിലും ഒന്നാം സ്ഥാനം നേടുകയും, മത്സരത്തിന്റെ സമാപന ചടങ്ങിൽ വീണ്ടുമത് അവതരിപ്പിക്കുവാൻ സാധിക്കുകയും, കോഴിക്കോട് ലയൺസ് ക്ലബ്ബിന്റെ ഒരു ക്യാഷ് പ്രൈസ് നേടുവാനും സാധിച്ചു.

എന്റെ ഓർമയിൽ ആ വർഷത്തിൽ ഞങ്ങൾ കലാ മത്സരങ്ങളിൽ ഒരുപാട് സമ്മാനങ്ങൾ വാരികൂട്ടി. ഞങ്ങൾക്ക് ഇന്ത്യൻ സംഗീതം മാത്രമല്ല വഴങ്ങിയിരുന്നത്. ഞാനും ചില സുഹൃത്തുക്കളും ചേർന്ന് പാശ്ചാത്യ സംഗീതത്തിലും ഞങ്ങളുടെ കഴിവുകൾ പ്രദർശിപ്പിച്ചു. ഇരിഞ്ഞാലക്കുട ഡോൺ ബോസ്കോ സ്കൂളിൽ വച്ച് നടന്ന ഒരു പാശ്ചാത്യ സംഗീത മത്സത്തിൽ ഞങ്ങൾ പങ്കെടുത്തു. ചിറ്റൂരിൽ നിന്നും ഇരിഞ്ഞാലക്കുടയ്ക്ക് ഒരു ഡോൾഫിൻ കാറിൽ ഞങ്ങൾ ആറു പേർ സംഗീതോപകരണങ്ങളുമായി തിങ്ങി ഞെരുങ്ങി ശ്വാസം വിടാൻ പോലും സ്ഥലമില്ലാതെ പോയിട്ട് വന്നത് ഓർത്താൽ ഇപ്പോഴും ചിരി വരുന്നു. അത്രയ്ക്ക് ഭ്രാന്തായിരുന്നു സംഗീതത്തോട്.

സംഗീതം മാത്രമല്ല, തൃശ്ശൂർ ആകാശവാണിയിൽ കോളേജിന്റെ യുവവാണി റെക്കോർഡ് ചെയ്യാൻ പോയത് ഓർമ്മ വരുന്നു. അന്ന് ഞാൻ നാടകത്തിന് ശബ്ദം നൽകുകയായിരുന്നു. കോളേജ് ഓഫീസിലെ രഘുവേട്ടൻ എഴുതിയ നാടകത്തിനു കോളേജിന് വേണ്ടി ശബ്ദം നല്കാൻ സാധിച്ചത് ഒരു ഭാഗ്യമായി കരുതുന്നു. ഞാൻ മുൻപ് പറഞ്ഞതുപോലെ ക്യാമ്പസ്സിന് പുറത്ത് ഒന്നു രണ്ടു വർഷം താമസിച്ചിരുന്നു. തനിയെ പാചകം ചെയ്തും, ഹോട്ടലിൽ നിന്നു കഴിച്ചും അങ്ങനൊക്കെ. അങ്ങനെ പാലക്കാടൻ ഗ്രാമഭംഗിയും ആസ്വദിച്ചു കോളേജിന് പുറത്തുള്ള സുഹൃത്തുക്കളുമായി ഒരു കാലം. തത്തമംഗലത്ത് താമസിക്കുമ്പോൾ ഉണ്ണിയേട്ടന്റെ കൂടെ സൈക്കിളിൽ യാത്ര പതിവായിരുന്നു. ഉണ്ണിയേട്ടൻ ഇന്ന് നമ്മോടൊപ്പം ഇല്ല. പളുങ്കു പോലുള്ള ഒരു പച്ച മനുഷ്യൻ. പക്ഷെ ലഹരി ഒരു ഹരമായിരുന്നു. എനിക്ക് അന്നും ഇന്നും ലഹരിയോട് ഒരു മമതയും തോന്നിയിട്ടില്ല. അതുകൊണ്ടാവാം എന്റെ ലക്ഷ്യത്തിൽ നിന്ന് അകന്നു മാറാതെ പിടിച്ചു നില്ക്കാൻ സാധിച്ചത്.

വൈകുന്നേരങ്ങളിൽ ഉണ്ണിയേട്ടനു് രണ്ടു വീശണം. കൂട്ടിനു ഞാനും, വീശാൻ അല്ല തിരിച്ചു വീട്ടിലാക്കാൻ. ഉണ്ണിയേട്ടൻ എന്നെ കൊടുവായൂർ, തത്തമംഗലം, തേങ്കുറിശ്ശി, പല്ലശ്ശേന അങ്ങനെ ഒരുപാട് ഗ്രാമങ്ങളിലെ സാംസ്കാരിക സംഘടനകളെ പരിചയപ്പെടുത്തി. അങ്ങനെ അവിടെയൊക്കെ അയ്യപ്പൻ വിളക്കിനും, വാർഷികാഘോഷങ്ങൾക്കും പാടുവാനും നാടകത്തിന് സംഗീതം നൽകുവാനും കഴിഞ്ഞു.

ചിറ്റൂർ താമസിക്കുമ്പോൾ എന്റെ തൊട്ടടുത്ത റൂമിലെ അന്തേവാസികൾ ഓട്ടോ ഡ്രൈവറായ വിജയേട്ടനും പിന്നെ കുറെ സ്വകാര്യ ബസ് ജീവനക്കാരുമായിരുന്നു. വിജയേട്ടൻ എന്റെ ഒരു നല്ല സുഹൃത്ത് ആയിരുന്നു. ഒരിക്കൽ രണ്ടുമൂന്നു ദിവസമായി വിജയേട്ടനെ കാണാതെ ഞാൻ തിരക്കിയപ്പോൾ പാലക്കാട് ആശുപത്രിയിൽ ആണെന്നറി



> അന്ന് ശക്തിവേൽ ശക്തിയിൽ എറിഞ്ഞ പന്ത് ഗ്രൗണ്ടിലെ ഒരു ചെറിയ കല്ലിൽ തട്ടി ബൗൺസ് ആയി എന്റെ മൂക്കിൽ സാമാന്യം ശക്തിയോടെ തട്ടി. ഇന്നത്തെ പോലെ സുരക്ഷാ കവചങ്ങളോ ഹെൽമെറ്റോ ഒന്നും ഉപയോഗിക്കാറില്ലായിരുന്നല്ലോ. കണ്ണിൽ ഇരുട്ട് കയറി, ഓർമ്മ വരുമ്പോൾ ഞാൻ ചിറ്റൂരിലെ ഏതോ ഒരു ക്ലിനിക്കിൽ ആയിരുന്നു.



ഞ്ഞു. ഞാൻ പോയി കണ്ടു. എനിക്ക് ആളെപ്പോലും മനസ്സിലായില്ല. മുഖം ആകെ കരിഞ്ഞു പോയിരിക്കുന്നു. ഓട്ടോ റിക്ഷക്ക് പെയിന്റ് അടിക്കുമ്പോൾ ടർപ്പൻടൈൻ തീ പിടിക്കുകയായിരുന്നു. തന്റെ കൈവശം ഉണ്ടായിരുന്ന ചെക്ക് ലീഫിൽ വിരലടയാളം പതിപ്പിച്ച് എനിക്ക് നീട്ടി. അതുമായി ചിറ്റൂരിലെ ബാങ്കിൽ വന്ന് കാര്യങ്ങളെല്ലാം വിവരിച്ച് കാശുമായി വിജയേട്ടന്റെ അടുത്തെത്തി. ആരും സഹായിക്കാനില്ലാത്ത അദ്ദേഹത്തെ അത്രയെങ്കിലും സഹായിച്ചില്ലെങ്കിൽ മനുഷ്യനായി പിറന്നതിന് അർത്ഥമില്ലാതാവില്ലേ.

പിന്നീടൊരു ദിവസം രാവിലെ എന്നീറ്റത് അടുത്ത മുറിയിലെ സ്വകാര്യ ബസ് ജീവനക്കാരുടെ ഉച്ചത്തിലുള്ള സംസാരം കേട്ടായിരുന്നു. അവരെല്ലാവരും ശോകനാശിനിയിലേക്ക് ഓടുന്നു. കൂടെ ഞാനും അവിടെ എത്തി. അപ്പോഴാണ് കാര്യം മനസ്സിലായത്.

അതിരാവിലെ ട്രിപ്പിന് മുമ്പ് ചപ്പാത്തിൽ നിർത്തി ബസ് കഴുകുകയായിരുന്നു. പെട്ടെന്ന് മലവെള്ളപാച്ചിലിൽ ബസ്സ് ഒഴുകിപ്പോയി. ഞങ്ങൾ ചെല്ലുമ്പോൾ ശോകനാശിനിയുടെ നടുവിൽ ബസ്സിന്റെ നെയിം ബോർഡിന് മുകളിൽ അള്ളിപ്പിടിച്ചിരിക്കുന്ന ജോലിക്കാരെയാണ് കണ്ടത്. പിന്നീട് ഫയർ ആൻഡ് റെസ്ക്യൂ വന്നു രക്ഷിക്കുന്നതുവരെ അവരാ തണുപ്പത്ത് മരണത്തോട് മുഖാമുഖം നോക്കിയിരുന്നു.

പണ്ടെങ്ങോ തൂങ്ങി മരിച്ച ഒരു മുത്തശ്ശിയുടെ വീട്ടിലായിരുന്നു ഞാനും കൂട്ടുകാരും തെക്കേ ഗ്രാമത്ത് താമസിച്ചിരുന്നത്. അങ്ങനെ ഒരു പേരുദോഷം ഉള്ളത് കൊണ്ട് അഞ്ചാറു മുറികളും നടുമുറ്റവും ഒക്കെ ഉള്ള ആ ക്ലറ്റൻ വീട് ഞങ്ങൾക്ക് വളരെ കുറഞ്ഞ വാടകയ്ക്ക് ആയിരുന്നു കിട്ടിയത്.

അവിടെ ഞങ്ങൾക്ക് കോളേജിലെ അല്ലാത്ത ഒരു സുഹൃത്ത് ഉണ്ടായിരുന്നു. ജയരാജ്, ലോട്ടറി ബിസിനസ് ആയിരുന്നു പ്രധാന തൊഴിൽ. ഞായറാഴ്ചകളിൽ ജയരാജിന്റെ ഫിയറ്റ് കാറിൽ ലോട്ടറി വിൽക്കാനുള്ള അന്നൗൺസ്മെന്റ് ചെയ്തുകൊണ്ട് ഞാൻ പോകുമായിരുന്നു. പ്രതിഫലത്തിനല്ല, ശബ്ദം നല്കാൻ അന്നും ഇന്നും എനിക്കിഷ്ടമാണ്.

ചിറ്റൂർ കാവിലെ കൊങ്ങൻപടയും, നെന്മാറ വേലയും, ചെറിയ ചെറിയ കലാസമിതികളുടെ വാർഷികവും, നെൽപ്പാടങ്ങളും, പനകളും, പാറകളും, പാലക്കാടൻ ഗ്രാമഭംഗിയും ഹാവൂ... എല്ലാം ഇപ്പോഴും മായാതെ മനസ്സിൽ നിൽക്കുന്നു. 1983 മുതൽ 1988 വരെയുള്ള അഞ്ചു വർഷങ്ങൾ ഒരിക്കലും മനസ്സിൽ നിന്നും മായില്ല, ചിറ്റൂർ കോളേജ് എന്ന വികാരവും. ഈ വഴികളും, ഈ മരത്തണലും കല്പനയെ പുറകോട്ട് ക്ഷണിക്കുന്നു.



**രാജീവ് പീറ്റർ**

ഈ കലാലയത്തിൽ 1983 മുതൽ 1988 കാലഘട്ടത്തിൽ സംഗീതത്തിൽ റാങ്കോടെ ബിരുദവും ബിരുദാനന്തര ബിരുദവും നേടി. ഒരേ സമയം പാട്ടുകാരനും, സംഗീത സംവിധായകനും, ഡബ്ബിങ് ആർട്ടിസ്റ്റും ആണ് അദ്ദേഹം. നമുക്കെല്ലാം സുപരിചിതമായ "Titanic" ഡബ്ബ് ചെയ്തപ്പോൾ അതിലെ ജാക്കിന്റെ ശബ്ദം ഇദ്ദേഹത്തിന്റേതാണ്. മറ്റനേകം സിനിമകൾക്കും ടിവി സീരീസുകൾക്കും പരസ്യങ്ങൾക്കും കാർട്ടൂണുകൾക്കും ശബ്ദം നൽകിയിട്ടുണ്ട്. നിലവിൽ ചെന്നൈയിൽ റിക്കോർഡിംഗ് സ്റ്റുഡിയോ നടത്തുന്നു.



# ശോകനാശിനിയുടെ കരയിൽ കഴിഞ്ഞ ദിനങ്ങൾ

അ.ക. പെരുമാൾ



1970 ജൂലൈ മാസത്തിൽ, തിരുച്ചിയിലെ ദിനതന്തി പത്രത്തിൽനിന്ന് പ്രൂഫ് റീഡർ ജോലി ഉപേക്ഷിച്ച് പുറത്തിറങ്ങിയ വേളയിൽ, പ്രൊഫസർ മധുസൂദനപെരുമാളിനെ ആകസ്മികമായി എന്റെ നാട്ടിൽവെച്ചു കാണുകയുണ്ടായി. അദ്ദേഹം എന്റെ ബന്ധുവാണ്. അപ്പോൾ അദ്ദേഹം ചിറ്റൂർ ഗവൺമെന്റ് കോളേജിലെ സാമ്പത്തികശാസ്ത്രവിഭാഗം മേധാവിയായിരുന്നു. “ജോലി ഉപേക്ഷിച്ചുവല്ലേ. ഞങ്ങളുടെ കോളേജിലേക്ക് എം.എ. പഠിക്കാൻ വരുന്നോ” എന്നു ചോദിച്ചു. ഞാൻ മറ്റൊന്നും ആലോചിക്കാതെ ‘എവിടെ’, ‘എന്ത്’ എന്നൊന്നും ചോദിക്കാതെ ശരിയെന്ന് പറഞ്ഞു.

ചിറ്റൂർ എവിടെയാണ്, ഏത് ജില്ലയിലാണ് എന്നൊന്നും അന്നറിയില്ല. അദ്ദേഹം എന്നോട് തിരുവനന്തപുരത്തുള്ള തന്റെ വീട്ടിലേക്കു വരാനും അവിടെനിന്നു ചിറ്റൂരിലേക്ക് പോകാമെന്നും പറഞ്ഞു. അദ്ദേഹത്തോടൊപ്പം ഓഗസ്റ്റ് മാസം അവസാനത്തിൽ ഞാൻ ചിറ്റൂരിൽ വന്നിറങ്ങി. അദ്ദേഹം കോളേജിന് സമീപത്തുള്ള ഒരു വീട്ടിൽ താമസിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ കെമിസ്ട്രി പ്രൊഫസർ രാമചന്ദ്രപൈ, ചരിത്രവിഭാഗം മേധാവി ഗോപിനാഥമേനോൻ എന്നിവരും ഉണ്ടായിരുന്നു. അടുത്ത ദിവസം മധുസൂദനപെരുമാളിന്റെ കൂടെ ഞാൻ കോളേജിലേക്ക് പോയി. ക്ലാസ്സിൽ ചേരുന്നതിനുവേണ്ട നടപടികൾ അദ്ദേഹം തന്നെ ചെയ്തിരുന്നു. അപ്പോൾ ചിറ്റൂർ കോളേജിലെ തമിഴ് വിഭാഗം മേധാവി പ്രൊഫസർ ജേസുദാസൻ ആയിരുന്നു. ആദ്യദിവസം രണ്ടാമത്തെ പിരിയഡ് പ്രൊഫസർ സി.ജെ. ക്ലാസ്സെടുത്തത് എനിക്ക് വളരെ വ്യത്യസ്തമായി തോന്നി. അദ്ദേഹം വളരെ സാധാരണരീതിയിലാണ് സംസാരിച്ചത്. അന്ന് സാഹിത്യ വിമർശനമായിരുന്നു പാഠം. തന്റെ ഒരു പഴയകാല അനുഭവത്തിൽനിന്നാണ് ക്ലാസ്സ് ആരംഭിച്ചത്. “ഞാൻ തുത്തുക്കുടിയിൽ ജോലി ചെയ്ത കാലത്ത് കാരൈക്കുടി അഴഗപ്പാ കോളേജിലെ (ഇന്നത് സർവ്വകലാശാലയായിട്ടുണ്ട്) തമിഴ് പ്രൊഫസർ അ. മുത്തുശിവം ഒരു സാഹിത്യ യോഗത്തിൽ സംസാരിക്കുകയായിരുന്നു. പ്രധാനമായും കവിത എന്നാൽ എന്ത് എന്നതിനെക്കുറിച്ചാണ് വിശദീകരണം. കവിതയെന്നാൽ വ്യാകരണം, വസ്തുനിഷ്ഠത, താളം/പ്രാസം ഇവയൊക്കെ വേണം എന്നൊക്കെ അധ്യാപകർ വിദ്യാർഥികളോട് കാണാപ്പാഠം പോലെ പഠിപ്പിച്ചുവരുന്നു എന്നദ്ദേഹം പറഞ്ഞു. തുടർന്ന് അദ്ദേഹം ഒരു കവിതാശകലം അവതരിപ്പിച്ചു.

“പാക്കാവതു കമുകം പഴം, പരുപ്പാവതു തുവരൈ
മേർക്കാവതു കിഴക്കേ നിൻട്രു പാർത്താൽ അതു തെരിയും
നാർകാതമും മുക്കാതമും നടന്താൽ ഏഴു കാതം
രാക്കാ ഉണ്മൈ ചൊന്നേൻ ഇനി രട്ച്ചിപ്പായേ പട്ച്ചിപ്പായേ”
(ലിപ്യന്തരണം)

ഈ കാവ്യശകലത്തിൽ വ്യാകരണമുണ്ട്. അത് ആചിരിയ വിരുത്തം, വസ്തുനിഷ്ഠതയുണ്ട്. പരുപ്പ്, തുവര അല്ലെന്ന് ആരെങ്കിലും പറയുമോ? നാലും മൂന്നും ഏഴല്ലേ? പടിഞ്ഞാറ് നിന്ന് നോക്കിയാൽ കിഴക്ക് ദിശ കാണാതെ പോകുമോ? ഇങ്ങനെയൊക്കെ ആണെങ്കിലും ഇതിനെ ഒരു നല്ല കവിത എന്നു പറയാൻപറ്റുമോ എന്നു മുത്തുശിവം ചോദിച്ചു. ഇത്തരമൊരു ആമുഖത്തോടെയാണ് അദ്ദേഹം കമ്പരിലേക്ക് പ്രവേശിച്ചത്.

ഞാൻ എം.എ. ഒന്നാം വർഷം ആദ്യത്തെ മൂന്നാലുമാസം പ്രൊഫസർ മധുസൂദനപെരുമാളിന്റെ വീട്ടിൽ തന്നെയായിരുന്നു. പിന്നീട് കോളേജ് ഹോസ്റ്റലിലേക്ക് ചെന്നു. അന്ന് ഞാൻ നേടിയ അനുഭവങ്ങൾ ഇന്നും തുടരുന്നു. ചിറ്റൂരിലെ ഭാഷയും സംസ്കാരവും എനിക്ക് അന്യമായി തോന്നിയില്ല. എന്റെ അച്ഛൻ മലയാള അദ്ധ്യാപകനാണ്. അമ്മയ്ക്കും മലയാളം നന്നായി അറിയാം. എന്നാൽ മലയാളം കുറച്ചുപോലും

അറിയാതെ ചിറ്റൂരിൽ കാലങ്ങളോളം കഴിഞ്ഞുകൂടാമെന്ന് അനുഭവം കൊണ്ട് ഞാൻ മനസ്സിലാക്കി. അപ്പോൾ കോളേജ് ഹോസ്റ്റലിന്റെ വാർഡനായി പ്രൊഫസർ രാമചന്ദ്രൻ എന്നൊരധ്യാപകനുണ്ടായിരുന്നു. അദ്ദേഹം തിരുവനന്തപുരത്തുകാരനായ ഒരു ഹിന്ദി മാഷായിരുന്നു. തമിഴ് അറിയുന്ന ആളായതുകൊണ്ട് എന്നോട് കൂടുതൽ അടുപ്പമുണ്ടായി. എനിക്ക് ഹോസ്റ്റൽ അപരിചിതമായി തോന്നിയേയില്ല. ഹോസ്റ്റലിന് സമീപത്തുകൂടി ഭാരതപ്പുഴയുടെ ശാഖയായ ശോകനാശിനി ഒഴുകിക്കൊണ്ടിരുന്നു. ആ പുഴയ്ക്ക് പേരിട്ടത് മലയാള കവി തുഞ്ചത്ത് എഴുത്തച്ഛനാണെന്ന് പ്രൊഫസർ രാമചന്ദ്രൻ പറഞ്ഞത് ഇന്നും ഓർമ്മയിലുണ്ട്. എം.എ. പഠനം കഴിഞ്ഞതും ആരൽവായ്മൊഴി അറിഞ്ഞർ അണ്ണാ കോളേജിൽ ജോലി ലഭിച്ചു. അതിനുശേഷം 13 വർഷങ്ങൾ കഴിഞ്ഞു ഗവേഷണത്തിനായി മധുര യൂണിവേഴ്സിറ്റിയിൽ ചേർന്നു. എന്റെ വഴികാട്ടി പ്രൊഫസർ ജയരാമൻ. പിന്നീട് അദ്ദേഹം കോവൈ ഭാരതീയർ യൂണിവേഴ്സിറ്റിയിൽ വകുപ്പദ്ധ്യക്ഷനായി. അപ്പോൾ മധുരയിലെ തമിഴ്വിഭാഗത്തിന്റെ മേധാവി ഡോ. മുത്തു ഷൺമുഖനാറായിരുന്നു.

ഞാൻ ഒരിക്കൽ ഒരു യൂണിവേഴ്സിറ്റി സെമിനാറിൽ പ്രബന്ധം അവതരിപ്പിച്ചപ്പോൾ, വേറൊരു ഭാഷ സംസാരിക്കുന്ന സ്ഥലത്തു പഠിച്ചതുകൊണ്ട നിന്റെ കാഴ്ച്ചപ്പാട് വിശാലപ്പെട്ടിരിക്കുന്നു എന്ന് മുത്തു ഷൺമുഖനാർ പറഞ്ഞു. എനിക്ക് അദ്ദേഹം പറഞ്ഞത് മനസ്സിലായി. ചെന്നൈയിൽ ഒരു പുസ്തകപ്രകാശനത്തിന്റെ വേളയിൽ ശ്രീ. വെങ്കട് സ്വാമിനാഥൻ സുന്ദരരാമസ്വാമി, ജയൻമോഹൻ എന്നിവരെ പറ്റി സംസാരിക്കുമ്പോൾ ഇവരുടെ ദ്വിഭാഷാബന്ധമാണ് ഇവരെ വ്യത്യസ്തരാക്കിയത് എന്ന് പറഞ്ഞു. ഒരുവിധത്തിൽ ഫോക്‌ലോറിലെ എന്റെ താല്പര്യത്തിനും വിശാലമായ കാഴ്ച്ചപ്പാടിനും അടിസ്ഥാനം ചിറ്റൂർ കോളേജാണെന്നു തോന്നുന്നു.

പൊതുവേ തഞ്ചാവൂർ മണ്ണിൽ ജനിച്ചവരായ ഞങ്ങൾ കാവേരി വെള്ളം കുടിച്ചവരാണ്. ഞങ്ങൾക്ക് സ്വന്തമായ ഒരു പാരമ്പര്യം ഉണ്ടെന്ന് അഭിമാനത്തോടെ പറയാറുണ്ട്. പ്രത്യേകിച്ചും സംഗീതജ്ഞർക്ക് ഈ അഭിമാനബോധം കണ്ടിട്ടുണ്ട്. ഇത്തരമൊരഭിമാനം ചിറ്റൂരിനും ഉണ്ട്. ശോകനാശിനിയിലെ വെള്ളത്തിന് കാവേരിയേക്കാൾ ഒട്ടും ശക്തികുറവില്ല. പഴയകാല അനുഭവങ്ങളെ ഞാൻ ചികഞ്ഞു നോക്കുമ്പോൾ തമിഴ് സാഹിത്യം ആഴത്തിൽ പഠിച്ചു എന്നതിനേക്കാൾ പ്രധാനം മലയാള എഴുത്തുകാരിൽ പലരെ കണ്ടുമുട്ടാൻ കഴിഞ്ഞു എന്നതാണ്. ഇതിനും പ്രൊഫസർ യേശുദാസൻ വലിയ ഉത്സാഹം നല്കിയെന്നത് ഒരു കാരണമാണ്. പാലക്കാട്ടേക്കോ വിക്ടോറിയ കോളേജിലേക്കോ സംസാരിക്കാനായി വന്ന മലയാള എഴുത്തുകാരെ കോളേജ് ഹോസ്റ്റലിലെ സുഹൃത്തുക്കളോടൊപ്പം കാണാൻ പോയ അനുഭവം മറക്കാൻ കഴിയാത്തതാണ്. മലയാള എഴുത്തുകാരൻ എം.ടി. വാസുദേവൻ നായർ സാഹിത്യ അക്കാദമി പുരസ്കാരം നേടിയതിന് പാലക്കാട്ടുവച്ചു നടന്ന അനുമോദനയോഗത്തിന് ഞാൻ കോളേജിൽ ചേർന്ന പുതുക്കത്തിൽത്തന്നെ പോയ സന്ദർഭം ഇന്നും ഓർമ്മയിലുണ്ട്. ആറ്റൂർ രവിവർമ്മ ഒരിക്കൽ പാലക്കാട് വന്നിട്ടുണ്ടായിരുന്നു. അദ്ദേഹത്തെ പിന്നീട് എഴുത്തുകാരൻ സുന്ദരരാമസ്വാമിയുടെ വീട്ടിൽവെച്ചു പലതവണ കണ്ടിട്ടുണ്ട്. എഴുത്തുകാരൻ ജയമോഹനോടൊപ്പം തൃശ്ശൂരിലുള്ള രവിവർമ്മയുടെ വീട്ടിൽ ചെന്നിരുന്നു. അപ്പോൾ അദ്ദേഹം എന്നെ ചിറ്റൂരിൽ തമിഴ് പഠിച്ചവൻ എന്നാണ് ഭാര്യയ്ക്ക് പരിചയപ്പെടുത്തിയത്.

കവി സച്ചിദാനന്ദൻ, സക്കറിയ, വൈലോപ്പിള്ളി ശ്രീധരമേനോൻ എന്നിവരെ കാണുന്നതിന് ചിറ്റൂരിലെ പഠനം അവസരമൊരുക്കിയിട്ടുണ്ട്. സക്കറിയ ഒരിക്കൽ സുന്ദരരാമസ്വാമിയുടെ വീട്ടിലേക്ക് വന്നപ്പോഴും പ്രൊഫസർ യേശുദാസന്റെ ശിഷ്യൻ എന്ന നിലയ്ക്കാണ് സംസാരിച്ചത്. കലാനിലയം കൃഷ്ണൻ നായർ, ഒരിക്കൽ ക്രോസ്സ് ബെൽറ്റ്, മിസ്സ് കാപാലിക എന്നീ രണ്ടു നാടകങ്ങളും കണ്ടതിനുശേഷം മലയാളസാഹിത്യ വിദ്യാർത്ഥികളുമായി ചർച്ചനടത്തിയതും മറക്കാൻ കഴിയില്ല.

ഒരിക്കൽ വിദ്യാർത്ഥികളിൽ ചിലർ വൈക്കം മുഹമ്മദ് ബഷീറിനെ കാണാൻ ചെന്നു. ഇത്തരം ഓർമ്മകൾ മാത്രമാണ് എന്റെ പക്കൽ ഇപ്പോഴും ബാക്കിയാവുന്നത്. ഈ കോളേജ് 75 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. തമിഴ് വിഭാഗവും നീണ്ട പാരമ്പര്യമുള്ളതാണ്. തമിഴ് വിഭാഗത്തിനും കോളേജിനും എന്റെ എല്ലാവിധ ആശംസകളും സ്നേഹവും എന്നും ഉണ്ടാവും.

(മൊഴിമാറ്റം : ശരണ്യ ബി.)



**അ. ക. പെരുമാൾ**

1947ൽ ജനനം. നാഗർകോവിൽ താമസം. പിതാവ് അഴകൻ പെരുമാൾ, മലയാളം അധ്യാപകൻ. കന്യാകമാരി ജില്ലയെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഗവൺമെന്റ് കോളേജ് ചിറ്റൂരിൽ തമിഴ് ബിരുദാനന്തരബിരുദത്തിനു ശേഷം മധുരൈ കാമരാജ് യൂനിവേഴ്സിറ്റിയിൽ ഫോക്‌ലോർ ഡിപ്പാർട്ടുമെന്റിൽ നാഞ്ചിൽനാട്ട് വില്ലുപ്പാട്ടുകൾ എന്ന വിഷയത്തിൽ പി.എച്ച്.ഡി. നേടി. ഗവേഷണകാലം, ലോകപ്രശസ്തനായ ഫോക്‌ലോറിസ്റ്റ് സ്റ്റുവർട്ട് ബ്ലാക്കിനൊപ്പമായിരുന്നു. അതിനുശേഷം, ആരൽവായ്മൊഴി അറിഞ്ഞർ അണ്ണാ ആർട്സ് കോളേജിൽ അസോസിയേറ്റ് പ്രൊഫസറായി വിരമിച്ചു. ഫോക്‌ലോർ, ചരിത്രം, ക്ഷേത്രകലകൾ, ശിലാലിഖിതങ്ങൾ, ശില്പശാസ്ത്രം എന്നീ തുറകളിൽ പ്രാവീണ്യം നേടി ഒരുപാടു പുസ്തകങ്ങളും ഗവേഷണഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. പുസ്തകങ്ങൾ 92 എണ്ണം, പതിപ്പുകൾ 16, ഗവേഷണപ്രബന്ധങ്ങൾ 340. തെന്നിന്ത്യയിലെ തോൽപ്പാവക്കൂത്ത് എന്ന പുസ്തകം, 2002ൽ തമിഴ്നാട് ഗവൺമെന്റിന്റെ തമിഴ് വളർച്ചി തുറൈ ഫോക്‌ലോറിനു വേണ്ടി സമ്മാനിക്കുന്ന അവാർഡുനേടി. 2003ൽ തെൻകുമരിയിൻ കഥൈ എന്ന ഗ്രന്ഥവും ഇതേ അവാർഡു നേടിയിട്ടുണ്ട്.



# ഗിത്താറുമായി ചിറ്റൂർ കോളേജിൽ...



രമേഷ് നാരായണൻ

1978-79 കാലത്താണ് ഞാൻ ചിറ്റൂർ കോളേജിൽ പഠിച്ചിരുന്നത്. സംഗീതം പഠിക്കാനുള്ള ആഗ്രഹവുമായാണ് ഇവിടെയെത്തിയത്. സ്കൂൾ പഠനം കഴിഞ്ഞ് കണ്ണൂർ നിന്നെത്തിയ എനിക്ക് വളരെ വ്യത്യസ്തമായ ഒരന്തരീക്ഷമാണ് ഇവിടെ നേരിടേണ്ടിവന്നത്. ഹോസ്റ്റലിൽ ചേർന്നതോടെ റാഗിംഗ് പോലുള്ള ദുരനുഭവങ്ങൾ. പിന്നീട് അവയൊക്കെ വളരെ രസകരമായി ഞാൻ ഓർത്തെടുക്കും.

കണ്ണൂർനിന്ന് ജ്യേഷ്ഠനാണ് എന്നെ അഡ്മിഷനായി കോളേജിൽ കൊണ്ടുവന്നത്. കോളേജ് അന്തരീക്ഷം എനിക്ക് ആദ്യമേ വളരെ ഇഷ്ടമായി. ചെറുപ്പം മുതലേ ഞാൻ ഗിത്താർ വായിക്കുമായിരുന്നു. ആ ഗിത്താറുമായാണ് കോളേജിലേക്ക് ഞാൻ വന്നത്.

പ്രീഡിഗ്രിക്കുള്ള മറ്റുകുട്ടികളേക്കാൾ രണ്ടുവർഷം പ്രായക്കൂടുതൽ എനിക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഹോസ്റ്റലിൽ ഡിഗ്രിക്കാരോടായിരുന്നു ഞാൻ കൂടുതലും കൂട്ടുകൂടിയത്. അന്നവിടെ ഉണ്ടായിരുന്ന ജയറാം, നാരായണൻ, സതീഷ്, ആനന്ദ് വർമ്മ, കൃഷ്ണചന്ദ്രൻ തുടങ്ങിയവരുമായി പതുക്കെ അടുത്തുതുടങ്ങി. ഹോസ്റ്റൽ ജീവിതം എന്നെ വളരെയേറെ ആകർഷിച്ചു. ഒരുമിച്ചുള്ള ഭക്ഷണം കഴിക്കലും ഇടയ്ക്കിടെ ഉണ്ടാവാറുള്ള കലാപരിപാടികളും ഒക്കെ. ഈ പരിപാടികളിൽ സ്ഥിരമായി ഗിത്താർ വായിച്ചുകൊണ്ട് ഞാൻ കോളേജിലെ അറിയപ്പെടുന്ന ഗിത്താറിസ്റ്റായി മാറി.

കൃഷ്ണചന്ദ്രനുമായി ചേർന്ന് പാട്ടുകൾ കമ്പോസ് ചെയ്യുമായിരുന്നു. എന്റെ ആദ്യത്തെ പാട്ടുപാടിയത് കൃഷ്ണചന്ദ്രനാണ്. ഒപ്പം ഭാവനാരാധാകൃഷ്ണനുമുണ്ടായിരുന്നു. അന്നൊക്കെ തൃശ്ശൂർ ആകാശവാണിയിൽ യുവവാണി എന്ന പ്രോഗ്രാമിനുവേണ്ടി പരിപാടികൾ അവതരിപ്പിക്കുമായിരുന്നു. അന്നത്തെ മലയാളം അധ്യാപകൻ, പ്രൊഫ. ടി.വി. ശശിമാഷ് പാട്ടുകൾ എഴുതിത്തരും. ഞങ്ങളതു കംപോസ് ചെയ്യും. ചിറ്റൂർ തെക്കേ ഗ്രാമത്തിൽ ഞങ്ങളുടേതായ ഒരു ഓർക്കസ്ട്ര ഉണ്ടായിരുന്നു. മ്യൂസിക് പരിശീലിക്കാൻ വേണ്ടി മാത്രം ഉദ്ദേശിച്ചതായിരുന്നതെങ്കിലും 'മെലഡി ഓർക്കസ്ട്' എന്ന പേരിൽ അത് വളർന്നു. തെക്കേ ഗ്രാമത്തിലെ രമേഷ്. മുരളി തുടങ്ങിയ മ്യൂസിക് കുടുംബത്തിന്റേതായിരുന്നു അതിന്റെ പ്രവർത്തനങ്ങൾ. പിന്നീടത് കൃഷ്ണചന്ദ്രന്റെ ട്രൂപ്പ് ആയി മാറി. പാലക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിൽനിന്നുമുള്ള സംഗീതജ്ഞർ ഇതിന്റെ പങ്കാളികളായി മാറി.

പിന്നീടുള്ള എന്റെ സംഗീതജീവിതത്തിന് ചിറ്റൂർ കോളേജിലെ ഈ കാലം ഒരുപാട് സഹായകമായിട്ടുണ്ട്. പ്രീഡിഗ്രി പൂർത്തീകരിക്കുമ്പോഴേക്കും ജ്യേഷ്ഠൻ എന്നെ പൂനയിലേക്കു കൊണ്ടുപോയി. അവിടെനിന്നാണ് ഞാൻ ഹിന്ദുസ്ഥാനി സംഗീതം പഠിക്കുന്നത്. പിന്നീടങ്ങോട്ടുള്ള



വളർച്ച തികച്ചും വ്യത്യസ്തമായ വേറൊരു വഴിയിലായിരുന്നു. അങ്ങനെ ഇന്നത്തെ ഞാൻ!

കുറേ നാളുകൾക്കു ശേഷം പാലക്കാട് സ്വരലയ എന്ന സാംസ്കാരിക സംഘടനയ്ക്കുവേണ്ടി ഒരു കച്ചേരി അവതരിപ്പിക്കാനായി ഞാൻ എത്തിയപ്പോൾ, എന്റെ പഴയ ടീച്ചർമാർ എന്നെ തേടിവന്ന് പരിചയം പുതുക്കുകയുണ്ടായി. വല്ലാത്തൊരു അതിശയമായി അത്. ജലജാ വർമ്മ ടീച്ചർ, ശ്രീലത ട്ടീച്ചർ, അങ്ങനെയുള്ളവർ വന്ന് പരിചയം പുതുക്കി. ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത നിമിഷങ്ങളായിരുന്നു അതൊക്കെ. കൃഷ്ണചന്ദ്രൻ, ജയറാം തുടങ്ങി കുറച്ചുപേരുമായുള്ള ബന്ധം ഇപ്പോഴും സജീവമായി തുടരുന്നു. സതീഷ്, രാജീവ് വർമ്മ തുടങ്ങി കുറച്ചുപേർ നമ്മെ വിട്ടു പിരിഞ്ഞു. കോളേജ് കാലഘട്ടത്തിലെ ജീവിതം എനിക്ക് ഒരിക്കലും മറക്കാൻ കഴിയാത്തതും എന്നെ ഒരുപാട് വളർത്തിയതുമാണ്. ജീവിതത്തിൽ പല തിരിച്ചറിവുകളും ഉണ്ടായ കാലംകൂടിയായിരുന്നു അത്.

അന്ന് സംഗീതത്തോടൊപ്പം ഇക്കണോമിക്സ്, ഇംഗ്ലീഷ്, കൊമേഴ്സ് തുടങ്ങിയ വിഷയങ്ങൾ കൂടി പഠിക്കണമായിരുന്നു. അന്നത്തെ പ്രശസ്തരായ പലരും സംഗീത വിഭാഗത്തിൽ അധ്യാപകരായി ഉണ്ടായിരുന്നു. അതിൽ നെയ്യാറ്റിൻകര മോഹനചന്ദ്രൻ സാർ എന്നെ പഠിപ്പിച്ചില്ലെങ്കിലും പിന്നീട് ഞങ്ങൾ ഒന്നിച്ച ധാരാളം കച്ചേരികൾ അവതരിപ്പിക്കുകയുണ്ടായി. വളരെ അടുത്ത സ്നേഹബന്ധമാണ് ഞങ്ങൾ തമ്മിൽ. ജാനകിട്ടീച്ചർ ആയിരുന്നു അന്ന് വകുപ്പദ്ധ്യക്ഷ. കോളേജ് പഠനത്തിനു ശേഷം ചില പരിപാടികൾ അവതരിപ്പിക്കാനായി ഞാൻ കോളേജിൽ പിന്നീട് വന്നിരുന്നു. അതുപോലെ കൃഷ്ണചന്ദ്രനുമൊത്ത് അടുത്തയിടെ ഞങ്ങൾ കോളേജ് സന്ദർശിക്കാനെത്തി. ഇപ്പൊഴും ക്യാമ്പസ് അന്തരീക്ഷത്തിന്റെ ഭംഗിക്ക് വലിയ മാറ്റമൊന്നും വന്നിട്ടില്ല.

അന്നൊക്കെ വൈകുന്നേരങ്ങളിൽ ഞങ്ങൾ പുഴക്കരയിൽ പോയിരുന്ന് മ്യൂസിക് പ്രാക്ടീസ് ചെയ്യുമായിരുന്നു. അവിടെ മ്യൂസിക്കിലെ സീനിയറായ ഗോകുൽ സ്ഥിരമായി പ്രാക്ടീസ് ചെയ്യും. ഞാനും അവരോടൊപ്പം ചെന്ന് ഗിത്താറൊക്കെവായിച്ചുകൂടും. അതുപോലെ ഞങ്ങൾക്ക് വളരെ പ്രിയപ്പെട്ട ഒരിടമായിരുന്നു ക്യാന്റീൻ. അവിടെയിരുന്ന് ചർച്ചയും പാട്ടും കളികളും വഴക്കുമൊക്കെയായി രസമായിരുന്നു. കോളേജ്, യൂനിവേഴ്സിറ്റി, സോണൽ മത്സരങ്ങളിൽ ഞാൻ സ്ഥിരമായി പങ്കെടുക്കും. ഗിത്താറിലും ഗ്രൂപ്പ് സോംഗിലും സ്ഥിരം എനിക്കായിരുന്നു ഒന്നാം സമ്മാനം.

ശ്രീലത, ഭാവന രാധാകൃഷ്ണൻ തുടങ്ങിയവരുമായി അടുത്ത സൗഹൃദമുണ്ടായിരുന്നു. അതിന്റെ ഫലമായി ഭാവന എന്റെ കുറേ പാട്ടുകൾ പാടുകയുണ്ടായി. പഠനകാലത്തും പിന്നീടും അവരുമായി തുടർന്നുവരുന്ന സൗഹൃദം വളരെ സന്തോഷം നൽകുന്നതാണ്. തുടർന്ന് ഞാൻ സിനിമ മേഖലയിലെത്തിയപ്പോഴും അവരുമായുള്ള സൗഹൃദം തുടർന്നുവന്നു.

പഠനകാലത്ത് ഹിന്ദുസ്ഥാനി സംഗീതവുമായി എനിക്ക് ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഹിന്ദി പാട്ടുകൾ, പക്ഷേ ധാരാളമായി പാടുമായിരുന്നു. അന്നൊക്കെ ഞാൻ മ്യൂസിക് കംപോസ് ചെയ്തിരുന്നതുതന്നെ സലീൽ ചൗധുരിയുടെ ശൈലിയിലായിരുന്നു. ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ അതൊക്കെ വലിയ രസങ്ങളാണ്.


അന്നൊക്കെ ക്യാമ്പസിൽ ശക്തമായ രീതിയിൽ രാഷ്ട്രീയം ഉണ്ടായിരുന്നു. ഒട്ടൊക്കെ സംഘർഷാത്മകമായ അവസ്ഥ മിക്കവാറും ദിവസങ്ങളിൽ ഉണ്ടാവും. എൻ.എൻ. കൃഷ്ണദാസുമായൊക്കെ പരിചയമാവുന്നത് അപ്പോഴാണ്. ഞാനാകട്ടെ കോളേജ് രാഷ്ട്രീയത്തിലൊന്നും കാര്യമായി ഇടപെട്ടിരുന്നില്ല. ക്യാമ്പസിൽ ക്രിക്കറ്റിനേക്കാൾ സജീവമായി ഹോക്കി ഉണ്ടായിരുന്നു. ഞാൻ ആദ്യമായി ഹോക്കി കളി കാണുന്നതുതന്നെ ഇവിടെവച്ചാണ്. ചിറ്റൂർ കോളേജിൽ പഠിക്കാൻ കഴിഞ്ഞത് വലിയൊരു കാര്യമായാണ് ഞാൻ കരുതുന്നത്.



**രമേഷ് നാരായണൻ**

1959 ൽ കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിൽ ജനിച്ച പണ്ഡിറ്റ് രമേഷ് നാരായൺ ചിറ്റൂർ കോളേജിലെ സംഗീത വിദ്യാർത്ഥിയായിരുന്നു. 1978-80 വരെ പ്രീഡിഗ്രിക്കും 1981 ൽ ബി.എ. ഒന്നാം വർഷത്തിനുമാണ് അദ്ദേഹം ജി.സി.സി. യിൽ പഠിച്ചത്. പിന്നീട് ബോംബേയ്ക്ക് പോവുകയായിരുന്നു. അറിയപ്പെടുന്ന ഹിന്ദുസ്ഥാനി സംഗീതജ്ഞനായ അദ്ദേഹം അനേകം സിനിമകൾക്ക് സംഗീതം നൽകുകയും ഒട്ടേറെ ഗാനങ്ങൾ ആലപിക്കുകയും ചെയ്തിട്ടുണ്ട്. ഹിന്ദുസ്ഥാനി, കർണ്ണാടക, പാശ്ചാത്യ സംഗീതങ്ങൾ കൂട്ടിയിണക്കി അദ്ദേഹം നിരവധി സ്റ്റേജ് പ്രോഗ്രാമുകൾ അവതരിപ്പിച്ചിട്ടുണ്ട്.

2017ൽ നാഷണൽ രജത കമലം അവാർഡ് ലഭിച്ചിട്ടുണ്ട്. സംഗീത നാടക അക്കാദമിയുടെ അവാർഡും നാലു തവണ മികച്ച സംഗീത സംവിധായകനുള്ള കേരള സർക്കാരിന്റെ അവാർഡും ലഭിച്ചിട്ടുണ്ട്. നിരവധി തവണ ടെലിവിഷൻ അവാർഡുകളും വിവിധ സ്ഥാപനങ്ങളുടെ ഒട്ടനവധി അംഗീകാരങ്ങളും കരസ്ഥമാക്കിയിട്ടുണ്ട്.



# ശോകനാശിനീതീരത്തെ ഗുരുകുലകാലം



പ്രൊഫ. പി. എ. വാസുദേവൻ

എഴുപതുകളുടെ ആരംഭത്തിലെപ്പൊഴോ ആണ് ഞാൻ ചിറ്റൂരിൽ വരുന്നത്. അതിമനോഹരമായ ഈ പര്യന്തപ്രദേശം അന്നേ എന്നെ ആകർഷിച്ചതാണ്. തനിമലയാളത്തിന്റെയും തമിഴിന്റെയും മിശ്രിതസംസ്കാരമുള്ള ചിറ്റൂർ തരുന്ന വൈരുദ്ധ്യങ്ങളുടെ സംസ്കാരവും ആസ്വാദ്യകരമായി തോന്നി. അന്നത്തെയും, ഇന്നത്തെയും ചിറ്റൂരുകൾ വളരെ വ്യത്യസ്തങ്ങളാണ്. അന്ന് അണിക്കോട് സന്ധിപ്പ് തീരെ തിരക്കില്ലാത്ത പ്രദേശം. ഞാനന്ന് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ ചേർന്ന കാലം. കൊങ്ങൻപട കാണാൻ കൂട്ടുകാരൊത്തു പോവും. എന്തുകൊണ്ടോ ആ ഭൂഭാഗം എന്നെ നന്നേ ആകർഷിച്ചു. ആകെ ഒരേകാന്തതയുടെ സൗന്ദര്യം നിറഞ്ഞുനിന്നിരുന്നു.

അതിനിടയ്ക്കാണ് അവിടെ ചില ഗാഢസൗഹൃദങ്ങളും നേടിയെടുത്തത്. ചിത്രകാരനായ ആർട്ടിസ്റ്റ് ഷഡാനനൻ (കുട്ടേട്ടൻ), രാഷ്ട്രീയവും നാടൻകലകളും കൂട്ടിക്കുഴച്ച് കെ. വിശ്വം, പിന്നെ കുറേ പുതിയ കവികൾ. ഇവരുടെ കൂട്ടായ്മയിൽ ഇടയ്ക്കിടെ നടക്കുന്ന സംഗമങ്ങളിൽ ഞാനും വന്നുചേരും. ആകപ്പാടെ തിക്കും തിരക്കുമില്ലാത്ത, ശുദ്ധസൗഹൃദത്തിന്റെ ആസ്വാദനങ്ങൾ. കുട്ടേട്ടനും വിശ്വവും മറ്റു ചിലരും ഞങ്ങളെയൊക്കെ വിട്ടുപോയി. അതിനിടയ്ക്ക് ഒന്നോരണ്ടോ തവണ ചിറ്റൂർ കോളേജിൽ ചില മീറ്റിംഗുകളിൽ പ്രസംഗകനായും പോയി. ഞാൻ കണ്ട കോളേജുകളിൽ വച്ച് ഏറ്റവും മനോഹരമായ കോളേജ് ഇതാണ്. ശോകനാശിനിയുടെ ഓരംചേർന്ന് അക്കേഷ്യയും കാറ്റാടിമരങ്ങളും അതിരിടുന്ന കോളേജ്. പലതവണ ഞങ്ങൾ ആവഴി ഇറങ്ങി പുഴയിൽ പോയിട്ടുണ്ട്. കോളേജിനു മുൻവശം പാടങ്ങൾ. പ്രധാനറോഡിൽനിന്ന് നീണ്ടുചെല്ലുന്ന റോഡ്. കേരളത്തിലെ ഒട്ടുമിക്ക കോളേജുകളിലും പലഘട്ടങ്ങളിലായി ഞാൻ പോയിട്ടുണ്ട്. കൂടുതൽ മികവുറ്റവയും പലതുണ്ട്. പക്ഷേ ഇതിനുവല്ലാത്തൊരു റൊമാന്റിക് സൗന്ദര്യമുണ്ട്. അന്നത്തെ ആ ചിത്രം നാലുപതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും അതുപോലെ എന്റെ മനസ്സിൽ നിൽക്കുന്നു.

ജോലിയുടെ യാദൃശ്ചികതയിൽ 1982ലാണ് ഞാൻ ചിറ്റൂർ കോളേജിൽ വരുന്നത്. തിരുവനന്തപുരത്തുനിന്നു ചോദിച്ചുവാങ്ങിയ സ്ഥലംമാറ്റം. ഗവൺമെന്റ് വിക്ടോറിയ കോളേജിനു പകരം ഇവിടേയ്ക്കാണു കിട്ടിയത്. ആദ്യം സന്തോഷം തോന്നി. നല്ല കാല്പനികമുഖമുള്ള പ്രദേശം. പക്ഷേ ഞാൻ സ്ഥിരതാമസമാക്കിയ പാലക്കാട്ടുനിന്നും ഇവിടെ വന്നെത്തുക നല്ല പ്രയാസമായിരുന്നു. രാവിലെ എട്ടുമണിക്ക് പാലക്കാട്ടുനിന്നു പുറപ്പെടുന്ന ട്രാൻസ്പോർട്ട് ബസ്സുവിട്ടാൽ പിന്നെ നരകമാണ്. പുതുനഗരത്തോ അണിക്കോട്ടോ ഇറങ്ങി മറ്റൊരു ബസ്സിൽ കയറുക എന്നാൽ, തിരക്കു സഹിക്കില്ല. കശക്കിപ്പിഴിഞ്ഞാണ് ബസ്സിറങ്ങുക. കോളേജ് വിട്ട് മടക്കവും ഇത്ര പ്രശ്നങ്ങൾ സഹിച്ചാണ്. ഭൗതികസൗകര്യങ്ങളുടെ കുറവ് പറയാതെ വയ്യ. നല്ലൊരു കാന്റീനില്ലായിരുന്നു. ഉച്ചഭക്ഷണം പ്രശ്നം തന്നെയായിരുന്നു. പലപ്പോഴും അവിടത്തെ സാർവ്വദേശീയ ഭക്ഷണമായ സമൂസകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നത്, വയറിനെ ബാധിക്കുകയും ചെയ്തു. അക്കാലത്തുണ്ടായിരുന്ന നിരന്തരസമരങ്ങൾ അക്കാദമിക് നിലവാരത്തെ വല്ലാതെ ബാധിച്ചതും എന്നിൽ സ്വാസ്ഥ്യ

ക്കേട്ടുണ്ടാക്കി. പറഞ്ഞുകൊടുത്താൽ, ഉൾക്കൊള്ളുന്ന വിദ്യാർത്ഥികളായിരുന്നു അവിടെ. പക്ഷേ സാഹചര്യവും അതിനൊത്തുവേണ്ടേ?

അത് പരിമിതികളാണെങ്കിലും, അതിനും മീതെ, സുഗമവും സുഖകരവുമായൊരു കൂട്ടായ്മ അവിടെയുണ്ടായിരുന്നു. അതിനാണ് ഞാൻ പ്രാധാന്യം നല്കിയത്. തനിഗ്രാമീണ സ്വഭാവമുള്ള കുട്ടികൾ ചെറിയ ഇടമായിരുന്നതുകൊണ്ട് അധ്യാപക-വിദ്യാർത്ഥി ബന്ധങ്ങളും ദൃഢമായിരുന്നു. സാധാരണ കോളേജുകളിൽ ഉണ്ടാവാറുള്ളത്ര സെമിനാറുകളും മീറ്റിംഗുകളുമൊന്നുമില്ലെങ്കിലും വ്യക്തിപരമായ സംവാദങ്ങളും ചർച്ചകളും കുറവായിരുന്നില്ല. പല കുട്ടികളും നല്ല കഴിവുള്ളവരായിരുന്നു. പക്ഷേ അവരെയൊക്കെ വളർത്താനാവശ്യമായ അക്കാദമിക് സാഹചര്യങ്ങളില്ലായ്മ ഒരു പോരായ്മയായി തോന്നിയിരുന്നു.

ഇന്നും എനിക്ക് ചിറ്റൂർ കോളേജിനെക്കുറിച്ച് നല്ല ഓർമ്മയാണ്. പ്രധാന ബ്ലോക്കിന്റെ മേൽനിലയിലായിരുന്നു ഇക്കണോമിക്സ് വിഭാഗം. തൊട്ടടുത്ത് മലയാളം. അതേ നിലയിലെ മറുതലയ്ക്കൽ ഇംഗ്ലീഷ്. ഈ രണ്ടു വിഭാഗങ്ങളുമായും എനിക്ക് നല്ല ബന്ധമായിരുന്നു. അധികം സംസാരിക്കാത്ത, നല്ല വായനക്കാരനായ ശശി. ഞങ്ങൾ ദീർഘനേരം സംവദിക്കാറുണ്ടായിരുന്നു. ശശി ഇന്നില്ല. മരണവാർത്തയറിഞ്ഞ് തെക്കേ ഗ്രാമത്തിലെ വീട്ടിൽപ്പോയി. പഴയ ഓർമ്മയിൽ, ആ സുഹൃത്തിനോട് യാത്ര പറഞ്ഞിറങ്ങി. ഇംഗ്ലീഷിൽ, കെ. മോഹൻദാസ്, ശംഭുനമ്പൂതിരി തുടങ്ങിയവർ. ബോട്ടണിയിൽ ചിത്രകാരനും പ്രഗത്ഭാധ്യാപകനുമായിരുന്ന ആർ. വാസുദേവൻനായർ. സംഗീതവിഭാഗത്തിൽ പ്രശസ്ത സംഗീതജ്ഞനായിരുന്ന നെയ്യാറ്റിൻകര മോഹനചന്ദ്രൻനായർ. മോഹനചന്ദ്രൻ, എപ്പോൾ കണ്ടാലും സംഗീതത്തെക്കുറിച്ചേ പറയൂ.



എന്റെ വകുപ്പിൽ താര, ലക്ഷ്മിക്കുട്ടി, ബീന തുടങ്ങിയവരും. സബ്ജക്ടും പൊതുകാര്യങ്ങളുടെ ചർച്ചകളുമായി വകുപ്പുമുറി സജീവമായിരുന്നു. അവിടെ ഉണ്ടായിരുന്ന കാലത്ത് പുറമേനിന്ന് പലരേയും കൊണ്ടുവന്ന്, വിദ്യാർത്ഥികളെ അഭിമുഖീകരിക്കുവാൻ സാധിച്ചു. പ്രശസ്ത ധനശാസ്ത്രജ്ഞനായിരുന്ന ഡോ.കെ.കെ. സുബ്രഹ്മണ്യൻ. അദ്ദേഹം ഇന്ത്യൻ ഡെലഗേഷനിൽ ചൈനയിൽപ്പോയി മടങ്ങുംവഴി എന്റെ വീട്ടിൽ വന്നപ്പോൾ, അദ്ദേഹത്തെയും ഭാര്യയേയും നേരെ ചിറ്റൂർ കോളേജിലേക്കു കൊണ്ടുവന്നു. അദ്ദേഹത്തിന്റെ ഭാര്യ പത്മാവതി, ചിറ്റൂർ കോളേജ് വിദ്യാർത്ഥിനിയായിരുന്നു. അവർക്കായിരുന്നു ഉത്സാഹം കൂടുതൽ. അവർക്കും അതൊരു ഓർമ്മപുതുക്കലായിരുന്നു. പിന്നീടൊരിക്കൽ, എന്റെ സുഹൃത്ത്, ന്യൂയോർക്ക് യൂനിവേഴ്സിറ്റിയിലെ ഡോ. റൊണാൾഡ് ഹെറിങ്ങ് കുട്ടികളുമായി സംവദിയ്ക്കാൻ വന്നു. അവരൊക്കെ പുകഴ്ത്തിയത് അവിടത്തെ ബന്ധത്തിന്റെ ആത്മാർത്ഥതയെയും, കോളേജിനു ചുറ്റുമുള്ള പ്രകൃതിസൗന്ദര്യത്തെയുമായിരുന്നു. പത്മയും ഡോ. സുബ്രഹ്മണ്യവും പിൻഭാഗത്തെ ശോകനാശിനിയോളം ഇറങ്ങിവന്ന് കുറേനേരം അവിടെ ചെലവഴിച്ചു. തമിഴ് വകുപ്പിലും ഞാൻ കുറേസമയം ചെലവഴിയ്ക്കും. തമിഴ് - മലയാളബന്ധത്തിന്റെ ഇഴയടുപ്പം, സംസ്കാരങ്ങളുടെ കലർപ്പ്, സ്ഥലനാമങ്ങളുടെ ഉല്പത്തി തുടങ്ങിയവയൊക്കെ ഡോ. ടി. സി. ഗോവിന്ദൻ, ഡോ. മുരുകൻ എന്നിവരുമായി ചർച്ചചെയ്യുന്നത് അതീവ വിജ്ഞാനപ്രദമായിരുന്നു. എന്റെ തമിഴ്നാട്ടിലെ കോളേജ് പഠനകാലം ഞാനങ്ങനെ ഓർത്തെടുത്തിരുന്നു. തമിഴ് എന്നും എനിക്ക് പ്രിയംകരമായിരുന്നു. ഡോ. മുരുകനും ഡോ. ഗോവിന്ദനും കാലംചെന്നു. ഓർക്കാൻ ഇനിയും ഒട്ടേറെ ബന്ധങ്ങളുണ്ട്. വിചിത്രസ്വഭാവക്കാരനായിരുന്നു പ്രഫ. സി.പി. രാമൻമേനോൻ എന്ന പ്രിൻസിപ്പൽ. അദ്ദേഹം ഒരനുഭവമായിരുന്നു. ഓർമ്മകൾ തീരുന്നില്ല. എല്ലാം അവസാനിയ്ക്കും. ഏതാണ്ട് എട്ടുവർഷങ്ങൾ (1989വരെ) ഞാനവിടെ കഴിച്ചു. ഹൃദ്യമായിരുന്നു ആ കാലം. ഓർക്കാനും ഒരുപാടുണ്ടായിരുന്നു. ഇന്നും അക്കാലത്തെ ഓർമ്മകൾ നിറയെ ഉണ്ട്. രണ്ടുമാസങ്ങൾക്കുമുമ്പ് കോളേജിന്റെ എഴുപത്തഞ്ചാം വാർഷികത്തോടനുബന്ധിച്ച് ഒരു സെമിനാറിൽ പ്രസംഗത്തിന് എന്നെ ക്ഷണിച്ചപ്പോൾ, വീണ്ടും ഞാനവിടെയെത്തി. ഇക്കണോമിക്സ് വകുപ്പു മേധാവി ഡോ. ബേബി, എന്റെ പഴയ വിദ്യാർത്ഥി. പിന്നെ ഡോ. കവിത. ഇവരെയൊക്കെ ഗവ. വിക്ടോറിയയിൽ ബിരുദാനന്തരബിരുദ ക്ലാസ്സിൽ പഠിപ്പിച്ചിരുന്നു. അതുതന്നെ വലിയ ചാരിതാർത്ഥ്യം തന്നു. കുട്ടികളൊക്കെ വളരെ സ്മാർട്ടായിരുന്നു. അവരുടെ നിലവാരത്തിലും പ്രകടമായ മാറ്റം കാണാൻ കഴിഞ്ഞു. അവരുടെ 'ഇൻടേയ്ക്ക്' വളരെ മെച്ചപ്പെട്ടിട്ടുണ്ട് എന്നു മനസ്സിലായി.

പുതിയ തലമുറകൾ, നവീകരിക്കപ്പെടട്ടെ. ഒരുസമൂഹത്തിന്റെ നിലനിൽപ്പ് ഗുണകരമാവുന്നത് അങ്ങിനെയാണ്. നാം ജീവിച്ചത് വെറുതെയായില്ലെന്നു തോന്നുന്നത് ഇത്തരം ഘട്ടങ്ങളിലാണ്. ചെന്നുചേരലും വിട്ടുപോരലും പ്രകൃതിനിയമമാണ്.

അപ്പോഴും കൂടുതൽ നല്ല തുടർച്ചകൾ നിലനിൽക്കട്ടെ.



**പ്രൊഫ. പി.എ. വാസുദേവൻ**

കോഴിക്കോട് രാമനാട്ടുകര സ്വദേശി. ഗാന്ധിഗ്രാമിൽ നിന്നും ബി.എ. (പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്) പാസായതിനുശേഷം കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ നിന്നും ബിരുദാനന്തര ബിരുദം നേടി. 1969ൽ മടപ്പള്ളി ഗവ. കോളേജിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 1982 മുതൽ 1989 വരെ ഗവ. കോളേജ് ചിറ്റൂരിൽ. 2001 ൽ ഉദ്യോഗത്തിൽ നിന്നും വിരമിച്ചു. 2003 മുതൽ 14വർഷത്തോളം മാതൃഭൂമിയുടെ പി.ആർ. മാനേജരായി പ്രവർത്തിച്ചിട്ടുണ്ട്. 'അമൂർത്തമായ അമർഷങ്ങൾ', 'ട്രേഡ് യൂണിയൻ പ്രസ്ഥാനം ഇന്ത്യയിൽ' തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താവ്. 'ലോക വ്യാപാരസംഘടനയും ഊരാക്കുടുക്കുകളും' എന്ന പുസ്തകം എം.പി. വീരേന്ദ്രകുമാറുമായി ചേർന്ന് തയ്യാറാക്കി. 'എം.പി.വീരേന്ദ്രകുമാർ-എഴുത്തും പൊരുളും' എന്ന പുസ്തകത്തിന്റെ എഡിറ്റർ. മലയാളത്തിലും ഇംഗ്ലീഷിലുമായി ഇരുന്നൂറോളം ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അധ്യാപകൻ, എഴുത്തുകാരൻ, സാമ്പത്തിക വിദഗ്ദ്ധൻ, സാംസ്കാരിക പ്രവർത്തകൻ, സംഘാടകൻ, സഹൃദയൻ എന്നീ നിലകളിൽ ഒരുപോലെ തിളങ്ങിയ അപൂർവ്വ വ്യക്തിത്വം.



# ശോകനാശിനീ തീരത്ത് ഞാൻ പോയി ഇരുന്നിട്ടില്ല

**ടി.എൻ. കൃഷ്ണചന്ദ്രൻ**

എന്റെ സ്വദേശം മലപ്പുറം ജില്ലയിലെ നിലമ്പൂർ ആണ്. അച്ഛന്റെ ജോലിയുടെ ഭാഗമായാണ് ഞങ്ങൾ പാലക്കാട്ടേക്കു വന്നത്. സംഗീതം പഠിക്കുന്നതിനായി ചിറ്റൂർ കോളേജിൽ ചേരുകയും അതിനായി ചിറ്റൂർ തെക്കേഗ്രാമത്തിൽ വീടെടുത്തു താമസിക്കുകയും ചെയ്തു. കോളേജിലെത്തുന്നതിനു മുമ്പുതന്നെ മലപ്പുറത്തുനിന്നും സംഗീതത്തിന്റെ അടിസ്ഥാനപാഠങ്ങൾ ഞാൻ പഠിച്ചിരുന്നു. നിലമ്പൂർ കാർത്തികേയൻ എന്ന വ്യക്തിയാണ് ആദ്യമായി എന്നെ സംഗീതം പഠിപ്പിച്ചത്. അതിനുശേഷം ചെമ്പൈ ഭാഗവതരുടെ ശിഷ്യനായ ഗോവിന്ദപ്പിഷാരടി എന്നെ വീട്ടിൽ വന്ന് സംഗീതം പഠിപ്പിച്ചിരുന്നു. സ്കൂൾ കലോൽസവങ്ങളിലൊക്കെ പാടാനുള്ള അറിവുണ്ടാക്കുക മാത്രമായിരുന്നു അന്നത്തെ പഠനത്തിന്റെ ലക്ഷ്യം. പാലക്കാട് ചെമ്പൈ മ്യൂസിക് അക്കാദമിയിൽ അന്ന് ഡിപ്ലോമാ കോഴ്സുമാത്രമേ സംഗീതത്തിലുള്ളൂ. ഡിപ്ലോമ ചെയ്യുന്നതിൽ എന്റെ വീട്ടുകാർക്ക് താല്പര്യമുണ്ടായിരുന്നില്ല. ചുരുങ്ങിയത് സംഗീതത്തിൽ ഒരു ഡിഗ്രിയെങ്കിലും പൂർത്തീകരിക്കണമെന്നാണ് അവരുടെ ആഗ്രഹം. സംഗീതത്തിൽ ഡിഗ്രി കോഴ്സ് അന്ന് ചിറ്റൂർ കോളേജിൽ മാത്രമേയുണ്ടായിരുന്നുള്ളൂ. അങ്ങനെ 1975ൽ ഞാൻ ചിറ്റൂർ കോളേജിലെത്തി. ആസമയത്ത് അവിടെ പി.ജി. കോഴ്സുണ്ടായിരുന്നില്ല. ചെന്നൈയിലേക്ക് എം.എ. ചെയ്യുന്നതിനായി ഞാൻ പിന്നീട് പോയെങ്കിലും കോഴ്സ് പൂർത്തിയാക്കാൻ എനിക്കു കഴിഞ്ഞില്ല. ഒരു സെമസ്റ്റർ കഴിഞ്ഞപ്പോഴേക്കും ഞാൻ സിനിമാ മേഖലയിലേക്ക് പൂർണ്ണമായും തിരിഞ്ഞിരുന്നു. സിനിമയിലേക്ക് ഞാൻ പ്രവേശിക്കുന്നത് ചിറ്റൂർ കോളേജിൽ ഡിഗ്രിക്കു പഠിക്കുമ്പോഴാണ്. ഒന്നാം വർഷത്തിൽത്തന്നെ ഞാൻ പത്മരാജൻ - ഭരതൻ കൂട്ടുകെട്ടിലെ സിനിമയിലേക്കു കടന്നുവന്നു. ശിശുക്ഷേമസമിതി എല്ലാവർഷവും ദൽഹിയിൽവെച്ച് Learn to Live Together എന്നൊരു സഹജീവന പരിശീലനക്യാമ്പ് നടത്താറുണ്ടായിരുന്നു. എല്ലാ സംസ്ഥാനങ്ങളിൽനിന്നും നാലുപേരെ വീതം തെരഞ്ഞെടുക്കുന്ന ക്യമ്പായിരുന്നു അത്. 1974ൽ കേരളത്തിൽനിന്നും തെരഞ്ഞെടുത്ത നാലുപേരിൽ ഒരാൾ ഞാനായിരുന്നു. തിരുവനന്തപുരത്തുവെച്ചാണ് സെലക്ഷൻ നടന്നത്. ക്യാമ്പിൽ പങ്കെടുക്കുകയും ഇന്ദിരാഗാന്ധിയുടെ വീടുസന്ദർശിക്കുകയും അന്നത്തെ രാഷ്ട്രപതി ശ്രീ. വി.വി. ഗിരിയുടെ കൂടെ ഫോട്ടോ എടുക്കുകയുമൊക്കെ ചെയ്തു. കുത്തബ്മിനാർ, താജ്മഹാൽ ഒക്കെ കണ്ട് രണ്ടാഴ്ച കഴിഞ്ഞു തിരിച്ചുവന്നപ്പോൾ തിരുവനന്തപുരം ആകാശവാണിക്കുവേണ്ടി ബാലലോകം എന്ന പരിപാടിയിലേക്ക് ഞങ്ങളെ ഇന്റർവ്യൂ ചെയ്തു. കുട്ടികളുടെ അമ്മാവനായി പത്മരാജനാണ് ഞങ്ങളെ ഇന്റർവ്യൂ ചെയ്തത്. ആ സമയത്തുതന്നെ പത്മരാജൻ എന്നെ ശ്രദ്ധിച്ചിരുന്നു എന്നാണ് പിന്നീടദ്ദേഹം പറഞ്ഞത്. അന്ന് ഞാൻ ഒമ്പതാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. അച്ഛന്റെ പക്കൽനിന്നും അദ്ദേഹം എന്റെ വിലാസം വാങ്ങിവച്ചിരുന്നുവത്രേ. ചിറ്റൂരിൽ താമസിക്കുമ്പോൾ അച്ഛൻ നിത്യവും ജോലികഴിഞ്ഞുവന്ന് നടക്കാനിറങ്ങാറുണ്ടായിരുന്നു. ചിറ്റൂർ തെക്കേഗ്രാമം മുതൽ അണിക്കോട് ജംഗ്ഷൻ വരെയുള്ള ആ നടത്തത്തിൽ അച്ഛൻ കുറേ പേരെ പരിചയപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ പത്മരാജന്റെ ഭാര്യാപിതാവ് ശ്രീ. മാണിക്യമേനോനുമുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം എന്റെ ഫോട്ടോകൾ പത്മരാജൻ അയച്ചുകൊടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അച്ഛനോടു പറഞ്ഞു. അന്ന് അണിക്കോട് പാരഗൺ സ്റ്റുഡിയോവിൽചെന്ന് കുറേ ബ്ലാക്ക് & വൈറ്റ് ഫോട്ടോകൾ ഞങ്ങൾ എടുപ്പിച്ച് അയച്ചുകൊടുത്തു. എന്നാൽ ആ സിനിമ തൽക്കാലം ചെയ്യുന്നില്ലെന്ന അറിയിപ്പു ലഭിച്ചു. ഡിഗ്രി ഒന്നാംവർഷം പഠിക്കുമ്പോൾ മാണിക്യമേനോൻ പത്മരാജനുമായി ബന്ധപ്പെടണമെന്ന് അറിയിച്ച് മദ്രാസിലെ സുപ്രിയാ ഫിലിംസിന്റെ ഫോൺനമ്പർ നൽകുകയുണ്ടായി. തുടർന്ന് അടുത്ത സുഹൃത്തായ രഘുവുമൊന്നിച്ച് ഞാൻ ക്യാമറാ ടെസ്റ്റിനായി പോയി. അവിടെനിന്നും സെലക്ഷൻ ലഭിച്ചു. പപ്പു എന്നാണ് ഞാൻ അവതരിപ്പിക്കുന്ന കേന്ദ്രകഥാപാത്രത്തിന്റെ പേര്.

ആ സിനിമയിൽ അഭിനയിക്കുമ്പോഴുണ്ടാകുന്ന വരുംവരായ്കകളെക്കുറിച്ച് ആസമയത്ത് ഞാൻ ആലോചിച്ചിച്ചിരുന്നില്ല. വീട്ടുകാരുടെ സമ്മതപ്രകാരം തന്നെയാണ് ഞാൻ സിനിമയിലേക്കു തിരിഞ്ഞത്. ഡിഗ്രി ഒന്നാം വർഷം മുഴുവൻ ഞാൻ ആ സിനിമയ്ക്കു പിറകിലായിപ്പോയി. പതുക്കെ സിനിമ എനിക്കൊരു പാഷനായി.

ഞാൻ പ്രീഡിഗ്രിക്കു പഠിക്കുന്ന സമയത്ത് എം.എസ്. രഘു കോളേജിലുണ്ടായിരുന്നു. അദ്ദേഹം കമ്യൂണിസ്റ്റ് പാർട്ടിയുടെ സജീവപ്രവർത്തക




നായിരുന്നു. പിന്നീടദ്ദേഹം കോളേജധ്യാപകനായിട്ടാണ് റിട്ടയർ ചെയ്തത്. കോളേജ് കാലത്ത് അദ്ദേഹം നന്നായി പാട്ടുമായിരുന്നു. മത്സരങ്ങളിൽ അദ്ദേഹത്തിന് ഒന്നാം സ്ഥാനവും എനിക്ക് രണ്ടാം സ്ഥാനവുമാണ് ലഭിക്കാറുള്ളത്. രമേഷ് നാരായണൻ, ബാബു, ആനന്ദ് വർമ്മ, ഭാവന രാധാകൃഷ്ണൻ, മുരളി തുടങ്ങിയവരൊക്കെ അന്ന് കോളേജിലുണ്ടായിരുന്നു. അക്കാലത്ത് കോളേജിന് സ്വന്തമായി ഒരു ഓർക്കസ്ട്ര ടീം ഉണ്ടായിരുന്നു. മറ്റുകോളേജുകളിൽ ഒന്നുംതന്നെ ഉണ്ടായിരുന്നില്ലെന്നു തോന്നുന്നു. പാലക്കാട് ജില്ലയിലെ മറ്റു കോളേജുകളിലൊക്കെ ചിറ്റൂർ കോളേജിലെ ഞങ്ങളുടെ ഓർക്കസ്ട്ര പരിപാടികൾ അവതരിപ്പിക്കാൻ പോയിരുന്നു. ഇതൊക്കെ കോളേജുകാലത്തെ മറക്കാൻ പറ്റാത്ത അനുഭവങ്ങളാണ്.



സുശീലട്ടീച്ചർ ആയിരുന്നു അന്ന് സംഗീതവിഭാഗം അദ്ധ്യക്ഷ. നെയ്യാറ്റിൻകര മോഹനചന്ദ്രൻ, സുശീലാദേവി (ബിച്ചു തിരുമലയുടെ സഹോദരി), ലൈല ടീച്ചർ, മലയാളത്തിലെ ശശിമാഷ്, ഗോവിന്ദൻകുട്ടി മാഷ്, കുട്ടൻ സാർ ഇവരൊക്കെയായിരുന്നു അക്കാലത്തെ പ്രധാനപ്പെട്ട അധ്യാപകർ. ശശിമാഷുടെ ക്ലാസ്സുകൾ വളരെ നല്ലതായിരുന്നു. ഞങ്ങൾ എല്ലാവരും ആ ക്ലാസ്സുകളിൽ സ്ഥിരമായി കയറും. ശശിമാഷ് നന്നായി പാട്ടെഴുതും. ആ പാട്ടുകൾ സംഗീതവിഭാഗം ചിട്ടപ്പെടുത്തി പാടാറുണ്ടായിരുന്നു. യുവവാണിയിൽ അങ്ങനെ തയ്യാറാക്കിയ പാട്ടുകൾ പാടാറുണ്ടായിരുന്നു. രതിനിർവേദത്തിനു ശേഷം പത്തോളം സിനിമകളിൽ അഭിനയിച്ചു. അതോടെ ഡിഗ്രി രണ്ടാം വർഷം മുഴുവൻ കോളേജിൽ വരാൻ കഴിഞ്ഞില്ല. മൂന്നാം വർഷം കോളേജിൽ വന്ന് പഠിക്കുകയും ഒന്നാം റാങ്കോടെ പാസ്സാവുകയും ചെയ്തു. സിനിമാനടനായി തിരികെ കോളേജിലെത്തിയപ്പോഴും പഴയപോലെത്തന്നെയാണ് എല്ലാവരും എന്നോടു പെരുമാറിയത്. ഞാനും അങ്ങനെത്തന്നെയായിരുന്നു. സഹപാഠികൾ എല്ലാവരും ഹോസ്റ്റലിലാണ് താമസിച്ചിരുന്നത്. ഞാൻ ഹോസ്റ്റലിൽ താമസിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഹോസ്റ്റൽ ജീവിതം മനസ്സിലാക്കാൻ എനിക്കു സാധിച്ചിട്ടില്ല. കോളേജ് കാലം കഴിഞ്ഞതിനുശേഷം പ്രോഗ്രാമുകളിലൊന്നും പങ്കെടുക്കാനായി കോളേജിലേക്കു വന്നിട്ടില്ല. ഇടയ്ക്കൊരിക്കൽ മ്യൂസിക് ഡിപ്പാർട്ടുമെന്റിൽ വന്നുപോയി എന്നു മാത്രം. അടുത്ത കാലത്ത് ഞാനും രമേഷ് നാരായണനും കാറിൽ വന്ന് ഒന്നു കറങ്ങി, പോയി.

ക്യാമ്പസ് രാഷ്ട്രീയവുമായി എനിക്ക് യാതൊരുതരത്തിലുള്ള ബന്ധവും ഉണ്ടായിരുന്നില്ല. എന്നാൽ സംഘടനയിൽ സുഹൃത്തുക്കളുണ്ടായിരുന്നു. എൻ. എൻ. കൃഷ്ണദാസ്, എം. എസ്. രഘു തുടങ്ങിയവരൊക്കെ ഇവിടത്തെ ക്യാമ്പസ് രാഷ്ട്രീയത്തിൽനിന്ന് ഉയർന്നു വന്നവരാണ്. കൃഷ്ണദാസുമായി ഇപ്പോഴും നല്ല ബന്ധം തുടരുന്നുണ്ട്. ദേശമംഗലം രാമകൃഷ്ണൻസാർ അക്കാലത്ത് കുറച്ചുകാലം മലയാളവിഭാഗത്തിലുണ്ടായിരുന്നു. ദാസേട്ടന്റെ കൂടെ പാടാൻവേണ്ടിയാണ് ആദ്യമായും അവസാനമായും ഞാൻ ചെമ്പൈ ഗ്രാമത്തിൽ പോയിട്ടുള്ളത്. ഗുരുവായൂർ ഏകാദശിക്ക് ചെമ്പൈ ഉത്സവത്തിൽ 1972 മുതൽത്തന്നെ കുറേക്കാലം പാടിയിട്ടുണ്ട്. ശ്രീറാം, ശങ്കരൻനമ്പൂതിരി, മഞ്ജുമേനോൻ തുടങ്ങിയവരൊക്കെ ഞങ്ങൾക്കു ശേഷം ചിറ്റൂർ കോളേജിൽ മ്യൂസിക് വിഭാഗത്തിൽനിന്ന് വന്നിട്ടുള്ളവരാണ്. രമേഷ് നാരായണൻ മാത്രമാണ് സംഗീതരംഗത്ത് അതിപ്രസിദ്ധനായിട്ടുള്ളത്. ശോകനാശിനീ തീരത്ത് ഞാൻ പോയി ഇരുന്നിട്ടില്ല. മറ്റുപലരും സ്ഥിരമായി അവിടെ പോവാറുണ്ടായിരുന്നു. യൗവനകാലത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ചിറ്റൂർ കോളേജുമായുള്ള ഓർമ്മകൾ ഒഴിവാക്കാൻ കഴിയുകയില്ല.



**ടി.എൻ. കൃഷ്ണചന്ദ്രൻ**

പ്രശസ്ത പിന്നണി ഗായകനും നടനുമായ കൃഷ്ണചന്ദ്രൻ 1977-80 കാലഘട്ടത്തിലാണ് ചിറ്റൂർ കോളേജിൽ ബി.എ. സംഗീതം പഠിച്ചിരുന്നത്. ബി.എ. ഒന്നാം റാങ്കോടെയാണ് അദ്ദേഹം പാസായത്. തുടർന്ന്, മദ്രാസ് സർവ്വകലാശാലയിൽ നിന്നും സംഗീതത്തിൽ എം.എ.യും പൂർത്തീകരിച്ചു. 1960 ൽ ജനിച്ച അദ്ദേഹം മലപ്പുറം ജില്ലയിലെ നിലമ്പൂർ കോവിലകാംഗമാണ്. തെന്നിന്ത്യൻ ഭാഷകളിൽ ആയിരത്തോളം ഗാനങ്ങൾ ആലപിച്ച അദ്ദേഹം മികച്ചൊരു നടനും ഡബ്ബിംഗ് ആർട്ടിസ്റ്റും കൂടിയാണ്. ഡബ്ബിംഗിൽ അദ്ദേഹത്തിന് ഒന്നിലേറെ തവണ സംസ്ഥാന സർക്കാരിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്. അനേകം സിനിമകളിൽ മികച്ച വേഷങ്ങളും അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്.

തെന്നിന്ത്യൻ അഭിനേത്രി ശ്രീമതി. വനിത അദ്ദേഹത്തിന്റെ സഹധർമ്മിണിയാണ്.



# നോബൽ സമ്മാനം

വിപിൻ മോഹൻ

പത്താംതരം പാസ്സായി. നല്ല മാർക്ക് ഉണ്ട്. ഇനി എന്താ - കോളേജ് തന്നെ ശരണം. ഞാൻ പഠിച്ചുകൊണ്ടിരുന്ന സമയം വേറെ ഒന്നും തന്നെ മനസ്സിൽ വന്നില്ല. കോളേജിൽ ചേരുന്നതിന് മുൻപ് ഒരു പ്രിപറേറ്ററി കോഴ്സുണ്ടായിരുന്നു. കോളേജിന്റെ മധുരം അന്നാണ് മനസ്സിലായത്. ഞാൻ 10 വരെ പഠിച്ചത് ആൺകുട്ടികളുടെ സ്കൂളിൽ ആയിരുന്നു. ഇവിടെയോ, കൂട്ടിന് പെൺകുട്ടികളുമുണ്ട്. ഞാനായിരുന്നു ചെറിയവൻ, എല്ലാവരും മുണ്ടും പാന്റും ഇട്ടപ്പോൾ ഞാൻ മാത്രം ടൗസറിലായിരുന്നു. അതിന്റെ പേരിൽ ഒരുപാട് കളിയാക്കൽ നടന്നിട്ടുണ്ട്. പക്ഷെ പാന്റ് ഇട്ടപ്പോൾ കളി വേറെയായി, പെൺകുട്ടികൾ മിണ്ടാൻ പോലും വരുന്നില്ല. ടൗസർ എല്ലാം തട്ടിക്കുടഞ്ഞ് എടുത്ത്, പാന്റ്സിന് അവധി കൊടുത്തു. ഞാൻ പഠിക്കുമ്പോൾ പ്രീ യൂനിവേഴ്സിറ്റി ആയിരുന്നു, എന്റേത് ലാസ്റ്റ് ബാച്ചാണ്. പ്രീ യൂനിവേഴ്സിറ്റി കഴിഞ്ഞപ്പോൾ ഡിഗ്രിക്ക് ചിറ്റൂർ കോളേജിൽ സീറ്റ് കിട്ടിയില്ല. അച്ഛൻ അന്ന് തൃശ്ശൂരിൽ ആയിരുന്നു. അവിടത്തെ കോളേജിൽ ചേർന്നു. ആൺകുട്ടികളുടെ മാത്രം കോളേജ്. ഒരു മാസം കഴിഞ്ഞപ്പോൾ ശ്വാസം മുട്ടിത്തുടങ്ങി. പെട്ടെന്ന് ചിറ്റൂരിൽ നിന്ന് വിളി വന്നു. ഇഷ്ടപ്പെട്ട വിഷയത്തിൽ സീറ്റ്. പിന്നെ ഒന്നും നോക്കിയില്ല. ഒരു മാസം കഴിഞ്ഞിരുന്നു. എന്നാലും പഠിച്ചെടുത്തോളാം എന്ന് ഉറപ്പ് കൊടുത്ത് ക്ലാസ്സിൽ ചാടിക്കയറി. പിന്നെ ഉത്സവമായിരുന്നു ഏത് പെൺകുട്ടിയെ ആണ് കമന്റടിക്കേണ്ടത് എന്ന് അറിഞ്ഞുകൂടായിരുന്നു. ചേട്ടന്മാർ കണ്ണുരുട്ടലും, തലക്കു കിഴുക്കലും ഒക്കെ ചെയ്യുമായിരുന്നു. എങ്കിലും വീണ്ടും മൂന്നു വർഷം പിടിച്ചുനിന്നു. കാരണം ആദ്യത്തെ കൊല്ലം പരീക്ഷയൊന്നുമില്ല. രണ്ടാം വർഷം സബ്ജക്റ്റിന് പരീക്ഷ ഇല്ല. ഇംഗ്ലീഷ്, ഹിന്ദി, പിന്നെ ഫിസിക്കൽ സയൻസ്, മൂന്നാംവർഷത്തെ സബ്ജക്റ്റും ഉപവിഷയവും. മൂന്നാം വർഷം എത്തിയപ്പോൾ കളർ മാറി. ക്ലാസ്സ് അറ്റന്റ് ചെയ്യാതിരുന്നിട്ടും കറങ്ങി നടന്നിട്ടും സബ്ജക്റ്റ് ഒന്നും അറിയില്ല. കൂട്ടുകാരുടെ കൂടെ കംബൈൻഡ് സ്റ്റഡി ഒക്കെ ഉണ്ടായിരുന്നു. പരീക്ഷയ്ക്ക് ഒരു മാസം ഉള്ളപ്പോൾ എന്റെ അച്ഛൻ പെട്ടെന്നു മരിച്ചു. പരീക്ഷ അറ്റന്റ് ചെയ്തു. അത്ര മാത്രം, ജയിക്കില്ല എറിയാമായിരുന്നു. പക്ഷെ പ്രാക്ടിക്കലിൽ എനിക്കായിരുന്നു കൂടുതൽ മാർക്ക്. അതും അച്ഛന്റെ മരണവും അടുത്ത സെപ്തംബറിൽ പരീക്ഷ എഴുതാൻ എനിക്കുള്ള പ്രചോദനമായിരുന്നു. ജയിച്ചു. ഡിഗ്രിക്കാരനായി. അമ്മ നേരത്തെ മരിച്ചിരുന്നു. അച്ഛന്റെ മരണവും കൂടെ ആയപ്പോൾ നാട്ടിൽ നിന്നില്ല. ഇതിനിടയ്ക്ക് ഞാൻ ബി.എസ്സി. പാസ്സായി. ബി.എസ്സി. കെമിസ്ട്രി വളരെയധികം ആഗ്രഹിച്ച ഒരു കോഴ്സ്. പക്ഷെ അത് എളുപ്പമല്ല എന്ന് പാസായി കഴിഞ്ഞപ്പോൾ മനസ്സിലായി. ഡിഗ്രി എടുത്തപ്പോഴേക്കും, എവിടെയെങ്കിലും എന്തെങ്കിലും ഒരു ജോലി കിട്ടിയാൽ മതി എന്നായി. അപ്പോഴത്തെ ജീവിതം അങ്ങിനെ ആയിപ്പോയിരുന്നു. അവസാനം രക്ഷപ്പെടാൻ വേണ്ടി മദ്രാസിലേക്ക്, ചെറിയമ്മയുടെ അടുത്തേയ്ക്ക് വണ്ടി കയറി. നല്ല ഹൃദയമുള്ള സ്ത്രീ ആയിരുന്നു ചെറിയമ്മ. ചെറിയച്ഛനും അങ്ങിനെ തന്നെ നേരെ വാ നേരെ പോ എന്നായിരുന്നു. അതുകൊണ്ട് എന്തു ബിസിനസ്സ് ചെയ്താലും ഠിം ! മരിക്കുന്നതു വരെ എന്നോട് സ്നേഹമായിരുന്നു. അദ്ദേഹത്തിന്റെ സ്വാധീനത്തിൽ ജോലിക്ക് മുട്ടി നോക്കി - തുറന്നില്ല. അതിനിടയ്ക്ക് ഞാൻ കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് പഠിച്ചു. ഇന്ത്യയിൽ കമ്പ്യൂട്ടർ വരുന്നേ ഉണ്ടായിരുന്നുള്ളു. ചെറിയച്ഛന്റെ സുഹൃത്തുവഴി ഒരു ഇന്റർവ്യൂ തരപ്പെടുത്തി. ഉറപ്പായ ജോലിയായിരുന്നു. ഇന്റർവ്യൂ ചെയ്യേണ്ടത് ചെറിയച്ഛന്റെ സുഹൃത്തും - സന്തോഷത്തിന് വേറെ വഴി ഇല്ലല്ലോ. പക്ഷെ ഇന്റർവ്യൂ ദിവസം രാവിലെ ഒരു അപകടത്തിൽ അദ്ദേഹം മരിച്ചുപോയി. ഇല്ലെങ്കിൽ ആ ജോലി എനിക്കു കിട്ടുമായിരുന്നു. ആ ജോലി എന്റെ ജീവിതം മാറ്റി മറിച്ചേനെ. പക്ഷെ നമ്മൾ എന്താവണമെന്ന് നിശ്ചയിക്കുന്നത് വേറൊരു ശക്തിയാണല്ലോ - എന്ന് ഞാൻ വിശ്വസിക്കുന്നു. പിന്നെ ഇഷ്ടമില്ലാത്ത ജോലികൾ ചെയ്ത് ജീവിതം മുന്നോട്ടുപോയി.

സ്കൂളിൽ പഠിക്കുന്നകാലത്ത് എന്റെ ആത്മാർത്ഥ സുഹൃത്തായിരുന്നു മധു അമ്പാട്ട്. അന്നും, ഇന്നും മധു മദ്രാസിൽ ഉണ്ടായിരുന്നു. മധുവിന്റെ സഹോദരി വിധുബാല - വലിയ നടിയായി മാറിയിരുന്നു. മദ്രാസിൽ പോയപ്പോൾ മധുവുമായി സുഹൃത്ത്ബന്ധം തുടർന്നു. ആയിടയ്ക്കാണ് മധു പൂന ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നത്. എന്നെയും ക്ഷണിച്ചു. പോകാൻ പറ്റാത്ത സാഹചര്യമായിരുന്നു. മധു ക്യാമറാമാനായി വന്നപ്പോഴും, ഞാൻ തട്ടീം മുട്ടീം ജോലി ചെയ്യുന്ന ഓഫീസിൽ സാമാന്യം നല്ല രീതിയിൽ മുന്നോട്ടു പോയിരുന്നു. ക്യാമറാമാൻ ആയിത്തീർന്ന മധു, അവർ നിർമ്മിച്ച പടത്തിൽ അസോസിയേറ്റായി എന്നെ ക്ഷണിച്ചു. ക്യാമറയുടെ ഏ.ബി.സി.ഡി. അറിയാത്ത ഞാൻ ഒന്നുസംശയിച്ചു. പക്ഷെ മുന്നിലും പിന്നിലും നോക്കാൻ ഒന്നുമില്ലാത്ത എനിക്ക് എന്താ? നല്ല കമ്പനിയിൽ ലീവ് ചോദിച്ചപ്പോൾ തന്നില്ല. ഒരു നല്ല മനുഷ്യൻ ആയിരുന്നു അതിന്റെ ഡയറക്ടർ. വർഗ്ഗീസ് ഈപ്പൻ! ഉടനെ രാജിക്ക

തെഴുതി കൊടുത്തു. അഹങ്കാരമല്ല, എന്റെ വഴി എന്താണെന്ന് ലോകത്തിന്റെ ശക്തി എനിക്ക് കാണിച്ചുതരികയായിരുന്നു. ക്യാമറയെ പറ്റി ഒന്നും അറിയാത്ത ഞാൻ സരിത എന്ന സിനിമയിലൂടെ മധു അമ്പാട്ടിന്റെ അസിസ്റ്റന്റായി. മധു ഒരു നല്ല ടീച്ചർ ആയിരുന്നു. നീന്തൽ അറിയാത്ത ഞാൻ കയ്യും കാലും ഇട്ടടിച്ച് നീന്തൽ പഠിച്ചു. ക്യാമറാമാൻ ആയി - ഇത് എന്റെ ആഗ്രഹമല്ല. എന്നെ നയിച്ച ശക്തിയുടെ കളിയാണ്. ജോലി രാജിവെച്ചതിന്റെ പേരിൽ ഇനി കേൾക്കാത്ത ഒന്നും ഇല്ല. നല്ലതും ചീത്തയും. കൂടുതൽ ചീത്ത - ശരിയാണ്. നല്ല ഒരു ജോലി കളഞ്ഞ് തീർച്ചയില്ലാത്ത ഒന്നിനെ തിരഞ്ഞെടുക്കുമ്പോൾ ആർക്കാണ് അത് ശരിയാണെന്ന് തോന്നുക ?

ചിറ്റൂർപോലെയുള്ള ഒരു ഗ്രാമത്തിൽ നിന്ന് ചെന്നൈ ഒരു വലിയ മാറ്റമായിരുന്നു. ഭാഷ, ആളുകൾ എല്ലാം പുതിയത്. പുതിയ യുദ്ധമുഖം. പക്ഷെ ഒരു കൊച്ചു ജോലി കിട്ടാൻ രണ്ടു വർഷം യുദ്ധം ചെയ്യേണ്ടിവന്നു. ചിറ്റൂരിലുള്ള കോളേജ് എനിക്കു ഒരു സ്വർഗ്ഗമായിരുന്നു. കൂട്ടുകാരെ ഞാൻ ഓർക്കാറുണ്ട്. ഒരുപാടു പേർ വിട്ടു പിരിഞ്ഞുപോയി. ഈ ലോകത്തിൽ നിന്നു തന്നെ. ചിലരെ ഭാഗ്യക്കുറി അടിച്ച മാതിരി കണ്ടുമുട്ടും. അദ്ധ്യാപകർ എന്നെ ഓർക്കും. എപ്പോഴും ക്ലാസ്സിൽ കുഴപ്പം ഉണ്ടാക്കിയിട്ടുള്ളത് ഞാനാണ്. പെൺകുട്ടികളുടെ ഭാഗത്ത് നോക്കുക പോലും ചെയ്യാത്ത ഒരു സാർ ഉണ്ടായിരുന്നു. അപ്പോൾ ഞങ്ങൾ കുറച്ചു പേർ സ്ഥിരമായി അവരുടെ ബെഞ്ചിന്റെ പുറകിലാണ്. വരാത്ത പലർക്കും അറ്റന്റൻസ് പറയാം. ചിറ്റൂർ കോളേജിൽ ഒരു ഗ്യാലറിയിൽ നിന്ന് താഴെ ഇറങ്ങിയാൽ വരാന്തയാണ്. അറ്റന്റൻസ് എടുത്ത ശേഷം പതുക്കെ കുനിഞ്ഞ് വരാന്തയിലേക്ക് ഇറങ്ങിയത് വേറൊരു പ്രൊഫസറുടെ മുന്നിലായിരുന്നു. അദ്ദേഹം അതേ വഴി തന്നെ തിരിച്ച് കയറ്റിയപ്പോൾ ചെന്ന് പെട്ടത് ക്ലാസ്സ് എടുത്തോണ്ടിരുന്ന സാറിന്റെ കണ്ണിലും. പിന്നെ പറയണോ പൂരം! ഏതോ മീറ്റിംഗ് നടക്കുമ്പോൾ പ്രിൻസിപ്പലിനെ കമെന്റ് അടിച്ചപ്പോൾ കിട്ടിയത് മൂന്ന് ദിവസത്തെ സസ്പെൻഷൻ. 'സ്വപ്നം കാണുവതാരെ' എന്ന സിനിമാ ഗാനം പാടിയ പെൺകുട്ടിയോട് 'സ്വപ്നം കാണാറുണ്ടോ' എന്നു ചോദിച്ചപ്പോൾ ആ കുട്ടി തിരിഞ്ഞ് നിന്ന് "ഉണ്ടെടാ" എന്നാ പറഞ്ഞത്. ചമ്മിപ്പോയി. എന്നെയാണോ എന്ന് ചോദിച്ചതിനും കിട്ടി മൂന്നു ദിവസം. പുഴക്കരെ ഒരു മരം ഉണ്ടായിരുന്നു. ഇപ്പോൾ ഉണ്ടോ എന്നറിയില്ല. ഞങ്ങളുടെ ക്യാമ്പ് അവിടെയായിരുന്നു. അവിടെ നിന്നു നോക്കിയാൽ പെൺകുട്ടികളുടെ കോമൺ റൂം കാണാം. അതായിരുന്നു അതിന്റെ സ്പെഷ്യാലിറ്റി. കെമിസ്ട്രി ക്ലാസ്സിൽ ഇരുന്ന് പുറത്തേക്ക് നോക്കിയിരുന്ന എന്നോട് പ്രൊഫസർ എന്തോചോദ്യം ചോദിച്ചു. അത് എന്താണെന്നു പോലും മനസ്സിലായില്ല. തിരിച്ചും ചോദ്യങ്ങൾ ഞാൻ ചോദിച്ച് ചോദിച്ച് അദ്ദേഹം എന്നോട് ഒരു കമെന്റ് പറഞ്ഞ് ഇരുത്തി -You will get a Nobel Prize for confession. കെമിസ്ട്രി പഠിച്ച എന്നെ എന്റെ സുഹൃത്ത് മധു അമ്പാട്ട് ഒരു ക്യാമറാമാനാക്കി. കെമിസ്ട്രിയുടെ സ്പെല്ലിംഗ് പോലും ഞാൻ മറന്നു. ജീവിതത്തിൽ പഠിച്ച പാഠങ്ങളുടെ തുണയിൽ തോണി മുന്നോട്ടു പോകുന്നു, എവിടെയും തട്ടിമറിയാതെ ദൈവകൃപയാൽ ജീവിതം തട്ടിമുട്ടി മുന്നോട്ട്!

ഞാൻ തനിയെ ക്യാമറാ വർക്ക് ചെയ്യാൻ തുടങ്ങി. ആദ്യം കന്നട സിനിമയായിരുന്നു. അറിയപ്പെടാത്ത ഞാൻ എന്തു ചെയ്താലും ആരും ഒന്നും പറയില്ലല്ലോ. തെറ്റുകൾ ചെയ്ത്, ശരി കണ്ടുപിടിച്ചു. പതുക്കെ ഞാൻ മുന്നോട്ട്. മലയാളത്തിൽ ആദ്യം, ഭാഗ്യം കൊണ്ടോ നിർഭാഗ്യം കൊണ്ടോ വെളിയിൽ വന്നില്ല. പി.എൻ. മേനോന്റെ അർച്ചനാ ടീച്ചർ, ബാലചന്ദ്രമേനോന്റെ പ്രേമഗീതങ്ങൾ, സത്യൻ അന്തിക്കാടിന്റെ ടി.പി. ബാലഗോപാലൻ എം.എ. തുടങ്ങി... പിന്നീട് വഴിയിൽ കുറേ അധികം ചിത്രങ്ങൾ. നമ്മൾ എന്തൊക്കെ ആവണമെന്ന് ആഗ്രഹിച്ചാലും ഒരു അദൃശ്യശക്തിയാണ് നമ്മളെ നയിക്കുന്നത്. വഴിയിൽ എന്തു തടസ്സമുണ്ടെങ്കിലും അതു തട്ടിനീക്കി മുന്നോട്ടുകൊണ്ടുപോകാൻ അതിനു കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു. തിരിഞ്ഞു നോക്കുമ്പോൾ, പിന്നിട്ട വഴികൾ എല്ലാം സുഗമമായിരുന്നില്ല. തടസ്സങ്ങളും കഷ്ടപ്പാടും ഉണ്ടായിരുന്നു. എങ്കിലും ഒരുപോസിറ്റീവായ ഒരു ശക്തി എന്നെ നയിച്ചുകൊണ്ടേയിരുന്നു. 100 ൽ കൂടുതൽ സിനിമകൾ ചെയ്യാൻ കഴിഞ്ഞു. അത് എന്റെ മാത്രം കഴിവ് ആണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്നോ എപ്പോഴും എന്നെ കൈപിടിച്ച് നയിക്കാൻ ഒരു ശക്തി കൂടെ ഉണ്ടായിരുന്നു. എന്റെ സിനിമ എപ്പോഴും കൂടെയുണ്ട്. എനിക്ക് ഒരു ജിവിതം - ഒരു ജീവിത സഖി, ഒരു സിനിമ ബന്ധമുള്ള മകൾ, മകൻ ഒക്കെ !

എനിക്ക് നോബൽ സമ്മാനം കിട്ടുമെന്ന് എന്നോടു പറഞ്ഞ പ്രൊഫസർ ഉദ്ദേശിച്ചത് ഇതായിരുന്നോ എന്ന് എനിക്ക് അറിഞ്ഞുകൂടാ - എനിക്കല്ല ആർക്കും.



**വിപിൻ മോഹൻ**

നൂറിലധികം സിനിമകളിൽ വിവിധ സംവിധായകരുടെ കീഴിൽ ഛായാഗ്രാഹകനായി പ്രവർത്തിച്ചിട്ടുണ്ട്. സ്വതന്ത്രഛായാഗ്രഹണം ആരംഭിച്ചത് കന്നഡ ചലച്ചിത്രങ്ങളിലൂടെയായിരുന്നു. സന്നാഹം എന്ന ചിത്രത്തിലൂടെ മലയാളത്തിൽ അരങ്ങേറി. അപർണ്ണ എന്ന ചിത്രത്തിലൂടെ മികച്ച ബ്ലാക്ക് ആൻഡ് വൈറ്റ് ഛായാഗ്രഹണത്തിനുള്ള 1981-ലെ സംസ്ഥാന അവാർഡ് നേടി. മലയാളത്തിൽ നൂറില്പരം ചിത്രങ്ങൾക്കായി ക്യാമറ ചലിപ്പിച്ചു. നാടോടിക്കാറ്റ് (1987), കാക്കോത്തിക്കാവിലെ അപ്പൂപ്പൻതാടികൾ (1988), വരവേൽപ്പ് (1989), തലയണമന്ത്രം(1990), സന്ദേശം(1991) തുടങ്ങിയവ ശ്രദ്ധിക്കപ്പെട്ട ചിത്രങ്ങളാണ്. പട്ടണത്തിൽ സുന്ദരൻ എന്ന ചിത്രത്തിലൂടെ സംവിധായകനായി. 1990-ൽ പുറത്തിറങ്ങിയ കനകച്ചിലങ്ക എന്ന ചിത്രത്തിൽ സംഗീതസംവിധാനം നിർവഹിച്ചു. വിപിൻ മോഹൻ ഇപ്പോൾ തിരുവനന്തപുരത്ത് കവടിയാറിൽ താമസിക്കുന്നു. ഞാറ്റടി (1979) എന്ന ചിത്രത്തിൽ നായികയായി അഭിനയിച്ച ഗിരിജയാണ് ഭാര്യ. മകൾ മഞ്ജിമയ്ക്ക് മധുരനൊമ്പരക്കാറ്റ് എന്ന ചിത്രത്തിലെ അഭിനയത്തിന് ബാലതാരത്തിനുള്ള സംസ്ഥാന അവാർഡ് ലഭിച്ചു.





# ചിതറിയ സ്മരണകൾ

ബാല്യ പുളിനെല്ലി

ഓർമ്മകൾ മരണംപോലെ ശൂന്യമാവുന്ന ഇക്കാലത്ത് ചിതറിത്തെറിച്ച ഓർമ്മകളെ ചികഞ്ഞെടുത്ത് ക്രമപ്പെടുത്തുക എന്നത് ഒരു സാഹസപ്രവൃത്തിതന്നെയാണ്. എങ്കിലും ചില ഓർമ്മകൾ മറവിയുടെ മാറാല നീക്കി ഇടയ്ക്കിടയ്ക്ക് ഹൃദയകവാടത്തിലൂടെ എത്തിനോക്കാറുണ്ട്. അത്തരം ഓർമ്മകളുടെ പിന്നാമ്പുറക്കാഴ്ചകളെ അടയാളപ്പെടുത്താനുള്ള എളിയശ്രമത്തിലാണ ഞാൻ.

എൺപതുകളുടെ മധ്യം മുതൽ 90കളുടെ അന്ത്യം വരെയുള്ള കാലഘട്ടത്തിലാണ് ഞാൻ ഈ കോളേജിൽ പഠിച്ചത്. തോന്നുമ്പോൾ പഠിക്കുന്നതുകൊണ്ട് പല തലമുറകളെ അടുത്തറിയുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രീഡിഗ്രി കാലഘട്ടം വളരെയേറെ സങ്കല്പം നിറഞ്ഞതും എന്നാൽ ആനന്ദം നിറഞ്ഞതുമായിരുന്നു. പട്ടിണിയും ദാരിദ്ര്യവും അള്ളിപ്പിടിച്ച ജീവിതത്തിൽനിന്നും ഒരുതരം പറിച്ചുനടൽ. ഹോസ്റ്റലായിരുന്നു ഞങ്ങളുടെ സ്വർഗ്ഗം. യഥാർത്ഥ കോളേജ് ജീവിതം ആസ്വദിക്കണമെങ്കിൽ ഒരുദിവസമെങ്കിലും ഹോസ്റ്റലിൽ താമസിക്കണം. കോളേജിലെ എല്ലാതരം പ്രതിഭകളും ഒത്തുകൂടുന്ന ഒരിടം. പലജില്ലയിൽനിന്നും പലവിധം സംസ്കാരത്തിൽനിന്നും എത്തുന്നവർ. വ്യത്യസ്തമായ ഭാഷാവ്യതിയാനങ്ങളുടെ ഒരു സംഗമം. അതാണ് ഓരോ ഹോസ്റ്റലിന്റെയും ആത്മാവ്.

പ്രീഡിഗ്രി കാലഘട്ടത്തിലെ പഠനം വളരെ രസകരമായിരുന്നു. സ്ഥിരമായി ക്ലാസ്സുമുറികൾ ഇല്ലാതിരുന്നതിനാൽ ഒരുമുറിയിൽനിന്നും മറ്റൊരു മുറി അന്വേഷിച്ചുകൊണ്ടുള്ള ഒഴുക്ക് ആസ്വാദ്യമായിരുന്നു. പലപ്പോഴും ക്ലാസ്സ് അറിയാതെയും വിഷയമറിയാതെയും കൊഴിഞ്ഞുപോക്ക് പതിവായിരുന്നു. അത്തരക്കാരുടെ മുൻപന്തിയിലായിരുന്നു ഞാനും. വളരെ പ്രഗത്ഭരായ അധ്യാപകരായിരുന്നു ക്ലാസ്സ് എടുത്തിരുന്നത്. അവരുടെ കഴിവിനൊത്ത് ഉയരാൻ കഴിയാത്തതിനാൽ ക്ലാസ്സുമുറിയോടുതന്നെ വലിയ വിരക്തി അനുഭവപ്പെട്ടിരുന്നു.

അക്കാലത്തും ഞങ്ങളെ സ്വാധീനിച്ച ചില വ്യക്തികളുണ്ട്. അതിൽ ഏറ്റവും പ്രധാനി കൂർക്കഞ്ചേരിക്കാരനായ ഹാരിസൻ പി.ജെ. എന്ന ചെറുകഥാകൃത്താണ്. അദ്ദേഹത്തിന്റെ 'പാണ്ടിപ്പുഴ ഒഴുകുന്നു' എന്ന കഥ ഞങ്ങളെ ആവേശം കൊള്ളിച്ചിട്ടുണ്ട്. ഒപ്പം തന്നെ നാടകപ്രവർത്തകരായ പാവമണി, ശിവദാസൻ മാട്ടുകാട്, കെ.കെ. മലയക്കോട്, കെ. കെ. കൃഷ്ണൻകുട്ടി, പരിസ്ഥിതി പ്രവർത്തകനും കവിയുമായ വിജയൻ മാത്തൂർ തുടങ്ങിയവർ വഴിതെറ്റി അലസമായി സഞ്ചരിച്ച ഞങ്ങളെ കലാസാംസ്കാരിക പ്രവർത്തനത്തിലേക്ക് ഏറെ അടുപ്പിച്ചുനിർത്തി. പഠനത്തോട് താല്പര്യമില്ലെങ്കിലും സാഹിത്യത്തോടും നാടകപ്രവർത്തനത്തോടും താല്പര്യവും വല്ലാത്തൊരടുപ്പവും ഉണ്ടാക്കാൻ കഴിഞ്ഞത് ഇവരുമൊത്തുള്ള സഹവാസം കൊണ്ടുമാത്രമാണ്. ഡിഗ്രി കാലഘട്ടം ഏറെ സന്തോഷം നിറഞ്ഞതായിരുന്നു. ആൾക്കൂട്ടത്തിൽനിന്നും



ദൃഢമായ സൗഹൃദത്തിലേക്ക് നയിക്കപ്പെട്ട ഒരുപാട്ടു നിമിഷങ്ങൾ ഉണ്ടായിരുന്നു ആ കാലത്ത്. പ്രീഡിഗ്രിക്കാലത്ത് സാഹിത്യ - സാംസ്കാരികരംഗം സമ്പുഷ്ടമാക്കിയ ഒരു തലമുറയുടെ വിടവുനികത്താനുള്ള ഉത്തരവാദിത്തം ഞങ്ങൾക്കായിരുന്നു. അതോടൊപ്പം വിദ്യാർത്ഥി സംഘടനാ സംവിധാനത്തിൽ ബുദ്ധിജീവി സാന്നിധ്യം ഉറപ്പിക്കുക എന്നതും. പ്രീഡിഗ്രിക്കാലത്ത് സ്വന്തമായി നാടകങ്ങൾ എഴുതി സംവിധാനം ചെയ്യുന്ന രീതിയ്ക്കും മാറ്റം വന്നു.

ഒരു സംവിധായകന്റെ സാന്നിധ്യത്തിൽ നാടകം അവതരിപ്പിക്കുന്ന രീതി തുടങ്ങിവച്ചത് അക്കാലത്താണ്. (നാടകസംവിധായകൻ നന്ദജന്റെ ആദ്യകാല നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടത് ഞങ്ങളിലൂടെയായിരുന്നു). രാജീവ് കൊടുങ്ങല്ലൂർ, സജീവ് കല്ലേപ്പുള്ളി, സജിമോൾ കാഞ്ഞങ്ങാട് തുടങ്ങിയ നടീനടന്മാരെല്ലാം മത്സരിച്ച് അഭിനയിച്ചിരുന്ന കാലം. പല നാടകങ്ങളിലും പ്രധാനവേഷം കൈകാര്യം ചെയ്യുവാനുള്ള ഭാഗ്യം എനിക്കും ലഭിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിലാണ് ഞങ്ങളുടെ ഇടയിൽ ആഴമുള്ള സൗഹൃദങ്ങളുണ്ടായത്. സംഗീതത്തിൽ അത്ഭുതങ്ങളായിരുന്ന ശങ്കരൻ നമ്പൂതിരി, പാലക്കാട് ശ്രീറാം, നിസ്സാർ തൊടുപുഴ, അഷ്ടമൻപിള്ള, മുക്കം ബാലൻ, കോഴിക്കോട് ഭാഗ്യലക്ഷ്മി, രഹന, മഞ്ജുമേനോൻ, തുടങ്ങി നിരവധി പേരുമായി ഇടപഴകാനും അവരുമായുള്ള ആഴത്തിലുള്ള സൗഹൃദം എന്ന കവിതയെഴുത്തിലേക്കു നയിക്കുകയും ചെയ്തു. ഇന്ന് സംഗീതലോകത്ത് വേറിട്ട വ്യക്തിത്വങ്ങളായ ഇവരെല്ലാം നൽകിയ സ്നേഹത്തിന് പകരംവെക്കാൻ ഒന്നുമില്ല.

സാഹിത്യത്തിനു പുറത്തുള്ള സൗഹൃദവും നിസ്സാരമല്ല. ബാലൻ കൊക്കോട്, ചന്ദ്രൻ വണ്ടാഴി, സണ്ണി മണ്ണാർക്കാട്, ബെന്നി, സുഭാഷ്, സലീം ലക്ഷദ്വീപ് തുടങ്ങി നിരവധി സുഹൃത്തുക്കൾ എല്ലാറ്റിനും ഒപ്പമുണ്ടായിരുന്നു.

പി.ജി. കാലഘട്ടം ജീവിതത്തിന്റെ മറ്റൊരു ദിശയെ അടയാളപ്പെടുത്തുന്നു. നാലരവർഷം ഒരു പെയിന്റ് കമ്പനിയിൽ മംഗലാപുരം മുതൽ എറണാകുളം വരെ എക്സിക്യൂട്ടീവ് ആയി അലഞ്ഞുതിരിഞ്ഞു തകർന്നതിനു ശേഷമുള്ള തിരിച്ചുവരവായിരുന്നു. സത്യത്തിൽ പഠനം തുടങ്ങിയത് പി.ജി.യ്ക്കാണെന്നു പറയാം. വലിയ ഒരു ഇടവേളയ്ക്കു ശേഷം വായന പുനഃക്രമീകരിക്കാനും അതിലൂടെ വിജ്ഞാനത്തിന്റെ വൈവിധ്യമാർന്ന ശാഖകളിലേക്ക് പടരാനും ശ്രമിച്ച കാലം സംഘടനാപ്രവർത്തനത്തിലും സജീവമായി. ഗോൾഡൻ ജൂബിലി വർഷമായതിനാൽ യൂനിയൻ ചെയർമാനായി മത്സരിച്ചു വിജയിക്കാനും കഴിഞ്ഞു. പഠനത്തെ ഗൗരവമായി കണ്ടകാലം. അതിനുള്ള ഗുണവും ലഭിച്ചു.

അനുഭവങ്ങളെ അതേപടി വിവരിക്കുക അസാധ്യമാണ്. ഏറെ അനുഭവങ്ങളും വേദനയുണ്ടാക്കുന്നതും മറ്റുള്ളവരെ ദുഃഖത്തിലേക്കു തള്ളിവിടുന്നതുമാണ്. എങ്കിലും അത്തരം സംഘർഷങ്ങളെ അതിജീവിക്കാനുള്ള കരുത്തു തന്നത് ഈ കലാലയമാണ്. പ്രത്യേകിച്ച് പട്ടിണിപ്പാവങ്ങളുടെ ഒരത്താണിയായിരുന്നു നമ്മുടെ കലാലയം. ഒരിക്കലെങ്കിലും ഈ കോളേജിൽ കാലുകുത്തിയ ഒരു വ്യക്തിക്കും മറക്കാനാവുന്നതല്ല ശോകനാശിനിയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ പുണ്യഭൂമിയെ.



**ബാലസുബ്രഹ്മണ്യൻ വി.**

1996 -98ൽ എം.എ. ഫിലോസഫി പഠിച്ചു. കോളേജ് യൂണിയൻ ചെയർമാനായി ഗോൾഡൻ ജൂബിലി വർഷം (1997-98) തിരഞ്ഞെടുക്കപ്പെട്ടു. കവിയും എഴുത്തുകാരനുമാണ്. പുസ്തകങ്ങൾ: 'ആത്മഹന്താവിനോട് ഒരു വാക്ക്', 'മടങ്ങിവരുന്ന കവിതകൾ', 'ഉരഗം' എന്നിവയാണ്. ദല കൊച്ചുബാവ, ഗ്രീൻ നേച്ചർ ഇന്ത്യ എന്നീ അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. ചിറ്റൂർ കോളേജ് ഫിലോസഫി വിഭാഗം അധ്യക്ഷനായി സർവീസിൽ നിന്ന് വിരമിച്ചു





# എന്റെ മാതൃവിദ്യാലയം

വേണുഗോപാൽ സി. ഗോവിന്ദ്

അറുപത്തിയാറ് വർഷങ്ങൾക്ക് മുമ്പാണ്, 1956 ജൂണിൽ ഞാൻ ചിറ്റൂർ കോളേജിൽ പ്രീഡിഗ്രിക്ക് ചേർന്നത്. അന്നത്തെ കൊച്ചി സംസ്ഥാനത്തെ രണ്ട് സർക്കാർ കോളേജുകളിൽ ഒന്നായിരുന്നു അത്. മറ്റേത് എറണാകുളത്തെ പ്രശസ്തമായ മഹാരാജാസ് കോളേജായിരുന്നു.

ശാന്തമായൊഴുകുന്ന ശോകനാശിനി നദിയുടെ തീരത്ത് പ്രൗഢഗംഭീരമായ വെളുത്ത ഗോപുരത്തോടുകൂടിയ പുതിയ കെട്ടിടം - മനോഹരമായ പ്രകൃതിദത്ത പശ്ചാത്തലത്തിൽ ആ കോളേജ് കാണേണ്ട ഒരു കാഴ്ചതന്നെയായിരുന്നു. വളരെ കുറച്ച് വിദ്യാർത്ഥികൾ മാത്രമുള്ള, പുതുതായി സ്ഥാപിച്ച കോളേജായിരുന്നു അത്. അവരിൽ നല്ലൊരു പങ്കും എന്നെപ്പോലെ ദൂരസ്ഥലങ്ങളിൽ നിന്ന് വന്നവരായിരുന്നു. ഞങ്ങൾക്ക് ആൺകുട്ടികളുടെ ചെറിയൊരു ഹോസ്റ്റലും അതിലും ചെറിയ പെൺകുട്ടികളുടെ ഹോസ്റ്റലും ഉണ്ടായിരുന്നു. അടുത്തുള്ള വാടകക്കെട്ടിടത്തിൽ ഉണ്ടായിരുന്ന ആൺകുട്ടികളുടെ ഹോസ്റ്റലിൽ ഞാൻ ചേർന്നു. ബി.കോം ബിരുദം പൂർത്തിയാക്കുവോളം, നാലുവർഷം ഞാൻ കോളേജിൽ ഉണ്ടായിരുന്നു.

1959-60ൽ പ്രീ-ഡിഗ്രിക്ക് മുപ്പത് വിദ്യാർത്ഥികൾ വീതം മൂന്ന് ഡിവിഷനുകളും ഡിഗ്രിക്ക് ആർട്സ്, സയൻസ്, കൊമേഴ്സ് എന്നീ മൂന്നു സ്ട്രീമുകളിലായി ഇരുപത്, മുപ്പത് കുട്ടികളുള്ള എട്ടോ ഒമ്പതോ ഡിവിഷനുകളും ഉണ്ടായിരുന്നു. അതൊരു ചെറിയ സമൂഹജീവിതമായിരുന്നു. ഞങ്ങൾക്കെല്ലാവർക്കും പരസ്പരം നന്നായി അറിയാമായിരുന്നു. എല്ലാവർക്കും തമ്മിൽ അടുത്ത സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും അന്തരീക്ഷം ഉണ്ടായിരുന്നു.

എറണാകുളം മഹാരാജാസ് കോളേജിലെ ഉയർന്ന നിലവാരമുള്ള അധ്യാപന മേഖലയിൽനിന്ന് നേടിയ അഗാധമായ വിഷയ പരിജ്ഞാനവും അധ്യാപനവൈദഗ്ധ്യവുമുള്ള പരിചയസമ്പന്നരായ സീനിയർമാരായിരുന്നു ഞങ്ങളുടെ മിക്ക പ്രൊഫസർമാരും ലക്ചറർമാരും. പ്രിൻസിപ്പൽ പി.എസ്. വേലായുധൻ, പ്രൊഫസർമാരായ ശ്രീ. രാമൻ, അന്ന വറീത്, കേശവൻ നായർ, ഡേവിഡ്, അലക്സാണ്ടർ, ശിവരാമകൃഷ്ണൻ, കുഞ്ഞൻരാജ, ഭട്ട്, തുടങ്ങിയ പ്രഗത്ഭരായ അദ്ധ്യാപകർ ഞങ്ങൾക്കുണ്ടായിരുന്നു.

എം.കെ. പ്രസാദ്, ലക്ഷ്മിക്കുട്ടി അമ്മ, രാധാകൃഷ്ണൻ, ഭാസ്കരൻ നായർ, പാപ്പാലി, തുടങ്ങിയവർ വിദ്യാഭ്യാസരംഗത്ത് സമുന്നതരായിരുന്നു. ഒട്ടുമിക്ക പ്രൊഫസർമാരും താരതമ്യേന എന്തെങ്കിലും പരാധീനതയുള്ള വിദ്യാർത്ഥികൾക്ക് വ്യക്തിപരമായ ശ്രദ്ധ നൽകാറുണ്ടായിരുന്നു. അവർ വിദ്യാർത്ഥികൾക്ക് മാർഗദർശികളും വഴികാട്ടികളുമാ യിരുന്നു. അക്കാര്യത്തിൽ ഞങ്ങൾ അങ്ങേയറ്റം ഭാഗ്യവാന്മാരായിരുന്നു,

> ഒരു ചെറിയ കോളേജ് ആണെങ്കിലും, എല്ലാ വിദ്യാർത്ഥികൾക്കും പഠന-പാഠ്യേതര മേഖലകളിൽ വിപുലമായ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്ന എല്ലാ തരം പ്രവർത്തനങ്ങളും ഉണ്ടായിരുന്നു.

അവരോട് എക്കാലവും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.



പാർലമെന്റ് അംഗം, സുപ്രീം കോടതി ജഡ്ജി, ഇന്ത്യൻ അംബാസഡർ, പ്രമുഖ പ്രൊഫഷണലുകൾ, പ്രഗത്ഭരായ ശാസ്ത്രജ്ഞർ എന്നീ നിലകളിൽ ഉയർന്ന പദവികൾ നേടുന്നതിനും ജീവിതത്തിന്റെ വിവിധ തുറകളിൽ തങ്ങളുടെ വ്യക്തിഗത ഉദ്യമങ്ങളിൽ ഉയർന്ന സ്ഥാനങ്ങൾ നേടുന്നതിനും ഇത് ഗണ്യമായ സംഭാവന നൽകി. കൂടാതെ വിദ്യാഭ്യാസ വിചക്ഷണർ, മികച്ച ബിസിനസ്സ് എക്സിക്യൂട്ടീവുകൾ തുടങ്ങിയവരും ഇവിടുന്നുണ്ടായി.

ഒരു ചെറിയ കോളേജ് ആണെങ്കിലും, എല്ലാ വിദ്യാർത്ഥികൾക്കും പഠന-പാഠ്യേതര മേഖലകളിൽ വിപുലമായ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്ന എല്ലാ തരം പ്രവർത്തനങ്ങളും ഉണ്ടായിരുന്നു, എല്ലാവരെയും അവരുടെ വ്യക്തിഗത കഴിവുകൾ വികസിപ്പിക്കാനും അവരുടെ ഒളിഞ്ഞിരിക്കുന്ന സഹജമായ കഴിവുകൾ കണ്ടെത്താനും ആവിഷ്ക്കരിക്കാനും സഹായിക്കുന്ന അവസരങ്ങളുണ്ടായിരുന്നു.

സ്പോർട്സ്, ഫൈൻ ആർട്സ് മേഖലകളിലും കോളേജ് വലിയ അവസരങ്ങൾ വാഗ്ദാനം ചെയ്തു. ഞങ്ങൾക്ക് നല്ല ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, ഹോക്കി ടീമുകൾ ഉണ്ടായിരുന്നു, നൃത്തം, സംഗീതം, നാടകം, സാഹിത്യം, സംവാദം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്ന ആർട്സ് ക്ലബ് വിജയകരമായി പ്രവർത്തിക്കുന്നുണ്ടായിരുന്നു.

കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് സൗഹാർദ്ദപരമായ അന്തരീക്ഷത്തിലാണ് നടന്നിരുന്നത്. രാഷ്ട്രീയമായ സംഘടനകളൊന്നും ഉണ്ടായിരുന്നില്ല. നീണ്ടുനിൽക്കുന്ന വൈരമോ സ്പർധയോ ഒരിക്കലും ഉണ്ടായിരുന്നില്ല, സൗഹൃദങ്ങളിലെ ഊഷ്മളതയും സ്നേഹവും ഒരിക്കലും തടസ്സപ്പെട്ടില്ല. ഞാൻ ഒന്നാം വർഷ ഡിഗ്രിയിൽ പഠിക്കുമ്പോൾ, കാമ്പസിനുള്ളിൽ തന്നെ, കൂടുതൽ സ്ഥലവും മികച്ച സൗകര്യങ്ങളുമുള്ള ഒരു ഹോസ്റ്റൽ ഞങ്ങൾക്ക് ലഭിച്ചു. ഞങ്ങളുടെ ഹോസ്റ്റൽ ജീവിതത്തിന്റെ നിലവാരം ഗണ്യമായി മെച്ചപ്പെട്ടു. ഹോസ്റ്റലിൽ വളരെ നല്ലതും വീട്ടിലേതുപോലുള്ളതുമായ ഭക്ഷണം ലഭിച്ചിരുന്നു, അത് ഞങ്ങളുടെ ജീവിതം പ്രസന്നമാക്കി.

ഹോസ്റ്റൽനിവാസികളുടെ എണ്ണം കുറവായതിനാൽ ഞങ്ങൾ ഒരു കുടുംബംപോലെ പരസ്പരസ്നേഹവും കരുതലും ശ്രദ്ധയുംകൊണ്ട് വിട്ടുപോകാനാവാത്ത ഗാഢബന്ധത്തിലായി. യുവത്വത്തിന്റെ ഉന്മേഷവും ആവേശവും സാഹസികതയും ചലനാത്മകതയും ഒക്കെ വളരെ പോസിറ്റീവായിത്തന്നെ പ്രകടിപ്പിക്കാനുതകുന്ന ആഹ്ലാദകരമായ ഒട്ടേറെ സന്ദർഭങ്ങളും മുഹൂർത്തങ്ങളും ഞങ്ങൾക്ക് അക്കാലത്ത് ലഭിച്ചു.

ഇനിയൊരവസരംകൂടി ലഭിച്ചാൽ അതേ മധുരമനോഹരമായ ക്യാമ്പസ് നാളുകളിലേക്ക് തിരിച്ചുപോകാൻ എനിക്ക് ആഗ്രഹം തോന്നും, നമ്മുടെ സ്വന്തം ചിറ്റൂർ കോളേജിലേക്ക്.



**വേണുഗോപാൽ സി. ഗോവിന്ദ്**

1956 മുതൽ 1960 വരെയുള്ള കാലഘട്ടത്തിൽ പ്രീഡിഗ്രിക്കും ബി.കോം ഡിഗ്രിക്കും ചിറ്റൂർ കോളേജിലെ വിദ്യാർത്ഥിയായിരുന്നു. കഴിഞ്ഞ 55 വർഷത്തോളം ചാർട്ടേർഡ് അക്കൗണ്ടന്റായി പ്രവർത്തിച്ച അദ്ദേഹം 'വർമ്മാ ആൻഡ് വർമ്മ'യുടെ സീനിയർ മാനേജിംഗ് പാർട്നർ ആയിരുന്നു. ന്യൂഡെൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയിലെ എക്സ്പേർട്ട് അഡ്വൈസറി കമ്മിറ്റിയിലും പിയർ റിവ്യൂ ബോർഡിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യയിലെ അനവധി പൊതു, സ്വകാര്യ കമ്പനികളുടെ ഡയറക്ടർ ബോർഡിലും സേവനമനുഷ്ഠിച്ചു. ദക്ഷിണേന്ത്യയിലെ നിരവധി അടിസ്ഥാന സൗകര്യ പ്രോജക്ടുകളുടേയും ആരോഗ്യ പരിപാലന പ്രോജക്ടുകളുടേയും സാമ്പത്തിക ഉപദേഷ്ടാവും കൺസൾട്ടന്റുമായിരുന്നു. കേരളത്തിലെ ബിസിനസ്, വ്യവസായ, മാനേജ്മെന്റ് രംഗത്തെ സംഭാവനകൾ കണക്കിലെടുത്ത് കേരള മാനേജ്മെന്റ് അസോസിയേഷന്റെ മാനേജ്മെന്റ് ലീഡർഷിപ് അവാർഡിന് അർഹനായിട്ടുണ്ട്.





# എന്റെ അദ്ധ്യാത്മവിദ്യാലയം

രാധാലക്ഷ്മി പത്മരാജൻ

ആയിരത്തി തൊള്ളായിരത്തി അറുപതിലാണ് പത്താം ക്ലാസ്സ് കഴിഞ്ഞ് ഞാൻ ഒരു കോളേജ് വിദ്യാർത്ഥിനിയായി മാറുന്നത്. കേരളത്തിൽ പത്താം ക്ലാസ്സിലെ പരീക്ഷയ്ക്ക് മൈനസ് മാർക്കിംഗ് നടന്ന വർഷം! ഗവൺമെന്റ് വിക്ടോറിയ ഗേൾസ് ഹൈസ്കൂൾ ചിറ്റൂരിൽ നിന്ന് നൂറിൽ താഴെ കുട്ടികളാണ് പരീക്ഷ എഴുതിയത്. പതിമൂന്നുപേർ ഒന്നാം ക്ലാസ്സിൽ ജയിക്കും എന്നായിരുന്നു അദ്ധ്യാപകരുടെയും വിദ്യാർത്ഥിനികളുടെയും ഒക്കെ പ്രതീക്ഷ. പക്ഷേ, മൈനസ് മാർക്കിംഗ് ചതിച്ചു. ഒന്നാം ക്ലാസ്സ് പ്രതീക്ഷിച്ചിരുന്ന പതിമൂന്നു പേർ മാത്രമേ അക്കുറി പത്താം ക്ലാസ്സ് ജയിച്ചുള്ളൂ. ആകെ ഒരേ ഒരു ഫസ്റ്റ് ക്ലാസ്സ്. എന്റെ ഉറ്റ കൂട്ടുകാരിയായ, അമ്മുക്കാശ് എന്ന് കൂട്ടുകാരികൾ വിളിക്കുന്ന, രുഗ്മിണിക്കുട്ടിക്കുമാത്രം. ജയിച്ചവരിൽത്തന്നെ കേവലം നാലു കുട്ടികൾ മാത്രമേ തുടർവിദ്യാഭ്യാസത്തിനു മുതിർന്നുള്ളൂ. എന്നെയും അമ്മുക്കാശിനേയും കൂടാതെ ഒന്നാം ക്ലാസ്സ് മുതൽ ഞങ്ങളോടൊപ്പമുണ്ടായിരുന്ന നാരായണിക്കുട്ടിയും, അഞ്ചുമുതൽ ഒന്നിച്ചു ചേർന്ന കാർത്ത്യായനി എന്ന ഓമനയും.

ചിറ്റൂരിൽ ആകെ ഉണ്ടായിരുന്നത് ഒരു ഗവൺമെന്റ് കോളേജ് മാത്രമായിരുന്നു. എനിക്കു തൊട്ടുമുമ്പുള്ള തലമുറയിൽപ്പോലും വളരെ കുറച്ചു പെൺകുട്ടികളാണ് അക്കാലത്ത് കോളേജിൽ പഠിച്ചുകൊണ്ടിരുന്നത്. അന്ന് പ്രീയൂണിവേഴ്സിറ്റിയ്ക്ക് എല്ലാ വിഷയങ്ങളും പഠിക്കണമായിരുന്നു. മലയാളം മീഡിയത്തിൽ നിന്ന് ഇംഗ്ലീഷ് മീഡിയത്തിലേയ്ക്കുള്ള കാൽവയ്പ്പ്, ശരിയ്ക്കും പറഞ്ഞാൽ, ഞങ്ങളെ അമ്പരപ്പിച്ചു എന്നുതന്നെ വേണം പറയാൻ. ഭാരതത്തിൽ പല ഭാഗങ്ങളിലായി ജോലിനോക്കിയിരുന്ന ഡി.വൈ.എസ്.പി. വിശ്വനാഥൻ നായരുടെ മകളായ നാരായണിക്കുട്ടിയ്ക്കൊഴിച്ച് ഞങ്ങൾ മൂന്നു സുഹൃത്തുക്കൾക്കും തുടക്കത്തിൽ പഠനം കുറച്ചു പ്രയാസമായിരുന്നു. അദ്ധ്യാപകർ ക്ലാസ്സെടുക്കുമ്പോൾ അതെന്താണെന്നു മനസ്സിലാക്കാൻ തന്നെ തുടക്കത്തിൽ ഞാനേറെ ബുദ്ധിമുട്ടി. പ്രീയൂണിവേഴ്സിറ്റി പരീക്ഷയിൽ, കൂട്ടത്തിൽ നന്നായി പഠിയ്ക്കുന്ന അമ്മുക്കാശിനും ഓമനയ്ക്കും സെക്കന്റ് ക്ലാസ്സും എനിയ്ക്കും നാരായണിക്കുട്ടിയ്ക്കും തേഡ് ക്ലാസ്സും കിട്ടി കഷ്ടിപുഷ്ടി രക്ഷപ്പെട്ടു എന്നേ പറയാൻ പറ്റൂ.

പ്രീയൂണിവേഴ്സിറ്റിയ്ക്കു പഠിക്കുന്ന സമയത്തു തന്നെ, സ്പോർട്സിൽ വലിയ താൽപര്യമുണ്ടായിരുന്ന ഞാനും, നാരായണിക്കുട്ടിയും മിക്ക കളികൾക്കും ചേരുമായിരുന്നു. മത്സരങ്ങൾക്കായി കോളേജിലെ വിദ്യാർത്ഥീ വിദ്യാർത്ഥിനികളെ നാലു ഹാളുകളിലായി തിരിച്ചിരുന്നതിൽ ഞാനും അമ്മുക്കാശും 'നളന്ദ' ഹാളിലും, നാരായണിക്കുട്ടി 'വിക്രമശില' ഹാളിലും, കാർത്ത്യായനി 'ടാക്സില' ഹാളിലും ആയിരുന്നു. ഇവ മൂന്നും കൂടാതെ'സാരനാഥ്' എന്നൊരു ഹാളും കൂടെ ഉണ്ടായിരുന്നു. പ്രീയൂണിവേഴ്സിറ്റി ജയിച്ച് ഡിഗ്രിയ്ക്കു ചേരുമ്പോൾ ഞാനേറെ ആഗ്രഹിച്ചിരുത് ബോട്ടണി മെയിനും, കെമിസ്ട്രി സബ്ബും എടുത്തു പഠിയ്ക്കണമെന്നായിരുന്നു. കുട്ടിക്കാലം മുതൽ തന്നെ പൂക്കളോടും ചെടികളോടും ഏറെ താൽപര്യമായിരുന്ന എനിക്ക് ഒരുപാടു മുല്ലപ്പൂക്കൾ മുടിയിൽ ചൂടി കോളേജിൽ പോകുന്നതിന് അമ്മാവന്റെ കൈയ്യിൽ നിന്ന് വഴക്കു കേട്ടത് നല്ല ഓർമ്മയുണ്ട്. കൂട്ടുകാരിൽ അമ്മുക്കാശ് ഒഴിച്ച് ഓമനയും, നാരായണിക്കുട്ടി

യും ബോട്ടണി തന്നെയാണ് മെയിൻ ആയി എടുത്തത്. അമ്മുക്കാശ് കെമിസ്ട്രി എടുത്തു. പക്ഷേ, എന്റെ ആഗ്രഹം നടന്നില്ല. എനിയ്ക്ക് ബോട്ടണി എടുത്തു പഠിയ്ക്കാൻ കഴിയാഞ്ഞത് വലിയ ദുഃഖമായി.

എന്റെ രണ്ട് ആങ്ങളമാരും ആ കോളേജിൽത്തന്നെ പഠിച്ച് ഡിഗ്രി എടുത്തവരായിരുന്നതുകൊണ്ടും, നല്ല സ്പോർട്സ്മെൻ ആയിരുന്നതു കൊണ്ടും പൊതുവേ എല്ലാ അദ്ധ്യാപകർക്കും അവർ പരിചിതരായിരുന്നു. അത് എനിയ്ക്ക് ഒരു പാരയായി എന്നു പറഞ്ഞാൽ മതിയല്ലൊ. ഞാൻ ഡിഗ്രിയ്ക്കു ചേരാൻ ഫോം ഒക്കെ ഫിൽഅപ് ചെയ്ത് കോളേജിൽ കൊണ്ടു കൊടുത്തിട്ട് കൂട്ടുകാരോടൊത്ത് സന്തോഷത്തോടെ തിരിച്ചുവന്നു. പക്ഷേ, രണ്ടു ദിവസം കഴിഞ്ഞാണ് എന്റെ മൂത്ത ആങ്ങള ഉണ്ണിയേട്ടൻ എന്നോടു പറയരുത്, "ഇവിടെ ആരും പുല്ലുപറിയ്ക്കാൻ പോണ്ട. എപ്പോഴും പാട്ടുപാടി വീടും ചുറ്റുപാടും ഒക്കെ സംഗീതമയമാക്കിയാൽ മതി" എന്ന്. അതോടെ ബോട്ടണി എടുത്തു പഠിയ്ക്കണമെന്ന് എന്റെ സ്വപ്നം പൊലിഞ്ഞു. ഉണ്ണിയേട്ടൻ കോളേജിൽ ചെന്ന് എന്റെ ആപ്ലിക്കേഷൻ ഫോം തിരിച്ചു വാങ്ങി. അതിലെ ഫസ്റ്റ് ചോയ്സ് വെട്ടി 'മ്യൂസിക്' എന്നാക്കി വിട്ടായിരുന്നു ഈ പ്രഖ്യാപനം. അതിന്റെ പുറകിൽ ദേവകി അമ്മ ടീച്ചറുടെ കൈകളുണ്ടെന്ന് പിന്നീടെനിയ്ക്കു മനസ്സിലായി. അക്കാലത്ത് സംഗീതം ഡിഗ്രിയായി പഠിയ്ക്കാൻ സൗകര്യമുള്ള രണ്ടോ മൂന്നോ കോളേജുകൾ മാത്രമാണ് കേരളത്തിൽ ഉണ്ടായിരുന്നത്. അതിലൊന്ന് ഗവൺമെന്റ് കോളേജ് ചിറ്റൂരാണ്. പൊതുവേ സംഗീതം പ്രധാന വിഷയമായെടുക്കാൻ വളരെ വിരളമായി, ഒന്നോ രണ്ടോ കുട്ടികൾ മാത്രമാണ് തയ്യാറാവാറുള്ളത്. പഠിയ്ക്കാൻ കുട്ടികളില്ലാതെ വന്നാൽ ആ ഡിപ്പാർട്ട്മെന്റ് തന്നെ വേണ്ടെന്നു വയ്ക്കുന്ന പതിവാണ് ഗവൺമെന്റിന്റേത്. അതുകൊണ്ടുതന്നെ കുറച്ചെങ്കിലും സംഗീതവാസനയുള്ള കുട്ടികളെ ചാക്കിട്ടു പിടിച്ച് സംഗീതം എടുത്തു പഠിപ്പിയ്ക്കുകയായിരുന്നു സംഗീതാദ്ധ്യാപികമാരുടെ പ്രധാന ജോലി. അറുപതുകളിലൊക്കെ ഞങ്ങളുടെ കോളേജിൽ സംഗീതവിഭാഗം കൈകാര്യം ചെയ്തിരുന്നത് പ്രൊഫ. കെ. ദേവകിയമ്മയാണ്.

അച്ഛൻ വലിയ സംഗീത പ്രേമിയായിരുന്നതുകൊണ്ട് ഓർമ്മ വച്ച നാൾ മുതൽ എന്നെയും ചേച്ചിയേയും സംഗീതം പഠിപ്പിയ്ക്കാൻ ഭാഗവതർമാർ പലരും മാറി മാറി വന്നു. അതുകൊണ്ടുതന്നെ സ്കൂളിൽ പഠിയ്ക്കുമ്പോൾ ആറാം ക്ലാസ്സിൽ തുടങ്ങി എല്ലാ വർഷവും കർണ്ണാടകസംഗീതമത്സരത്തിൽ എനിയ്ക്ക് ഫസ്റ്റോ സെക്കന്റോ കിട്ടിയിരുന്നു. പലപ്പോഴും ജഡ്ജായി വന്നിരുന്നത് പ്രൊഫസർ ദേവകി അമ്മ തന്നെയായിരുന്നു. അതുകൊണ്ടും കൂടിയാണ് എനിയ്ക്കു പാടാൻ കഴിയും എന്ന വിശ്വാസത്തിൽ എന്നെ സംഗീതമെടുത്ത് പഠിപ്പിയ്ക്കണമെന്ന് ടീച്ചർ എന്റെ ആങ്ങളയോടു പറഞ്ഞത്.

ഒട്ടും താൽപര്യമില്ലാതെയാണ് സംഗീതമെടുത്തു പഠിച്ചതെങ്കിലും ബിരുദത്തിന്റെ റിസൽട്ടു വന്നപ്പോൾ സ്റ്റേറ്റിൽ നാലുപേർക്ക് സെക്കന്റ് ക്ലാസ്സ് ഉണ്ടായിരുതിൽ ഒരാൾ ഞാനായിരുന്നു. ആ വർഷം ആർക്കും ഫസ്റ്റ് ക്ലാസ്സ് ഉണ്ടായിരുന്നില്ല. തൊട്ടു മുകളിലെ ക്ലാസ്സിൽ പ്രസിദ്ധ നാദസ്വര വിദ്വാനായ തിരുവിഴ ജയശങ്കറും, തുടർന്ന് വർഷങ്ങൾക്കു ശേഷം കൃഷ്ണചന്ദ്രനെപ്പോലുള്ള പാട്ടുകാരും ഉണ്ടായിരുന്നു എന്ന് സന്തോഷത്തോടെ ഓർക്കുന്നു.

സംഗീതമെടുത്തു പഠിച്ചത് പെട്ടെന്നുതന്നെ ജോലി കിട്ടുവാൻ എനിയ്ക്കു സഹായകമായി. അറുപത്തിയഞ്ചിൽ ആകാശവാണിയിൽ പ്രോഗ്രാം അനൗൺസറായി ജോലിയിൽ പ്രവേശിയ്ക്കാൻ എനിയ്ക്കു കഴിഞ്ഞത് സംഗീതത്തിന്റെ പിൻബലത്തോടെയാണെന്നത് പറയാതെ വയ്യ. അതേ ബാച്ചിൽത്തന്നെ തിരുവിഴ ജയശങ്കറും ഇതേ തസ്തികയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

സംഗീതം പ്രധാന വിഷയമായെടുത്തു പഠിക്കാൻ എന്നോടൊപ്പം വേറെ രണ്ടുപേർ കൂടിയാണ് ഉണ്ടായിരുന്നത്. എന്റെതന്നെ വലിയമ്മയുടെ മകളായ, ഓമനച്ചേച്ചി എന്നു ഞാൻ വിളിച്ചിരുന്ന സീതാദേവിയും തത്തമംഗലത്തുകാരി സരളയും. കോളേജിൽ ഞങ്ങളുടെ സംഗീത അദ്ധ്യാപികമാരായി ദേവകി അമ്മ ടീച്ചറെ കൂടാതെ തത്തമംഗലത്തുകാരിയും, തിരുവനന്തപുരം വിമസ് കോളേജിലെ പൂർവ്വവിദ്യാർത്ഥിനിയുമായിരുന്ന സുശീല ടീച്ചറും ഉണ്ടായിരുന്നു. ഇടയ്ക്കെപ്പോഴൊ, പറവൂർ സഹോദരിമാർ എന്നറിയപ്പെട്ടിരുന്ന തിരുവനന്തപുരം ആകാശവാണിയിലെ സ്റ്റാഫ് ആർട്ടിസ്റ്റ്സ് ആയിരുന്ന ശാരദാമണി അമ്മയുടെയും രാധാമണി അമ്മയുടെയും ഇളയ സഹോദരി സരോജിനി ടീച്ചറും ഞങ്ങളെ പഠിപ്പിയ്ക്കാൻ വന്നു. പ്രസിദ്ധ പാട്ടുകാരനായ ജി. വേണുഗോപാലന്റെ അമ്മ ചിറ്റൂര് ടീച്ചർ ജോലി ചെയ്യുന്ന സമയത്ത് ജി. വേണുഗോപാൽ ഒരു ഗർഭസ്ഥ ശിശുവായി ടീച്ചറുടെ വയറ്റിലുണ്ട്. പക്ഷേ, വളരെ കുറച്ചു നാളുകളേ സരോജിനി ടീച്ചർ ചിറ്റൂര് ജോലി ചെയ്തുള്ളൂ.

ബി.എ.യ്ക്കു പഠിയ്ക്കുമ്പോൾ രണ്ടാം വർഷമാണ് ഇംഗ്ലീഷ്, ഹിന്ദി, ജനറൽ എഡ്യുക്കേഷൻ തുടങ്ങിയവയുടെ ഗവൺമെന്റ് പരീക്ഷ. മൂന്നാം വർഷം പ്രധാന വിഷയത്തിന്റേയും സബ് ആയി പഠിയ്ക്കുന്ന വിഷയത്തിന്റെയും മാത്രം പരീക്ഷകളാണുള്ളത്. സംഗീതമെടുത്തു പഠിച്ച എനിയ്ക്കൊക്കെ സബ് ആയി പഠിയ്ക്കേണ്ടിവന്നത് സോഷ്യോളജിയും, സോഷ്യൽ ആന്റ് അബ്നോർമൽ സൈക്കോളജിയും ആയിരുന്നു. ഞങ്ങളെ സൈക്കോളജി പഠിപ്പിച്ചിരുന്നത് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ഡോക്ടർ എ.എസ്. നാരായണപിള്ള സാറും, സോഷ്യോളജി ഡീക്കൻ ജോൺ വി. ജോൺ മാഷും, പ്രൊഫസർ രാമചന്ദ്രൻനായർ സാറും ആയിരുന്നു.

കോളേജിൽ നിന്ന് അതതു വിഷയങ്ങളെക്കുറിച്ച് കൂടുതൽ അറിയാനും പഠിയ്ക്കാനും മറ്റുമായി പഠനയാത്രയ്ക്ക് കൊണ്ടുപോകുന്ന കൂട്ടത്തിൽ ഞങ്ങൾ സംഗീത വിദ്യാർത്ഥികൾ പോയത് പ്രധാനമായും തൃശ്ശൂരടുത്തുള്ള ഭ്രാന്താശുപത്രിയിലേയ്ക്കാണ്. എ.എസ്. നാരായണപിള്ള സാറാണ് ഞങ്ങളെ കൊണ്ടുപോയത്. മനസ്സിന് വല്ലാത്ത വേദനയുണ്ടാക്കിയ ഒരു യാത്രയായിരുന്നു അത്. ജയിലിലെപോലെ മുറികൾക്കുള്ളിൽ അൽപവസ്ത്രധാരികളായും തീരെ വസ്ത്രങ്ങളില്ലാത്തവരായും, വേറൊരു ലോകത്തു ജീവിയ്ക്കുന്ന കുറെ സ്ത്രീ പുരുഷന്മാരുടെ കോപ്രായങ്ങൾ ഞങ്ങളാ യാത്രയിൽ കണ്ടു. ദിവസങ്ങളോളം തന്നെ ഉറക്കം കെടുത്തിക്കളഞ്ഞ കുറെ ദൃശ്യങ്ങൾ.

രണ്ടാം വർഷത്തെപരീക്ഷ കഴിഞ്ഞ് റിസൽറ്റു വന്നപ്പോൾ ഞങ്ങളുടെ ഗ്രൂപ്പിൽ എല്ലാ വിഷയങ്ങളിലും ജയിച്ചിരുന്നത് ഞാൻ മാത്രമായിരുന്നു. ഓമനച്ചേച്ചിയ്ക്കും സരളയ്ക്കും ഇംഗ്ലീഷും ജനറൽ എഡ്യുക്കേഷനും വീണ്ടും എഴുതേണ്ട അവസ്ഥ. സെപ്റ്റംബർ പരീക്ഷയ്ക്ക് അവർ രണ്ടുപേരും പഠിയ്ക്കാനായി ലീവെടുത്തു. എനിയ്ക്കു മാത്രമായി റെഗുലർ ക്ലാസ്സെടുക്കാൻ ഞങ്ങളുടെ അദ്ധ്യാപകർ തയ്യാറായില്ല. അതുകൊണ്ടുതന്നെ എന്റെ

കോളേജിൽ പോക്ക് തൽക്കാലത്തേയ്ക്ക് നിർത്തേണ്ട അവസ്ഥയായി.

കോളേജിൽ കായികരംഗത്ത് കുറച്ചൊക്കെ ശോഭിച്ചിരുന്ന ആളാണ് ഞാൻ. ടെന്നിക്കോയിറ്റ്, ത്രോബോൾ എന്നിവ കൂടാതെ മൂന്നാം വർഷത്തിൽ വോളിബോൾ കൂടി പെൺകുട്ടികളുടെ ഗെയ്മായി കോളേജിൽ ആരംഭിച്ചു. ഞാൻ ഈ ഗെയ്മുകളെല്ലാം കളിയ്ക്കുമായിരുന്നു. ഓരോ വർഷം ഓരോ ഗെയ്മിന്റെ ക്യാപ്റ്റനും ആയിരുന്നു. അതുകൊണ്ടുതന്നെ ഇന്റർകോളേജിയേറ്റ് ടൂർണ്ണമെന്റുകൾ വരുമ്പോൾ കോളേജിനെ പ്രതിനിധീകരിച്ച് പല കോളേജുകളിലും കളിയ്ക്കാനായി പോകുമായിരുന്നു. പാലക്കാട് വിക്ടോറിയ കോളേജ്, കോഴിക്കോട് പ്രോവിഡൻസ് കോളേജ്, മെഡിക്കൽ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് തുടങ്ങിയവരുമായിട്ടൊക്കെ ഞങ്ങളുടെ ടീം മത്സരിച്ചിട്ടുണ്ട്. സമ്മാനങ്ങളും വാങ്ങിയിട്ടുണ്ട്. കളികളിലൊക്കെ എന്റെ കൂട്ടുകാരി നാരായണിക്കുട്ടിയും കൂടെക്കാണും. രണ്ടാം വർഷ പരീക്ഷയിൽ തോറ്റവിഷയങ്ങൾ പഠിയ്ക്കാനായി എന്റെ രണ്ടു കൂട്ടുകാരും - ഓമനച്ചേച്ചിയും സരളയും അവധി എടുത്ത സമയത്ത്, ഞാനെന്നും വൈകീട്ട് മൂന്നു മണിയ്ക്കാണ് കോളേജിൽ പോയിക്കൊണ്ടിരുന്നത്. ഞങ്ങളുടെ ഒരു ബന്ധു കോളേജിൽ ഫിസിക്സ് പ്രൊഫസറായി ജോലി നോക്കുന്നുണ്ടായിരുന്നു. എം.വൈ. പ്രഭാകരമേനോൻ - 'എല്ലാരും പഠിയ്ക്കാൻ വേണ്ടി കോളേജിൽ വരും, ഇവിടെയൊരാൾ കളിയ്ക്കാൻ വേണ്ടി കോളേജിൽ വരും' എന്നു പറഞ്ഞ് അദ്ദേഹം എന്നെ കളിയാക്കുമായിരുന്നു.

അറുപത്തിമൂന്നിൽ കോളേജിൽ സ്പോർട്സ് നടക്കുന്ന സമയം. നാലു ഹാളുകൾ തമ്മിലാണ് പൊരിഞ്ഞ മത്സരം. കളിയ്ക്കാൻ വേണ്ടി കോളേജിൽ പോയിരുന്ന ഞാൻ മിക്കവാറും എല്ലാ മത്സരങ്ങളിലും പങ്കെടുക്കുമായിരുന്നു. പക്ഷേ, നാലു മത്സരങ്ങളിലേ അന്നുകാലത്ത് പെൺകുട്ടികൾക്ക് മത്സരിയ്ക്കാൻ കഴിയുമായിരുന്നുള്ളൂ. ആൺകുട്ടികൾക്ക് മാത്രമായി 'ഇന്റിവിഡ്വൽ എഫിഷ്യൻസി ടെസ്റ്റ്' എന്നൊരു വകുപ്പിൽ എല്ലാ കായികമത്സരങ്ങളിലും പങ്കെടുക്കാമായിരുന്നു. എന്റെ പ്രധാന മത്സര ഇനങ്ങൾ ഷോട്ട്പുട്ട്, ജാവലിൻത്രോ, ഡിസ്ക്കസ് ത്രോ, ഹൈജംപ്, ഓട്ടം എന്നിവയായിരുന്നെങ്കിലും, നാലെണ്ണത്തിൽ മാത്രം എന്ന ലിമിറ്റുവച്ച് ഞാൻ ഓട്ടം ഒഴിവാക്കുകയാണുണ്ടായത്. ഏതായാലും, മത്സരിച്ച നാല് ഇനങ്ങളിലും സമ്മാനം വാങ്ങിച്ച് അറുപത്തിമൂന്നിലെ 'വിമൺ അത്‌ലറ്റിക് ചാമ്പ്യൻ' ആകാൻ എനിയ്ക്കു കഴിഞ്ഞു. രണ്ടു ഫസ്റ്റും, രണ്ടു സെക്കന്റും ആകെ പതിനാറു പോയിന്റുകൾ. അത്രയും തന്നെ പോയിന്റുകൾ നേടിയ മറ്റൊരാൾ കൂടി ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു 'എക്സ്പെഡിറ്റ് ഒലിമണി'. ഒലിമണിയ്ക്ക് മൂന്നു ഫസ്റ്റും ഒരു തേർഡും കിട്ടി. അതോടെ ചാമ്പ്യൻഷിപ്പ് ഞങ്ങൾക്കു രണ്ടു പേർക്കുമായി വീതിയ്ക്കേണ്ടിവന്നു. അന്ന് മത്സരങ്ങൾക്കെല്ലാം കമന്റേറ്ററായി ഒരുപാടു തമാശകളോടെ കാര്യപരിപാടികൾ വിളിച്ചുപറഞ്ഞിരുന്നത് എഡ്‌വേഡ് പാപ്പാളി എന്ന കോമേഴ്സ് പ്രൊഫസർ ആയിരുന്നു എന്ന് വ്യക്തമായി ഞാനോർക്കുന്നു. സാരിയുടുത്ത് ഹൈജമ്പ് ചാടുന്ന എന്നെകണ്ട് എന്തോ കമന്റടിച്ച് അദ്ദേഹം എല്ലാരേയും പൊട്ടിച്ചിരിപ്പിച്ചത് ഓർമ്മയിലുണ്ട്.

ഇംഗ്ലീഷ് അദ്ധ്യാപകരായി ഭാസ്കരൻ നായർ സാർ, കമ്മത്ത് മാഷ്, ശ്രീകുമാരൻ നായർ സാർ തുടങ്ങിയവരും, ഹിന്ദിയ്ക്ക് പ്രൊഫസർ രാജഗോപാൽ, കാവേരി അമ്മ, ഹൈമവതി തമ്പുരാട്ടി തുടങ്ങിയവരും ഉണ്ടായിരുന്നു. ബി.കോം ക്ലാസ്സിനടുത്തായിരുന്നു ഞങ്ങളുടെ സംഗീത ക്ലാസ്സ്. തൊട്ടു പിന്നിലായി ലൈബ്രറിയും. ഞങ്ങൾ പാടിത്തുടങ്ങിയാൽ തൊട്ടപ്പുറത്തെ ബി.കോം ക്ലാസ്സിന്റെ ജനാലകൾ കൊട്ടിയടച്ച്, മുറുമുറുത്തുകൊണ്ട് ക്ലാസ്സെടുക്കുന്ന അലക്സാണ്ടർ മാഷെ ഓർത്തു പോകുന്നു. ഞങ്ങളോടൊപ്പം ടെന്നിക്കോയിറ്റ് കളിയ്ക്കാൻ കൂടുന്ന മാത്തമാറ്റിക്സിലെ (അതോ ഫിസിക്സോ?) സിസിലി ടീച്ചറും, മൈക്കിൾ മാഷും, ഞങ്ങൾക്ക് നല്ല പ്രാക്ടീസ് തരാനായി കൂടെ കളിയ്ക്കുമായിരുന്ന തൃപ്പലെ വീട്ടിലെ രവി, പാറയ്ക്കാട്ട് ജയപ്രകാശ്, ബാലചന്ദ്രൻ, രാമസ്വാമി തുടങ്ങിയവരൊക്കെ ഓർമ്മയിലെത്തുന്നു. ജയപ്രകാശിന്റെ മകൻ ശ്രീവത്സൻ ജെ. മേനോൻ ഒരു പാട്ടുകാരനായി പേരെടുത്തതും, ഒരിയ്ക്കൽ ഒരു പരിപാടിയിൽ പങ്കെടുക്കാൻ വന്നപ്പോൾ കണ്ട് പരിചയപ്പെട്ടതും ഒരോർമ്മയുണ്ട്.

കോളേജ് ഇലക്ഷനിൽ കെ.എസ്.ഒ.യുടെ ഭാഗമായി എല്ലാവർഷവും മത്സരിച്ച് ഞാൻ ജയിച്ചിരുന്നതും, അവസാന വർഷം കോളേജ് യൂണിയൻ വൈസ് പ്രസിഡന്റ് ആയതും ഒക്കെ സുഖം തരുന്ന ഓർമ്മകളാണ്. അവസാനവർഷം സുകുമാരമേനോൻ എന്നൊരാളായിരുന്നു യൂണിയൻ പ്രസിഡന്റ്, ഷേക്ക് അബ്ദുൾഖാദർ എന്നൊരാൾ സെക്രട്ടറിയും. ഈ അടുത്തകാലത്ത് ഷേക്ക് അബ്ദുൾഖാദർ ബാംഗ്ലൂർ വച്ച് നിര്യാതനായ വിവരം അറിഞ്ഞിരുന്നു. അതുപോലെ തമിഴ് പ്രധാന വിഷയമായെടുത്ത് പഠിച്ചിരുന്ന ജനാർദ്ദനനും, മുത്തുസ്വാമിയും ഒക്കെ ഓരോ അസോസിയേഷന്റെ സെക്രട്ടറിമാരായത് ഓർമ്മയിലുണ്ട്. ജനാർദ്ദനൻ തമിഴ്നാട് രാഷ്ട്രീയത്തിൽ വലിയ പദവികളിൽ എത്തിയിരുന്നു എന്നു കേട്ടിരുന്നു. അവസാനം കേട്ടത് അദ്ദേഹത്തിന്റെ മരണവാർത്തയാണ്.



ആകാശവാണിയിൽ അനൗൺസറായി തൃശ്ശൂർ സ്റ്റേഷനിൽ ഞാൻ ജോയിൻ ചെയ്തത് അറുപത്തിയഞ്ച് ഏപ്രിൽ ഇരുപത്തിയൊന്നിനാണ്. 'ആകാശവാണി തൃശ്ശൂർ' എന്ന് ചരിത്രത്തിലാദ്യമായി റേഡിയോയിലൂടെ കേട്ട ശബ്ദം എന്റേതായിരുന്നു. പക്ഷേ, ഒരു വർഷം മാത്രമേ ഞാന

“

**'ആകാശവാണി തൃശ്ശൂർ' എന്ന് ചരിത്രത്തിലാദ്യമായി റേഡിയോയിലൂടെ കേട്ട ശബ്ദം എന്റേതായിരുന്നു. പക്ഷേ, ഒരു വർഷം മാത്രമേ ഞാനവിടെ തുടർന്നുള്ളൂ.**

വിടെ തുടർന്നുള്ളൂ. ജോലി രാജിവച്ച് നാട്ടിലേയ്ക്ക് തിരിച്ചുപോരുകയായിരുന്നു. എഴുപത് മാർച്ച് ഇരുപത്തിനാലിന് ഗുരുവായൂർ അമ്പലത്തിൽ വച്ച് ഞാൻ വിവാഹിതയായി. ആലപ്പുഴ ജില്ലയിലെ മുതുകുളം എന്ന ചെറിയ ഗ്രാമപ്രദേശത്തുള്ള ചെന്നാട്ട് ഞവരയ്ക്കൽ തറവാട്ടിൽ ദേവകി അമ്മയുടെയും, കായംകുളത്തുള്ള കീരിക്കാട്ട് തുണ്ടത്തിൽ അനന്തപത്മനാഭ പിള്ളയുടെയും എട്ടുമക്കളിൽ ആറാമനായ പത്മരാജൻ ആണ് എന്റെ കഴുത്തിൽ താലി കെട്ടിയത്. അതോടെ ഞാൻ ജന്മദേശമായ ചിറ്റൂരിനോടു വിടപറഞ്ഞു. പത്മരാജൻ അന്ന് തിരുവനന്തപുരം ആകാശവാണിയിലെ സ്റ്റാഫ് ആർട്ടിസ്റ്റ് ആയിരുന്നു. വിവാഹിതരായി ഞങ്ങൾ തിരുവനന്തപുരത്ത് പൂജപ്പുരയിൽ താമസം തുടങ്ങി.

ഒരിക്കൽ സകുടുംബം ഞങ്ങൾ ചിറ്റൂരിലെത്തിയപ്പോൾ കോളേജിൽ ആർട്സ് ഫെസ്റ്റിവൽ നടക്കുകയായിരുന്നു. അതിന്റെ ഉദ്ഘാടനത്തിനായി ഞങ്ങളൊരുമിച്ച് കോളേജിൽ ചെന്നത് മധുരിക്കുന്ന ഒരോർമ്മയാണ്. ഞങ്ങൾക്ക് രണ്ടു മക്കൾ. അനന്തപത്മനാഭനും, മാധവിക്കുട്ടിയും. രണ്ടുപേരും വിവാഹിതരാണ്. അനന്തപത്മനാഭൻ ഏഷ്യാനെറ്റിൽ എക്സിക്യൂട്ടീവ് പ്രൊഡ്യൂസറായി ജോലി ചെയ്യുന്നു. പൂജപ്പുരയിലുള്ള വീട്ടിൽ മോനോടൊപ്പമാണ് എന്റെ താമസം. മകൾ മാധവിക്കുട്ടി സത്യം ഓൺലൈനിൽ ഉദ്യോഗസ്ഥയായിരുന്നെങ്കിലും വിവാഹശേഷം ജോലി രാജിവച്ച് ഭർത്താവും കുഞ്ഞുമായി കഴിയുന്നു. നിർഭാഗ്യമെന്നുതന്നെ പറയട്ടെ, രണ്ടുമക്കളുടെയും വളർച്ച കാണാനോ, വിവാഹം നടത്താനോ നിൽക്കാതെ 1991 ജനുവരി 23ന് തന്റെ നാൽപത്തഞ്ചാമത്തെ വയസ്സിൽ അവരുടെ അച്ഛൻ പെട്ടെന്നുണ്ടായ ഒരു ഹൃദയാഘാതത്തെ തുടർന്ന് ഈ ലോകത്തോടു വിടപറഞ്ഞു.




ഞാൻ നാൽപതോളം വർഷങ്ങളായി എസ്.എം.എസ്.എസ്. ഹിന്ദുമഹിളാമന്ദിരം എന്ന ഒരനാഥമന്ദിരവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നു. 'ജോലി' എന്നു കേട്ട് തെറ്റിദ്ധരിക്കരുത്. സേവനമാണ്. പത്തിലധികം വർഷങ്ങളായി ഞാനാ സ്ഥാപനത്തിന്റെ പ്രസിഡന്റാണ്. ഇന്ത്യയിലെ ഏറ്റവും നല്ല ഓർഫണേജിനുള്ള രാഷ്ട്രപതിയുടെ പുരസ്കാരം ഡെൽഹിയിൽ വെച്ച് ഏറ്റുവാങ്ങാൻ കഴിഞ്ഞത് എന്റെ ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നു.

എന്നോടൊപ്പം കോളേജിൽ പഠിക്കാനുണ്ടായിരുന്ന ഓമനച്ചേച്ചിയും സരളയും ഈലോകത്തോട് എന്നെന്നേയ്ക്കുമായി വിട പറഞ്ഞിരിക്കുന്നു. ഗവൺമെന്റ് കോളേജ് ചിറ്റൂരിൽ നിന്ന് അറുപത്തിനാലിൽ ഡിഗ്രി എടുത്ത് പിരിഞ്ഞവർ ചേർന്ന് ഒരു കൂട്ടായ്മ സംഘടിപ്പിക്കുകയും, കഴിഞ്ഞ കുറെ വർഷങ്ങളായി ഇപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാവരും വർഷത്തിലൊരിക്കൽ ഒത്തുകൂടുകയും ചെയ്യുന്നുണ്ട്. എഴുപത്തിയഞ്ചു വയസ്സു കഴിഞ്ഞവരുടെ ഈ സംഘടനയിൽ നിന്ന് ഓരോരുത്തരായി പൊഴിഞ്ഞുപോയിക്കൊണ്ടിരിക്കുകയാണ്. സംഗീതം പഠിപ്പിച്ച അധ്യാപകരിൽ സരോജിനി ടീച്ചർ മാത്രമാണ് ജീവിച്ചിരിപ്പുള്ളത്. ഏതായാലും പഠിച്ചു വളർന്ന വിദ്യാലയത്തെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവയ്ക്കാൻ ഇങ്ങനെയൊരവസരം തന്ന എല്ലാവർക്കും നന്ദി. ആ വിദ്യാലയത്തിൽ നിന്നു ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ ഏഴോളം പുസ്തകങ്ങൾ സ്വന്തമായി എഴുതി പബ്ലിഷ് ചെയ്യാൻ എനിക്കു കഴിഞ്ഞത് വലിയ ഒരു ദൈവാനുഗ്രഹമായി ഞാൻ കരുതുന്നു. എല്ലാവർക്കും ഭാവുകങ്ങൾ നേർന്നുകൊണ്ട് ഈ ഓർമ്മക്കുറിപ്പ് ഞാൻ അവസാനിപ്പിക്കുന്നു.

**രാധാലക്ഷ്മി പത്മരാജൻ**

എഴുത്തുകാരനും സിനിമാ സംവിധായകനുമായ പത്മരാജന്റെ സഹധർമ്മിണിയും അറിയപ്പെടുന്ന എഴുത്തുകാരിയുമായ രാധാലക്ഷ്മി പത്മരാജൻ ചിറ്റൂർ കോളേജിലെ പൂർവ്വ വിദ്യാർത്ഥിനിയാണ്. ചിറ്റൂർ സ്വദേശിനിയാണ്. പത്മരാജൻ എന്റെ ഗന്ധർവ്വൻ, തണലിടം, വസന്തത്തിന്റെ അഭ്രജാലകം, ഓർമ്മകളുടെ തുവാനത്തുമ്പികൾ എന്നിവയാണ് പ്രധാന കൃതികൾ. ആകാശവാണിയിലെ ഉദ്യോഗസ്ഥയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. (1960-1964 ബാച്ച്)





# മനസിലെ മായാത്ത മധുരോർമ്മകൾ

ശ്രീകലാ പ്രേംനാഥ്

മധുരപ്പതിനേഴും കഴിഞ്ഞ് പതിനെട്ടിലേക്ക് പോവുന്ന മനോഹരമായ വസന്തകാലം. കുഞ്ഞുനാൾ മുതൽ സംഗീതത്തെ മാത്രം സ്നേഹിച്ചിരുന്ന എന്നിലെ കുഞ്ഞുമനസിന് സംഗീതം പഠിക്കുക എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ വന്ന മനോഹരമായ അവസരം. ചിറ്റൂർ ഗവ. കോളജിൽ നിന്നാണ് ജീവിതത്തെ ഓരോ നിമിഷവും സുന്ദരമാക്കുന്ന സംഗീതം എന്നിൽ ആവേശമായി പുണർന്നത്.

ആദ്യമായി ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന് പോയതും ഹംസധ്വനി വർണം പാടിയതും ആ ടെസ്റ്റിന് കാത്തുനിൽക്കുന്ന ഭാവിയിലെ എന്റെ നല്ല സുഹൃത്തുക്കളാവുന്ന പലരും മ്യൂസിക് ഡിപ്പാർട്മെന്റിന് മുന്നിൽ നിലയുറപ്പിച്ചത് ഇന്നും മനസിൽ മായാതെ തെളിഞ്ഞ് നിൽക്കുന്നു. എന്തു വന്നാലും ഇനിയങ്ങോട്ട് സംഗീതം മാത്രമെന്ന് ഉറപ്പിച്ചുപോയ എനിക്ക്, ഒത്തിരി കഴിവുകളുള്ള സുഹൃത്തുക്കളുടെ ഇടയിൽ സെലക്ഷൻ കിട്ടിയതിലുള്ള സന്തോഷത്തിന് അതിരുകളില്ല. ഇന്നും എന്റെ പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചിട്ടുണ്ട് അന്ന് കിട്ടിയ ആ സെലക്ഷൻ കാർഡ്.

ജീവിതത്തിൽ എന്നും വെളിച്ചമായി പടരുവാനുള്ള ദീപം അവിടെനിന്ന് തിരി കൊളുത്തിയിരുന്നു. എന്നിലെ ഓരോ നിമിഷവും സംഗീതസാന്ദ്രമാവുന്നതിൽ ഈ കലാലയവും വലിയൊരു പങ്കാണ് നിർവ്വഹിച്ചതെന്ന് സന്തോഷപൂർവ്വം സ്മരിക്കുന്നു.

കോളേജിൽ ചേർന്ന ആദ്യ രണ്ടുവർഷങ്ങളിൽ ഹോസ്റ്റലിലായിരുന്നു എന്നിലെ സന്തോഷങ്ങളും സങ്കടങ്ങളും പൂത്തുലഞ്ഞത്. വീടെന്ന സ്വാതന്ത്ര്യത്തിൽനിന്നും ഹോസ്റ്റലെന്ന ഒറ്റമുറിയിലേക്ക് ജീവിതം പറിച്ചുനട്ട ആദ്യനാളുകൾ എന്നെ കുറച്ചൊക്കെ അലോസരപ്പെടുത്തി. അമ്മ, അനിയത്തി, അച്ഛൻ, നാട്, കുടുംബാംഗങ്ങൾ, കൂട്ടുകാർ അങ്ങനെയെല്ലാമായി പാറി നടന്നിരുന്ന ഞാൻ ഒറ്റമുറിയിൽ അകപ്പെട്ടപോലെയായി. പക്ഷെ, പിന്നീട് പിരിയാൻ കഴിയാത്ത വിധം അടുപ്പമായി കലാലയവും ഹോസ്റ്റലും മാറുമെന്നത് അന്നറിഞ്ഞിരുന്നില്ല. അല്ലെങ്കിലും ജീവിതത്തിലെ ചില കാര്യങ്ങളെങ്കിലും അങ്ങിനെയാണല്ലോ. ആദ്യം ഇത്തിരി കയ്ച്ചാലും പിന്നെ മധുരം എപ്പോഴും തുളുമ്പുമാറ് അവ മാറുമെന്നത് പണ്ടേ നമ്മൾ കേട്ടുവന്ന കവിവാക്യവും ഒരു നഗ്നസത്യവും.

ആദ്യവർഷത്തിൽ അന്നത്തെ എസ്.എഫ്.ഐ. റൂമിന്റെ തൊട്ടടുത്ത റൂമിലായിരുന്നു ഞങ്ങളുടെ മ്യൂസിക് ക്ലാസ് നടന്നിരുന്നത്. സുനിൽസർ ധാട്ടുവരിശകൾ പഠിപ്പിച്ചതിനുശേഷം സ്വന്തമായി അത് ഉണ്ടാക്കിക്കൊ

ണ്ടുവരാൻ പറഞ്ഞപ്പോൾ എല്ലാവരും ലളിതമായി സെറ്റുചെയ്തു വന്നു. എന്നാൽ തനിക്കുപോലും പാടാൻ കഴിയാത്ത വിധം ധാട്ടുവരിശ സെറ്റു ചെയ്തുവന്ന ചിത്രയോട് "എടോ, തനിക്കെങ്കിലും പാടാൻ പറ്റുന്നത് സെറ്റു ചെയ്തുവരണ്ടേ" എന്ന് അൽപ്പം നർമ്മം കലർത്തി സുനിൽസർ ചോദിച്ചതും അത് ക്ലാസിൽ ചിരി പടർത്തിയതും ഇന്നും മായാതെ കിടക്കുന്നു. ആദ്യത്തെ ആറുമാസം എല്ലാവരെയും പോലെ കൃത്യമായി ക്ലാസിൽ കയറുകയും പിന്നീടങ്ങോട്ട് ലാംഗ്വേജ് ക്ലാസുകൾ മനഃപൂർവ്വം കട്ടടിച്ച് ഒന്നുകിൽ അച്ചായന്റെ കടയിലെ പഴംപൊരിയുടെ രുചി അറിയുകയോ അല്ലെങ്കിൽ കോളേജിന്റെ പിറകിലെ വലിയ ഗ്രൗണ്ടിന്റെ ഓരത്തുപോയി ഇളംകാറ്റേറ്റിരിക്കുകയോ ആയിരുന്നു ഞങ്ങളിലെ കുഞ്ഞുകുഞ്ഞു കുസൃതികൾ. ആ ഗ്രൗണ്ടിന്റെ പിറകിലുള്ള മനോഹരമായ സ്ഥലം പലരും ലവേഴ്സ് കോർണറായി തെരഞ്ഞെടുത്തെങ്കിലും ഞങ്ങളെ സംബന്ധിച്ച് അധ്യാപകരുടെ കണ്ണുവെട്ടിച്ചിരിക്കുവാനുള്ള ഇരിപ്പിടങ്ങൾ മാത്രമായിരുന്നു. ആ ശോകനാശിനി പുഴയ്ക്കുപോലും ഒത്തിരി പ്രണയങ്ങളുടെയും പ്രണയനൈരാശ്യങ്ങളുടെയുമൊപ്പം ഞങ്ങളുടെ ലാംഗ്വേജ് ക്ലാസിന്റെയും കഥകൾ പറയുവാൻ കാണും.

ഈ നേരങ്ങളിൽ ഞങ്ങളുടെ കലാലയത്തിന്റെ മനോഹാരിത ആസ്വദിക്കുകയെന്നത് സ്ഥിരം ചെയ്തികളായപ്പോൾ മ്യൂസിക് ഡിപ്പാർട്ട്മെന്റിലേക്ക് പരാതികളുടെ ഘോഷയാത്രയായിരുന്നു. അധ്യാപകരിൽനിന്നുള്ള സ്നേഹശാസന ലഭിച്ചപ്പോൾ പിന്നീടങ്ങോട്ട് ആഴ്ചയിൽ രണ്ട് ദിവസം ലാംഗ്വേജ് ക്ലാസിൽ കയറി അവരുടെ കണ്ണിൽ പൊടിയിടാൻ ഞങ്ങൾ തീരുമാനിച്ചു. അങ്ങനെയിരിക്കെ, ഒരുനാൾ ഞങ്ങളെല്ലാവരും ചേർന്ന് സൊറ പറയുന്നനേരം. അച്ചായന്റെ കടയിൽനിന്ന് എല്ലാവർക്കുമായി കൊറിക്കുവാൻ എന്തെങ്കിലും വാങ്ങാൻ ചെന്നു. അവിടത്തെ പഴംപൊരി രുചിക്കുന്നതിനേക്കാൾ ഞങ്ങളുടെ ഹരം ക്ലാസ് കട്ട് ചെയ്യുന്നതിലുള്ള വൈദഗ്ധ്യം തെളിയിക്കലായിരുന്നു. ഭാഗ്യമോ നിർഭാഗ്യമോ എന്നറിയില്ല, മടങ്ങിവരുംവഴി ചെന്നുപെട്ടത് നമ്മുടെ സുഷ ടീച്ചറുടെ മുന്നിൽ. എന്തു ചെയ്യണം, എന്തുപറയണമെന്നറിയാതെ ടീച്ചറുടെ മുന്നിൽനിന്ന് പരുങ്ങി. എന്റെ പതർച്ച ടീച്ചർ മനസ്സിലാക്കിയെന്നോണം എന്നോടിങ്ങനെ ചോദിച്ചു-"എവിടെ പോയിരുന്നു ശ്രീകല? ഈ സമയം ക്ലാസ്സില്ലെ?'

"അത്...ടീച്ചർ.. ഞാൻ..."

ടീച്ചറുടെ മുന്നിൽ പെട്ടുപോവരുതെന്ന് ചട്ടംകെട്ടിയ സുഹൃത്തുക്കൾ ഒരു വശത്ത്. മറുവശത്ത് കള്ളനെപോലെ പിടിക്കപ്പെട്ട ഞാനും. സത്യത്തിൽ കിലുക്കം സിനിമയിലെ ജഗതിയുടെ അവസ്ഥയായിപ്പോയി എനിക്ക്. ആ നേരം ഇതികർത്തവ്യതാമൂഢയായി ഇരുന്നു എന്ന് പറയാൻ പറ്റിയ സന്ദർഭം. എങ്കിലും വലിയ പരുക്കേൽക്കാതെ അന്ന് രക്ഷപ്പെട്ടു.

കോളജ് പഠനത്തോടൊപ്പംതന്നെ മ്യൂസിക് ട്യൂഷനും ഞങ്ങൾ പോയിരുന്നു. ഞങ്ങളെന്ന് പറഞ്ഞാൽ, ഞാനും ആരാധികയും ചിത്രയും. നന്ദ സാറിന്റെ അടുത്തായിരുന്നു ഞങ്ങൾ ട്യൂഷന് പോവാറുണ്ടായിരുന്നത്. ആഴ്ചയിൽ രണ്ടുദിവസം വൈകുന്നേരങ്ങളിൽ ട്യൂഷൻ. ഒരു ദിവസം വൈകുന്നേരം ട്യൂഷന് പോകുവാൻ ഞാനും ആരാധികയും ചിത്രയെ കാത്തുനിൽക്കുകയായിരുന്നു. ഹോസ്റ്റലിലെ നെല്ലിമരത്തിൽ നിറയെ നെല്ലിക്കകൾ കായ്ച്ച് തളിർത്തുനിൽക്കുന്ന നേരം. എന്തും എറിഞ്ഞുവീഴ്ത്തുക എന്നത് കുട്ടിക്കാലം മുതൽ എന്നിലെ വിനോദമായിരുന്നു എന്നതിനാലും ആരുവിന് നെല്ലിക്ക കഴിക്കണമെന്നതിനാലും എറിഞ്ഞുവീഴ്ത്തുവാൻ അവൾ ആവശ്യപ്പെട്ടു. കേട്ടപാതി, കേൾക്കാത്ത പാതി





> ആ ഗ്രൗണ്ടിന്റെ പിറകിലുള്ള മനോഹരമായ സ്ഥലം പലരും ലവേഴ്സ് കോർണറായി തെരഞ്ഞെടുത്തെങ്കിലും ഞങ്ങളെ സംബന്ധിച്ച് അധ്യാപകരുടെ കണ്ണുവെട്ടിച്ചിരിക്കുവാനുള്ള ഇരിപ്പിടങ്ങൾ മാത്രമായിരുന്നു.

ഞാൻ നെല്ലിക്കയെ ഉന്നംവെച്ച് ഒറ്റയേറ്. ശടെപടെ വീഴുന്ന നെല്ലിക്കയെ പ്രതീക്ഷിച്ച എനിക്ക് ആരുവിന്റെ 'അമ്മേ' എന്നുള്ള ദീനരോദനമാണ് കേൾക്കുവാൻ കഴിഞ്ഞത്. എന്താണ് സംഭവിച്ചതെന്ന് മനസിലാവാതിരുന്ന ഞാൻ വേദനകൊണ്ട് നെഞ്ചുതടവുന്ന ആരുവിനെയാണ് കണ്ടത്. സത്യത്തിൽ ആ ഏറ് മരത്തിലെ കൊമ്പിൽ തട്ടി ആരുവിന്റെ ദേഹത്ത് വീഴുകയാണുണ്ടായതെന്ന് മനസ്സിലാക്കുവാൻ എനിക്ക് കുറച്ചു സമയം വേണ്ടിവന്നു. ആരും കണ്ടില്ലെന്ന് കരുതി അവിടെനിന്നും ഓടാൻ തുനിഞ്ഞ ഞങ്ങൾ, ഇതെല്ലാം വീക്ഷിച്ചുകൊണ്ടിരുന്ന ടീച്ചറുടെ മുന്നിലാണ് ചെന്നുപെട്ടത്. 'ഇവരോടൊന്നും പറഞ്ഞിട്ട് ഒരു കാര്യവുമില്ല' എന്ന മുനയുള്ള നോട്ടം അപ്പോഴും ആ കണ്ണിലുണ്ടായിരുന്നു.

ഇങ്ങനെ ഓരോ കുറുമ്പുകളും കുസൃതികളും സന്തോഷങ്ങളും സങ്കടങ്ങളും ഇതിനിടയിൽ വളരെ ചെറിയ രീതിയിൽ പഠനവുമെല്ലാം കഴിഞ്ഞുപോയ ഡിഗ്രിക്കാലമാണ് എന്നിലുള്ളത്. അന്നത്തെ കുസൃതികൾ ഇന്നും നല്ല ഓർമ്മകളാണ്. ഓരോ ഓർമ്മകളിലും എന്നിൽ പ്രായം കുറയുകയും മധുരമേറുകയും ചെയ്യുന്നു .


എന്റെ ലോക്കൽ ഗാർഡിയനായിരുന്ന ശ്രീലേഖ ടീച്ചർ. പത്തുമണിയോടടുക്കുമ്പോൾ വളരെ ധൃതിപ്പെട്ട് ഡിപ്പാർട്ട്മെന്റിലേക്ക് ഓടിയെത്തുന്ന ടീച്ചറുടെ രൂപം ഇപ്പോഴും കണ്ണിലുണ്ട്. ക്ലാസിലേക്ക് വന്ന് ഞങ്ങൾക്ക് ഓരോ കോമ്പോസിഷനും പറഞ്ഞുതരുമ്പോൾ 'കുറച്ചൂടെ അഴുത്തി യഴുത്തി പാട്ടു കുട്ടീ, മൊട്ടമൊട്ടയായി പാടാതെ' എന്ന് സ്നേഹത്തിൽ ചാലിച്ചായിരുന്നു ശിക്ഷണം. പിന്നീടങ്ങോട്ട് ഞാൻ എന്റെ കുഞ്ഞുങ്ങൾക്ക് ക്ലാസെടുക്കുമ്പോൾ ഈ ശൈലികളെല്ലാം അറിയാതെ എന്നിലേക്ക് വന്ന് ചേർന്നത് ടീച്ചറോടുള്ള എന്റെ ഭയഭക്തി ബഹുമാനവും അതിലേറെയുള്ള ആരാധനയുമാണെന്ന് പലപ്പോഴും മനസ്സിലാക്കിയിട്ടുണ്ട്. പൂജടീച്ചറുടെ വീണ ക്ലാസ്, ശശി സർ, അഷ്ടമൻ ർ, സുനിൽ സർ, സുഷ ടീച്ചർ, രജനി ടീച്ചർ, മിനി ടീച്ചർ, ലൈല ടീച്ചർ ഇവരുടെയെല്ലാം ക്ലാസുകളാണ് എന്നിലെ സംഗീതത്തെ വളർത്തിയതെന്ന് അവരുടെ പാദാരവിന്ദങ്ങളിൽ നമിച്ചുകൊണ്ട് സ്നേഹത്തോടെ സ്മരിക്കുന്നു.

സൗഹൃദത്തിലാണല്ലോ നമ്മുടെ കലാലയ ജീവിതം ഏറിയ പങ്കും നില കൊള്ളുന്നത്. അങ്ങിനെ ജീവിതത്തിലെന്നും മനോഹരമായ നല്ല ഓർമ്മകൾ സമ്മാനിച്ച നാൽവർ സംഘമായിരുന്നു സരോജം, പിന്റു, ചിത്ര പിന്നെ ഞാനും. ഡിഗ്രി രണ്ടാംവർഷം പകുതിയോടടുത്താണ് ഞങ്ങളിലെ സുഹൃദ്ബന്ധവും പടർന്ന് പന്തലിക്കുന്നത്. പരസ്പരം പങ്കുവെച്ച ഉച്ചയൂണിന്റെ നിറവും ഒരുമിച്ചിരുന്ന നേരങ്ങളുമെല്ലാം ജീവിതത്തിലെ ഒരിക്കലും ചിതലരിക്കാത്ത ഏടുകൾ തന്നെയാണ്. ഞങ്ങളുടെ ജാസ്ക്റ്റ് എന്ന സുഹൃത് വലയവും ഒന്നിച്ചുചേർന്ന പഠനവും കുറുമ്പും സന്തോഷങ്ങളും സന്താപങ്ങളുമെല്ലാം എന്നിലെ ജീവനെ ഒത്തിരി ഉണർത്തിയിരുന്നു. ഇങ്ങനെയുള്ള നനുത്ത ഓർമ്മകളാവാം കലാലയ ജീവിതം ഏവരുടെയും മനതാരിലെന്നും മുത്തുച്ചിപ്പിയായി കാത്തുവെയ്ക്കാൻ പ്രേരണയാവുന്നത്. എല്ലാതരം അനുഭവങ്ങളും പിന്നീട് മധുരസ്മരണകളായി മാറുന്നുവെന്നത് എത്ര സത്യം, അല്ലേ. എന്നിലെ ഓർമ്മകൾക്ക് ഒരായിരമോളങ്ങൾ തഴുകിയുണർത്തി വീണ്ടും...



**ശ്രീകല പ്രേംനാഥ്**

വി.പി. കേശവന്റെയും, എം.വി. സരസ്വതിയുടെയും മകളായി 1984ൽ കോഴിക്കോട് ജില്ലയിൽ നിട്ടൂരിൽ ജനനം. അവിടെ തന്നെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ചിറ്റൂർ ഗവണ്മെന്റ് കോളേജിൽ സംഗീതത്തിൽ ബിരുദവും, കണ്ണൂർ പയ്യന്നൂർ ആനന്ദതീർത്ഥ ക്യാമ്പസിൽ ബിരുദാനന്തര ബിരുദവും ഫസ്റ്റ് റാങ്കോടെ പാസ്സായി. ശേഷം കണ്ണൂർ പിലാത്തറ ഫൈൻ ആർട്സ് കോളേജിൽ 7 വർഷം ഗസ്റ്റ് ലെക്ചറർ ആയി സേവനമനുഷ്ഠിച്ചു. ഇപ്പോൾ കേരളദേവസ്വം ബോർഡിന്റെ കീഴിൽ ക്ഷേത്രകലാ അക്കാദമിയിൽ സംഗീത അധ്യാപികയായും, സ്വന്തമായി ഓൺലൈൻ ഓഫ്‌ലൈൻ സംഗീത ക്ലാസ്സുകളും നടത്തിവരുന്നു. ഇതിനോടകം സ്വന്തമായി എഴുതി കമ്പോസ് ചെയ്ത ഗാനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. സ്വർവിഹാർ മ്യൂസിക് സ്വന്തം യൂറ്റ്യൂബ് ചാനൽ ആണ്. അതിൽ അടുത്തിടെ ഇറങ്ങിയ പ്രണയഗാനം ജനങ്ങളുടെ ശ്രദ്ധ ആകർഷിച്ച ഗാനം തന്നെയാണ്. മയൂരനൃത്തം കലാകാരൻ ടി.എം. പ്രേംനാഥിന്റെ പത്നിയാണ്.





# മായാത്ത വസന്തം

പ്രൊഫ. ഗീത കൃഷ്ണദാസ്

വിദ്യാഭ്യാസത്തിന്റെ സാമൂഹ്യവൽക്കരണമാണ് ഏതൊരു സമൂഹത്തിന്റെയും നിലനിൽപ്പിനു ശക്തമായ അടിത്തറയാവുന്നത്. ചിറ്റൂർ ഗവണ്മെന്റ് കോളേജ് എന്ന മഹത്തായ വിദ്യാഭ്യാസ സ്ഥാപനം ഒരു ജനതയുടെ, നാടിന്റെ, സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും ലക്ഷ്യങ്ങളുടെയും സാക്ഷാത്കാരത്തിന്റെ പ്രതീകമാണ്. സ്വാതന്ത്ര്യപ്പിറവിയോടൊപ്പം ചിറ്റൂരിലെ ജനങ്ങൾക്ക് ഇരട്ടി മധുരം പകർന്ന വർഷമാണ് 1947. ഉന്നത വിദ്യാഭ്യാസം കാംക്ഷിക്കുന്ന ഇവിടത്തെ വിദ്യാർഥികൾക്ക് സ്വപ്നസാക്ഷാത്കാരം തന്നെ ആയിരുന്നു ചിറ്റൂരിൽ കോളേജ് തുടങ്ങാനുള്ള സർക്കാർ തീരുമാനം. പഴയ കൊച്ചി രാജ്യത്തെ രണ്ടാമത്തെ ഗവണ്മെന്റ് കോളേജ് എന്ന ഖ്യാതിയും നമ്മുടെ ഈ കലാലയത്തിന് സ്വന്തം.

പരിമിതമായ സൗകര്യങ്ങളോടെ ചിറ്റൂർ ഗവണ്മെന്റ് വിക്ടോറിയ ഗേൾസ് ഹൈ സ്കൂൾ കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയ ഈ കലാലയത്തിന്റെ ആദ്യ അമരക്കാരൻ പ്രൊഫസർ ടി.സി. ശങ്കരമേനോൻ ആയിരുന്നു. ഒരു സുപ്രഭാതത്തിൽ തന്നെ മഹാരാജാസ് കോളേജിൽ നിന്ന് പുതിയ കോളേജിന്റെ ചുമതലക്കാരനായി സ്ഥലം മാറ്റിയിരിക്കുന്നു എന്ന ഉത്തരവ് ലേശം പരിഭ്രമത്തോടെയാണ് കൈപ്പറ്റിയതെങ്കിലും തന്റെ സ്വതസിദ്ധമായ വിപദിധൈര്യവും "ചിറ്റൂരമ്മ കാത്തോളും" എന്ന ഒരു സുഹൃത്തിന്റെ വാക്കുകളും അദ്ദേഹത്തെ മുന്നോട്ടു നയിച്ചു എന്ന് കോളേജിന്റെ രജത ജൂബിലി സ്മരണികയിൽ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യ വർഷത്തിൽ കഷ്ടിച്ച് 160 വിദ്യാർഥികൾ - ജൂനിയർ - സീനിയർ ഇന്റർമീഡിയറ്റ് കോഴ്സുകൾ, ഗണിതം, ഇക്കണോമിക്സ്, ഫിലോസഫി എന്നീ ഡിഗ്രി കോഴ്സുകൾ - ഇങ്ങനെ ആയിരുന്നു കോളേജിന്റെ തുടക്കം. ഇന്റർമീഡിയറ്റ് കോ ഴ്സിനു ചരിത്രത്തോടൊപ്പം സംഗീതവും തിരഞ്ഞെടുത്തു പഠിക്കാവുന്ന അപൂർവ സൗകര്യം ഇവിടെ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് തോന്നുന്നു.

കോളേജിന്റെ ലക്ഷ്യവാചകവും ഔദ്യോഗിക മുദ്രയും വിഭാവനം ചെയ്തത് പ്രിൻസിപ്പൽ ആയ ശങ്കരമേനോൻ സാർ ആയിരുന്നു. അദ്ദേഹത്തിന്റെ തീരുമാനം അനുസരിച്ചാണ് കായിക മത്സരങ്ങൾക്ക് വേണ്ടി കോളേജിലെ വിദ്യാർത്ഥികളെ നാല് വിഭാഗങ്ങളാക്കി അവയ്ക്ക് നളന്ദ, തക്ഷശില, വിക്രംശില, സാരനാഥ് എന്നിങ്ങനെ പേരിട്ടത്. ശ്രീ ടി.സി.എസ്.ന്റെ കഠിനാധ്വാനവും ദീർഘവീക്ഷണവും സംഘാടനമികവും നേതൃപാടവവും ആണ് എല്ലാ പരിമിതികളെയും വിസ്മരിച്ച് ഒരു സ്വപ്നത്തിലെന്നോണം മുന്നോട്ടു പോകാൻ അധ്യാപകർക്കും വിദ്യാർഥികൾക്കും പ്രചോദനമായത്. 1949ൽ ശോകനാശിനീ തീരത്തു കോളേജിന്റെ കെട്ടിടത്തിനു തറക്കല്ലിട്ടു. 1954ൽ ഉൽഘാടനം - ശാസ്ത്ര വിഷയങ്ങളിലും ബിരുദകോഴ്സുകൾ ആരംഭിച്ചതോടെ ഈ കലാലയം ഒരു പൂർണമായ ആർട്സ് & സയൻസ് കോളേജ് ആയി മാറുകയും

ചെയ്തു. ആദ്യത്തെ കോളേജ് മാഗസിൻ പുറത്തിറങ്ങിയത് 1950ൽ. ആ വർഷം തന്നെ ആർട്സ് & ഡ്രമാറ്റിക് അസോസിയേഷൻ, ഡിബേറ്റിംഗ് ക്ലബ്, എല്ലാ വിഷയങ്ങളിലെയും അസോസിയേഷനുകളും രൂപം കൊണ്ടു.

ചിറ്റൂർ കോളേജിലെ മൂന്നാമത്തെ ബാച്ചിലെ (1949-1953) വിദ്യാർത്ഥിനി ആയിരുന്ന ശ്രീമതി കോമളത്തിന്റെ, ഞങ്ങളുടെ അമ്മയുടെ,സ്മൃതി പഥത്തിലൂടെ എത്രയോ തവണ ഈ കലാലയത്തിന്റെ ചരിത്രവഴികളിലൂടെ ഞങ്ങൾ സഞ്ചരിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ ഡിസംബർ 22 ന് തന്റെ എൺപത്തിയെട്ടാം വയസ്സിൽ ഞങ്ങളെ വേർപിരിഞ്ഞ അമ്മക്കുള്ള സ്മരണാഞ്ജലിയാണ് ഈ കുറിപ്പ്. കോളേജിന്റെ എഴുപത്തിയഞ്ചാം വാർഷികവും സ്മരണിക പ്രസിദ്ധീകരണവും ഒക്കെ അമ്മയുടെ ശ്രദ്ധയിൽ ഉണ്ടായിരുന്നു. ഡിസംബർ ആദ്യത്തെ ആഴ്ചയിൽ ഒരു ദിവസം ഇതേ കുറിച്ച് ഞങ്ങൾ എല്ലാവരും ഒരുമിച്ചിരുന്നു സംസാരിക്കുകയും ഒരിക്കൽ കൂടി അമ്മ കോളേജിലെ കൂട്ടുകാർ, അധ്യാപകർ എന്നിവരെപ്പറ്റിയൊക്കെ പറയുകയും ചെയ്തു. രണ്ടു വർഷത്തെ ഇന്റർമീഡിയേറ്റ് പഠനത്തിന് ശേഷം ഇക്കണോമിക്സ് ബി.എ.ക്കാണ് അമ്മ ചേർന്നത്. കോളേജിലെ ആദ്യ ബാച്ചിലെ വിദ്യാർത്ഥി ശ്രീ. ബാലകൃഷ്ണൻ (ഈ ഡിസംബറിൽ അദ്ദേഹവും ഓർമയായി) ഞങ്ങളുടെ അടുത്ത ബന്ധു ആയിരുന്നു. അദ്ദേഹം IA&AS ൽ ഉയർന്ന ഉദ്യോഗമായി ഡൽഹിയിൽ ആയിരുന്നു, വിരമിക്കുന്നത് വരെ. ഈ കലാലയം ഉണ്ടായിരുന്നില്ലെങ്കിൽ ഒരു പക്ഷെ അദ്ദേഹത്തെ പോലുള്ള നിരവധി വിദ്യാർഥികൾക്ക് താങ്കളുടെ ലക്ഷ്യത്തിലെത്താൻ കഴിയാതെ വന്നേനെ. ചിറ്റൂരിലെ പ്രശസ്ത അഭിഭാഷകനും കലാസാഹിത്യ പ്രവർത്തകനും പൂർവ വിദ്യാർഥി സംഘടനയുടെ പ്രധാന അംഗവുമായ ശ്രീ. ജയപാല മേനോൻ അമ്മയുടെ സഹപാഠി ആയിരുന്നു.

ബി.എ. ക്ലാസ്സിൽ ആകെ 20 വിദ്യാർഥികൾ - അവരിൽ പെൺകുട്ടികൾ വെറും അഞ്ചുപേർ!- ശ്രീമതിമാർ ചന്ദ്രിക, ബാലമീനാക്ഷി, അരുന്ധതി, തങ്കം, കോമളം. അമ്മക്ക് ഇവരുടെയൊക്കെ പേരുകൾ എന്നും ഹൃദിസ്ഥമായിരുന്നു. ആൺകുട്ടികൾ - ശ്രീ. മണി (അദ്ദേഹം ഇപ്പോൾ കൊടുവായൂരിൽ ഉണ്ട്), കുഞ്ഞിരാമൻ, രവീന്ദ്രനാഥമേനോൻ, ചന്ദ്രശേഖരൻ, ഗോപാലകൃഷ്ണൻ എന്നീ പേരുകൾ പറഞ്ഞു കേട്ടിട്ടുണ്ട്. അന്നത്തെ പ്രിൻസിപ്പൽ പ്രൊഫസർ ജി.എഫ്. പാപ്പാളി സാർ ആയിരുന്നു. കോളേജിലേക്ക് കറുകമണികളത്തിലെ വീട്ടിൽ നിന്ന് സവാരി വണ്ടിയിൽ വന്നിരുന്ന അമ്മയെയും ചെറിയമ്മമാരായ സതീ ദേവി, ഉമാദേവി എന്നിവരെയും 'bullock cart girls' എന്ന് പാപ്പാളി മാഷ് കളിയായി വിളിക്കാറുണ്ടായിരുന്നത്രെ. ഒരു സഹപാഠി 'കാലം മാറിയത്.. കാലം മാറിയത്...' എന്ന പാട്ട് (പഴയ കാലം മാറി പോച്ച് എന്ന ജമിനി ഗണേശൻ സിനിമയിലെ) പാടി കളിയാക്കിയത് പോലും ഞങ്ങൾ ഈയിടെയും കേട്ടു. ആ സഹപാഠി പിന്നീട് കുടുംബ സുഹൃത്തായതും പറഞ്ഞു കേട്ടിട്ടുണ്ട്.

അധ്യാപകരിൽ ഇംഗ്ലീഷിലെ പ്രൊഫസർ കമ്മത്തു സാർ, പ്രൊഫസർ തങ്കം, ഇക്കണോമിക്സ്സിലെ പ്രൊഫസർ പി.എസ്. വേലായുധൻ, പ്രൊഫസർ സരസ്വതി അമ്മ, (പ്രശസ്ത സാഹിത്യകാരി ശ്രീമതി രാജലക്ഷ്മിയുടെ സഹോദരി), ഫിസിക്കൽ എഡ്യൂക്കേഷനിലെ പ്രൊഫസർ കല്യാണിക്കുട്ടിയമ്മ, ഇപ്പാത്തു സാർ, ഡേവിഡ് മാഷ്, സംസ്കൃതത്തിലെ പ്രൊഫസർ സത്യഭാമ, ഇവരൊക്കെ അമ്മയുടെ വാക്കുകളിലൂടെയും വർണ്ണനകളിലൂടെയും ഞങ്ങൾക്ക് സുപരിചിതർ. സത്യഭാമ ടീച്ചർ ഒരു കുടുംബ സുഹൃത്തായിരുന്നു. അന്നത്തെ ക്ലാസുകളെ കുറിച്ച്, പ്രത്യേകിച്ച് ഇംഗ്ലീഷ് ക്ലാസ്സുകളെ കുറിച്ച് അമ്മ വലിയ ആവേശത്തോടെയാണ് പറയാറ്. എത്ര വർണിച്ചാലും അമ്മക്ക് മടുക്കാറില്ല, കേൾക്കാൻ ഞങ്ങൾക്കും. പാപ്പാളി മാഷ്ടെയും കമ്മത്തു മാഷ്ടെയും ഷേക്സ്പിയർ ക്ലാസുകൾ കേൾക്കാൻ മറ്റു ക്ലാസ്സുകളിലെ കുട്ടികൾ പോലും വരുമായിരുന്നത്രെ. ഒരു ഇംഗ്ലീഷ് അധ്യാപികയായ ഞാൻ ഇതൊക്കെ കേട്ടു അസൂയപ്പെടാറുണ്ട്. അന്ന് ട്യൂട്ടർ ആയി വന്ന ശ്രീകുമാരൻ സാർ (ഇംഗ്ലീഷ് ഡിപ്പാർട്മെന്റ്) പിന്നീട് ദീർഘകാലം ചിറ്റൂർകോളേജിൽ തന്റെ സേവനം തുടർന്നു. അദ്ദേഹത്തിന്റെ മകൾ ശ്രീമതി രമയും അച്ഛന്റെ പാത പിന്തുടർന്ന് ഇംഗ്ലീഷ് പ്രൊഫസർ ആയി, ഇവിടെ തന്നെ.

അന്ന് എല്ലാ വിദ്യാർഥികളും കായിക മത്സരങ്ങൾക്കുള്ള പരിശീലനത്തിൽ പങ്കെടുക്കണമെന്ന് നിർബന്ധമായിരുന്നു. ക്ലാസുകൾ കഴിഞ്ഞതിനു ശേഷമായിരുന്നു ഇതിനുള്ള സമയം. ആദ്യമൊന്നും അമ്മ പങ്കെടുക്കാൻ താൽപ്പര്യം കാണിച്ചില്ലെങ്കിലും. കല്യാണിക്കുട്ടി അമ്മ ടീച്ചറുടെ കർശന നിർദ്ദേശത്തെ തുടർന്ന് വൈകുന്നേരങ്ങളിൽ പരിശീലനത്തിന് നിൽക്കുമായിരുന്നു. സ്കിപ്പിംഗ്, ത്രോബാൾ, റിലേ, റേസ് എന്നീ ഇനങ്ങളിൽ പങ്കെടുത്തു വിജയിച്ച സർട്ടിഫിക്കറ്റുകൾ തത്തമംഗലം മൂത്തേടത്തു വീട്ടിലെ പഴയ അലമാരയിൽ നിന്ന് കിട്ടിയപ്പോൾ അഭിമാനപൂർവം ഞങ്ങൾക്ക് കാണിച്ചു തന്നത് ഓർക്കുന്നു. അമ്മ സാരാനാഥ് ഹാളിലെ അംഗമായിരുന്നു. ട്രോഫി കിട്ടിയപ്പോൾ എടുത്ത ഫോട്ടോ ഇപ്പോഴും ഞങ്ങൾ സൂക്ഷിക്കുന്നു. ഫോട്ടോയിൽ കൂടെയുള്ള ശ്രീമതി കൊച്ചമ്മിണി വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ ആയാണ് വിരമിച്ചത്. ആർട്സ് എൻഡ് ഡ്രാമാറ്റിക് അസോസിയേഷനിൽ അമ്മയും ശ്രീമതി സുശീലയുമായിരുന്നു പെൺകുട്ടികളുടെ പ്രതിനിധികൾ. സുശീല ടീച്ചർ - സംഗീത വിഭാഗത്തിലെ ശ്രീമതി ദേവകിയമ്മ ടീച്ചറുടെ ശിഷ്യ- പിൽക്കാലത്തു അവരുടെ പിൻഗാമിയായി ഇവിടെ തന്നെ അധ്യാപികയായി - സംഗീത വിഭാഗത്തിന്റെ 'തലൈവി' ആയി വിരമിച്ചു - എന്നും അമ്മയോടുള്ള സൗഹൃദം തുടർന്നു.

താരതമ്യേന സംഭവബഹുലമല്ലാത്ത നാലു വർഷങ്ങൾ അമ്മക്ക് ജീവിതത്തിലെ ഏറ്റവും അമൂല്യമായ കാലഘട്ടമായിരുന്നു. വർഷങ്ങൾക്കിപ്പുറം 1977- 1990 കാലഘട്ടത്തിൽ ഞാനും എന്റെ സഹോദരൻ ജയപ്രകാശും സഹോദരിമാരായ ജയശ്രീയും സുചിത്രയും എന്റെ സഹപാഠിയും പിന്നീട് ജീവിത പങ്കാളിയുമായ എൻ. എൻ. കൃഷ്ണദാസും ഇവിടെ വിദ്യാർത്ഥികളായി. കാലത്തിന്റെ മാറ്റങ്ങൾ സ്വാഭാവികമായി കോളേജിനും ഉണ്ടായി. എങ്കിലും ഈ കലാലയത്തിന്റെ സ്വന്തമായ നൈതികതക്കും ജൈവിക സ്വഭാവത്തിനും മാറ്റമേതും വന്നിട്ടില്ല. ശോകനാശിനിയുടെ തീരത്ത്, നെൽപ്പാടങ്ങളുടെ നടുവിൽ നില കൊള്ളുന്ന ചിറ്റൂരിന്റെ ഈ സ്വപ്നസാഫല്യത്തിന് എല്ലാ തലമുറകളെയും സ്വാധീനിക്കാൻ കഴിയുന്നു.

കോളേജിന് പ്രഗത്ഭരായ പ്രിൻസിപ്പൽമാരുടെ നീണ്ടനിര തന്നെ ഉണ്ടായി. ശ്രീ. ഡി.ബി. നായർ, ചിറ്റൂർക്കാരുടെ സ്വന്തം പ്രഭാകരൻ എന്ന എം.വൈ.പി. (എം.വൈ. പ്രഭാകരമേനോൻ), നീലകണ്ഠൻ നമ്പീശൻ, ശ്രീമതി. ലീല പണ്ടാല, ശ്രീ. ശിവരാമ അയ്യർ തുടങ്ങിയവരൊക്കെ ഞങ്ങളുടെ കാലങ്ങളിൽ കോളേജിനെ നയിച്ചവരാണ്. ഞങ്ങളുടെ അച്ഛൻ, അഡ്വക്കേറ്റ് പി. ഗോവിന്ദൻ ദീർഘകാലം കോളേജിന്റെ രക്ഷ

കർത്തൃ സംഘടനയുടെ പ്രസിഡന്റ് ആയിരുന്നു. അക്കാരണത്താൽ വീട്ടിൽ കോളേജിലെ അധ്യാപകർ പലരും പതിവ് സന്ദർശകരായിരുന്നു. അവരിൽ നമ്പീശൻ മാഷെയും ലീല പണ്ടാല ടീച്ചറെയും തമിഴ് അധ്യാപിക പ്രൊഫസർ ഗീതയെയും. ചരിത്രാധ്യാപിക പ്രൊഫസർ രാധയെയും ഫിലോസഫി ഡിപ്പാർട്മെന്റിലെ നന്ദകുമാർ മാഷെയും ഹിന്ദി അധ്യാപിക സുമതി ടീച്ചറെയുമൊക്കെ പ്രത്യേകം ഓർക്കുന്നു. അന്നൊക്കെ അമ്മക്ക് ആതിഥേയയുടെ വേഷമായിരുന്നു. അമ്മ ഉണ്ടാക്കുന്ന വിഭവങ്ങൾക്ക് സ്നേഹപൂർവമായ പ്രശംസയും കിട്ടിയിരുന്നു എന്ന് ഓർക്കുന്നു.

ഈ കുറിപ്പിൽ പരാമർശിച്ച പല പേരുകാരും ഇന്ന് നമ്മളോടൊപ്പം ഇല്ല എന്ന ദുഃഖസത്യം ഉൾക്കൊള്ളാതെ വയ്യ. എന്നാൽ നമ്മുടെ ഈ പ്രിയപ്പെട്ട കലാലയത്തിന്റെ ഹൃദയത്തിൽ അവരെല്ലാവരും ഉണ്ട് എന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം. അതേ, ഈ കോളേജ് ആരെയും മറക്കില്ല, ഒരു പേരും മായ്ച്ചു കളയുകയും ഇല്ല. ഇവിടെ പതിഞ്ഞ, പതിയുന്ന ഓരോ കാൽപ്പാടുകളും എന്നും മായാതെ ഈ ശോകനാശിനീ തീരത്തു ഉണ്ടാകും എന്നൊരു ഉറപ്പ് നമുക്ക് തരുന്നുണ്ട് ചിറ്റൂർ കോളേജിന്റെ ഭൂമിക. എഴുപത്തിയഞ്ചു വർഷങ്ങൾ പിന്നിട്ട, പ്രാണൻ പോലെ പ്രിയപ്പെട്ട കലാലയത്തിന്, പകരം തരാൻ ഈ വാക്കുകൾ മാത്രം. ഞങ്ങളുടെ അമ്മയെപ്പോലെ എത്രയോ വിദ്യാർഥികൾക്ക് വിലമതിക്കാൻ ആവാത്ത സന്തോഷവും ഓർമകളും സമ്മാനിച്ച എന്റെയും കൂടിയായ ഈ കോളേജിനു ധാരാളം പിറന്നാളുകൾ ഇനിയുമിനിയും ഉണ്ടാവട്ടെ. തലമുറകൾ, ഓർമകളും സ്നേഹവുമായി എന്നുമെന്നും ഇവിടേയ്ക്ക് കടന്നു വരട്ടെ.





**പ്രൊഫ. ഗീത കൃഷ്ണദാസ്**

1977 മുതൽ ചിറ്റൂർ കോളേജിൽ. 1982ൽ ബി.എ. എക്കണോമിക്സ് പാസ്സായി. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ ഇംഗ്ലീഷ് വിഭാഗം അസോ സിയേറ്റ് പ്രൊഫസറായി 2018ൽ വിരമിച്ചു. രാഷ്ട്രീയ സാംസ്കാരിക നേതാവായ എൻ.എൻ. കൃഷ്ണദാസിന്റെ പത്നിയാണ്.

# ഗവൺമെന്റ് കോളേജ് ചിറ്റൂർ- അലുമ്നി അസോസിയേഷൻ

ഗവൺമെന്റ് കോളേജ് ചിറ്റൂരിന്റെ മൊത്തത്തിലുള്ള വികസനത്തിനായി പിന്തുണ നൽകുവാനും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് കൈത്താങ്ങാകുവാനും ലക്ഷ്യമിട്ടുകൊണ്ട് രൂപീകൃതമായ പൂർവ്വവിദ്യാർത്ഥി സംഘടനയാണ് ജി.സി.സി. അലുമ്നി അസോസിയേഷൻ. 1956 ബാച്ചിലെ എ.വി. ഹരിദാസ് പ്രസിഡന്റായും 1966 പ്രീഡിഗ്രി ബാച്ചിലെ പ്രൊഫ. ജയദേവൻ സെക്രട്ടറിയായും 2012-ലാണ് അലുമ്നി അസോസിയേഷന് തുടക്കം കുറിച്ചത്. അന്നുമുതൽ, വിദ്യാർത്ഥികളുടെ ക്ഷേമത്തിനായും കോളേജ് അഡ്മിനിസ്ട്രേഷനെ പിന്തുണയ്ക്കുന്ന ഒരു സംവിധാനമായും അസോസിയേഷൻ മുൻപന്തിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

'ചിറക്' എന്ന പേരിലുള്ള പദ്ധതിപ്രകാരം വിദ്യാർത്ഥികളുടെ സ്പോൺസർഷിപ്പ്, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലെ മികവിന് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ, സ്ഥാപനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പിന്തുണാ സംവിധാനം, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പരിശീലനം, ഫാക്കൽറ്റി പ്രോഗ്രാമുകൾ. സ്പോൺസർ ചെയ്ത ഇവന്റുകൾ, ചാരിറ്റിക്ക് വേണ്ടിയുള്ള ഫണ്ട് റൈസിംഗ് പ്രോഗ്രാമുകൾ, പൂർവ്വവിദ്യാർത്ഥികൾക്കായി നെറ്റ്വർക്കിംഗ് വിനോദ പരിപാടികൾ മുതലായവ അലുമ്നി അസോസിയേഷൻ നടത്തിവരുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന യോഗ്യരായ വിദ്യാർത്ഥികളെ ചിറ്റൂർ കോളേജിലെ പഠനകാലത്ത് മൂന്ന് വർഷത്തേക്ക് പ്രതിവർഷം 14,000 രൂപ ധനസഹായത്തോടെ പിന്തുണയ്ക്കുന്ന അസോസിയേഷന്റെ സിഗ്നേച്ചർ ചാരിറ്റി പ്രോഗ്രാമാണ് 'ചിറക്'. ഈ സംരംഭത്തിന് 2017-18 വർഷത്തിലാണ് തുടക്കമായത്. ഈ പദ്ധതിക്കായി ഇതുവരെ 13.86 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പഠനത്തിലെയും അനുബന്ധ പാഠ്യേതരപ്രവർത്തനങ്ങളിലെയും മികവിന് ഓരോ വർഷവും നിരവധി എൻഡോവ്മെന്റ് അവാർഡുകൾ നൽകി വരുന്നുണ്ട്. 2016-17 മുതൽ ഇതുവരെ 68 വിദ്യാർത്ഥികൾക്ക് 2.64 ലക്ഷം രൂപ 'അക്കാദമിക് എക്സലൻസ്' അവാർഡായി വിതരണം ചെയ്തിട്ടുണ്ട്. അലുമ്നികൾ പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്കായി എൻഡോവ്മെന്റും നൽകി വരുന്നുണ്ട്.

4400 ചതുരശ്ര അടി വിസ്തൃതിയിൽ ഏകദേശം 7 ലക്ഷം രൂപ ചെലവിൽ ടൈൽ പാകിയ ഓപ്പൺ എയർ സ്റ്റേജും പൂർവ്വ വിദ്യാർഥി പാർക്കും നിർമ്മിച്ച് കോളേജിന് കൈമാറിയത് 2017 ലാണ്. ഈ 'വനജം' സ്റ്റേജ് നിലവിൽ കോളേജിന്റെ സർഗവേദി ആയി മാറിയിട്ടുണ്ട്.



# ശോകനാശിനീതീരത്തെ സൗവർണ്ണകാലം

മഞ്ജു മേനോൻ

പ്രീഡിഗ്രി കോളേജിന്റെ ഭാഗമായിരുന്ന കാലം. ആ സുവർണ്ണകാലത്താണ് പ്രീഡിഗ്രി തേർഡ് ഗ്രൂപ്പ് വിദ്യാർത്ഥിനിയായി ഞാൻ എത്തുന്നത്. പത്താംക്ലാസ്സുവരെ എറണാകുളത്തുപഠിച്ച എനിക്ക് ചിറ്റൂർ പ്രദേശവും കോളേജും ഗ്രാമീണാന്തരീക്ഷവും എല്ലാം തികച്ചും അപരിചിതവും അത്ഭുതവും ആയിരുന്നു. സംഗീതപഠനത്തിലേക്ക് തിരിയാനാണ് ഈ കോളേജിൽ ഞാൻ എത്തുന്നത്. പിന്നീടുള്ള ഏഴുവർഷം, പാലക്കാട് - ചിറ്റൂരിന്റെ താളത്തിനൊത്തു നടക്കുകയായിരുന്നു. സംഗീതവിദ്യാർത്ഥിനിയായ എനിക്ക് എന്റെ കലാലയജീവിതത്തിലുണ്ടായ വളർച്ചയിൽ ഏറെ നല്ല ഓർമ്മകൾ ഈ കലാലയം സമ്മാനിച്ചിട്ടുണ്ട്. നല്ല അധ്യാപകർ, അനേകം സുഹൃത്തുക്കൾ എന്നത് എല്ലാവരേയും പോലെ എനിക്കും ലഭിച്ചു. പ്രീഡിഗ്രി പഠനകാലത്താണ് ഞാൻ ആകാശവാണിയിൽ ഓഡിഷൻഡ് ആവുന്നത്. ആ കാലത്തുതന്നെയാണ് സിനിമാ പിന്നണിഗാനരംഗത്തും എത്തുന്നത്.

കോളേജിനെ പ്രതിനിധീകരിച്ച് ഇന്റർ സോൺ, സൗത്ത് സോൺ, നാഷണൽ ലെവൽ മത്സരങ്ങളിൽ സമ്മാനങ്ങൾ വാങ്ങിയതും അഭിമാനത്തോടെ ഓർക്കുന്നു.

കോളേജിലെ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ അസോസിയേഷൻ പരിപാടികളിൽ പാടാൻ പോകാറുള്ളതും കോളേജ് ഡേയ്ക്ക് സംഗീതപരിപാടികൾ അവതരിപ്പിച്ചതും എല്ലാം ഇന്നും മനസ്സിൽ സന്തോഷം പകരുന്ന ഓർമ്മകളാണ്. ശോകനാശിനിപ്പുഴയുടെ തീരത്ത് പ്രൗഢിയോടെ നിൽക്കുന്ന ഈ കലാലയത്തിൽ പഠിക്കുവാൻ സാധിച്ചു എന്നതും അവിടെ ഒരു കൈയൊപ്പ് പതിക്കുവാനായി എന്നതും അഭിമാനത്തോടെ ഓർക്കുന്നു.



**മഞ്ജു മേനോൻ**

1991 മുതൽ 1998 വരെയുള്ള കാലഘട്ടത്തിൽ ചിറ്റൂർ കോളേജിലെ സംഗീത വിദ്യാർത്ഥിനിയായിയായിരുന്നു. ബിരുദാനന്തര ബിരുദം നേടിയതിനുശേഷം എം.ഫിൽ കരസ്ഥമാക്കിയിട്ടുണ്ട്. നിരവധി സിനിമകളിൽ ശ്രദ്ധേയമായ ഗാനങ്ങൾ പാടി കഴിവു തെളിയിച്ച മഞ്ജു മേനോന് 2006 ൽ നല്ല ഗായികയ്ക്കുള്ള കേരള സർക്കാരിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്. അഞ്ഞൂറിലധികം ആൽബങ്ങളിൽ വ്യത്യസ്തങ്ങളായ ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. ഇന്ത്യയിലും വിദേശത്തും നിരവധി സ്റ്റേജുകളിൽ സംഗീത പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ആകാശവാണിയിലെ ഗ്രേഡഡ് ആർട്ടിസ്റ്റ് ആയ മഞ്ജു മേനോൻ ലളിതസംഗീതത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ച് 2021ൽ കേരള സംഗീത നാടക അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. ടെലിവിഷൻ പരിപാടികളും അവതരിപ്പിക്കാറുണ്ട്.






# ഓർമ്മയിലെ ചിറ്റൂർ കോളജ്

ഡോ. പി.വി. രാമൻകുട്ടി

1973 ജൂൺ. തത്തമംഗലം വഴി പോകുന്ന ബസ്സ്. അതിൽ നിന്നൊരു ചെറുപ്പക്കാരൻ ഇറങ്ങി. തലയുയർത്തി നിന്ന ആ മന്ദിരത്തെ അയാൾ ആകാംക്ഷയോടെ, ഉദ്വേഗത്തോടെ നോക്കി നിന്നു. തണൽമരങ്ങൾ ചൂഴുന്ന മുന്നിലെ വഴിത്താരക്കപ്പുറം അത് നിലകൊണ്ടു. ഗവ. കോളജ് ചിറ്റൂർ. ആവേശം കൊണ്ടും പരിഭ്രമം കൊണ്ടും അയാൾ വിയർത്തു കുളിച്ചു. ആരും ശ്രദ്ധിച്ചില്ല. കൈയിലുള്ള ഫയലിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള താൽക്കാലിക നിയമന ഉത്തരവ് ഭദ്രം. കോണിപ്പടികൾ കയറി ഓഫീസിലെത്തി ഉത്തരവ് കൊടുത്ത് ജോലിയിൽ പ്രവേശിച്ചു. ട്യൂട്ടർ ഇൻ സാൻസ്ക്രിറ്റ്. 190-320 ആണ് വേതനം. ഈ ലേഖകന്റെ കോളജദ്ധ്യാപക ജീവിതത്തിന്റെ നാന്ദി.

ഡിപ്പാർട്ട്മെന്റിൽ മധ്യവയസ്സ് കഴിഞ്ഞ സൗമ്യനായ ഒരാൾ ഇരുന്നു. നേർത്ത ചന്ദനക്കളർ സ്ലാക്ക് ഷേർട്ട്. മന്നാടിയാർ മാഷ്. അദ്ദേഹം ചിരിച്ചു:

"വരൂ. പട്ടാമ്പി കോളജിൽ പഠിച്ചു?"

"അതെ"

"ക്ലാസ്സും റാങ്കും ഒക്കെ ഉണ്ട്, അല്ലേ?"

ചെറുപ്പക്കാരൻ തലയാട്ടി.

"കംബയിന്റ് ക്ലാസ് ആണ്. ബി.എ, ബി.എസ്സി, ബി.കോം ഒക്കെയുണ്ട്. ഡിഗ്രി രണ്ടാം വർഷം സെക്കന്റ് ലാംഗ്വേജ് സംസ്കൃതം ക്ലാസ്. മലയാളം എല്ലാവർക്കും അറിയില്ല. ഇംഗ്ലീഷിൽ പഠിപ്പിക്കണം. ഇന്ന് തന്നെ തുടങ്ങാൻ പറ്റുമോ?"

ഉള്ളിലൂടെ ഒരു വിറ കേറി. എന്നാലും പറഞ്ഞൊപ്പിച്ചു:

"പോകാം" . മന്നാടിയാർ മാഷ് ഒരു പുസ്തകം കൈയിൽ തന്നു. കാദംബരിസംഗ്രഹം.

ക്ലാസ്സിൽ ചെന്നപ്പോൾ അൻപതിൽ കൂടുതൽ കുട്ടികൾ. പെൺകുട്ടികളും ആൺകുട്ടികളും. ഉയർന്ന പ്ലാറ്റ് ഫോം കണ്ടപ്പോൾ ഒന്നുകൂടി പതറി. അതിൽ കയറി നിന്നു വേണം പഠിപ്പിക്കാൻ. അഭ്യാസം പാളിപ്പോകുമോ എന്ന് വീണ്ടും ഭയന്നു. പുസ്തകം തുറന്നു നോക്കാതെ ബാണഭട്ടനെക്കുറിച്ച് പറഞ്ഞു തുടങ്ങി. എവിടെ നിന്നൊക്കെയോ വാക്കുകൾ കുതിച്ചെത്തി എന്നെ പൊതിഞ്ഞു. ബാണന്റെ കടലുപോലെ സമൃദ്ധമായ ഭാഷ. അതിന്റെ തിരനിരകൾ. ശുകനാസനും താരാപീഡനും ചന്ദ്രാപീഡനുമൊക്കെ എവിടെ നിന്നോ ഓടിയെത്തി എന്നിൽ നിറഞ്ഞു. അച്ഛോദസരസ്സിന്റെ അപാരതയിലക്ക് ഞാൻ ഊളിയിട്ടു. ആശ്രമാങ്കണത്തിന്റെ തണൽപ്പരപ്പിലൂടെ ഹൃദയത്തിൽ പുണ്ഡരീകനെന്ന പ്രണയനിലാവുമായി മഹാശ്വേത നടന്നു. കാത്തിരിപ്പിന്റെ അഗ്നിശലാകപോലെ ഒരു തരുണീസാന്നിദ്ധ്യം പർണ്ണശാലാപരിസരത്തിലെ ഫലസമൃദ്ധിയാൽ കനം തൂങ്ങി നിന്ന വനസ്പതികൾ അവളിൽ കനിഞ്ഞു. കൈത്തളിരില


> ❝
>
> **ഇപ്പോൾ ഓർമ്മയിലെ**
> **നിറമുള്ള ഒരു പെയിന്റിംഗ് പോലെ,**
> **അക്ഷരങ്ങൾ സ്പന്ദിച്ചുനിന്ന,**
> **വഴിത്താരകളിൽ ഹരിതകവുമണിഞ്ഞ്**
> **വനസ്പതികൾ മന്ദഹസിച്ചുനിന്ന,**
> **വയലേലകൾക്കിടയിലൂടെ മെലിഞ്ഞ്**
> **നീണ്ടുപോകുന്ന കറുത്ത**
> **പാതകൾക്കരികെ**
> **സാകൂതം നാളെകളിലേക്കുറ്റു നോക്കുന്ന,**
> **എന്റെ ആ പഴയ കലാലയം!**

മർന്നിരുന്ന വെള്ളിത്തളികയിൽ പഴങ്ങൾ നിറഞ്ഞു. പ്രകൃതി മന്ദഹസിച്ചു നിൽക്കവെ സൗമ്യമായ മിഴികൾ അതിഥിയെ എതിരേറ്റു -ചന്ദ്രാപീഡൻ.

ബെല്ലടിച്ചു. ഒരു മണിക്കൂർ കഴിഞ്ഞിരിക്കുന്നു. "താങ്ക് യു സർ" - കുട്ടികളിൽ നിന്ന് ആദ്യം ലഭിച്ച സൗഹൃദവാണിയായി അത് ഉള്ളിൽ കിടന്നു. കോളജദ്ധ്യാപകനായി തുടക്കം കുറിച്ച ആ വർഷാകാലദിനം ഉള്ളിൽ സൂക്ഷിച്ച് ആ സായന്തനത്തിൽ ചിറ്റൂർ തെക്കേ ഗ്രാമത്തിൽ മാമി ദയാപുരസ്സരം നൽകിയ ഒറ്റമുറിയിലേക്ക് തിരിച്ച് ബസ്സ് കേറിയതോർക്കുന്നു.

ഓർമ്മകൾ പിന്നെയുമുണ്ട്. പ്രിൻസിപ്പൽ ഷേണായി സാർ ചിലപ്പോഴൊക്കെ വരാന്തയിലൂടെ നടന്നു. കണ്ണടക്കുള്ളിലൂടെയുള്ള അദ്ദേഹത്തിന്റെ നോട്ടം കലാലയത്തിന്റെ എല്ലായിടത്തും എത്തി. മററൊരു സന്ധ്യക്ക് തെക്കേ ഗ്രാമത്തിനടുത്തു വച്ച് ഒരു വിരുന്നുസൽക്കാരം കഴിഞ്ഞ് തിരിച്ചു വരികയായിരുന്ന അദ്ദേഹം ചിലരുടെ അതിക്രമത്തിന് വിധേയനായതിനും സാക്ഷിയായത് ഓർത്തു പോവുകയാണ്. പിന്നെ തത്തമംഗലത്തുകാരനും പട്ടാമ്പി കോളജിൽ മലയാളം എം.എ.ക്ക് പഠിച്ചിരുന്നയാളുമായ മുരളി, തത്തമംഗലം സായൂരിലെ വാസുദേവൻ മാഷ്, അമൃത ടീച്ചർ, ഗോപാലകൃഷ്ണൻ മാഷ്, പോരാട്ടങ്ങളുടെ മുന്നിൽ നിന്നിരുന്ന ഭാസ്കരൻ മാഷ്, എഴുത്തുകാരനായ മുല്ലശ്ശേരി ചന്ദ്രൻ മാഷ്, പാർത്ഥൻ മാഷ്, ചിറ്റൂർ കോളജിലെ തമിഴ് പ്രൊഫസറായിരുന്ന രാജാറാം അങ്ങിനെ നിരവധി പേർ ഓർമ്മകളിൽ മുഖം കാണിക്കുന്നു. അവരൊക്കെ ഏതൊക്കെയോ അണിയറകളിൽ വേഷമഴിച്ചു വെച്ച് ചിരിച്ചു നിൽപ്പുണ്ടാകണം. ചിറ്റൂർ കോളജിലെ ഫിലോസഫി ഡിപ്പാർട്ട്മെൻ്റിലെ ചാക്കോ മാഷ് ചെറുപ്പത്തിന്റെ പ്രസരിപ്പുമായി കൂടെ നിന്നു. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ സദാശിവൻ മാഷ് ഇടക്കൊക്കെ താൻ തന്നെ വരച്ചെടുത്ത പെയിന്റിങ്ങുകൾ കൊണ്ടുവന്നു. നിഴലും നിലാവും ചന്ദ്രനും പുഴയും മലയുമൊക്കെ പലനിറങ്ങളിലായി വരച്ചെടുത്ത ആ കടലാസ്സ് കഷ്ണങ്ങൾ ഓർമ്മകളിലെ യവനികയിൽ തുന്നിച്ചേർത്ത പോലെ, മായാതെ നിൽക്കുന്നു. ചിലതൊക്കെ അദ്ദേഹമെനിക്ക് സമ്മാനമായി തന്നു. ഞാൻ അവ നോട്ട് ബുക്കിലെ താളുകൾക്കിടയിൽ സുരക്ഷിതമായി സൂക്ഷിച്ചു വച്ചത് ഇപ്പോഴൊരു നേർത്ത ചിരിയോടെ ഓർത്തെടുക്കുകയാണ് - കുട്ടികൾ പീലി മാനം കാണാതെ സൂക്ഷിക്കുന്നതു പോലെ.

ഇപ്പോൾ ഓർമ്മയിലെ നിറമുള്ള ഒരു പെയിന്റിംഗ് പോലെ, അക്ഷരങ്ങൾ സ്പന്ദിച്ചുനിന്ന, വഴിത്താരകളിൽ ഹരിതകവുമണിഞ്ഞ് വനസ്പതികൾ മന്ദഹസിച്ചുനിന്ന, വയലേലകൾക്കിടയിലൂടെ മെലിഞ്ഞ് നീണ്ടുപോകുന്ന കറുത്ത പാതകൾക്കരികെ സാകൂതം നാളെകളിലേക്കുറ്റു നോക്കുന്ന, എന്റെ ആ പഴയ കലാലയം. ഗവ. കോളജ് ചിറ്റൂർ. ശാകുന്തളവും പ്രതിമാനാടകവുമൊക്കെയായി അവിടുത്തെ ക്ലാസ്സുകളെന്ന രംഗവേദിയിൽ ആടിയ ചെറുപ്പത്തിന്റെ ആ ദിനങ്ങൾ മറക്കാനാവാത്ത പഴയൊരു മനോഹര ചലച്ചിത്രം പോലെ ഉള്ളിൽ തുടിച്ചു നിൽക്കുകയാണ്.



**ഡോ. പി.വി. രാമൻകുട്ടി**

1972ൽ ഗവ. ഹൈസ്കൂൾ തത്തമംഗലത്ത് ഔദ്യോഗികജീവിതം ആരംഭിച്ചു. 1973 ൽ ഗവ. കോളേജ് ചിറ്റൂരിലും ദീർഘകാലം പട്ടാമ്പി സംസ്കൃതകോളേജിൽ സംസ്കൃതം പ്രൊഫസറുമായിരുന്നു. എളേരിത്തട്ട് ഗവ. കോളേജിൽ നിന്ന് പ്രിൻസിപ്പലായി റിട്ടയർ ചെയ്തു. കാണിപ്പയ്യൂർ ലൈബ്രറി പബ്ലിക്കേഷൻ വിഭാഗം ചീഫ് എഡിറ്റർ, കാലടി ശ്രീ ശങ്കര സർവ്വകലാശാലയിൽ പല തവണ വിസിറ്റിംഗ് പ്രൊഫസർ, സംസ്കൃതം അഡ്ജങ്റ്റ് പ്രൊഫസറും സർവ്വകലാശാലയുടെ സിൻഡിക്കറ്റ് മെമ്പറും ആയിരുന്നു. രചനകൾ: അമരഭാരതി - സംസ്കൃത വിജ്ഞാനധാരകൾ, ഋഗ്വേദ ഭൂമിക, യജുർവ്വേദസമീക്ഷ (കേരള സാഹിത്യ അക്കാദമി അവാർഡ്), ആരണ്യകങ്ങൾക്ക് ഒരാമുഖം, ധനുർവ്വേദം, വേദദീപിക - ലേഖന സമാഹാരം, കൃതിയും കാഴ്ചയും, വാക്കും വെളിച്ചവും, കല കവിത ചിന്തന, അകലം - കവിതാസമാഹാരം, മഹാഭാരതഗാഥ (അച്ചടിയിൽ), മഹാഭാരതം - തർജ്ജമ. (ചില പർവ്വങ്ങളുടെ), സംസ്കൃതത്തിനു നൽകിയ സമഗ്ര സംഭാവനയെ ആസ്പദമാക്കി പൂന്തോട്ടം അവാർഡ് ലഭിച്ചിട്ടുണ്ട്.





# അച്ഛനും ആനന്ദൻ മാഷും

ഡോ. പി.ആർ. ജയശീലൻ

അരക്ഷിതവും ഏകാന്തവും ലക്ഷ്യബോധവുമില്ലാത്ത ചില കൗമാര സഞ്ചാരങ്ങൾ. അവ പിൽക്കാല ജീവിതത്തിന്റെ മാറ്റുകൂട്ടുന്നു. ഒന്നും നഷ്ടങ്ങളല്ല എല്ലാം പുതുമയാർന്ന ജീവിതചിത്രങ്ങൾ.

1983 വർഷം. ചിറ്റൂർ കോളേജിലെ പ്രീഡിഗ്രി കാലം. അതിനു മുമ്പുള്ള പത്താം ക്ലാസുവരെയുള്ള കാലത്തിനും അതിനു ശേഷമുള്ള ബിരുദബിരുദാനന്തരത്തിനും ഇടയ്ക്കുള്ള ഒരു കാലം. അപരിചിതത്വമായിരുന്നില്ല പ്രശ്നം. എനിക്ക് കുട്ടിക്കാലം മുതൽ അതുണ്ടായിരുന്നില്ല. എത്തിച്ചേരുന്ന ഇടങ്ങളും കാണുന്ന വ്യക്തികളും എക്കാലത്തും ചിരപരിചിതർ തന്നെ. എന്നാലും ചിറ്റൂർ കോളേജിലെ ആ രണ്ടു കൊല്ലക്കാലം എനിക്ക് ഒരൊറ്റ സുഹൃത്തും ഉണ്ടായിരുന്നില്ല. പ്രണയവും വിപ്ലവവും തൊട്ടുതീണ്ടാത്ത ജീവിതത്തിന്റെ ഒരു കാലം. എങ്കിലും ഉള്ളിൽ ആത്മവിശ്വാസമുള്ള ഒരു നിഷേധിയും വായനക്കാരനും സൗന്ദര്യാരാധനകനും പ്രവർത്തിച്ചിരുന്നു. അതുകൊണ്ടുതന്നെ രണ്ടു കൊല്ലക്കാലം ഞാൻ കയറിയ ക്ലാസുകളുടെ എണ്ണം, (പ്രാക്റ്റിക്കൽ ഒഴിച്ചുള്ളവ) വിരലിലെണ്ണാവുന്നതു മാത്രം.

ചിറ്റൂർ കോളേജിന് ഞാൻ പിന്നീട് പഠിച്ച സെന്റ് തോമസിൽ നിന്നും വിക്ടോറിയ കോളേജിൽ നിന്നും വ്യത്യസ്തമായി ചിലതുണ്ടായിരുന്നു. കോളേജിന്റെ തീരത്തുകൂടി ഒഴുകുന്ന പുഴ. ഒപ്പം കോളേജിന്റെ ചുറ്റുമുള്ള പ്രകൃതിഭംഗി. കോളേജിനകത്താകട്ടെ ക്ഷേത്രത്തിന്റെ ചുറ്റമ്പലം പോലെയുള്ള പ്രദക്ഷിണ വഴികൾ. ഒരു ഡബിൾ സ്റ്റോറി അമ്പലം എന്നു പറയാം. ഡബിൾ സ്റ്റോറി സരസ്വതീ ക്ഷേത്രം! ഓരോ ദിവസവും മുകളിലും താഴെയുമായി എത്ര തവണ കറങ്ങി എന്നു മാത്രം. ഓരോ ദിവസവും ഓരോ സംഖ്യയാകും അത്.

കോളേജിൽ എനിക്ക് ചിരപരിചിതർ രണ്ടു പേർ മാത്രം. ഒന്ന് കോളേജ് സ്റ്റോറിലെ ശിവരാമേട്ടൻ. മറ്റൊന്ന് കാന്റീനിലെ നാരായണേട്ടൻ. രണ്ടു പേർക്കും ചിരിക്കുമ്പോൾ പല്ലിന് വിടവുണ്ടായിരുന്നു. ശിവരാമേട്ടന് കൂടുതലും നാരായണേട്ടന് അത് ഇത്തിരി കുറവുമായിരുന്നു.

നാല് ശാസ്ത്ര വിഷയങ്ങളുടെ പേരിൽ നാല് ഗാലറികൾ. ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി. ഓരോ മൂലകൾക്കും ഓരോ മണം. ഓരോ തവണ കറങ്ങി വരുമ്പോഴും മണങ്ങൾ വ്യത്യസ്തമായി അനുഭവിക്കാം. ബോട്ടണി ഗാലറിക്ക് സമീപം ചുമരിൽ ഒരു വിള്ളലുണ്ടായിരുന്നു. ശിവരാമേട്ടന്റെ പല്ലിനിടയിലെ വലിയ വിടവിനെ ഓർമിപ്പിക്കുന്ന രീതിയിലായിരുന്നു ആ വിടവ് . ശിവരാമട്ടേൻ ഇപ്പോൾ എന്റെ തെക്കേ ഗ്രാമത്തിനു സമീപം അണിക്കോട് ഒരു പുസ്തകസ്റ്റാൾ നടത്തുന്നു.

കഥ ഒരു ദിശയിലേയ്ക്ക് പോകാനുള്ളതാണ്. ദിശ തെറ്റാതെ അതു മാത്രം പറയാൻ ശ്രമിക്കാം.

പ്രീഡിഗ്രിക്ക് മുൻപ് ഞാൻ പത്താം ക്ലാസിൽ പഠിക്കുമ്പോഴാണ് വീട്ടിൽ ആനന്ദൻ മാസ്റ്റർ എന്ന പേരിലുള്ള ഒരാൾ ബാബു ഏട്ടൻ എന്ന പേരുള്ള അച്ഛന്റെ ശിഷ്യനുമായി വരുന്നത്. ആനന്ദൻ മാഷ് ചിറ്റൂർ കോളേജിലെ ഇംഗ്ലീഷ് അധ്യാപകനാണ്. അദ്ദേഹത്തിന് സംസ്കൃതം





പഠിക്കണം. അതിനു വേണ്ടിയാണ് അച്ഛനെ കാണാൻ വന്നത്. താമസം അണിക്കോട് മുക്കിലെ പ്രിൻസ് ലോഡ്ജിലാണ്. (ഇപ്പോൾ പ്രിൻസ് ലോഡ്ജില്ല. അത് പൊളിച്ച് മാറ്റി അവിടെ വേറൊരു ഷോപ്പിംഗ് കോംപ്ലക്സ് വന്നിരിക്കുന്നു.) സൗകര്യാർത്ഥം അച്ഛൻ വൈകീട്ട് 7 മണിയാകുമ്പോൾ പ്രിൻസ് ലോഡ്ജിൽ ചെന്ന് ആനന്ദൻ മാഷെ പഠിപ്പിക്കാമെന്നേറ്റു. തന്റെ വീട്ടിൽ വരണമെന്ന നിർബന്ധമൊന്നും അച്ഛൻ പറഞ്ഞില്ല. അങ്ങനെ വളരെക്കാലം അച്ഛൻ പ്രിൻസ് ലോഡ്ജിൽ ചെന്ന് ആനന്ദൻ മാഷക്ക് നാമവും വിഭക്തിയും ക്രിയയും ഒക്കെ അടിസ്ഥാനമിട്ട് സംസ്കൃതം പഠിപ്പിച്ചിരുന്നു.

അങ്ങനെയുള്ള ദിവസങ്ങളിൽ അച്ഛൻ വീട്ടിലെത്താൻ ഒമ്പതരയും പത്തും ഒക്കെയാകും. പലപ്പോഴും അച്ഛൻ വരാൻ വൈകിയാൽ ഞാൻ ഇടവഴിയിൽ കണ്ണും നട്ട് വെള്ള ഷർട്ടും, മടക്കി കുത്താത്ത വെള്ളമുണ്ടും ധരിച്ച അച്ഛൻ എന്ന വെള്ളരൂപം വരുന്നത് ഇരുട്ടിൽ നോക്കി നിൽക്കും. അത് ദൂരെനിന്നു കണ്ടാൽ ഞാൻ ഒന്നുമറിയാത്തവനെ പോല വീട്ടിന്റെ മറപറ്റും. മനസ്സ് സ്വതന്ത്രമാകും

എന്റെ പത്താം ക്ലാസിനു ശേഷവും അച്ഛനും ആനന്ദൻ മാഷുമായുള്ള ഗുരു-ശിഷ്യ ബന്ധം തുടർന്നു. ഞാൻ പ്രീഡിഗ്രി ഫസ്റ്റ് ഇയറിനു ചേർന്നപ്പോൾ സെലക്ടഡ് പോയട്രി എന്ന പുസ്തകം പഠിപ്പിക്കാൻ നിയോഗപ്പെട്ടത് ആനന്ദൻ മാഷായിരുന്നു. അച്ഛന്റെ ശിഷ്യനാണ് മാഷ് എന്നതു കൊണ്ടും എനിക്ക് ഉൽക്കണ്ഠയൊന്നുമുണ്ടായിരുന്നില്ല. കാരണമെന്തെന്ന് എനിക്കറിയില്ല. ആദ്യത്തെ ക്ലാസിൽ ഞാൻ കയറി. മാത്തമാറ്റിക്സ് കൂടാതെ ബയോളജി ഗ്രൂപ്പിലെ കുട്ടികളും ചേർന്ന് സുവോളജി ഗാലറിയിലായിരുന്നു ക്ലാസ്. ആകെ ഒരു ബഹളം. തുടക്കക്കാരനായതു കൊണ്ടാകാം എനിക്കൊന്നും കേൾക്കാൻ കഴിഞ്ഞില്ല. ആനന്ദൻ മാഷുടെ ആകട്ടെ അത്ര ഉച്ചത്തിലുള്ള ശബ്ദവുമായിരുന്നില്ല. അന്ന് ഞാൻ ക്ലാസിൽ കഴിച്ചു കൂട്ടി. പിന്നീടുള്ള ദിവസങ്ങളിൽ ക്ലാസ് നടക്കുന്നുണ്ടോ എന്ന് പോലും ഞാൻ ശ്രദ്ധിക്കാറില്ല. എന്റേതായ വിനോദങ്ങളിലും വായനയിലും ഞാൻ ഏർപ്പെട്ടു. തികച്ചും ആത്മനിഷ്ഠമായി.

മറ്റൊന്ന് കുട്ടിക്കാലം തൊട്ടുള്ള വായന കൊണ്ടും ഒപ്പം പഴയ ഇംഗ്ലീഷ് പുസ്തകങ്ങളിലെ കവിതകൾ വായിച്ചു നോക്കിയിട്ടുള്ളതു കൊണ്ടും എനിക്ക് ചില മുൻപരിചയങ്ങൾ ഉണ്ടായിരുന്നു. അത്യാവശ്യം ഇംഗ്ലീഷ് കവിതകൾ വായിക്കാനും മനസ്സിലാക്കാനും കഴിവുണ്ടായിരുന്നതു കൊണ്ട് ഞാൻ വീട്ടിലിരുന്ന് കവിതകൾ വായിച്ചു രസിക്കുമായിരുന്നു. പിന്നെ ആകെ തുറക്കുന്ന പുസ്തകം ഇംഗ്ലീഷുമായിരുന്നു. പിന്നീട് ആനന്ദൻ മാഷുടെ ഒരൊറ്റ ക്ലാസിലും ഞാൻ കയറാറുണ്ടായിരുന്നില്ല.

കഥയുടെ വേറൊരു ഭാഗം അപ്പോഴും പ്രിൻസ് ലോഡ്ജിൽ അരങ്ങേറുന്നുണ്ടായിരുന്നു. ജയശീലൻ എന്ന പേരുള്ള തന്റെ പുത്രൻ ആനന്ദൻ മാഷുടെ ക്ലാസിൽ എങ്ങനെയാണ്? വരുന്നുണ്ടോ? ശ്രദ്ധിക്കുന്നുണ്ടോ? എന്ന ചോദ്യത്തിന് എന്റെ അധ്യാപകൻ മറുപടി പറയാൻ ബാധ്യസ്ഥനായിരുന്നു. ആ പേര് പറഞ്ഞു കൊണ്ട് പല ക്ലാസിലും ആനന്ദൻ മാഷ്



എന്നെ അന്വേഷിച്ചു. ഒരിക്കൽ പോലും എന്നെ കണ്ടു കിട്ടിയില്ല.

പക്ഷേ തന്റെ ഗുരുവിൽ അഭിമാനിയായ ആനന്ദൻ എന്ന പേരുള്ള എന്റെ പിതാവിന്റെ ശിഷ്യൻ മകനെ കാണാറുണ്ട്, മിടുക്കനാണ് എന്നും മറുപടി പറയാറുള്ളതും എനിക്കറിയില്ല. സാത്വികനായ ആനന്ദൻ മാഷ് അങ്ങനെ പറഞ്ഞതു കൊണ്ടാകാം പ്രശ്നമൊന്നും ഉണ്ടാകാതിരുന്നത്.

പക്ഷേ ആനന്ദൻ മാഷ് എന്നെ ഒരിക്കലും കണ്ടിരുന്നില്ല. ഒടുവിൽ ക്ലാസ് മുറിയിലെ ആനന്ദൻ മാഷുടെ തുടർച്ചയായ അഭ്യർത്ഥനയെ മാനിച്ചും അന്നെടുക്കുന്നത് വേർഡ്സ് വർത്തിന്റെ സോളിറ്ററി റീപ്പർ ആണെന്നുമുള്ള വ്യവസ്ഥയിൽ യാതൊരു ചമ്മലുമില്ലാതെ ഞാൻ നിർ ഭയനായി ക്ലാസിൽ ചെന്നു. മുൻ ബെഞ്ചിലിരുന്നു കൊണ്ട് ക്ലാസ് ശ്ര ദ്ധിച്ചു. അതിമനോഹരമായ അവതരണമായിരുന്നു മാഷുടേത്. അംഗച ലനങ്ങളോടെ നീണ്ട കാൽവെപ്പുകളോടെ ചിലപ്പോഴൊക്കെ വിദൂര തയിലേയ്ക്ക് കണ്ണും നട്ട് ആ ഗ്രാമീണ കർഷകകന്യകയെ തലോടി പോകുന്ന ആനന്ദൻ മാസ്റ്ററുടെ കാല്പനിക ശ്രുതികൾ. ഞാൻ എല്ലാം മറന്നിരുന്നു.

സ്കോട്ട്ലന്റിലെ ഗ്രാമങ്ങളിലൂടെ തന്റെ സഹോദരി ഡൊറോത്തിയുമാ യി നടന്ന നീങ്ങുന്ന കവിയുടെ ചിത്രം ഇന്നും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു. മുൻ ബെഞ്ചിലിരുന്നതു കൊണ്ട് ശബ്ദം പ്രശ്നമായില്ല. അരി വാളേന്തിയ ആ ഗ്രാമീണ കർഷകകന്യകയ്ക്ക് മറ്റൊരു ഛായ കൈവരു ന്നു.

ഇന്നും എന്റെ പ്രിയപ്പെട്ട കുട്ടികൾക്കു വേണ്ടി പല തവണ സോളിറ്ററി റീപ്പർ പഠിപ്പിക്കേണ്ടി വന്നിട്ടുണ്ട്. അപ്പോഴൊക്കെയും ആനന്ദൻ മാസ്റ്ററു ടെ പ്രതിഫലനശേഷിയുള്ള ആ ശബ്ദം എന്നെ വന്നു തൊടാറുണ്ട്. സ്വതവേ നല്ലവണ്ണം മെലിഞ്ഞ മാസ്റ്ററുടെ, കയ്യിന്റെയും കാലിന്റെയും ചലനങ്ങൾ അതോടൊപ്പമുള്ള കവിതയുടെ റിസൈറ്റിംഗ് മനോഹര വും മാർഗദർശകവുമാണ്.

പിന്നീടും അധിക ക്ലാസുകളൊന്നും ആനന്ദൻ മാസ്റ്ററുടെ ആയി ഉണ്ടാ യില്ല. ഒരു പ്രീഡിഗ്രിക്കാലം കഴിഞ്ഞു.

അച്ഛനോട് പിന്നെയും പിന്നെയും മകൻ മിടുക്കനാണെന്ന് പറഞ്ഞ ആനന്ദൻ മാഷ്...

ആനന്ദൻ മാഷ് ട്രാൻസ്ഫർ ആയി പോയത് വിക്ടോറിയയിലേയ്ക്കായി രുന്നു. കുറേക്കാലം വിക്ടോറിയയിലുണ്ടായിരുന്നു. ചെറിയ ചില എഴുത്തു കുത്തുകൾ തുടങ്ങിയ സമയം.

ഏതോ ഒരു പരിപാടിക്ക് വേണ്ടി സാറാ ജോസഫിനെ കാണാൻ വി ക്ടോറിയ കോളേജിലേയ്ക്ക് പോയപ്പോൾ ആനന്ദൻ മാഷെ കണ്ടു. സം സാരിച്ചു. അച്ഛൻ സംസ്കൃതം പകർന്നു നൽകിയ ആ ദിവസങ്ങളെ കുറിച്ചു പറഞ്ഞു.

പിന്നീടൊരിക്കൽ കൂടി കണ്ടു. അന്ന് ഞാൻ അച്ഛന്റെ അകാലത്തിലുള്ള നിര്യാണത്തെ കുറിച്ച് മാഷോട് പറഞ്ഞു.

സോളിറ്ററി റീപ്പറിന്റെ ക്ലാസിലെ വിദൂരതയിലേയ്ക്ക് നോക്കിയുള്ള ആ നില്പിന് വീണ്ടും ഞാൻ സാക്ഷിയായി...

ഇപ്പോൾ ആനന്ദൻ മാസ്റ്റർ എവിടെയാണെന്നറിയില്ല...



**ഡോ. പി.ആർ. ജയശീലൻ**

1998 മുതൽ ആനുകാലികങ്ങളിൽ പഠനവും നിരൂപണവും എഴുതുന്നു. ഗണിത ശാസ്ത്രത്തിലും മലയാളത്തിലും ബിരുദാനന്തര ബിരുദം. അദ്ധ്യാപനത്തിൽ ബിരുദം. സി.വി. ശ്രീരാമന്റെ ചെറുകഥകളിലെ ബഹുസ്വരത എന്ന വിഷയത്തിൽ കണ്ണൂർ സർവകലാശാലയിൽ നിന്ന് പി.എച്ച്.ഡി. ബിരുദം.

ചിറ്റൂർ തെക്കേഗ്രാമം പാഠശാല സംസ്കൃത ഹൈസ്കൂളിൽ ഗണിതാദ്ധ്യാ പകൻ. കുഞ്ഞുണ്ണി ജീവിതരേഖകൾ, ഹൃദയത്തിൽ ഗാന്ധിയുടെ കയ്യൊപ്പ്, മുണ്ടൂർ കൃഷ്ണൻ കുട്ടി- അദൃശ്യ സാന്നിദ്ധ്യം, വാക്ക് മറുവാക്ക്, നിനവിലെ ഐസുകട്ടികൾ, സി.വി. ശ്രീരാമൻ കഥകൾ, പഠനം, കേരള കവിതാപഠനങ്ങൾ, ഞാറ്റുപുര വാങ്മയങ്ങൾ (എഡിറ്റർ) എന്നിവ കൃതികൾ.




# ചിറ്റൂർ കോളേജ് ദിനങ്ങൾ- ഓർമ്മക്കുറിപ്പ്

**മോഹൻ ശർമ്മ**



ഗൃഹാതുരത്വമുണർത്തുന്ന യാത്രയിൽ മനസ്സിൽ ഏറെ നിറഞ്ഞുനിൽക്കുന്നത് ചിറ്റൂർ കോളേജ് ദിനങ്ങളാണ്. പ്രിൻസിപ്പാൾ ആയിരുന്ന ശ്രീ. എ.എസ്. നാരായണപിള്ള പ്രഗത്ഭനായ ഫിലോസഫറും അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ആദരവ് ഒരുപോലെ പിടിച്ചുപറ്റിയ വ്യക്തിയുമായിരുന്നു. മികച്ച വാഗ്മിയും പ്രഭാഷകനുമായിരുന്ന അദ്ദേഹത്തിന് മണിക്കൂറുകളോളം അവസാനം വരെ ശ്രോതാക്കളെ വശീകരിച്ച് ഇരുത്തുന്നതിനുള്ള കഴിവുണ്ടായിരുന്നു. ഞങ്ങളുടെ ബോട്ടണി ലെക്ച്ചറർ ആയിരുന്ന ശ്രീ. കൃഷ്ണപ്രസാദ് എല്ലാ പ്രധാന ചടങ്ങുകളുടേയും സംഘാടകനായിരുന്നു. സൗമ്യമായ പ്രകൃതവും ഭാഷാ പ്രാവീണ്യവും നർമ്മബോധവും മൂലം ഏതൊരു സാഹചര്യവും അനായാസമായി കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. വിദ്യാർത്ഥികളുടെ വികാരമായിരുന്ന ശ്രീ.കെ.ജെ.യേശുദാസിനെ അദ്ദേഹം പ്രശസ്തനായിത്തുടങ്ങിയ കാലത്ത് കോളേജിൽ ഒരു സംഗീതപരിപാടിക്കായി കൊണ്ടുവരാൻ ശ്രീ. കൃഷ്ണപ്രസാദിന് സാധിച്ചു. എന്തോ കാരണത്താൽ അന്ന് യേശുദാസ് എത്തുവാൻ വൈകി. വിദ്യാർത്ഥികൾ അശാന്തരായതോടുകൂടി യേശുദാസിന്റെ സംഗീത പരിപാടി തൊട്ടടുത്ത ദിവസം ഞായറാഴ്ച ആയതിനാൽ ശ്രീ. കൃഷ്ണപ്രസാദ് ആ ദിവസത്തേക്ക് മാറ്റി. 6 മണി മുതൽ 10 മണി വരെ നാലു മണിക്കൂർ ആ സംഗീത വിരുന്ന് നീണ്ടു നിന്നു.

മലയാളത്തിൽ ഗംഭീരമായി പ്രസംഗിക്കുവാൻ കഴിവുണ്ടായിരുന്ന മന്ത്രി ശ്രീ. എൻ.കെ. ശേഷനെ ക്ഷണിച്ച മറ്റൊരു സന്ദർഭം ഓർമ്മിക്കുന്നു. മന്ത്രി ശ്രീ. എൻ.കെ. ശേഷനെ സദസ്സിന് പരിചയപ്പെടുത്തുന്നതിനിടയിൽ മന്ത്രിയുടെ മാതൃഭാഷ തമിഴ് ആയത് കണക്കിലെടുത്ത് വിദ്യാർത്ഥികൾ 'എങ്കേ ശേഷൻ' എന്ന് ചോദിച്ചതായി ശ്രീ. കൃഷ്ണപ്രസാദ് ഹാസ്യാത്മകമായി പരാമർശിക്കുകയുണ്ടായി. ഇതോടെ മന്ത്രിയടക്കമുള്ള സദസ്സ് ആഹ്ലാദത്തിലായി. തുടർ ജീവിതത്തിൽ ഞാൻ ഒരു അറിയപ്പെടുന്ന നടനും പിന്നണി ഗായകനും ഫിലിം മേക്കറും ആയിട്ടുണ്ടെങ്കിൽ ആയതിന്റെ ഭൂരിഭാഗവും എന്നിൽ അന്തർലീനമായ കഴിവുകൾ കണ്ടെത്തുകയും പ്രോൽസാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്ത ശ്രീ. കൃഷ്ണപ്രസാദിന് അവകാശപ്പെട്ടതാണ്.

അധ്യാപകർക്കിടയിൽ ഏറ്റവും നന്നായി വസ്ത്രധാരണം നടത്തിയിരുന്നത് ചരിത്രാധ്യാപകനായിരുന്ന ശ്രീ. റസാക്ക് ആയിരുന്നു. ക്ലാസുകൾക്കായി ഞങ്ങൾ കാത്തിരിക്കുന്ന രീതിയിലായിരുന്നു അദ്ദേഹത്തിന്റെ അധ്യാപന രീതി. തിയതികളും വിശദാംശങ്ങളും ഒരു പുസ്തകവും ഒരിക്കൽപോലും നോക്കാതെ തന്നെ വിവരിക്കുന്നതിനായി നല്ല തയ്യാറെടുപ്പ് അദ്ദേഹം നടത്തിയിരുന്നു. വിഷയത്തിലും അവതരണത്തിലും തനിക്കുള്ള മേൽക്കൈകൊണ്ട് ഏറ്റവും മങ്ങിയ ചരിത്ര സംഭവങ്ങൾ ഏറെ രസരകമാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ഞങ്ങളുടെ ഇംഗ്ലീഷ് പ്രൊഫസർ ശ്രീ. മേനോൻ എല്ലാ അർത്ഥത്തിലും ഇംഗ്ലീഷുകാരൻ തന്നെയായിരുന്നു. ഏറ്റവും മികച്ചതും വിലയേറിയതുമായ സെർവില്ലെ ഫുൾ സ്യൂട്ടുകളായിരുന്ന അദ്ദേഹം എല്ലായ്പോഴും ധരിച്ചിരുന്നത്. കൊടും വേനലിന്റെ ചൂടും പൊടിയും പോലും അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. അദ്ദേഹം എല്ലായ്പോഴും വിയർത്തിരുന്നതിൽ അത്ഭുതമില്ല. തടിച്ച ശരീരപ്രകൃതം അദ്ദേഹത്തെ കൂടുതൽ പ്രയാസപ്പെടുത്തുന്നതായി തോന്നിച്ചിരുന്നു. ഭാഷാശൈലിയിൽ ആർജ്ജിച്ചെടുത്ത അമേരിക്കൻ ആക്സെന്റ് ഷേക്സ്പിയർ കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ

അദ്ദേഹം നന്നായി ഉപയോഗിച്ചിരുന്നു. അദ്ദേഹം മികച്ച ഒരു കാർട്ടൂണിസ്റ്റ് ആയിരുന്നു. ഓട്ടോഗ്രാഫിനായി അടുത്തു ചെല്ലുന്ന ആർക്കും പ്രചോദനാത്മകമായ സന്ദേശത്തോടുകൂടി മനോഹരമായ ഒരു കാർട്ടൂൺ ലഭിച്ചിരുന്നു.

ഞങ്ങളുടെ ഇംഗ്ലീഷ് ലെക്ച്ചറർ ആയിരുന്ന ശ്രീ. ശ്രീകുമാരൻ നായർ അദ്ദേഹത്തിന്റെ ലജ്ജയോടും അന്തർമുഖത്വത്തോടും ആത്മസംയമനത്തോടും മിതഭാഷണത്തോടും ശാന്തതയോടും കൂടിയുള്ള പെരുമാറ്റം കൊണ്ട് നിരവധി തമാശകൾക്ക് കാരണക്കാരനായി. പെൺകുട്ടികളുടെ ഭാഗത്തേക്ക് അദ്ദേഹം അപൂർവ്വമായി മാത്രമേ നോക്കിയിരുന്നുള്ളൂ. ആൺകുട്ടികൾ അദ്ദേഹത്തെ പരിഹാസങ്ങളും കമന്റുകളും കൊണ്ട് സ്ഥിരമായി കളിയാക്കിയിരുന്നു. തന്റെ കടകൊണ്ട് മുഖം മറച്ചാണ് അദ്ദേഹം എപ്പോഴും നടന്നിരുന്നത്. ഒരു മലയാളം വാക്കുപോലും അദ്ദേഹം ഉരിയാടുന്നത് ഞങ്ങൾ ഒരിക്കലും കേട്ടിട്ടില്ല. അദ്ദേഹത്തിന്റെ പ്രഭാഷണ രീതി വിരസമായിരുന്നു. നിരവധി വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ ക്ലാസ്സുകൾ ഒഴിവാക്കുകയോ ക്ലാസ്സിൽ ഉറങ്ങുകയോ ചെയ്തിരുന്നു. ഞങ്ങളുടെ ഫിസിക്സ് ലെക്ച്ചറർ ആയിരുന്ന ശ്രീ.പിഷാരടി ഏറെ സഹായിക്കുന്നയാളുംവിദ്യാർത്ഥികൾക്കിടയിൽപ്രിയങ്കരനുമായിരുന്നു. പരീക്ഷാ വേളയിൽ, പ്രത്യേകിച്ച് പ്രാക്ടിക്കലുകൾക്ക് അദ്ദേഹം സ്ഥിരമായി ഹാജരാകുമായിരുന്നു. പരീക്ഷക്കിടയിൽ തെറ്റു വരുത്തുമ്പോഴൊക്കെ അദ്ദേഹം കുട്ടികളെ തിരുത്തുമായിരുന്നു. അപ്രകാരം ശ്രീ. പിഷരടി ഫിസിക്സിൽ എല്ലാ കുട്ടികൾക്കും പാസ് മാർക്ക് ലഭിച്ചെന്ന് ഉറപ്പാക്കി.

തത്തമംഗലത്തുനിന്നും വരുന്നതിനാൽ കോളേജിലേക്കെത്താൻ ഞങ്ങൾക്ക് ശോകനാശിനിപ്പുഴ മുറിച്ചു കടക്കേണ്ടിയിരുന്നു. മുണ്ട് അഴിച്ച് തലയിൽ കെട്ടി പുസ്തകങ്ങൾ തലയിൽ വെച്ച് വെള്ളത്തിലൂടെ ഏന്തി വലിഞ്ഞ് നടക്കുന്നതിനിടയിൽ ആകെ നനയുമായിരുന്നു. കോളേജിലേക്കുള്ള ഏതാനും മിനിറ്റുകളുടെ നടത്തത്തിനിടയിൽ സൂര്യപ്രകാശവും ശക്തമായ കാറ്റും ഞങ്ങളുടെ വസ്ത്രങ്ങൾ ഉണക്കിയിട്ടുണ്ടാകും. ഞങ്ങളുടെ ഗ്രാമങ്ങളിൽ നിന്നും വീട്ടിൽ ഉണ്ടാക്കുന്ന ഭക്ഷണം ലഭിക്കുമായിരുന്നു. ഞാൻ കൈ വെയ്ക്കുന്നതിനു മുമ്പുതന്നെ എന്റെ ഭക്ഷണം എടുത്തുകൊണ്ടുപോയതായി ഏറെ പ്രാവശ്യം ഞാൻ കണ്ടെത്തിയിരുന്നു. ഒരു പരാതിയുമുണ്ടായിരുന്നില്ല. എനിക്ക് വിശക്കാതിരിക്കുവാൻ മറ്റു സുഹൃത്തുക്കൾ എപ്പോഴും ശ്രദ്ധിച്ചിരുന്നു.

ബോയ്സ് ഹോസ്റ്റലിനു പുറകിൽ, ശോകനാശിനി പുഴയ്ക്ക് കുറുകെയുള്ള പെരുമാട്ടിയിലാണ് നക്സലൈറ്റുകൾ അവരുടെ ക്യാമ്പുകൾ നടത്തിയിരുന്നത്. ഞങ്ങളുടെ കോളേജിലെ അനേകം ആൺകുട്ടികൾ സ്ഥിരമായി ഈ ക്യാമ്പുകളിൽ പങ്കെടുത്തിരുന്നതായി അഭ്യൂഹമുണ്ടായിരുന്നു. ഏതാനും വിദ്യാർത്ഥിക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകി കോളേജ് വിട്ടുപോകുവാൻ ആവശ്യപ്പെട്ടുകൊണ്ട് കോളേജ് അധികാരികൾ ശക്തമായ നടപടിയെടുത്തതായി വിശ്വസനീയമായ കേന്ദ്രങ്ങളിൽ നിന്നും എനിക്ക് അറിയുവാൻ സാധിച്ചു. ബോയ്സ് ഹോസ്റ്റലിനും ഗേൾസ് ഹോസ്റ്റലിനും ഇടയിലുള്ള വിശാലമായ തുറസ്സായ സ്ഥലം കോളേജ് സമയം കഴിഞ്ഞ് വൈകുന്നേരങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എളുപ്പത്തിൽ എത്തിപ്പെടാൻ സഹായകമായി. ശോകനാശിനീതീരം അത്തരം പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ കാല്പനിക പശ്ചാത്തലമായിരുന്നു. അപവാദങ്ങൾ വേഗത്തിലും വിശാലമായും സഞ്ചരിക്കുന്നു. താമസിയാതെ പോസ്റ്ററുകളും കയ്യെഴുത്തുകളും എല്ലായിടത്തും പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. സന്ദേശം വ്യക്തമായിരുന്നു. '24×7 ഡ്യൂട്ടിയിൽ യോഗ്യരായ പ്രസവ ചികിത്സാ വിദഗ്ദ്ധരോടുകൂടി ശോകനാശിനീ തീരത്ത് ഒരു ആശുപത്രി ആരംഭിക്കുവാൻ സർക്കാർ ആലോചിക്കുന്നു'. അത് ഞങ്ങളുടെ കോളേജിനെ അപവാദ രഹിതമാക്കുക എന്ന ആഗ്രഹിച്ചിരുന്ന ഫലം സൃഷ്ടിക്കുവാനിടവരുത്തി.

വ്യക്തിപരമായ ഒരു കുറിപ്പോടെ ഞാൻ ഈ ലേഖനം അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. പാഠ്യേതര സാംസ്കാരിക പ്രവർത്തനങ്ങളിൽ ഞാൻ വളരെ സജീവമായിരുന്നു. ഒരിക്കൽ ഒരു പദ്യപാരായണ മത്സരത്തിൽ ഞാൻ പങ്കെടുത്തുകൊണ്ടിരിക്കെ എന്റെ ക്ലാസിലെ രണ്ടു പെൺകുട്ടികൾ എന്റെ പാരായണം കേൾക്കുവാനെത്തി. അവർ മറ്റുള്ളവരുടെ മുന്നിൽവെച്ച് നിർലോപം എന്നെ അഭിനന്ദിച്ചു. എനിക്കു മുന്നേ ആ വാർത്ത എന്റെ വീട്ടിലെത്തി. എന്റെ അമ്മ എന്നെ കോളേജിൽ നിന്ന് മാറ്റിയതിനാൽ മധുരയിലെ കോളേജിൽ നിന്നും എനിക്ക് ബിരുദം പൂർത്തീകരിക്കേണ്ടി വരികയും ചെയ്തു. എന്റെ കോളേജ് ദിനങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും മികച്ച ഘട്ടമായി മാറിയെന്ന് വൈരുദ്ധ്യങ്ങളെ ഭയക്കാതെ എനിക്ക് പറയുവാൻ സാധിക്കും. എനിക്ക് രണ്ടാമതൊരു ജന്മത്തിന് അവസരം ലഭിച്ചാൽ ഞാൻ എന്റെ പ്രിയപ്പെട്ട മാതൃ വിദ്യാലയത്തെ തെരഞ്ഞെടുക്കും... ഗവൺമെന്റ് കോളേജ് ചിറ്റൂർ.

(മൊഴിമാറ്റം: സന്തോഷ് ചോലയിൽ)



**മോഹൻ ശർമ്മ**

തിരക്കഥാകൃത്ത്, നടൻ, സിനിമാ നിർമ്മാതാവ്, സംവിധായകൻ, ടെലിവിഷൻ താരം എന്നീ നിലകളിൽ പ്രസിദ്ധനായ മോഹൻ ശർമ്മ ചിറ്റൂർ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയാണ്. സൗത്ത് ഇന്ത്യൻ ഫിലിം ചേംബർ ഓഫ് കൊമേഴ്സിന്റെ മുൻ പ്രസിഡണ്ടായിരുന്ന അദ്ദേഹം 15 സിനിമകൾ നിർമ്മിച്ചിട്ടുണ്ട്. 'ഗ്രാമം' എന്ന സിനിമ സംവിധാനം ചെയ്തിട്ടുണ്ട്. ശ്രീ.മോഹൻ ശർമ്മ അനേകം സിനിമകളിൽ ഗാനങ്ങളും ആലപിച്ചിട്ടുണ്ട്. പാലക്കാട് തത്തമംഗലം സ്വദേശിയാണ്.



# രൂപകങ്ങൾ ഓർമ്മയിൽ വീണ്ടുമെത്തിയപ്പോൾ

**വിശ്വനാഥൻ തിരുവില്വാമല**

രാത്രികൾ പകലുകൾ" അയ്യപ്പ പണിക്കരുടെ കവിതയാണ്.....

'ചിരകാലം അങ്ങിനെ ചിതൽ തിന്നു പോയിട്ടും

ചിലതുണ്ട് ചിതയിന്മേൽ വയ്ക്കാൻ'

മനശാസ്ത്രത്തിൽ പറയുന്നത് ഓർമ്മകൾ ഡെൻറ്ററേറ്റുകൾ ആണെന്നാണ്. തലച്ചോറിൽ വളരുന്ന പായൽ പോലെ ഒന്ന്. സ്ഥിരമായി ഓർക്കുന്നത് നശിക്കാതിരിക്കുകയും ഓർക്കാതിരിക്കുന്നത് നശിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയ. സിഗ്മണ്ട് ഫ്രോയ്ഡിന്റെ ഭാഷയിൽ സെലക്ട് ഫോർഗെറ്റിംഗ് ആന്റ് സെലക്ട് റിമംബറിംഗ്. സാഹിത്യത്തിൽ രൂപകങ്ങൾ എന്നോ മെറ്റഫർ എന്നോ പറയാം. അവിടെ നിന്നുതന്നെ തുടങ്ങാം.....

1998 ൽ ചിറ്റൂർ കോളേജിൽ കാലുകുത്തിയ ഒരു നാട്ടിൻപുറത്തുകാരന്റെ രൂപകങ്ങളിൽ ചിറ്റൂർ കോളേജ് എന്നു പറഞ്ഞാൽ കാറ്റിൽ ഇളകിയാടുന്ന ഗുൽമോഹർ മരങ്ങളും യൂക്കാലിയും നിറയെ തൊരടിപ്പഴങ്ങൾ പഴുത്തു നിൽക്കുന്ന മരങ്ങളും ആണ്.അമ്പാട്ടുപാളയത്തെ ഗാന്ധി പ്രതിമ... കിട്ടുവേട്ടന്റെ സൈക്കിൾ കട, തൊട്ടടുത്ത ചാരായ ഷാപ്പ്, റെക്സോണ സോപ്പിന്റെ ഗന്ധത്തിൽ കുളിച്ചു നിൽക്കുന്ന ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, പുഴയുടെ മറുകരയിലെ വാസുവേട്ടന്റെ കള്ള് ഷാപ്പ് .... എല്ലാം രൂപകങ്ങളാണ്...

അലങ്കാരങ്ങൾ ഒന്നുമില്ലാതെ എത്ര വർണ്ണിച്ചാലും മറന്നു പോകാത്ത ഒരു കവിത. അച്ചായന്റെ കടയുടെ മുന്നിൽ വരികയും പോവുകയും ചെയ്യുന്ന എസ്.കെ.എം.എസ്, പി.ജി.ടി, ഗുരുവായൂരപ്പൻ തുടങ്ങിയ ബസ്സുകളുടെ ചവിട്ടുപടിയിൽ കയറുന്ന കൊലുസിട്ട കാലുകൾ... വിലാസം തെറ്റി എഴുതിയ പ്രണയ ലേഖനങ്ങൾ .... മറുപടിയില്ലാത്ത മൗനത്തിലാണ്ടു പോയ പ്രണയാഭ്യർത്ഥനകൾ... അങ്ങനെ പലതും ഈ രൂപകങ്ങളിൽ പെടും. ഹോസ്റ്റൽ ജീവികളായ ഞങ്ങൾക്ക് പകലിനെക്കുറിച്ച് മാത്രമല്ല, രാത്രികളെക്കുറിച്ചും പറയാനുണ്ട്. മകരമാസത്തിലെ മഞ്ഞിലും ചിങ്ങത്തിലെ നിലാവിലും നിങ്ങൾ നമ്മുടെ കോളേജിനെ കണ്ടിട്ടുണ്ടോ...? പുഴയുടെ മറുകരയിൽ രാത്രി എരിഞ്ഞുതീരുന്ന ചിതകളെ നിങ്ങൾ കണ്ടിട്ടുണ്ടോ....? ചുരം കടന്നു വരുന്ന കാറ്റിൽ മരങ്ങൾ മരങ്ങളോട് കിന്നാരം പറയുന്നത് കണ്ടിട്ടുണ്ടോ...? സൂര്യനസ്തമിക്കുമ്പോൾ ധ്യാനനിരതരാകുന്ന കോളേജ് അങ്കണത്തിലെ മരങ്ങളെ കണ്ടിട്ടുണ്ടോ....? കഴിഞ്ഞില്ല... മെൻസ് ഹോസ്റ്റലിന്റെ മതിൽ ചാടിക്കടന്ന് ചിറ്റൂർ ഉള്ള സൗദാംബിക, നെഹ്റു, ബീന തിയറ്ററുകളിൽ പിരിച്ചെടുത്ത നാണയത്തുട്ടുകളുമായി സിനിമകൾ കണ്ടിട്ടുണ്ടോ...? എട്ടു തവണ 'വർഷം 16' എന്ന സിനിമ കണ്ടിട്ടുണ്ട്. വന്ദനം, സർവ്വകലാശാല, റാംജി റാവു സ്പീക്കിംഗ്, യജമാനൻ, റോജ... ഈ സിനിമകളിലെ ഗാനങ്ങളത്രയും ഒരിക്കൽ ജീവിത താളമായിരുന്നു...

തമിഴ് ഗാനങ്ങളും ദാവണിയുമുടുത്ത് ജമന്തി പൂക്കൾ ചൂടിയ പെൺകുട്ടികളും മനസ്സിൽ ചേക്കേറുന്നത് ആ കാലത്താണ്...സുഹൃത്തേ... ഇപ്പോൾ പ്രായമായിത്തുടങ്ങുന്നു... ഓർമ്മകൾക്ക് ജരാനര ബാധിക്കാൻ അധികകാലം കാത്തിരിക്കേണ്ട... ചുണ്ടിൽ ഇപ്പോഴും ഒരു പാട്ട് തങ്ങി നിൽപ്പുണ്ട്. 'ആലപ്പോൽ വേലപ്പോൽ ആലം വിഴുത് പോൽ മാമൻ നെഞ്ചിൽ താൻ ഇറിപ്പേനെ'.



**വിശ്വനാഥൻ തിരുവില്ലാമല**

1992 1995 ബി എ ഫിലോസഫിക്ക് പഠിച്ചു. C-Dit കൈരളി ടിവി ചാനലുകളിൽ പ്രോഗ്രാം പ്രൊഡ്യൂസർ ആയി പ്രവർത്തിച്ചിട്ടുണ്ട്. ചലചിത്ര സംവിധായകനാണ്. ഔട്ട് ഓഫ് സിലബസ്, ഡോക്ടർ പേഷ്യൻസ്, അപ്പവും വീഞ്ഞും, മുതലായവ പ്രശസ്ത സിനിമകളാണ് ഡോഗ് ബ്രദേഴ്സ് എന്ന ഷോർട്ട് ഫിലിം കാനിൽ ചലച്ചിത്രമേളയിൽ പ്രദർശിപ്പി ക്കപ്പെട്ടു കൊൽക്കത്ത രാജ്യന്തര ചലച്ചിത്രമേളയിൽ പുരസ്കാരം നേടി.



# പഠന കാലവും ഔദ്യോഗിക ജീവിതവും - ഓർമ്മക്കുറിപ്പ്

പ്രൊഫ. ജയദേവൻ കെ.



1964 ഏപ്രിൽ മാസത്തിലാണ് പ്രീ-പ്രിപ്പറേറ്ററി കോഴ്സ് എന്ന് അറിയപ്പെട്ടിരുന്ന കോഴ്സിന് ചിറ്റൂർ കോളേജിൽ ചേർന്നത്. മലയാള മീഡിയത്തിൽ പഠിച്ച് പത്താം ക്ലാസ് പാസായി വരുന്നവർക്ക് പ്രീഡിഗ്രിയുമായി പരിചയപ്പെടാൻ വേണ്ടി 45 ദിവസങ്ങളിലായി ഒരുക്കിയ ഒരു ഇംഗ്ലീഷ് ക്ലാസായിരുന്നു അത്. കൊമേഴ്സ് വിഭാഗത്തിലെ പ്രൊഫ. പി. ലക്ഷ്മിയും ഫിലോസഫിയിലെ ശ്രീ. രാമചന്ദ്രൻ സാറുമായിരുന്ന ആയിരുന്നു പഠിപ്പിച്ചിരുന്നത്. ആ വർഷം പ്രീഡിഗ്രിക്ക് പഠിച്ചു. പാലക്കാട് വിക്ടോറിയ കോളേജിൽ ബി.എ. ഹിന്ദിക്കും (1966) അലീഗഢ് മുസ്ലിം സർവകലാശാലയിൽ (1971) എം.എ.യ്ക്കും പഠിച്ചു.

1973 ഫെബ്രുവരിയിൽ ചിറ്റൂർ കോളേജിലെ ഹിന്ദി വിഭാഗത്തിൽ ആയിരുന്നു ആദ്യ നിയമനം. വീടും കൃഷിയും കോളേജിൽ നിന്ന് 2 കി.മീ. അകലെയായിരുന്നത് പാഠ്യേതര മേഖലയിലെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് സഹായകമായി. പി.ടി.എ, ക്യാമറ ക്ലബ്, സാഹിത്യ മത്സരം, ആർട്സ് ആൻഡ് ഡ്രമാറ്റിക് അസോസിയേഷൻ, എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോ അംഗം, എൻ.എസ്.എസ്. എന്നിവയിൽ പ്രവർത്തിച്ചു. അട്ടപ്പാടി എക്കോ ക്യാമ്പ്, ചിറ്റൂർ കോളേജിലെ സാമൂഹ്യ വനവൽക്കരണം മുതലായ ശ്രദ്ധേയമായ വ്യക്തിത്വ വികസന പ്രവർത്ത നങ്ങളിലും സജീവ പങ്കാളിയാകുവാൻ സാധിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ യുവജനക്ഷേമ വകുപ്പ് എൻ.എസ്.എസ്. ഉം മറ്റ് യുവജന ക്ഷേമ പരിപാടികളും നടപ്പാക്കാൻ സംസ്ഥാന തലത്തിൽ അസിസ്റ്റന്റ്/ഡെപ്യൂട്ടി പ്രോഗ്രാം അഡ്വൈസർമാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ നിശ്ചയിച്ചപ്പോൾ ഗവ. ഓഫ് ഇന്ത്യയിൽ എക്സ്-ഒഫീഷ്യോ ഡെപ്യൂട്ടി സെക്രട്ടറിയായി ഞാൻ നിയമിതനായി. ഒരു സംസ്ഥാനത്തെ മുഴുവൻ യൂത്ത് പ്രോഗ്രാമിൻറേയും ഉത്തരവാദിത്തം ഉണ്ടായിരുന്നു. 1984-86 ൽ രാജസ്ഥാൻ, 1986-90 ൽ ആന്ധ്രാപ്രദേശ്, 1991-93 ൽ ദില്ലി എന്നീ സംസ്ഥാനങ്ങൾ എൻ.എസ്.എസും മറ്റ് യുവജന ക്ഷേമ പദ്ധതികളും ആസൂത്രണം ചെയ്തു. ഈ പദവിയിൽ എത്തുന്ന കേരളത്തിൽ നിന്നുള്ള ആദ്യത്തെ ഓഫീസർ ആയിരുന്നു ഞാൻ. ജി.സി.സി.ക്ക് നന്ദി....!

1993-1997 ൽ എൻ.എസ്.എസ്. സ്റ്റേറ്റ് ലെയ്സൻ ഓഫീസർ ആയി ജോയിന്റ് സെക്രട്ടറി റാങ്കിൽ കേരള ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ സേവനം അനുഷ്ഠിച്ച ശേഷം ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ചു. ജി.സി.സി.യിൽ നിന്ന് സ്വമേധയാ വിരമിച്ചു. 1997 മുതൽ 2007 വരെ ഇന്റർനാഷണൽ Baccalaureate സ്ഥാപനമായ കൊടൈക്കനാൽ ഇന്റർ നാഷണൽ സ്കൂളിൽ 5 വിദേശ ഭാഷകളും 2 ഇന്ത്യൻ ഭാഷകളും പരിശീലിപ്പിക്കുന്ന സെക്കന്റ് ലാൻഗ്വേജസ് ഡിപ്പാർട്ട്മെൻറിൽ ടീം ലീഡർ ആയിരിക്കെ വിരമിച്ചു. സിങ്കപ്പൂരിൽ വെച്ച നടന്ന Teaching of Second Language എന്ന സെമിനാറിൽ പങ്കെടുത്തു. ചിറ്റൂർ കോളേജിൽ Alumni അസോസിയേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത് 2012 ലാണ്. രണ്ട് വർഷം അസോസിയേഷന്റെ സെക്രട്ടറി ആയിരുന്നു. തുടർന്ന് 8 വർഷമായി അസോസിയേഷൻ പ്രസിഡന്റ് സ്ഥാനം വഹിക്കുന്നു. വനജം ഓപ്പൺ സ്റ്റേജ്, അലുമ്നി പാർക്ക്, ചിറക് സ്കോളർഷിപ്പ്, എല്ലാ വിഷയങ്ങളിലും എക്സലൻസ് അവാർഡ് തുടങ്ങിയ സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞതിൽ വളരെ ചാരിതാർത്ഥ്യം തോന്നുന്നു.



പ്രൊഫ. ജയദേവൻ കെ.

1964 ൽ പ്രീ-പ്രിപ്പറേറ്ററി കോഴ്സിന് ചിറ്റൂർ കോളേജിൽ ചേരുകയും തുടർന്ന് അവിടെനിന്നും പ്രീഡിഗ്രി പൂർത്തിയാക്കുകയും ചെയ്തു. പാലക്കാട് വിക്ടോറിയ കോളേജിൽ നിന്നും ബി.എ. ഹിന്ദിയും അലീഗഢ് മുസ്ലിം സർവകലാശാലയിൽ നിന്നും എം.എ.യും പാസായി. 1973 ഫെബ്രുവരിയിൽ ചിറ്റൂർ കോളേജിലെ ഹിന്ദി വിഭാഗത്തിൽ നിയമിതനായി. ചിറ്റൂർ കോളേജിലെ സാമൂഹ്യ വനവൽക്കരണത്തിൽ മുഖ്യ പങ്ക് വഹിച്ചു. എൻ.എസ്.എസ്. ഉം മറ്റ് യുവജന ക്ഷേമ പരിപാടികളും നടപ്പാക്കാൻ ഗവ.ഓഫ് ഇന്ത്യയിൽ എക്സ്-ഒഫീഷ്യോ ഡെപ്യൂട്ടി സെക്രട്ടറി ആയും 1993-1997 ൽ എൻ.എസ്.എസ്. സ്റ്റേറ്റ് ലെയ്സൻ ഓഫീസർ ആയി ജോയിന്റ് സെക്രട്ടറി റാങ്കിൽ കേരള ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തു. നിലവിൽ ജി.സി.സി. അലുമിനി അസോസിയേഷന്റെ പ്രസിഡന്റാണ്.





# താളമേളപെരുക്കങ്ങൾ

ഗിരിജാവല്ലഭൻ പി.ജി.

ചിറ്റൂർ കോളേജിന്റെ സമീപത്തുകൂടി ഒഴുകുന്ന ശോകനാശിനപ്പുഴയുടെ ഇരുകരകളും കലാ സാംസ്കാരിക പാരമ്പര്യത്തിന്റെ ഉറവിടങ്ങളാണ്. കാളവണ്ടിക്കും കൈവണ്ടിക്കും കുതിരവണ്ടിക്കും കഷ്ടിച്ച് കടന്നുപോകാവുന്ന ഇടവഴികൾ. കൃഷി അന്യാധീനപ്പെട്ടാലും പ്രതാപം പേരിനെങ്കിലും നിലനിന്നു കാണുന്ന പഴയ പത്തായപ്പുരകൾ. തമിഴ് ബ്രാഹ്മണരുടെ അഗ്രഹാരങ്ങളിൽ നിന്നും കേൾക്കുന്ന ശാസ്ത്രീയ സംഗീതത്തിന്റേതായ മന്ത്രധ്വനികൾ. നാടിനെ തീറ്റിപ്പോറ്റുന്ന കാർഷിക ഭവനങ്ങളിൽ ആതിഥ്യമര്യാദ നിറഞ്ഞുനിൽക്കുന്ന അകത്തളങ്ങൾ. ഉത്സാഹം നിറഞ്ഞു തുളുമ്പുന്ന കർഷക തൊഴിലാളികൾ. മുഹമ്മദ് റാഫിയുടേയും മറ്റും പഴയകാല ഹിന്ദി സിനിമാ ഗാനങ്ങൾ കേൾപ്പിക്കുന്ന കടകൾ. ഇതിന്റെയെല്ലാം ചൂരും ചൂടും ചെത്തവും ഈ അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്നു. ഇവിടം കേരളത്തിന്റെ പുണ്യഭൂമിയാണ്.

ഗുരു തുഞ്ചത്താചാര്യന്റെ സാഹിത്യ സപര്യ ഈ പുഴക്കരയെ അതീവ ധന്യമാക്കിയിരുന്നു. ഇവിടുത്തെ അന്തരീക്ഷത്തിൽ കിളിപ്പാട്ട് അലയടിച്ച് നിൽക്കുന്നുണ്ട്. ശോകനാശനീ തീരത്താണ് ആചാര്യൻ മലയാണ്മയെ താലോലിച്ചത്.

തമിഴ്, മലയാള സങ്കര സംസ്കാരത്തിന്റെ ദേശം അറിയപ്പെടുന്നത് 'കൊങ്ങൻപടയുടെ നാട്' എന്ന നിലയ്ക്കാണ്. ശിങ്കമാനന്റെ ആക്രമണത്തെ കൊച്ചി രാജാവിന്റെ നായർ ബ്രിഗേഡ്സിന്റെ സഹായത്തോടെ ചെറുത്തു തോൽപ്പിച്ച ചരിത്രമാണ് ചിറ്റൂർ കൊങ്ങൻപടയുടേത്. ആവേശഭരിതരായ ദേശവാസികളോടൊപ്പം ഭഗവതിയും യുദ്ധത്തിന് ഇറങ്ങിയതിന്റെ സ്മരണ നിലനിർത്താൻ എല്ലാ വർഷവും രണോത്സവമായി 'കൊങ്ങൻപട' ആഘോഷിച്ചു വരുന്നു.

കൊങ്ങന്റെ പുറപ്പാട് തങ്ങൾക്ക് സ്വന്തമായി ആക്രമണങ്ങളെ ചെറുക്കാനായി പടയാളികളെ ഒരുക്കി നിർത്താൻ നാടു വാണിരുന്നവരെ നിർബന്ധിതരാക്കി. ദേശരക്ഷയ്ക്കായി പുരുഷന്മാർ ആയോധന മുറകൾ അഭ്യസിച്ച് ദേവപ്രീതിക്കായി സമർപ്പിക്കുന്ന അനുഷ്ഠാന നൃത്തം പൂർവ്വികാചാരതനിമയോടെ 'കണ്യാർകളി'യായി തത്തമംഗലത്ത് സംഘടിപ്പിച്ചു വരുന്നുണ്ട്. കരകാട്ടം, കാവടിയാട്ടം, പൊറാട്ട് നാടകം, ആര്യമാല നാടകം, ഹരിശ്ചന്ദ്രക്കുത്ത്, പാന, തീയാട്ട്, മുളകൊട്ട്, വേല, വെടി, കൂത്ത്, കുമ്മാട്ടി, പള്ളിത്തേര്, രഥോത്സവം, ചന്ദനക്കുടം തുടങ്ങിയ ആഘോഷങ്ങളുടേയും മറ്റും പട്ടിക അവസാനിക്കുന്നില്ല.

ഇവിടം മലയാളത്തിന്റെ പൈതൃക ഭൂമിയാണ്. ഞാൻ വളർന്നു വലുതായ മാതൃഭൂമി. തത്തമംഗലം സർക്കാർ ഹൈസ്കൂളിൽ നിന്നും വിദ്യാഭ്യാസം

> ദേശരക്ഷയ്ക്കായി പുരുഷന്മാർ ആയോധന മുറകൾ അഭ്യസിച്ച് ദേവപ്രീതിക്കായി സമർപ്പിക്കുന്ന അനുഷ്ഠാന നൃത്തം പൂർവികാചാര തനിമയോടെ 'കണ്യാർകളി'യായി തത്തമംഗലത്ത് സംഘടിപ്പിച്ചു വരുന്നുണ്ട്.

കഴിഞ്ഞ് ചിറ്റൂർ കോളേജിൽ പ്രീഡിഗ്രിക്ക് ഫസ്റ്റ് ഗ്രൂപ്പ് എടുത്തു ചേരുമ്പോൾ ശ്രീ.മാധവമേനോൻ ആയിരുന്നു പ്രിൻസിപ്പാൾ. തത്തമംഗലത്തെ വീട്ടിൽ നിന്നും നടന്ന് പുഴ കടന്നു വേണം കോളേജിലെത്താൻ. ശോകനാശിനി പുഴയ്ക്കരികിലെ വിശാലമായ അന്തരീക്ഷത്തിൽ ക്ലാസ് മുറികൾ, ഗാലറികൾ, കാൻറീൻ, ലൈബ്രറി എല്ലാം തന്നെ എന്നിൽ ആഹ്ലാദവും അഭിമാനവും ഉളവാക്കി. കോളേജിന് അഭിമുഖമായി മീനാക്ഷി ടൈൽ വർക്സ്, മീനാക്ഷി ലോഡ്ജ്, രാമയ്യർ ഹോട്ടൽ, പൊന്നേട്ടന്റെ കട, ബസ് സ്റ്റോപ്പ് എന്നിവ കഴിഞ്ഞാൽ പിന്നെ കാണുന്നത് ഒഴിഞ്ഞു കിടക്കുന്ന പറമ്പുകളിൽ മേയുന്ന കന്നുകാലിക്കൂട്ടങ്ങളാണ്.




അന്നത്തെ അധ്യാപകരെ ചിലരെ ഓർക്കാതിരിക്കാനാവില്ല. ശ്രീമാന്മാർ ആനന്ദക്കുട്ടൻ, എം. കൃഷ്ണൻനായർ, തോമസ് മാത്യു തുടങ്ങിയവർ മലയാളം ക്ലാസുകൾ കൈകാര്യം ചെയ്തിരുന്നു. ശ്രീ. വിഷ്ണുനാരായണൻ നമ്പൂതിരി, ശ്രീ. ജി.എൻ. പണിക്കർ, ശ്രീ. ഭാസ്കരമേനോൻ, ശ്രീ. ബസ്സൽ, ശ്രീ. ശംഭുനമ്പൂതിരി എന്നിവർ ഇംഗ്ലീഷ് മഹാരഥന്മാർ. ശ്രീ. പഞ്ചനാഥൻ, ശ്രീ. ദിവാകരപണിക്കർ, ശ്രീ. കുര്യാക്കോസ്, ശ്രീമതി. ശാരദ, ശ്രീ. ശങ്കരവാര്യർ എ.വി. തുടങ്ങിയവർ കെമിസ്ട്രിയിലെ ഗുരുക്കന്മാർ.




ആ കാലത്തെ സഹപാഠികൾ ആയിരുന്ന ബാലകൃഷ്ണയ്യർ (അരുൺ), രാധാകൃഷ്ണൻ, രാജകൃഷ്ണൻ, അസീസ്, മാത്യു, മാധവൻ എന്നിവർക്കൊപ്പം ഡൈനിംഗ് ടേബിളിൽ എന്നും ഉച്ചയ്ക്ക് ഷെയർ ചെയ്ത് ഭക്ഷണം കഴിക്കാറുള്ള ആ നല്ല ദിവസങ്ങൾ എങ്ങിനെ മറക്കാനാണ്? തൊട്ടടുത്ത ചന്തയിൽ നിന്നും വാങ്ങിയ ഉപ്പും പരിപ്പും അരിയും മുളകും വഴുതനങ്ങയും വെണ്ടയ്ക്കയും മത്തനും ഇളവനും ചേനയും മറ്റും ചേർത്ത് ഞങ്ങളുടെ അമ്മമാർ സ്നേഹപൂർവ്വം പാചകം ചെയ്ത് കൊടുത്തുവിടുന്ന ടിഫിൻ കാരിയർ ഒന്നിച്ച് തുറക്കുമ്പോൾ ഉണ്ടാകുന്ന മണം... അതെ... കൂട്ടായ്മയുടേയും ഒത്തുകൂടലിന്റെയും സ്നേഹസുഗന്ധം...

ജൂബിലിയോടനുബന്ധിച്ച് നടന്നതായ ഒരു പരിപാടിയിലും എന്റെ കൂടെ പഠിച്ചിരുന്ന ഒരാളേയും കണ്ടുമുട്ടാൻ ഭാഗ്യമുണ്ടായില്ല. ചിലരെ ഫോണിൽ ബന്ധപ്പെട്ടു നോക്കിയെങ്കിലും അനാരോഗ്യം, തിരക്ക് എന്നെല്ലാം പറഞ്ഞ് അവർ പിൻവാങ്ങുകയായിരുന്നു. ആധുനികതയുടെ സൂചകങ്ങളെ പാടെ തള്ളിമാറ്റിക്കൊണ്ട് ചിറ്റൂർ കോളേജ് പ്രത്യക്ഷപ്പെടുകയായിരുന്നു... കോളേജ് പറഞ്ഞതായ കഥകളിലേക്ക്... പറയാതെ ബാക്കി വെച്ചവയിലേക്ക്... നിശബ്ദമായി ശേഷിപ്പുകൾ അവശേഷിപ്പിച്ച് മടങ്ങിയവയിലേക്ക്... അര നൂറ്റാണ്ടിനപ്പുറത്തുനിന്ന്...



**ഗിരിജാവല്ലഭൻ പി.ജി.**

തത്തമംഗലം സ്വദേശിയായ ഗിരിജാവല്ലഭൻ 1967-69 ൽ പ്രീഡിഗ്രിയും 1970-73 ൽ ബി.എസ്സി. (കെമിസ്ട്രി) യും ചിറ്റൂർ കോളേജിൽ നിന്നാണ് പൂർത്തീകരിച്ചത്. പാലക്കാടിന്റെ കലാരൂപമായ കണ്യാർകളിയിൽ ചെണ്ട കൈകാര്യം ചെയ്ത് കലാരംഗത്ത് പ്രവർത്തിച്ചു തുടങ്ങി. 20 വർഷത്തിനുശേഷം തത്തമംഗലത്ത് കണ്യാർകളി പുനരാരംഭിക്കാൻ കാരണക്കാരൻ. 2012 ൽ തത്തമംഗലം കിഴക്കേത്തറയുടെ ദേശകളിയച്ഛന്റെ സ്ഥാനം വഹിച്ചിട്ടുണ്ട്. 'ദേശകണ്യാർകളി' എന്ന പുസ്തകം 2022 ൽ പ്രസിദ്ധീകരിച്ചു. നിലവിൽ അദ്ദേഹം ജി.സി.സി. അലുമിനി അസോസിയേഷന്റെ ഭാരവാഹിയാണ്. പഞ്ചാബ് നാഷണൽ ബാങ്കിൽ മാനേജരായിരുന്ന അദ്ദേഹം പാലക്കാട് താരേക്കാടാണ് ഇപ്പോൾ താമസം.

# ആചാര്യസംവാദം



## അഡ്വ. പി. ജയപാലമേനോൻ

എഴുവത്ത് വീട്ടിൽ കരുണാകരമേനോന്റെയും പുതുക്കളങ്ങര വീട്ടിൽ കല്യാണിയമ്മയുടേയും മകനായി 1934 ജൂലൈ 24 നാണ് ശ്രീ. ജയപാലമേനോൻ ജനിച്ചത്. 1947 ആഗസ്റ്റ് 11 ന് വിക്ടോറിയ ഗേൾസ് ഹൈസ്കൂളിൽ പ്രവർത്തനം ആരംഭിച്ച ചിറ്റൂർ കോളേജിലെ ആദ്യ ബാച്ചുകളിലൊന്നിലെ വിദ്യാർത്ഥിയായിരുന്നു ജയപാല മേനോൻ. പത്താം ക്ലാസ്സ് പാസായതിനുശേഷം 1949 ലാണ് അദ്ദേഹം ഇന്റർ മീഡിയറ്റിന് ചിറ്റൂർ കോളേജിൽ ചേർന്നത്. ഇന്റർമീഡിയറ്റിനുശേഷം മൂന്നുവർഷം കഴി ഞ്ഞ് 1954 ൽ ചിറ്റൂർ കോളേജിൽ തന്നെ ബി.കോം ബിരുദ കോഴ്സിനു ചേർന്നു. ബി.കോം പൂർത്തീകരിച്ചതിനുശേഷം കൽക്കട്ടയിൽ നിയമപഠനം നടത്തി. 1961 മുതൽ 40 വർഷത്തിലധികം അഭിഭാഷകനായി പ്രവർത്തിച്ചു.

മുനിസിപ്പൽ കൗൺസിലറായും യൂണിവേഴ്സിറ്റി സെനറ്റ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. വിദ്യാർത്ഥി ഫെഡറേഷൻ, സി.ഐ.ടി.യു, കർഷക സംഘം, സമാധാന കൗൺസിൽ, ബാംഗ്ലൂരിലേയും കൽക്കത്തയിലേയും മലയാളി സമാജങ്ങൾ, വിവിധ കലാസമിതികൾ, ദേശാഭിമാനി സ്റ്റഡി സർക്കിൾ, പുരോ ഗമന കലാസാഹിത്യ സംഘം, വിവിധ ട്രസ്റ്റുകൾ, വിവിധ മാസികകളുടെ പ്രസിദ്ധീകരണം, പ്രഭാഷണം തുടങ്ങിയ രംഗങ്ങളിലെല്ലാം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 'ജനശക്തി ഫിലിംസ്' എന്ന ഫിലിം കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായിരുന്നു. കലാമൂല്യമുള്ള അനേകം ചലച്ചിത്രങ്ങളുടെ ഭാഗമായിട്ടുണ്ട്. ചിറ്റൂരിന്റെ രാഷ്ട്രീയ, കലാ, സാഹിത്യ, സംസ്കാരിക, സാമൂഹിക മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അഡ്വ. ജയപാലമേനോൻ 2005 ഏപ്രിൽ മാസത്തിൽ 'ഒളിമങ്ങാത്ത ഓർമ്മകൾ' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### ചിറ്റൂർ കോളേജിനെക്കുറിച്ചുള്ള ഓർമ്മകൾ

ബി.കോം ഡിഗ്രിക്ക് പഠിക്കുമ്പോൾ കോളേജ് യൂണിയൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. എ.എസ്.പി. മേനോനായിരുന്നു അന്ന് ചെയർമാനായിരുന്നത്. മൂന്നു ദിവസം നീണ്ടു നിന്ന വിദ്യാഭ്യാസ-സാംസ്കാരിക സമ്മേളനം നടത്തിയത് ഇന്നലെയെന്നപോലെ ഓർക്കുന്നു. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, എം.ആർ.ബി, വൈലോപ്പിള്ളി ശ്രീധരമേനോൻ, ഒ.എൻ.വി കുറുപ്പ്, വയലാർ രാമവർമ്മ മുതലായവരൊക്കെ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

'ഒളി മങ്ങാത്ത ഓർമ്മകൾ' എന്ന പുസ്തകത്തിന്റെ അവതാരിക എഴുതിയിരിക്കുന്നത് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരാണ്. ചിറ്റൂർ കോളേജിനെക്കുറിച്ചുള്ള ഓർമ്മകൾ ഇതിൽ വിശദമായി വിവരിച്ചിട്ടുണ്ട്. കൊച്ചിയിലെ അവസാനത്തെ ദിവാൻ ചിറ്റൂർ ചെറുബാല വീട്ടിൽ സി.പി. കരുണാകരമോനന്റെ പരിശ്രമംകൊണ്ടു മാത്രമാണ് ചിറ്റൂരിൽ 1947 ൽ ഒരു കോളേജ് ഉണ്ടായത്. കൊച്ചി രാജ്യത്ത് അന്ന് ഗവ ൺമെന്റ് കോളേജ് ആയി എറണാകുളം മഹാരാജാസ് മാത്രമാണ് ഉണ്ടായിരുന്നത്. ചിറ്റൂരിൽ ഗവൺമെന്റ് കോളേജ് സ്ഥാപിക്കാനുള്ള ശ്രമം ഉണ്ടായപ്പോൾ ചിറ്റൂരിന് കൊടുക്കുകയാണെങ്കിൽ തൃശ്ശൂരിനും ഒരു കോളേജ് കിട്ടണമെന്നും അത് രാജാവിന്റെ പേരിൽ ആയിരിക്കണമെന്നും അവകാശവാദങ്ങൾ ഉന്നയിക്കപ്പെട്ടു. അങ്ങിനെയാണ് 1947 ആഗസ്റ്റ് 11 ന് ചിറ്റൂർ കോളേജും അതേ തിയ്യതിയിൽതന്നെ തൃശ്ശൂർ കേരളവർമ്മ കോളേജും സ്ഥാപിക്കപ്പെട്ടത്. ചിറ്റൂർ കോളേജിലെ പൂർവ്വ വിദ്യാർത്ഥിനിയെയാണ് വിവാഹം ചെയ്തത്. ഒരുപക്ഷേ, ചിറ്റൂർ കോളേജിന്റെ സിൽവർ, ഗോൾഡൻ, ഡയമണ്ട് ജൂബിലികളിൽ പങ്കെടുക്കുവാനുള്ള അപൂർവ്വ ഭാഗ്യം സിദ്ധിച്ചതിൽ ഏറെ സന്തോഷിക്കുന്നു.





## പ്രൊഫ. എൻ. കാജാ നവാസ്

ചിറ്റൂർ കോളേജിലെ മലയാളം വകുപ്പുമേധാവിയായിരുന്ന പ്രൊഫ. കാജാ നവാസ് ചിറ്റൂർ കോളേജിലെ പൂർവ്വ വിദ്യാർത്ഥി കൂടിയാണ്. 1965 മുതൽ 1970 വരെയുള്ള കാലഘട്ടത്തിലാണ് പ്രീയൂണിവേഴ്സിറ്റിയും ബി.എ. മലയാളവും ചിറ്റൂർ കോളേജിൽ നിന്നും പൂർത്തീകരിച്ചത്. 1981 ൽ മാനന്തവാടി ഗവ. കോളേജിലായിരുന്നു കോളേജ് അധ്യാപകനായി ആദ്യ നിയമനം ലഭിച്ചത്. 1983 ൽ ചിറ്റൂർ കോളേജിലേക്ക് സ്ഥലം മാറ്റം ലഭിക്കുകയും വിരമിക്കുന്നതുവരെ അവിടെ തുടരുകയും ചെയ്തു. 2003 ജൂൺ മാസത്തിൽ വിരമിക്കുമ്പോൾ മലയാള വിഭാഗം മേധാവിയായിരുന്നു.

വിവിധ മാഗസിനുകളിൽ ലേഖനങ്ങളും സാഹിത്യ രചനകളും പ്രസിദ്ധ

പ്പെടുത്തിയിട്ടുണ്ട്. കൊല്ലങ്കോട് ദേശത്തെക്കുറിച്ച് 'ഇവൾ തെന്മലയുടെ പ്രിയ പുത്രി' എന്ന പേരിൽ എഴുതിയ ലേഖനം പ്രസിദ്ധമാണ്. 'നിറഭേദങ്ങൾ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ ചെറുകഥാ സാഹിത്യ നിരൂപണവും 'ദയാവധം' എന്ന പേരിലുള്ള കഥയും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. 'ആരു നീ', 'നദി' തുടങ്ങിയ കവിതകളും 'സേതുബന്ധനോദ്യോഗം' എന്ന പ്രണയകഥയും എഴുതിയിട്ടുണ്ട്.

### ചിറ്റൂർ കോളേജിനെക്കുറിച്ചുള്ള ഓർമ്മകൾ

പ്രൊഫ. രാമനാഥ മന്ദാടിയാരുടെ പ്രേരണയാൽ മലയാളത്തിനു പുറമേ സംസ്കൃതവും പഠിച്ചത് എഴുത്തിലും അധ്യാപന രംഗത്തും ശോഭിക്കുവാൻ സഹായകമായി. ബി.എ. ഇക്കണോമിക്സ് ഡിഗ്രിക്കാണ് ആദ്യം ചേർന്നതെങ്കിലും പിന്നീട് ബി.എ. മലയാളം ക്ലാസ്സിലേക്ക് മാറിയത് പ്രൊഫ. വി. വിജയൻ സാറുടെ പ്രേരണയാലാണ്.

സാഹിത്യ നിരൂപകൻ പ്രൊഫ. എം. കൃഷ്ണൻനായർ, സാഹിത്യകാരനും നാടകകൃത്തും സിനിമാ അഭിനേതാവുമായിരുന്ന പ്രൊഫ. നരേന്ദ്രപ്രസാദ്, കവി വിഷ്ണുനാരായണൻ നമ്പൂതിരി, മലയാള ഭാഷാ പണ്ഡിതൻ പ്രൊഫ. പന്മന രാമചന്ദ്രൻ നായർ മുതലായ മഹാരഥന്മാർ അക്കാലത്ത് ചിറ്റൂർ കോളേജിലെ വിവിധ വകുപ്പുകളിൽ ജോലി ചെയ്തിരുന്നു. പ്രൊഫ. ദയാനന്ദൻ, പ്രൊഫ. ജി.എൻ. പണിക്കർ, പ്രൊഫ. പി.ജി. പുരുഷോത്തമൻ പിള്ള, പ്രൊഫ. തോമസ് മാത്യു മുതലായവരേയും പ്രിൻസിപ്പാൾ ആയിരുന്ന പ്രൊഫ. എസ്. നാരായണ പിള്ളയേയും ഓർമ്മിക്കുന്നു. അധ്യാപകനായിരുന്ന സമയത്ത് മകനായ മാഹിനേയും വല്ലപ്പോഴുമൊക്കെ കോളേജിലേക്ക് ഒപ്പം കൂട്ടിയിരുന്നു. കോളേജിനു ചുറ്റുമുള്ള മരങ്ങൾക്കിടയിലൂടെ പുഴയിലേക്കിറങ്ങി മകന്റെ കൈപിടിച്ച് വെറുതേ നടക്കുവാൻ ഇഷ്ടമായിരുന്നു.

കാലമേറെച്ചെന്നിട്ടും ആ മഹാവിദ്യാലയത്തിലെ വിദ്യാർത്ഥി ജീവിതവും അധ്യാപന ജീവിതവും ഓർമ്മയിൽ നിന്നും മാഞ്ഞുപോയിട്ടില്ല.



## പ്രൊഫ. സി. ദിവാകരൻ

ചിറ്റൂർ കോളേജിൽ നിന്ന് 1963-64 കാലഘട്ടത്തിൽ പ്രീയൂണിവേഴ്സിറ്റിയും 1964-67 കാലഘട്ടത്തിൽ ഡിഗ്രി പഠനവും പൂർത്തിയാക്കി. പാലക്കാട് വിക്ടോറിയ കോളജിൽ നിന്നും എം.എസ്സി. അപ്ലൈഡ് സയൻസിൽ ഒന്നാം ക്ലാസ്സോടെ ഒന്നാം റാങ്ക് നേടി. 1970ൽ വിക്ടോറിയ കോളേജിലാണ് അധ്യാപകനായി ആദ്യം ജോലിയിൽ പ്രവേശിച്ചത്. 1973ൽ ചിറ്റൂർ കോളേജിൽ എത്തിയതിനുശേഷം 1992 വരെ അവിടെ തുടർന്നു. 1992 മുതൽ 1999 വരെ വീണ്ടും വിക്ടോറിയ കോളേജിൽ പ്രവർത്തിച്ചു.

1999ൽ പ്രിൻസിപ്പാൾ ആയി സ്ഥാനകയറ്റം ലഭിച്ചതിനെത്തുടർന്ന് കൽപ്പറ്റ ഗവ. കോളേജിൽ നിയമിതനായി. 2002 ൽ മലപ്പുറം ഗവ. കോളേജിലേക്ക് സ്ഥലം മാറ്റം ലഭിച്ചുവെങ്കിലും അതേ വർഷംതന്നെ ചിറ്റൂർ കോളേജിൽ നിയമിതനാവുകയും 2002 മാർച്ച് 31 ന് സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തു. വിദ്യാർത്ഥിയായിരുന്ന കോളേജിൽതന്നെ അധ്യാപകനായും പ്രിൻസിപ്പാൾ ആയും പ്രവർത്തക്കുവാനുള്ള ഭാഗ്യം സിദ്ധിച്ച അപൂർവ്വം വ്യക്തികളിൽ ഒരാളാണ് പ്രൊഫ. ദിവാകരൻ. കൊല്ലങ്കോട് പുഴയ്ക്കൽത്തറ എന്ന സ്ഥലത്താണ് സ്ഥിരതാമസം.

### ചിറ്റൂർ കോളേജിനെക്കുറിച്ചുള്ള ഓർമ്മകൾ

പ്രീയൂണിവേഴ്സിറ്റിക്ക് അക്കാലത്ത് ഓരോബാച്ചിലും 80 വീതം വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകിയിരുന്നത്. തിങ്കൾ മുതൽ ബുധൻ വരെയുള്ള ദിവസങ്ങളിൽ രാവിലെയും വ്യാഴം മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ ഉച്ചകഴിഞ്ഞുമാണ് ക്ലാസ്സുകൾ നടത്തിയിരുന്നത്. ബി.എ. ക്ലാസ്സിൽ 40 വീതവും ബി.എസ്സി.ക്ക് 24 വീതവും കുട്ടികൾക്കുമാണ് അന്ന് അഡ്മിഷൻ നൽകിയിരുന്നത്.

തിരുവനന്തപുരത്തുകാരനായിരുന്ന പ്രിൻസിപ്പാൾ ഡോ. എ.എസ്. നാരായണപിള്ള സാറിന് കുട്ടികൾക്കിടയിൽ കർശനമായ അച്ചടക്കം ഉറപ്പാക്കുവാൻ സാധിച്ചിരുന്നു. പ്രിൻസിപ്പാൾമാരായ ശ്രീ. പി.എസ്. വേലായുധൻ, ശ്രീ. മാധവമേനോൻ, ശ്രീ. ശിവരാമകൃഷ്ണൻ എന്നിവരേയും ഓർമ്മിക്കുന്നു. ചിറ്റൂരിലെ എഴുവത്ത് വീട്ടിലെ എം.വൈ. പ്രഭാകരൻ മേനോൻ, അച്ചുത പിഷാരടി, ടി.സി. ജോസ്, ചന്ദ്രശേഖരകർത്ത, വർക്കി സാർ (മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് ഹെഡ്), നമ്പ്യാർ മാഷ്, ഭാസ്കരമേനോൻ (ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഹെഡ്), ശ്രീകുമാരൻ നായർ, സരോജിനിയമ്മ, ശിവാനന്ദ കമ്മത്ത്, പന്മന രാമചന്ദ്രൻ നായർ (മലയാളം) മുതലായ പ്രഗത്ഭന്മാരായ അധ്യാപകരുടെ കീഴിൽ പഠനം നടത്തുവാൻ സാധിച്ചത് തുടർന്നുള്ള ജീവിതത്തിൽ പ്രയോജനകരമായി. പത്മനാഭൻ (സെൻട്രൽ സ്കൂൾ പ്രിൻസിപ്പാൾ), ഗംഗാധരൻ (ഇന്റലിജൻസ് ബ്യൂറോ), ഗണേശൻ (സ്റ്റീൽ അതോ റിറ്റി ഓഫ് ഇന്ത്യ), പി.എൻ. രാധാകൃഷ്ണൻ (ആസ്ട്രേലിയയിലെ ഇൻകം ടാക്സ് വകുപ്പ്) എന്നീ സഹപാഠികളെ പ്രത്യേകം ഓർമ്മിക്കുന്നു.

പഠിപ്പിച്ച വിദ്യാർത്ഥികളിൽ അനേകം പേർ ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. അച്ചുത് കുമാർ എന്ന വിദ്യാർത്ഥി അമേരിക്കൻ ഡിഫൻസിൽ ജോലി ചെയ്യുന്നുണ്ട്. 1991 ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും റാങ്ക് നേടിയ ജയന്തി എന്ന വിദ്യാർത്ഥിനി ഐ.എസ്.ആർ.ഒ. യിലാണ് ജോലി ചെയ്യുന്നത്. ഗാലറികൾ ഉൾപ്പെടുന്ന മെയിൻ ബ്ലോക്ക് മാത്രമാണ് അക്കാലത്ത് ഉണ്ടായിരുന്നത്. ബി.കോം ബ്ലോക്ക് പിന്നീടാണ് നിർമ്മിച്ചത്. ഓരോ വിഷയത്തിന്റെ ക്ലാസ് കഴിയുമ്പോളും ഒരു ഗാലറിയിൽ നിന്നും മറ്റൊരു ഗാലറിയിലേക്ക് നടന്നു പോയിരുന്നത് രസകരമായ അനുഭവമായിരുന്നു. പല സ്ഥലങ്ങളിലും പഠനവും

അധ്യാപനവും നടത്തിയിരുന്നുവെങ്കിലും ചിറ്റൂർ കോളേജിനോട് പ്രത്യേകമായൊരു മമതയുണ്ട്.



## സി. വിജയശേഖരൻ മാസ്റ്റർ

ശ്രീ. സി. വിജയശേഖരൻ മാസ്റ്റർ 1965-67 ൽ പ്രീഡിഗ്രിയും 1967-70 ൽ ബി.എസ്സി. ഫിസിക്സും ചിറ്റൂർ കോളേജിൽ നിന്നുമാണ് പൂർത്തീകരിച്ചത്. തുടർന്ന് ബി.എഡ് എടുത്ത് പൂർണ്ണസമയ അധ്യാപകനായി മാറി. 1973 ജൂൺ 1 ന് വണ്ടിത്താവളം കെ.കെ.എം. ഹൈസ്കൂളിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം 2005 ൽ സ്കൂൾ പ്രിൻസിപ്പാൾ ആയാണ് വിരമിച്ചത്.

കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളായി വണ്ടിത്താവളം, പട്ടഞ്ചേരി, പെരുമാട്ടി മുതലായ ഉൾനാടൻ ഗ്രാമങ്ങളിലെയും ആദിവാസി മേഖലകളിലേയും കുട്ടികൾക്ക് സൗജന്യമായി ശാസ്ത്രപാഠങ്ങൾ പകർന്നു നൽകുന്നതിനായി അഹോരാത്രം പ്രയത്നിക്കുന്ന വ്യക്തിയാണ് അദ്ദേഹം. ഈ പ്രദേശങ്ങളിലെ നൂറുകണക്കിന് കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് എഞ്ചിനിയറിംഗ് പ്രവേശനം നേടുവാൻ അവസരമൊരുക്കി. അട്ടപ്പാടി, പറമ്പിക്കുളം, നെല്ലിയാമ്പതി, കടപ്പാറ മുതലായ ഊരുകൾ സന്ദർശിച്ച് ആദിവാസി കുട്ടികളുടെ അടിസ്ഥാനപരമായ പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ അദ്ദേഹം നടപ്പാക്കിയിട്ടുണ്ട്. ഐ.ഐ.ടി. യിൽ പ്രവേശനം നേടിയ ആദ്യ ആദിവാസി വിദ്യാർത്ഥിയായ കൃഷ്ണദാസ് മാസ്റ്ററുടെ ശിക്ഷണത്താലാണ് ആ നേട്ടം കൈവരിച്ചത്. അദ്ദേഹത്തിന്റെ അനേകം ശിഷ്യന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്നുണ്ട്. 'Synthesizers' എന്ന പേരിൽ മാസ്റ്ററുടെ ശിഷ്യന്മാർ മുൻകൈ എടുത്ത് പട്ടഞ്ചേരി കേന്ദ്രമാക്കി ഒരു Educational & Charitable Trust രൂപീകരിച്ചിട്ടുണ്ട്. ശിഷ്യന്മാർ മുൻകൈ എടുത്ത് 'വിജയശേഖരം-സമാനതകളില്ലാതെ' എന്ന പേരിൽ അദ്ദേഹത്തെക്കുറിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പത്ര-ദൃശ്യ മാധ്യമങ്ങളിൽ അദ്ദേഹത്തെക്കുറിച്ച് അനേകം വാർത്തകൾ വന്നിട്ടുണ്ട്. വി.കെ. ശ്രീരാമന്റെ 'വേറിട്ട കാഴ്ച്ചകൾ' എന്ന ടിവി ഡോക്യുമെന്ററിയുടെ ഒരധ്യായം വിജയശേഖരൻ മാസ്റ്ററെക്കുറിച്ചുള്ളതായിരുന്നു. ഏറെ വെല്ലുവിളികൾ നിറഞ്ഞ പാതിയിലൂടെ മുന്നേറി ഒരു നാടിന്റെ മുന്നേറ്റത്തിനായി ഒറ്റയാനായി പ്രവർത്തിക്കുന്ന വിജയശേഖരൻ മാസ്റ്റർ ചിറ്റൂർ കോളേജിന്റെ അഭിമാനതാരമാണ് എന്നതിൽ സംശയമില്ല.

(തയ്യാറാക്കിയത്: സന്തോഷ് ചോലയിൽ)

# സോഷ്യൽ ഫോറസ്ട്രി ചിറ്റൂർ കോളേജിന്റെ വിജയഗാഥ

### പ്രൊഫ. ജയദേവൻ കെ.

കോളേജിന്റെ മുൻവശത്തുള്ള (വടക്കുവശം) വയലുകൾ ഒരുപൂ നിലങ്ങൾ പറമ്പുകൾ ആയിരുന്നു. പിന്നീട് ചിറ്റൂർപുഴ ജലസേചന പദ്ധതി പ്രവർത്തനം ആരംഭിച്ചശേഷം ഈ വയലുകൾ വേനലൊഴികെയുള്ള മാസങ്ങളിൽ നെൽപാടങ്ങളാവുകയും ജലം കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തു. കോളേജിന്റെ പിൻവശത്തുള്ള ശോകനാശിനി പുഴയിൽ നീരൊഴുക്ക് ഏതാണ്ട് അടിത്തട്ടിലേക്ക് മാത്രമായി കുറഞ്ഞു.

1960 കളുടെ അവസാനത്തോടെ വളരെയേറെ ഈട്ടറ്റ കോളേജ് കെട്ടിടത്തിനു സംഭവിച്ച ചേതങ്ങളെക്കുറിച്ച് ബന്ധപ്പെട്ട എഞ്ചിനീയർമാർ ഗൗരവമായി ചിന്തിച്ചു. ചില പ്രത്യേക കാലാവസ്ഥയിൽ കെട്ടിടത്തിന്റെ ഭാരം താങ്ങാനാവാത്തതു കൊണ്ടാണ് ഗുരുതരമായ വിള്ളലും ചോർച്ചയും ബലക്ഷയവും ഉണ്ടായത് എന്ന നിഗമനത്തിലെത്തിയതിനാലാകാം എഞ്ചിനീയർമാർ പ്രധാന കെട്ടിടത്തിന്റെ അസ്ഥിവാരം ബലപ്പെടുത്തുന്ന പ്രക്രിയ ആരംഭിച്ചത്. പരീക്ഷണം വിജയിച്ചതുകൊണ്ടുതന്നെയാണ് കെട്ടിടത്തിന്റെ ഭിത്തികളും മേൽപ്പുരയും ബലക്ഷയത്തിൽ നിന്നും തകർച്ച ഭീഷണിയിൽ നിന്നും മുക്തമായത്. ഈ പശ്ചാത്തലത്തിലാണ് കോളേജ് എൻ.എസ്.എസ്. യൂണിറ്റുകൾ വനവൽക്കരണത്തെ കുറിച്ച് ഗൗരവമായി ചിന്തിച്ചു തുടങ്ങിയത്. തുടർപ്രവർത്തനങ്ങൾ ധ്രുതഗതിയിൽത്തന്നെ പുരോഗമിച്ചു. പാലക്കാട് ഫോറസ്റ്റ് ഡിവിഷനിലെ സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസറെ കോളേജിലേക്ക് എൻ.എസ്.എസുമായി ചർച്ചയ്ക്കായി ക്ഷണിച്ചുവരുത്തി. പ്രിൻസിപ്പാളും അധ്യാപകരും എൻ.എസ്.എസ്. രണ്ട് യൂണിറ്റിലെ 200ൽ പരം വിദ്യാർത്ഥികളും കർമ്മപദ്ധതിയുടെ മുൻപന്തിയിലുണ്ടായിരുന്നു.

കോളേജിന്റെ 45ൽപരം ഏക്കർ വ്യാപിച്ചുകിടക്കുന്ന സ്ഥലത്ത് ഒരു വനം എങ്ങനെ നട്ടുപിടിപ്പിക്കാനായി വിത്തുപാകി തൈകൾ മുളപ്പിക്കുന്നതിനായി കോളേജിൽ രണ്ടേക്കറോളം സ്ഥലം കണ്ടെത്തി. വനം വകുപ്പിൽ നിന്ന് എത്തിച്ച കാട്ടുമരങ്ങളുടെ ഇനം തിരിച്ചുള്ള അനേകം ചാക്ക് വിത്തുകൾ പാകി സംരക്ഷിച്ചു. വിത്തുകളിൽ യൂക്കാലിപ്റ്റസ് ഉൾപ്പെടുത്തിയത് അതിശീഘ്രം വളരുന്ന ഇനമായതു കൊണ്ടാണ്. കാട്ടിലുള്ള ഒട്ടേറെ വൃക്ഷങ്ങളുടെ വിത്തുകൾ- മഹാഗണി, വേപ്പ്, നീർമരുത്, രക്തചന്ദനം, ഞാവൽ, വാകമരം എന്നിങ്ങനെ പലജാതി തൈകൾ മുളച്ചു വളരുന്നത് കാണാൻ ഏറെ കൗതുകകരമായിരുന്നു. തുടർന്ന്, കോളേജിന്റെ സ്ഥലത്ത് ചെടികൾ നടാനുള്ള ദൗത്യം സോഷ്യൽ ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ നേതൃത്വത്തിൽ ആരംഭിച്ചു.

നാലുവർഷം കഴിഞ്ഞപ്പോഴേക്കും തൈകൾ നല്ല ഉയരത്തിൽ എത്തിയിരുന്നു. സ്വാഭാവികമായും കോളേജ് കാമ്പസ് തവിട്ടു നിറത്തിൽ നിന്നും പച്ചപ്പിലേക്ക് മാറി. ഓരോ വൃക്ഷവും ഓരോ ഇക്കോ സിസ്റ്റമാണല്ലോ. ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ് നമ്മുടെ കോളേജിന്റെ സാമൂഹ്യവനം എൻ.എസ്.എസിന്റെ മേൽനോട്ടത്തിന് വിട്ടു. അവർക്ക് ചിറ്റൂർ കോളേജ് നൽകിയ സഹകരണവും പിന്തുണയും ഒരു സ്മൃതി സ്തൂപമായി നിലകൊള്ളുന്നു.

# പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ

നെല്ലറയുടെ കിഴക്കൻ പ്രദേശത്ത് തമിഴ്നാടിന്റെ അതിർത്തി മേഖലയിൽ 1947 ഓഗസ്റ്റ് 11ന് ആരംഭിച്ച ചിറ്റൂർ ഗവൺമെന്റ് കോളേജ് അതിന്റെ പ്ലാറ്റിനം ജൂബിലി നിറവിൽ നിൽക്കുമ്പോൾ അത് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ചരിത്രത്തിലേക്ക് പുതിയൊരധ്യായം തുന്നിച്ചേർക്കുകയായിരുന്നു. ജ്ഞാനാന്വേഷകരും പ്രദേശവാസികളും ഭരണാധികാരികളും പൂർവ്വവിദ്യാർത്ഥികളും ചേർന്നൊരുക്കിയ വിജ്ഞാന-വിനോദ-വിപണന മേളകളിലൂടെ നൽകിയ അനുഭവപാഠങ്ങൾ കോളേജിന്റെ ചരിത്രത്തിലെത്തന്നെ മികച്ച ഉത്സവമാക്കി മാറ്റി എന്നത് അഭിനന്ദനാർഹമാണ്. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന നിർദ്ധനരായ ഏഴ് വിദ്യാർത്ഥികൾക്ക് വീട്ടു നിർമ്മിച്ചു നൽകുക എന്ന ദൗത്യം ഏറ്റവും മാതൃകാപരമായി നടപ്പിലാക്കി എന്നതും ഒരു സ്ഥാപനം എങ്ങനെ സാമൂഹിക മാനുഷികജീവിതങ്ങളിൽ ഇടപെടുന്നു എന്നു വ്യക്തമാക്കുന്നതാണ്. അറിവ് കേവലം സമ്പന്നർക്ക് അഥവാ സവർണ്ണവിഭാഗത്തിന് മാത്രം ലഭ്യമായിരുന്ന ഒരു കാലത്തുനിന്നുകൊണ്ട് എങ്ങിനെ അറിവിന്റെ ജനാധിപത്യ പ്രക്രിയയിൽ ഉൾച്ചേർന്ന് പ്രവർത്തിക്കുന്നു എന്നു വ്യക്തമാക്കുന്നതായിരുന്നു ചിറ്റൂർ കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ മുഖമുദ്ര.

തമിഴ്-മലയാളം സങ്കരസംസ്കാരങ്ങളെ ഉൾക്കൊണ്ടുകൊണ്ട് വർഗ്ഗ-വർണ്ണ-ജാതിയ വൈരുദ്ധ്യങ്ങളെ അറിവിലൂടെ മറികടക്കുക എന്ന സാമൂഹിക ഉത്തരവാദിത്തം കൂടുതൽ അർത്ഥപൂർണ്ണമാക്കാൻ ഈ കോളേജിന് സാധിക്കുന്നു എന്നതാണ് ചരിത്രനേട്ടമായി കാണുന്നത്. പാലക്കാടിന്റെ കിഴക്കൻ പ്രദേശത്തിലെ ജനങ്ങൾ മിക്കവരും ഏറെ സാമ്പത്തിക പ്രതിസന്ധികളിൽ ജീവിക്കുന്നവരാണ്. അവർക്കിടയിലേക്ക് നവോത്ഥാന-പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും ഭൂമികയായി ചിറ്റൂർ കോളേജ് തുടരുമ്പോൾ അത് കലാകായിക ലോകത്തിന്റെ കുതിപ്പിനുള്ള വേദി കൂടിയാവുന്നു. പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം എം.ജി. ഹാളിൽ വച്ച് വൈദ്യുതിമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ സാന്നിധ്യത്തിൽ ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിച്ചു.

2022 ഓഗസ്റ്റ് 11ന് ചിറ്റൂർ ഗവൺമെന്റ് വിക്ടോറിയാ ഗേൾസ് ഹൈസ്കൂളിൽ നിന്ന് തുടക്കം കുറിച്ച പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ, വൻ ജനാവലിയിൽ ഒരു ഘോഷയാത്ര കോളേജിലേക്ക് സംഘടിപ്പിച്ചു. കാഴ്ചയുടെ വർണ്ണവിസ്മയങ്ങൾക്കപ്പുറം ഘോഷയാത്ര കുട്ടികളുടെ ആത്മസമർപ്പണം കൂടിയായി. വൈവിധ്യമാർന്ന ഫ്ലോട്ടുകൾ, താളമേളങ്ങൾക്കൊപ്പമുള്ള രംഗാവിഷ്കാരം, എന്നിവയെല്ലാം ചിറ്റൂരിന്റെ കാർഷികസംസ്കൃതിയിലേക്കു കൂടിയുള്ള ഒരു തിരിച്ചുപോക്കായി മാറി. ഡിപ്പാർട്ടുമെന്റുകളുടെ മാറ്റുരയ്ക്കുന്ന പ്രസ്തുത ഘോഷയാത്രയിൽ ഒന്നാമതെത്തിയത് ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റും രണ്ടാമത് തമിഴ് വിഭാഗവുമായിരുന്നു. ഘോഷയാത്ര നൽകിയ ഊർജ്ജവും ഉണർവ്വും ക്യാമ്പസ്സിലെ എല്ലാ ഡിപ്പാർട്ടുമെന്റിലും വിവിധ പരിപാടികൾ സംഘടിപ്പിക്കാൻ പര്യാപ്തമാക്കി. സെമിനാറുകൾ, വെബിനാറുകൾ, സംഗീതക്കച്ചേരികൾ, നാടക-സിനിമാ-ഫെസ്റ്റിവലുകൾ, ക്വിസ് മത്സരങ്ങൾ, മറ്റ് കലാ കായിക മത്സരങ്ങൾ എന്നിവ വിവിധ പഠനവിഭാഗങ്ങൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികളും അധ്യാപകരും പൂർവ്വവിദ്യാർത്ഥികളും ചേർന്ന് സമ്മാനക്കൂപ്പൺ വിൽപനയിലൂടെയുള്ള ഫണ്ട് ശേഖരണം നടത്തി അത് അർഹരായ വിദ്യാർത്ഥികളുടെ ഗൃഹനിർമ്മാണത്തിനായി വിനിയോഗിച്ചു. ശോകനാശിനീതീരത്ത് അപരസ്നേഹത്താൽ നാടിന്റെ ശോകത്തെത്തന്നെ നശിപ്പിക്കാൻ തയ്യാറാകുന്നു എന്നതുതന്നെയാണ് ഈ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ആകെത്തുക.

കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ ധനസഹായത്തോടെ നടത്തപ്പെട്ട എക്സിബിഷൻ 'ചക്ര-75' പ്രേക്ഷകപ്രീതിയിലും വിദ്യാർത്ഥി പങ്കാളിത്തത്തിലും ശ്രദ്ധിക്കപ്പെട്ടു. 2023 ജനുവരി 31 ന് ഉന്നതവിദ്യാഭ്യാസമന്ത്രി ഡോ. ആർ. ബിന്ദു പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു. മുഴുവൻ ഡിപ്പാർട്ടുമെന്റുകളും തികച്ചും അഭിമാനാർഹമായ പ്രദർശനസ്റ്റാളുകൾ സജ്ജീകരിച്ചു. പ്രദേശവാസികൾ, ജനപ്രതിനിധികൾ, രക്ഷിതാക്കൾ, പ്രാദേശിക സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരെല്ലാം ഈ വിനോദ-വിജ്ഞാന-വിപണന മേളയ്ക്കെത്തിയപ്പോൾ അത് ഏറ്റവും മികച്ച പ്ലാറ്റിനം ജൂബിലി ആഘോഷപരിപാടിയായി മാറി.

75 വർഷം പൂർത്തീകരിച്ച ഈ കോളേജിൽ ഒരുവർഷക്കാലത്തിൽ കൂടുതലായി തുടരുന്ന ആഘോഷപരിപാടികളെല്ലാം തന്നെ സംഘാടകർക്കും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പുതിയ ദിശാബോധവും സാമൂഹികമുന്നേറ്റത്തിന് ഒരു കലാലയം ഏതുരൂപത്തിൽ പ്രവർത്തിക്കണമെന്നുള്ള സന്ദേശവും നൽകുന്നു. ആയതിനാൽ ഇതൊരു തുടക്കമാവട്ടെ. ഇനിയും മികവാർന്ന, തെളിഞ്ഞ ബോധത്തോടെ മുന്നോട്ടു പോവാനുള്ള ഊർജ്ജമാവട്ടെ ഈ ആഘോഷങ്ങളെല്ലാം.



**ബ്രിജേഷ് എൻ.എസ്.**
അസി. പ്രൊഫസർ
ഇക്കണോമിക്സ് വിഭാഗം

പ്ലാറ്റിനം ജൂബിലി

## സ്വാഗതസംഘം









പ്ലാറ്റിനം ജൂബിലി കോർകമ്മിറ്റി

## ഉദ്ഘാടനം




പ്ലാറ്റിനം


പ്ലാറ്റിനം
PADMA




1947-2022



# സാംസ്കാരിക ഘോഷയാത്ര
















# Department Programmes



History Reminiscences: Pranod


Concert by Palakkad K L Sreeram


Soft Skill Development Programme


Gandhi Quiz (October 3, 2022)


LED Manufacturing and repairing workshop



Prof K. Sachidandan, T. V. Sasi Smaraka Prabhashanam

Dr. Elsi (Agricultural University) speaking in a seminar on Bhoumasoochika




Dr. M.N. Parasuram


Dr. Nalini Speaking in an international seminar on Invest in our Planet



R.P. Amudhan Talk on Documentary



June 21 International Yoga Day



Susmesh Chandroth Speech on Film





Concert by Dr. Shertallay K.N. Renganatha Sharma



Theatre Workshop - GCC English Chittur



Concert by Kollam G S Balamurali



Co-op. internship in association with office of the assi. registrar (General)



Online Lecture by Dr. Gin Jose, Professor and Chair, School of Process and Chemical Engineering, University of Leeds, UK



High mast light repaired and hand over to Vice Chairman Chittur Tattamangalam Muncipality




ചക്ര 75






















INSURANCE























സപ്തഗേഹം പദ്ധതിയുടെ ധനശേഖരണാർത്ഥം വിദ്യാർത്ഥികൾ വിറ്റ സമ്മാനക്കൂപ്പണിൽ ഒന്നാം സമ്മാനമായി ഇലക്ട്രിക് സ്കൂട്ടർ ലഭിച്ച മല്ലിക. രണ്ടാം സമ്മാനമായ ടാബ്‌ലെറ്റ് കിഷോറും മൂന്നാം സമ്മാനമായ മൊബൈൽ ഫോൺ ഗിരിജ, അംബിക, സജീന എന്നിവരും നേടി. ഇത്തരത്തിൽ സമാഹരിച്ച തുകകൊണ്ട് വിദ്യാർത്ഥികളുടെ മാത്രം സംഭാവനയായി ഒരു വീട് നിർമ്മിച്ചു നൽകാൻ കഴിഞ്ഞു.




### പ്ലാറ്റിനം ജൂബിലിയിൽ ഏഴ് വിദ്യാർത്ഥികൾക്കുള്ള

# ഭവനനിർമ്മാണപദ്ധതി

ചിറ്റൂരിന്റെ വിദ്യാഭ്യാസമുന്നേറ്റത്തിന് മുഖമുദ്രയായി ശോഭിച്ചുനില്ക്കുന്ന ഗവൺമെന്റ് കോളേജ് ചിറ്റൂർ, അതിന്റെ പ്ലാറ്റിനം ജൂബിലി വർഷത്തിലൂടെ കടന്നുപോകുന്ന ധന്യവേളകളിൽ ഏതാണ്ട് ഒരു വർഷം നീണ്ടുനിന്ന വൈവിധ്യപൂർണ്ണമായ കലാ-കായിക-സാംസ്കാരികപരിപാടികൾ സംഘ ടിപ്പിച്ചിരുന്നു. എങ്കിലും, അവയിൽ ഏറ്റവും പ്രാധാന്യത്തോടെയും ആവേശത്തോടെയും വിദ്യാർത്ഥികളും അദ്ധ്യാപകരും അനദ്ധ്യാപകരും കണ്ട സ്വപ്നം, കലാലയത്തിലെ നിർധനരും തികച്ചും അർഹരുമായ വിദ്യാർത്ഥികൾക്ക്, സാധിക്കുന്ന വിധത്തിൽ വീടുകൾ നിർമ്മിച്ചു നൽകുക എന്നതായിരുന്നു. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരാണ് ഈ കലാലയത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും. അതിനാൽ, അതിലേക്കുള്ള തിരഞ്ഞെടുപ്പും അതിനു വേണ്ടിവരുന്ന സാമ്പത്തികസ്രോതസ്സും ഏറെ പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. എങ്കിലും പൂർവ്വവിദ്യാർത്ഥികളുടെയും പൂർവ്വഅദ്ധ്യാപകരുടെയും ജീവനക്കാരുടെയും സ്നേഹവും പ്രോത്സാഹനവും ഇക്കാര്യത്തിൽ ഉണ്ടായേക്കാവുന്ന ആശങ്കകളെ മറികടക്കാൻ പ്രാപ്തമാക്കുന്നതായിരുന്നു. പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കോളേജിലെ ഒരു വിദ്യാർത്ഥിക്കെങ്കിലും ഒരു ഭവനം നിർമ്മിച്ചുനല്കാൻ സാധിക്കുക എന്ന അത്രയൊന്നും വ്യക്തമല്ലാത്ത ആ ചിത്രത്തിൽ നിന്നും ഏഴു വീടെന്ന സാർത്ഥകമായൊരു സ്വപ്നത്തിന്റെ ഭാഗഭാക്കാവാൻ ഒരുപാടു പേർ നിറഞ്ഞദ്ധ്വാനിച്ചു. അദ്ധ്യാപകരും ജീവനക്കാരും അവരുടെ ശമ്പളത്തിന്റെ ഒരു ഭാഗം മാറ്റിവെക്കുകയുണ്ടായി. വിദ്യാർത്ഥികൾ അവരുടെ കഴിവിനനുസരിച്ചുള്ള സംഭാവനകൾ നല്കി കൈകോർത്തു. ഫലമോ നിർധനരായ ഏഴു കുടുംബങ്ങൾക്ക് സമാധാനത്തിൽ തലചായ്ച്ചുറങ്ങാൻ ഏറ്റവും മനോഹരവും ദൃഢവുമായ ഏഴ് വീടുകൾ.

സാർത്ഥകമായൊരു സ്വപ്നത്തിന് കല്ലുകൂട്ടാൻ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും പുറമെ മറ്റ് ഒരുപാടുപേരുടെ സ്നേഹം കൂട്ടായുണ്ടായിരുന്നു. ദയ ചാരിറ്റബിൾ ട്രസ്റ്റ്, ട്രസ്റ്റ് ചെയർമാൻ ഐ. രമേഷ്, കൗമ മിൽക്ക് അതിന്റെ ചെയർമാൻ മരുതാചലം, തങ്കലക്ഷ്മി ചിറ്റ് ഫണ്ട്സിന്റെ പ്രകാശ്, കോളേജിലെ ആദ്യബാച്ച് വിദ്യാർത്ഥിയായ അഡ്വ. ജയപാലമേനോൻ, 1990-2000 ബാച്ച് പൂർച്ചവിദ്യാർത്ഥിക്കൂട്ടായ്മ, 2000-2010 ബാച്ച് പൂർച്ചവിദ്യാർത്ഥിക്കൂട്ടായ്മ, കോളേജ് അലുംനി ഗ്രൂപ്പ്, ഫിലോസഫിവിഭാഗം മുൻമേധാവി ഡോ. പ്രഭാകരൻ, ചിറ്റൂരിലെ പ്രമുഖകർഷകൻ സ്കറിയ പിള്ള എന്നിവർ നല്കിയ സാമ്പത്തികസഹായം ഈ പദ്ധതിക്ക് നല്കിയ പ്രോത്സാഹനം ചെറുതല്ല. കോളേജ് നിർമ്മിച്ചു നല്കിയ എല്ലാ വീടുകളുടെയും എൻജിനിയർ ഷൈൻ മുരളിയായിരുന്നു. ലാഭേച്ഛയില്ലാതെ വളരെ ദൃഢതയോടും മനോഹരമായും അദ്ദേഹം വീടുകൾ നിർമ്മിച്ചു നല്കുകയാണുണ്ടായത്.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് കമ്മിറ്റി രൂപീകരിക്കണമെന്ന ശക്തമായൊരു ആശയം മുന്നോട്ട് വെക്കുകയും അതിന്റെ പ്രവൃത്തനങ്ങളെ ഓരോ ഘട്ടങ്ങളിലും മുന്നോട്ട് നയിക്കുകയും ചെയ്ത പ്ലാറ്റിനം ജൂബിലിയുടെ ആദ്യനാളുകളിൽ പ്രിൻസിപ്പാളായിരുന്ന ഡോ. ജി. സുവർണകുമാർ, ഇപ്പോൾ പ്രിൻസിപ്പാളായി തുടരുന്ന ഡോ. വി.കെ. അനുരാധ, വൈസ് പ്രിൻസിപ്പാൾ ഡോ. കെ. ബേബി എന്നിവരുടെ പ്രോത്സാഹനം. തുടക്കം മുതൽ മനസ്സർപ്പിച്ചുനിന്ന പ്ലാറ്റിനം ജൂബിലി കോളേജ് കോർഡിനേറ്റർ ഡോ. പി. മുരുഗന്റെയും മറ്റ് കമ്മിറ്റി അംഗങ്ങളുടെയും കൂട്ടായ്മ കൂടി ഓർമ്മയിലുണ്ടാവും 'സപ്തഗേഹം സ്നേഹഗേഹം' യാത്രകളിൽ.

ആ മനോഹരമായ യാത്രയുടെ താളുകളിലൂടെ...



സോഫിയ (തമിഴ്), അട്ടപ്പള്ളം, കഞ്ചിക്കോട്



ഐശ്വര്യ (തമിഴ്), ചെമ്മണാംതോട്, മീൻകര

## സോഫിയ, അട്ടപ്പള്ളം

പ്ലാറ്റിനം ജൂബിലി ഭവന നിർമ്മാണ പദ്ധതിയിലേക്ക് ലഭിച്ച വിദ്യാർത്ഥികളുടെ പേരുകളിൽ പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി ഒന്നാം വർഷ എം.എ. തമിഴ് വിദ്യാർത്ഥിനിയായ സോഫിയയുടെ അട്ടപ്പള്ളം പാമ്പംപള്ളത്തെ താമസസ്ഥലത്തേക്ക് കോളേജിലെ അദ്ധ്യാപകർ ചെന്നപ്പോൾ കാണാൻ കഴിഞ്ഞത്; വിദ്യാഭ്യാസ കാലത്തിന്റെ തുടക്കം മുതൽ ബിരുദാനന്തര ബിരുദം വരെയും കൂട്ട് സ്വന്തം അമ്മമാത്രം. ആകെയുള്ള വരുമാനം അമ്മക്ക് കിട്ടുന്ന കൂലിപ്പണി. താമസമോ ഷീറ്റിട്ട ഒറ്റമുറി മണ്ണുവീട്. വിശേഷങ്ങൾ പങ്കുവെച്ചപ്പോൾ സോഫിയ പറഞ്ഞത് കോളേജ് അദ്ധ്യാപികയാവണമെന്ന സ്വപ്നവും. സ്വന്തമായൊരു വീട് എന്നതൊക്കെ സോഫിയയുടെ സ്വപ്നങ്ങളിൽ വിദൂരമായി മാത്രമേയുള്ളൂ. 450 സ്ക്വയർ ഫീറ്റ് വീട് എൻജിനിയർ ഷൈൻ മുരളി സമയത്തിന് മുൻപേ പൂർത്തീകരിച്ച് നല്കി. ഇനി സോഫിയക്ക് ബാക്കിയുള്ളത് അമ്മക്കൊരു കൈത്താങ്ങായി തന്റെ അദ്ധ്യാപനമെന്ന സ്വപ്നജോലിയിലേക്കുള്ള പടവുകൾ ഓടിക്കയറുക എന്നതുമാത്രം.

## ഐശ്വര്യ, ചെമ്മണാംതോട്

രണ്ടാംവർഷ തമിഴ് വിദ്യാർത്ഥിനിയായ ഐശ്വര്യയ്ക്കും കുടുംബത്തിനും വീടുവെച്ച് നല്കണോ വേണ്ടയോ എന്ന കാര്യത്തിൽ രണ്ടാമതൊരു ആലോചന കോളേജിന് വേണ്ടി വന്നില്ല. കാരണം കുടുംബത്തിലെ ഏക മകളായിരുന്ന ഐശ്വര്യ. കൂടെയുള്ളത് കൂലിപ്പണി മാത്രം വരുമാന മാർഗ്ഗമായുള്ള അമ്മ. മരിച്ചുപോയ അച്ഛന്റെ വീട്ടിൽനിന്നും ഇഷ്ടദാനമായിക്കിട്ടിയ അഞ്ച് സെന്റ് ഭൂമിയിൽ ഒരു വീടുപണിയുക എന്നത് സാമ്പത്തികമായി ഏറെ പിന്നിൽ നില്ക്കുന്ന ഈ കുടുംബത്തിന് ചിന്തിക്കാൻ പോലും സാധിക്കാത്ത ഒന്നായിരുന്നു. സുമനസ്സുകളുടെ സഹായത്തോടെ 450 സ്ക്വയർ ഫീറ്റുള്ള വീട് ഏറെ വേഗത്തിൽ പൂർത്തീകരിച്ച് ഐശ്വര്യയ്ക്കും അമ്മയ്ക്കും നല്കി; ഒരു നല്ല അദ്ധ്യാപികയാവാൻ ആഗ്രഹിക്കുന്ന ഐശ്വര്യയ്ക്കായി കോളേജിലെ പൂർവ്വ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സ്നേഹ സമ്മാനമായിത്തന്നെ.

## ഷഹനാസ്, കൊടുവായൂർ

സപ്തഗേഹം സ്നേഹഗേഹം പദ്ധതിയുടെ ലക്ഷ്യബോധത്തിനും മൂല്യബോധത്തിനൊപ്പവും പൊതുസമൂഹം കൂടെയുണ്ടായിരുന്നെന്ന സന്തോഷമാണ്



ദർശിനി (ഇക്കണോമിക്സ്), നല്ലേപ്പിള്ളി



ഷഹനാസ് (മലയാളം), കൊടുവായൂർ

കൊടുവായൂരുള്ള ഷഹനാസിന്റെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് രേഖപ്പെടുത്താനുള്ളത്.

നിർധനരായ അച്ഛനമമ്മയും രണ്ട് സഹോദരിമാരുമടങ്ങുന്ന ഷഹനാസിന്റെ കുടുംബത്തിന് കോളേജ് വീടുവച്ച് നല്കുന്ന എന്ന തീരുമാനം അറിഞ്ഞ്, ദയ ചാരിറ്റബിൾ ട്രസ്റ്റും പിട്ടുപീടിക പള്ളിക്കമ്മിറ്റി ഭാരവാഹികളും മുന്നോട്ടുവരികയാണുണ്ടായത്. 700 സ്ക്വയർ ഫീറ്റിന്റെ അസ്തിവാരം പണിത് ഏറെക്കാലം കാത്തിരുന്ന ഈ കുടുംബത്തിന് ഏറ്റവും വേഗത്തിൽ ഭവനം പൂർത്തിരിക്കാൻ ദയ ചാരിറ്റബിൾ ട്രസ്റ്റിന്റെ പായസചാലഞ്ചും മറ്റും ഏറെ സഹായകരമായി. നൂറുകണക്കിന് ആളുകളുടെയും, ട്രസ്റ്റിന്റെ ഭാരവാഹികളുടെയും, പള്ളിക്കമ്മിറ്റി ഭാരവാഹികളുടെയും, കോളേജ് പ്രിൻസിപ്പാളിന്റെയും വിശിഷ്ട സാന്നിദ്ധ്യത്തിൽ വീടിന്റെ താക്കോൽ ഷഹനാസിന് കൈമാറി.

## ദർശിനി, നല്ലേപ്പിള്ളി

ആകെയുള്ള സമ്പാദ്യമെല്ലാം സ്വരുക്കൂട്ടി വാങ്ങിയ നാലു സെന്റ് ഭൂമി, ഒരു വീട് കാത്തുകിടക്കാൻ തുടങ്ങിയിട്ട് വർഷങ്ങളേറെയായി. സർക്കാറിന്റെ ലൈഫ് മിഷനിൽ ഭവന നിർമ്മാണത്തിന് അപേക്ഷ നല്കിയെങ്കിലും ഇതുവരെയും പരിഗണനാ പട്ടികയിൽ ഇടം പിടിക്കാനായില്ല. ഈ അവസരത്തിലാണ് ദർശിനി കോളേജിന്റെ സപ്തഗേഹം സ്വപ്നഗേഹം പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. കോളേജിലെ അദ്ധ്യാപകരുടെ പ്രാഥമിക അന്വേഷണത്തിൽതന്നെ ദർശിനിയുടെ ഭവനമെന്ന ആവശ്യം പൂർണമായും ബോധ്യപ്പെടുകയാണുണ്ടായത്. ദേവാങ്കപുരത്തെ വാടകവീട്ടിൽ നിന്ന് അനിയത്തിയോടും അമ്മയോടും കൂടി സ്വന്തമായൊരു വീട്ടിലേക്ക് താമസമാക്കിയശേഷം 'ഒരു നല്ല സംരംഭകയാവുക' എന്ന ദർശിനിയുടെ സ്വപ്നത്തിന് ഒരല്പം കൂടി ബലം നൽകുവാൻ അങ്ങനെ കോളേജിന് ഒരവസരം കിട്ടി. 450 സ്ക്വയർ ഫീറ്റിൽ ഏഴ് ലക്ഷം ചിലവിൽ പണികഴിപ്പിച്ച തന്റെ സ്വന്തം വീട്ടിലേക്ക് താമസം മാറാൻ തയ്യാറെടുക്കുകയാണ് മൂന്നാം വർഷ സാമ്പത്തിക ശാസ്ത്ര വിഭാഗം വിദ്യാർത്ഥിനി എം.ദർശിനി.

## വിനീത, പനങ്ങാട്ടിരി

ഭവനനിർമ്മാണ ആവശ്യത്തിലേക്ക് ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നുള്ള വിനിത എന്ന വിദ്യാർത്ഥിയുടെ പേര് നല്കപ്പെട്ടതിൻമേൽ

പ്രാഥമിക അന്വേഷണത്തിനായി അദ്ധ്യാപകർ എലവഞ്ചേരി പനങ്ങാട്ടിരിയിൽ പ്രസ്തുത വിദ്യാർത്ഥിനിയുടെ വീട്ടിലെത്തി. കാണാൻ കഴിഞ്ഞത് ചേട്ടനും അനിയനും അച്ഛനും അമ്മയും ഒരുമിച്ച് താമസിക്കുന്നത് ഒരു ചെറിയ ഒറ്റമുറി ഓലപ്പുരയിൽ. പഠനകാര്യത്തിൽ ഏറെ മിടുക്കിയായ വിനിതയുടെ കാര്യത്തിൽ മറിച്ചൊന്ന് ആലോചിക്കേണ്ടിവന്നില്ല. അദ്ധ്യാപകരും മറ്റ് സുമനസ്സുകളും ഒരുമിച്ച് കൈകോർത്തു. ഭവനനിർമ്മാണത്തിനായി സാമ്പത്തിക സഹായം സ്വരൂപിക്കുന്നതിനുള്ള പ്രതിസന്ധികൾ മറികടന്ന് വിനിതക്കും കുടുംബത്തിനും 450 സ്ക്വയർ ഫീറ്റിൽ ഒരു വീട് യാഥാർത്ഥ്യമായി. ആരോഗ്യപരമായി ഏറെ വെല്ലുവിളി നേരിടുന്ന അച്ഛനും കൂലിപ്പണി ചെയ്ത് കുടുംബം പോറ്റുന്ന അമ്മയ്ക്കും വിനിതയോടൊപ്പം പഠനം തുടരുന്ന സഹോദരനും ഇനി വീടെന്ന ആശ്വാസത്തിന്റെ തണലിൽ പാർക്കാം. ഒപ്പം വിനിതയ്ക്ക് പഠനം പൂർത്തിയാക്കാനും ഒരു യോഗാ പരിശീലകയെന്ന സ്വപ്നത്തിന് ആത്മവിശ്വാസം നേടാനും കോളേജിന്റെ ഒരു കൈത്താങ്ങ്.

### അഞ്ജലീ കൃഷ്ണ, ഊട്ടറ

സ്നേഹത്തിന്റെയും സഹകരണത്തിന്റെയും സഹായത്തിന്റെയും കൈതാങ്ങ് 'സപ്തഗേഹം സ്നേഹഗേഹം' പദ്ധതിക്ക് പ്രകടമായി കിട്ടിയ സന്ദർഭമായിരുന്നു കൊല്ലങ്കോട് ഊട്ടറയിലെ അഞ്ജലി കൃഷ്ണയുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് കോളേജിന് അനുഭവപ്പെട്ടത്. വിദ്യാർത്ഥികളായ രണ്ട് സഹോദരിമാരും കൂലിപ്പണിക്കാരായ രക്ഷിതാക്കളുമടങ്ങുന്ന അഞ്ജലിയുടെ ഭവനനിർമ്മാണത്തിന് മുഴുവൻ സാമ്പത്തികസഹായവുമായി മുന്നോട്ട് വന്നത് ബി.എം.സെഡ്. ചാരിറ്റബിൾ ട്രസ്റ്റായിരുന്നു. വാടക വീട്ടിൽനിന്നും വർഷങ്ങളായി പണിതിട്ടിട്ടും പൂർത്തിയാക്കാത്ത അസ്ഥിവാരത്തറയിൽനിന്നും സ്വന്തമായൊരു വീട്ടിലേക്ക് മാറിത്താമസിക്കാൻ ഒരുങ്ങുകയാണ് ഒരു നല്ല അദ്ധ്യാപികയാവണമെന്ന സ്വപ്നവുമായി നീങ്ങുന്ന അഞ്ജലി കൃഷ്ണ.



വിനീത (ഇലക്ട്രോണിക്സ്), പനങ്ങാട്ടിരി, കൊല്ലങ്കോട്



റംസീന (മലയാളം), എലപ്പുള്ളി



അഞ്ജലി കൃഷ്ണ - ഊട്ടറ, കൊല്ലങ്കോട്



### റംസീന, എലപ്പുള്ളി

വലിയ സുരക്ഷിതമൊന്നുമില്ലാത്ത, മുകളിൽ തകരഷീറ്റിട്ട ഒരു ഒറ്റമുറി കെട്ടിടം. സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടനുഭവിക്കുന്ന മാതാപിതാക്കൾ. വിദ്യാർത്ഥിനിയായ അനിയത്തി. ഏറെ പ്രതിസന്ധികൾക്കിടയിലും ഒരധ്യാപികയാവാൻ കൊതിക്കുന്ന റംസീന. ഏറെ അഭിമാനത്തോടെയാണ് കോളേജ് രണ്ടാം വർഷ മലയാളവിഭാഗം വിദ്യാർത്ഥിനി എം. റംസീനക്കായുള്ള ഭവനനിർമ്മാണം 'സപ്തഗേഹം സ്നേഹഗേഹം' പദ്ധതിയിലുൾപ്പെടുത്തി നിർവഹിക്കാൻ തീരുമാനിച്ചത്. അസ്ഥിവാരത്തിന്റെ പണി പൂർത്തീകരിച്ചിട്ടും വീടിന്റെ മറ്റ് നിർമ്മാണത്തിനും പൂർത്തീകരണത്തിനുമായി യാതൊരു പോംവഴികൾ ഇല്ലാതിരുന്ന റംസീനക്കായി കോളേജിലെ അദ്ധ്യാപകരും വിദ്ധ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും കൈകോർക്കുകയായിരുന്നു.

പ്ലാറ്റിനം ജൂബിലിയിലൂടെ കൈവരിച്ച ഈ സ്വപ്ന നേട്ടത്തിന്റെ സ്മരണകൾ ശതാബ്ദി വർഷത്തിൽ ഇതിനേക്കാൾ മഹത്തരമായ കർമ്മപഥങ്ങളിലൂടെ സഞ്ചരിക്കാൻ ഈ കലാലയത്തിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ജീവനക്കാർക്കും ഊർജ്ജമാവട്ടെ...



**പ്രതീഷ് കെ.**
(അസി. പ്രൊഫസർ, കൊമേഴ്സ് വിഭാഗം)



# നന്ദി...

ഓർമ്മകളുടെ പൂരം കഴിഞ്ഞ് ഉപചാരം ചൊല്ലി പിരിയാനുള്ള വേളയായി.

നാലുദിവസത്തെ കണ്യാർകളിയുടെ അവസാനം പൂവാരൽ എന്ന ചടങ്ങുകഴിഞ്ഞാൽ, ഒമ്പതുകാൽ പന്തൽ ചരടുകൊണ്ട് ബന്ധിച്ച് പിന്നീട് ഏഴുദിവസത്തേക്ക് അതേപടി നിലനിർത്താറുണ്ട്. അരങ്ങുതകർത്ത പ്രകടനങ്ങൾ ഉറക്കമിളച്ച നാലുരാത്രികൾക്കു ശേഷം അഞ്ചാംരാത്രിമുതൽ മൺമറഞ്ഞ കളിക്കാർ വന്ന് അവിടെ കളിക്കുമെന്നാണ് വിശ്വാസം. കളിച്ചുമതിയാകാത്ത ജീവിതോന്മാദത്തിന്റെയും യൗവനകൗതുകങ്ങളുടെയും രാത്രികൾ വീണ്ടെടുക്കാനുള്ള അവസരമാണ് അവർക്കത്. തിരിച്ചറിയുമ്പോഴേക്കും തീർന്നുപോകുന്ന ഒരു മായക്കാഴ്ചയാണ് കലാലയജീവിതമെന്ന് ആ ഘട്ടം കടന്നുപോയ എല്ലാവരും സങ്കടത്തോടെ ഓർക്കാറുണ്ട്. ഒഴിവുദിവസങ്ങളിലും വെക്കേഷനിലുകളിലും ക്യാമ്പസിലെത്തുന്ന അതിപ്രശസ്തരായ പൂർവ്വവിദ്യാർത്ഥികൾ ആരുടെയും ശ്രദ്ധയിൽ പെടാതെ പഴയ ഇടനാഴികളിൽ, പിൻബഞ്ചുകളിൽ, ഗ്യാലറികളിൽ, പുഴയോരത്തെ കല്പടവുകളിൽ, നെടുവീർപ്പുയരുന്ന ലേഡീസ് ഹോസ്റ്റലിലേക്കുള്ള വഴിയിൽ ഓർമ്മകളിൽ സ്വയം നഷ്ടപ്പെട്ടു നിന്നുപോകാറുണ്ട്.

108

ഈ സോവനീറിനായി ഞാൻ രണ്ടുംകല്പിച്ച് ഇറങ്ങുമ്പോൾ എന്റെ മനസ്സ് ശൂന്യമായിരുന്നു. എനിക്കറിഞ്ഞുകൂടാ ചിറ്റൂർ കോളേജ് എന്നോട് എങ്ങനെ പ്രതികരിക്കുമെന്ന്. പക്ഷേ, അത്ഭുതമെന്നു പറയട്ടെ, ഇതിനായി ശ്രമമാരംഭിച്ച ആദ്യനിമിഷം മുതൽ ഇന്നുവരെ എന്നെ ചാർജ്ജുചെയ്തുകൊണ്ടിരുന്നത് "ജിസിസിയൻസ്" തന്നെ യായിരുന്നു. ആദ്യബാച്ചിലെ വിദ്യാർത്ഥികൾതൊട്ട് കഴിഞ്ഞ വർഷം കോളേജിറങ്ങിപ്പോയവർ വരെ. പണ്ഡിറ്റ് രമേഷ്നാരായണൻ, ടി.എൻ. കൃഷ്ണചന്ദ്രൻ, ആനന്ദവർമ്മ, അമ്പാട്ട് വിജയകുമാർ, ആഷാമേനോൻ... തലയാനപ്പൊക്കമുള്ള അതിപ്രഗത്ഭരുടെ മുന്നിൽ ഞാൻ വിനയാന്വിതനായി. എന്നെ ഞെട്ടിച്ചത് മലയാളകഥയിലെ മാന്ത്രികനായ മേതിൽ രാധാകൃഷ്ണൻ സാറാണ്. പരിചയപ്പെടണമെന്നും ശിഷ്യപ്പെടണമെന്നും ആഗ്രഹിച്ച് നടക്കാൻ തുടങ്ങിയിട്ട് മുപ്പതുവർഷത്തോളമായി. പക്ഷേ ചിറ്റൂർ കോളേജ് എന്നൊരു വാക്കുപറഞ്ഞതോടെ അദ്ദേഹം എന്റെ തോളിൽ കൈവെച്ചതുപോലെയായി.

നന്ദി പറഞ്ഞുതുടങ്ങേണ്ടത് എവിടെനിന്നാണ്?

ചിറ്റൂർ കോളേജിലെ അസാധാരണജീവിതസ്മരണ തന്ന് സാന്ത്വനിപ്പിച്ച മേതിൽ... മനോരമ വാർഷികപ്പതിപ്പിന്റെ എഡിറ്ററായിരിക്കെ പ്രസിദ്ധീകരിച്ച മേതിലിന്റെ രചന ഉപയോഗിക്കാൻ സഹായിച്ച ശ്രീ. കെ. സി. നാരായണൻ, ശ്രീ. ജോസ് പനച്ചിപ്പുറം, മനോരമയിലെ സുഹൃത്തുക്കൾ... ഒരു ചെറിയ കുറിപ്പടിക്ക് ഓർമ്മയുടെ മുഴുവൻ വസന്തവും സമ്മാനിച്ച സംഗീത, സാഹിത്യ, സിനിമാ, മാധ്യമ, ശാസ്ത്ര, രാഷ്ട്രീയ രംഗത്തെ പ്രൗഢവ്യക്തിത്വങ്ങൾ... കോളേജിന്റെ ചരിത്രം മുതൽ, ഓരോന്നിനും ഓടിനടന്ന് രേഖകളും വിവരങ്ങളും സംഘടിപ്പിച്ച്, സഹായംകൊണ്ട് കുളിപ്പിച്ച ശ്രീ. സന്തോഷ് ചോലയിൽ സാർ, അലുമ്നിയുടെ ഭാഗത്തുനിന്നുള്ള എല്ലാ സഹായങ്ങളും നൽകിയ ജയദേവൻസാർ, മിനി വടവന്നൂർ, സ്നേഹമയിയായ രജനിശ്രീ രാജേന്ദ്രൻ, എല്ലാറ്റിനും കൂടെനിന്ന ഡോ. മുരുകൻ, ഡോ. റിച്ചാർഡ് സ്കറിയ,ഡോ. മനോഹരൻ, ഡോ. മോഹൻ, മലയാളവിഭാഗത്തിലെ കൂട്ടുകാർ, മറ്റു സഹപ്രവർത്തകർ, എന്തിനും കൂടെനിന്ന കുട്ടിപ്പട്ടാളം... ചിറ്റൂർ കോളേജിന്റെ പലകാലത്തെ മനോഹരമായ ദൃശ്യങ്ങൾ തന്ന് സഹായിച്ച അശ്വതി സ്റ്റുഡിയോ ദ്വാരകാനാഥൻ... നാട്ടിലും മറുനാട്ടിലും യാത്രയിലും ഊണിലും ഉറക്കത്തിലും ഈ സ്മരണികയ്ക്കായി ഓരോ രചനയും സസൂക്ഷ്മം വായിച്ച് അതിലെ നിർണ്ണായകനിമിഷങ്ങൾ വരകളിൽ ആവാഹിച്ച് വരച്ചുകൊണ്ടിരുന്ന അതുല്യചിത്രകാരൻ പ്രമോദ് പള്ളിയിൽ...

ലേ ഔട്ടും ഡിസൈനിംഗും പ്രിന്റിംഗും ചെയ്ത് ഇതിങ്ങനെ മനോഹരമാക്കിയെടുത്ത ബിനോയ് ഡൊമിനിക്ക്, ഒക്ടാലൈറ്റ് ഡിസൈനിംഗിലെ റിൻസൺ, ജിജോ വർഗ്ഗീസ്... എന്നെ കോളേജിലെ മറ്റത്തരവാദിത്തങ്ങളിൽനിന്ന് വിട്ടുവിച്ച് സോവനീറിനായി വിട്ടുതന്ന പ്ലാറ്റിനം ജൂബിലി കമ്മിറ്റി, സ്നേഹത്തോടെ കൂടെക്കൂടെ അന്വേഷിക്കുകയും എന്നിൽ വിശ്വസിക്കുകയും അത് മറ്റുള്ളവരോട് സ്ഥാപിച്ചെടുക്കുകയും ചെയ്ത് എന്നും കൂടെനിന്ന പ്രിൻസിപ്പൽ അനുരാധ ടീച്ചർ... ഇവരൊന്നും ഇങ്ങനെയൊന്നും കൂടെനിന്നില്ലെങ്കിൽ ഈ പുസ്തകം സങ്കല്പിക്കാൻ പോലുമാവില്ല. പൂർണ്ണമായും പരസ്യങ്ങളൊഴിവാക്കി ISBN ഉള്ള ഒരു ഗൗരവപ്പെട്ട കൃതിയായി പുറത്തിറക്കാനാണ് മുരുകൻസാറെപ്പോലുള്ളവർ ആവശ്യപ്പെട്ടത്. പലകാരണംകൊണ്ടും അത്രയ്ക്കൊന്നും പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് എനിക്ക് നല്ല ബോധ്യമുണ്ട്. ഈവിധം തൽക്കാലം കൂട്ടിച്ചേർത്ത് മുന്നും പിന്നുമുള്ള മുഴുവൻ തലമുറകൾക്കുമായി തുറന്നുവയ്ക്കുന്നു. തെറ്റുകുറ്റങ്ങളേ കാണൂ... പറയാൻ വിട്ടുപോയവർ, ബന്ധപ്പെടാൻ കഴിയാതെപോയവർ, അജ്ഞാതരും ആധികാരികതയുള്ളവരുമായ അനേകം പ്രതിഭകൾ ഈ കൈക്കോരികയിൽ നിന്നു ചോർന്നുപോയിട്ടുണ്ട്. അവരോടുള്ള മുഴുവൻ ആദരത്തോടും ക്ഷമാപണത്തോടും വിട പറയട്ടെ...

ഉപചാരം ചൊല്ലുമ്പോഴെന്നപോലെ പറയട്ടെ, ഇനി അടുത്ത ജൂബിലിയ്ക്കു കാണാം. നൂറിന്റെ നിറവിൽ...


സ്നേഹാദരങ്ങളോടെ,

**ടി. ശ്രീവത്സൻ**



## പ്രമോദ് പള്ളിയിൽ

ഇലക്ട്രോണിക്സിൽ ഡിപ്ലോമ നേടി, വിദേശജോലിയും കഴിഞ്ഞ്, നാട്ടിലെത്തിയ പ്രമോദ് പള്ളിയിൽ ശില്പകലയിലും ചിത്രകലയിലും കേന്ദ്രീകരിക്കുന്നു. മുഴുവൻ സമയ ആർട്ട് ഡയറക്ടറാണ് പ്രമോദ്. നിരവധി ഹ്രസ്വചിത്രങ്ങൾക്കും അഞ്ച് സിനിമകളിൽ കലാസംവിധാനത്തിലും ഇദ്ദേഹം പങ്കാളിയായി. കഞ്ചിക്കോട് കേന്ദ്രീയവിദ്യാലയം, കാക്കയൂർ സ്കൂൾ, തുടങ്ങിയ ഇടങ്ങളിൽ ചുമർച്ചിത്രങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അടുത്തകാലത്ത് പെരുവെമ്പ് ഗ്രാമത്തിലെ ഒരു വീട്ടിൽ 200 അടി നീളവും നാലരയടി വീതിയുമുള്ള ഒരു ചുമരിൽ പാലക്കാടിന്റെ മുഴുവൻ സാംസ്കാരികചിഹ്നങ്ങളെയും വരകളിൽ ആവാഹിച്ചത് ഏറെ ശ്രദ്ധിക്കപ്പെട്ടു. ശില്പിയും ചിത്രകാരനുമായിരുന്ന ഷഡാനനൻ ആനിക്കത്തിന്റെ പുത്രനാണ്. ലളിതവും സ്വകീയവുമായ ശൈലിയിൽ ഈ സ്മരണികയിലെ ഓർമ്മക്കുറിപ്പുകളെ വരകൾകൊണ്ട് സമ്പന്നമാക്കുകയും 'ദെയ്ഷാ വ്യൂ' എന്ന സ്മൃതിസങ്കല്പം കവർചിത്രത്തിലേക്ക് ആവാഹിക്കുകയും ചെയ്ത പ്രമോദിന്റെ പ്രതിഭയ്ക്ക് സ്നേഹപ്പൂക്കൾ!



## സന്തോഷ് ചോലയിൽ

1983 മുതൽ 88 വരെ ചിറ്റൂർ കോളേജിൽ വിദ്യാഭ്യാസം. തുടർന്ന് പി.ജി.ഡി.സി.എ. യും ബി.എഡും. 2001ൽ ഗവൺമെന്റ് സെക്രട്ടേറിയേറ്റിൽ ധനകാര്യ വകുപ്പിൽ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചു. 2020ൽ മെറിറ്റോറിയസ് സേവനത്തിനുള്ള ജില്ലാ കളക്ടറുടെ അവാർഡ് ലഭിച്ചു. തൃശ്ശൂർ കില, ഐ.എം.ജി, ഓഡിറ്റ് വകുപ്പിന്റെ ട്രെയ്നിംഗ് സെന്റർ എന്നിവിടങ്ങളിൽ ഫാക്കൽറ്റിയായും പ്രവർത്തിക്കുന്നു. നിലവിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പാലക്കാട് ജില്ലാ കാര്യാലയത്തിൽ ഓഫീസർ (ഹയർ ഗ്രേഡ്) തസ്തികയിൽ ജോലി ചെയ്തു വരുന്നു. ഈ സ്മരണികയ്ക്കായി ഏറ്റവും കൂടുതൽ അധ്വാനിച്ച പൂർവ്വവിദ്യാർത്ഥിയാണ് ശ്രീ. സന്തോഷ്. ഔദ്യോഗികത്തിരക്കുകൾക്കിടയിൽ കോളേജിന്റെ ചരിത്രം സംബന്ധിച്ച രേഖകൾക്കും തെളിവുകൾക്കുമായി പലേടത്തും ഓടിനടന്ന്, ഏറെ ക്ലേശിച്ച് അദ്ദേഹം വിശദമായൊരു സ്മരണികസ്രോതസ്സ് നിർമ്മിച്ചെടുത്ത് പുസ്തകരൂപത്തിൽ തയ്യാറാക്കി. സ്മരണിക പ്രവർത്തനത്തിന്റെ എല്ലാ ഘട്ടങ്ങളിലും കൂടെനിന്ന് സഹായമരുളിയ സന്തോഷ് സാറിനോടുള്ള പറഞ്ഞാൽ തീരാത്ത നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.



## ബിനോയ് ഡൊമിനിക്

പത്രപ്രവർത്തകൻ, റെക്കോഡിസ്റ്റ്, ഗ്രാഫിക് ഡിസൈനർ എന്നീ മണ്ഡലങ്ങളിലായി രണ്ടു പതിറ്റാണ്ടിലേറെ കാലത്തെ അനുഭവസമ്പത്ത് ബിനോയ് ഡൊമിനികിന്റെ കൈകൾക്ക് കരുത്തും കാവ്യാത്മകതയും പകരുന്നു. 1997-ൽ ഭാഷാപോഷിണി പുതിയ തലമുറയിലെ എഴുത്തുകാർക്കായി നടത്തിയ സാഹിത്യാഭിരുചി മത്സരത്തിൽ വിജയി. പ്രമുഖരുടെ രചനകൾക്ക് കവർ ഡിസൈനിങ്ങ്, ലേ-ഔട്ട് എന്നിവയും ചെയ്തുവരുന്നു. ചാനലുകളിലും ആൽബങ്ങളിലുമായി നൂറിലേറെ ഗാനങ്ങൾക്ക് രചനയും സംഗീതസംവിധാനവും നിർവ്വഹിച്ച ഇദ്ദേഹം ഇപ്പോൾ ടൈപ്പോഗ്രാഫിയിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങിന്റെ സാങ്കേതികസഹായത്തോടെ 'ഗായത്രി' മലയാളം യൂണിക്കോഡ് ഫോണ്ട് രൂപകല്പന ചെയ്തു. ഗായത്രി ഫോണ്ടാണ് ഈ സ്മരണികയുടെ ലേ ഔട്ടിനായി ഉപയോഗിച്ചിരിക്കുന്നത്. സോവനീർ എന്നത് വെറും രചനകൾ മാത്രമല്ല, അതിന്റെ രൂപവിന്യാസത്തിലും വർണ്ണസാന്നിധ്യത്തിലുമാണ് അതിന്റെ വൈകാരികത തുടിച്ചുനിൽക്കുന്നതെന്ന് ബോധ്യപ്പെടുത്തുംവിധം 'മറുനിനവ്' ഇത്രയ്ക്കു മനോഹരമാക്കി അവതരിപ്പിച്ച ബിനോയ്ക്ക് കൂപ്പുകൈ!

ഗവ. കോളേജ് ചിറ്റൂർ

ജ്ഞാന വെളിച്ചത്തിന്റെ

75 വർഷങ്ങൾ

1947- 2022